522

# പ്രബോധചന്ദ്രോദയം

## ഭാഷാനാടകം.

പരിഭാഷകൻ,

**എൻ. കുമാരൻ ആശാൻ.**

K. KARTHIKAYENI VIAYATHU-HOUSE PERINAD QUILON.

1-ാം പതിപ്പ് കാപ്പി—1000.

All rights reserved.

THE SARADA BOOK DEPOT. A. THONNAKKAL P. PERUMATHURA

വി. വി. പ്രസ്സ് കൊല്ലം.

1105.

## മുഖവുര.

ആശാൻ രചിച്ചിട്ടുള്ളതായി ചില നാടകങ്ങൾ പ്രസിദ്ധം ചെയ്യാതെ കിടപ്പുണ്ടെന്നു സഹൃദയലോകം അറിഞ്ഞിട്ടുള്ളതാണല്ലൊ. അവയിൽ ഒന്നായ ഈ പ്രബോധചന്ദ്രോദയം തർജ്ജമ ഞാൻ ഇപ്പോൾ മഹാജനസമക്ഷം സമർപ്പിച്ചുകൊള്ളുന്നു.

ബാംഗ്ളൂർ സംസ്കൃതകാളജ് വിദ്യാർത്ഥി ആയിരുന്ന കാലത്താണ് 'സൌന്ദര്യലഹരി'യും 'പ്രബോധചന്ദ്രോദയ'വും തർജ്ജമ ചെയ്തതെന്ന് കവിയുടെകൈയെഴുത്തിലുള്ള ഒരു നോട്ടു കാണുന്നുണ്ട്. ഭാഷാന്തരീകരണം പൂർത്തിയാക്കി കേരളവർമ്മ വലിയകോയിത്തമ്പുരാന് അയച്ചുകൊടുത്തുവെന്നും, അദ്ദേഹം തർജ്ജമകണ്ടു് അത്യധികം സന്തോഷിച്ചു് പ്രശംസാരൂപമായ മൂന്നുനാലു പദ്യങ്ങൾ അയച്ചുകൊടുത്തതു കൂടാതെ ഗ്രന്ഥം ഉടനെ പ്രസിദ്ധം ചെയ്യുവാൻ കവിയെ ഉത്സാഹിപ്പിച്ചു എന്നും കവി ഞങ്ങളോടു പറഞ്ഞിട്ടുണ്ട്. ഭാഷാശുദ്ധി പോരെന്ന് കവിക്കു തോന്നിയതുകൊണ്ടായിരിക്കണം ഈ തർജ്ജമ അക്കാലത്തു് പ്രസിദ്ധം ചെയ്യാതിരുന്നതെന്നു ഞങ്ങൾ അനുമാനിക്കുന്നു.

പ്രസ്തുത ഗ്രന്ഥത്തിൻെറ കൈയെഴുത്തുപ്രതി അപൂർവം ചില സാഹിത്യപ്രണയികൾ ഒരുനിധിയെന്നപോലെ ഇന്നും സൂക്ഷിച്ചു വരുന്നതായി ഞങ്ങൾക്കറിയാം. 'ഭാഷ ശുദ്ധമാക്കിയിട്ടില്ല' എന്നു് ഒരു നോട്ടോടുകൂടി കവിയുടെ കൈയക്ഷരത്തിലുള്ള ഒരുപ്രതി കവിയുടെ ബാല്യസുഹൃത്തുക്കളിൽ ഒരാളായ വിളയത്തു് സി. കൃഷ്ണനാശാൻ അവർകളുടെ പക്കൽ

ഇരുന്നതിന്നെ പകൎത്തി എഴുതി സ്വന്തം പകൎപ്പുമായി ഒത്തുനോക്കിയാണ് ഇപ്പോൾ ഞങ്ങൾ ഇതു പ്രസിദ്ധംചെയ്യുന്നതു്. ഇങ്ങനെ പകൎത്തി എഴുതുന്നതിനു വേണ്ട ആനുകൂല്യങ്ങൾ ചെയ്തുതന്ന ആ യഥാൎത്ഥ ഭാഷാഭിമാനിയോടു ഞങ്ങൾക്കുള്ള അകൈതവമായ കൃതജ്ഞത ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു.

ഈ ഗ്രന്ഥത്തിനു സ്വാരസ്യമധുരമായ ഒരു അവതാരിക എഴുതിത്തന്ന പണ്ഡിതപ്രഷിയായ രാജശ്രീ നന്ത്യാർവീട്ടിൽ പരമേശ്വരൻപിള്ള അവർകളോടു ഞങ്ങൾക്കുള്ള കൃതജ്ഞത വാക്കുകൊണ്ടു പറഞ്ഞുതീൎത്തുകളയാവുന്നതല്ല. ഈ മഹാശയന് കവിയോടുള്ള ആ മൈത്രീബന്ധം ആമരണാന്തമല്ല, മരണാനന്തരവും മായാത്ത ഒന്നാണെന്ന് ഞങ്ങൾ നല്ലവണ്ണം ധരിച്ചിട്ടുള്ളതാണ്. ഈ സ്നേഹമാഹാത്മ്യത്തിനു നമസ്കാരം പറകയേ ഞങ്ങൾക്ക് ഈ അവസരത്തിൽ ചെയ്യേണ്ടതുള്ളു.

ഈ കൃതിയുടെ ഒന്നിലധികം കൈയെഴുത്തുപ്രതികൾ കണ്ടുകിട്ടിയിരിക്കുന്ന സ്ഥിതിക്ക് ഇതിലെ പല പദ്യങ്ങൾക്കും പാഠാന്തരങ്ങൾ ഉണ്ടെന്നു വരാം; അതെല്ലാം കണ്ടുപിടിച്ച് നോട്ടായിട്ടോ മറ്റോ പുസ്തകത്തിൽ ചേൎക്കുന്നതിനു സമയദൌർല്ലഭ്യംകൊണ്ടു ഞങ്ങൾക്ക് സാധിച്ചിട്ടില്ല; കൂടാതെയും പകൎത്തിയെഴുതിയതിലും അച്ചടിയിലും തെറ്റുകൾ ഉണ്ടായിരുന്നേക്കാം; ഇവയെല്ലാം വായനക്കാർ സദയം ക്ഷമിക്കുമെന്നു വിശ്വസിക്കുന്നു.

ഈ പുസ്തകം പകൎത്തിയെഴുതുന്നതിലും അതിന്റെ പ്രൂഫ്പരിശോധിക്കുന്നതിലും വളരെ ക്ലേശങ്ങൾ സഹിച്ച്

ഞങ്ങളെ സഹായിച്ചതു് മഹോപാദ്ധ്യായൻ മിസ്റ്റർ. പി. അച്ച്യുതനാണു്. ആ സഹൃദയനോടു് ഞങ്ങൾക്കുള്ള കൃതജ്ഞത ഇവിടെ പ്രകാശിപ്പിച്ചുകൊള്ളുന്നു.

ആശാൻെറ കാവ്യകലാചാതുരിയുടെ ശൈശവത്തിലുള്ള ഒരു ഛായയാണു് ഈ കൃതിയിൽ വെളിപ്പെടുന്നതു്. കവിയുടെ ബാല്യകൃതികൾ കാണണമെന്നു് അനുഗ്രഹിക്കുന്നവർ പലരുമുണ്ടു്. ആശാൻവായനക്കാർക്കു് പ്രത്യേകിച്ചും സാഹിത്യലോകത്തിനു പൊതുവേയും ഈ പ്രസിദ്ധീകരണം അത്യധികം പ്രയോജനപ്രദമായിരിക്കുമെന്നും ആശാൻെറ മററു കൃതികൾക്കെന്നപോലെ ജ്യേഷ്ഠകൃതിയായ ഇതിനും പൊതുജനങ്ങളുടെ ഹാർദ്ദമായ സ്വീകരണം ഉണ്ടായിരിക്കാമെന്നും ഞാൻ പ്രതീക്ഷിക്കുന്നു.

എന്നു്,

തോന്നയ്ക്കൽ,
7-1-1105.

മിസ്സിസ്സ്. കുമാരനാശാൻ.
(കെ. ഭാനുമതി അമ്മ.)

# അവതാരിക.

മഹാകവി കുമാരനാശാൻെറ ഒരു കൃതിയെ കേരളീയ വിദ്വത് സമക്ഷം ആരെങ്കിലും അവതരിപ്പിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. എന്നാൽ ആ സാഹസത്തിനാണ് എൻെറ പുറപ്പാട്. ജനയിതാവിൻെറ വേർപാടിൽപോലും, ശാന്തരസത്തിൻെറ അതിപ്രസരംകൊണ്ടായിരിക്കാം, പ്രകാശം ഗമിക്കുന്നതിൽ ഉദാസീനനായി ഇത്രനാളും കഴിഞ്ഞ ഈ കൌമാരസന്താനത്തെ ഇതാ ഒന്നു് മാലോകരെ കാട്ടണം എന്നുള്ള വിയോഗഖിന്നയായ ആ മാതൃസ്ഥാനീയയുടെ അപേക്ഷയാണ് എന്നെ ഇതിനു പ്രേരിപ്പിച്ചതു്.

ശാകുന്തളാദി സംസ്കൃതനാടകങ്ങളിൽ ഏറിയകൂറും മലയാളത്തിൽ ഭാഷാന്തരീകൃതമായിട്ടുണ്ടു്. അക്കൂട്ടത്തിൽ പ്രബോധചന്ദ്രോദയവും ഇതിനുമുമ്പു് ഒരിക്കൽ ഭാഷാന്തരംഗത്തിൽ ആവിർഭവിച്ചിട്ടുണ്ടു്. പണ്ഡിതാഗ്രഗണ്യനായ ശ്രീമാൻ സി. എൻ. എ. രാമയ്യാശാസ്ത്രികളുടെ വന്ദ്യപിതാവിൻെറ ആ ഭാഷാനുവാദം ഇന്നു് അസുലഭമായിട്ടാണ് കഴിഞ്ഞുകൂടുന്നതു്. എന്തുകൊണ്ടും, ആശാൻെറ ഈ ഭാഷാന്തരത്തെ സഹജബഹുവമായ സ്നേഹവൽസുക്യങ്ങളോടു കൂടി കേരളീയജനത എതിരേല്ക്കുമെന്നുള്ളതു് നിർവിവാദമാണ്. ഇത്രകാലം കഴിഞ്ഞെങ്കിലും ഈ കവിപത്നി നമുക്കു നൽകുന്ന ഈ ഉദാരദാനത്തിനു നാം എന്നും കൃതജ്ഞരായിരിക്കും എന്നു് ആ മാന്യയോടു പ്രതിജ്ഞ ചെയ്യാം.

കൃഷ്ണമിശ്രൻെറ 'പ്രബോധചന്ദ്രോദയം' സംസ്കൃത

നാടകലോകത്തിൽ സർവ്വഥാ നൂതനമായ ഒരു മാർഗ്ഗത്തെ പ്രദർശിപ്പിച്ച് ഇന്നും അന്യാദൃശമായ സ്ഥിതിചെയ്യുന്നു. ശൃംഗാരവീരകരുണങ്ങളെ ഉപജീവിച്ചുള്ള ഭൂരിപക്ഷം നാടകങ്ങളെ ആസ്വദിക്കുന്ന സഹൃദയന്മാരെ അത്ഭുതരസത്തിൽ ആറാടിച്ചു് ഉദയംചെയ്ത ശാന്തരസപ്രധാനമായ 'പ്രബോധചന്ദ്രോദയം' ഭരതശാസ്ത്രകാരന്റെ പ്രതീക്ഷകളെ അതിലംഘിച്ചിരിക്കണം. എന്നാൽ ശൃംഗാരവീരാദിരസങ്ങൾ അത്ഭുതജനകമാംവണ്ണം ഈ കൃതിയിൽ ശാന്തരസത്തെ പരിപോഷിപ്പിച്ചു വിലസുന്നുണ്ട്. ഭാഷാന്തരണകാരന്റെ കഥയോ? ആശാന്റെ സർവ്വത്ര അക്ഷുണ്ണമാർഗ്ഗത്തിൽ വിഹരിക്കാൻ ഒരു രസവും ചാതുര്യവും കൂടും. അദ്ദേഹത്തിന്റെ സ്വതന്ത്രകാവ്യങ്ങൾ ഭാഷാസാഹിത്യലോകത്തിൽ ഒരു നവ്യപഥം ഉപജ്ഞാനം ചെയ്തു. പ്രേമസുരഭിലങ്ങളായ കവനകുസുമങ്ങൾ കൊണ്ടു ശാന്തിദേവതയെ നിരന്തരം സമർപ്പിക്കുന്നതിലായിരുന്നു, അദ്ദേഹത്തിന് ഔൽസുക്യം. തത്വചിന്താധുരന്ധരമായ ആ പ്രതിഭ ശാന്തരസശീതളമായ 'പ്രബോധചന്ദ്രോദയ'ത്തിൽ വികസ്വരമായതിൽ വിസ്മയിക്കാനില്ല.

ഇതു് എന്റെ ബാല്യസുഹൃത്തിന്റെ ബാല്യകൃതിയാണ്. മഹാമഹിമശ്രീ കേരളവർമ്മ വലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ട് പ്രസാധനം ചെയ്തിരുന്ന 'വിദ്യാവിലാസിനി' മാസിക വഴിയാണ് 'അഭിജ്ഞാനശാകുന്തളം' ആദ്യം മലയാളത്തിൽ പ്രകാശിച്ചതു്. ഉദ്ദേശം ഇരുപത്തെട്ടു കൊല്ലത്തിനുമുമ്പ് ആ മാസികയുടെ പത്രാധിപത്യം ഞാൻ കയ്യേറ്റപ്പോൾ അതിൽ പ്രസിദ്ധം ചെയ്യാനായിരുന്നു, 'പ്രബോധചന്ദ്രോദയം' എഴുതിയതു്. ഇതിൽ ശൈശവസഹജമായ 'അവ്യക്തവർണ്ണരമണീയവചസ്സു'കളുടെ 'പ്രവൃത്തി' അങ്ങിങ്ങു

കണ്ടേക്കുന്നവരാം. എന്നാൽ കരുണയുടെ കൎത്താവിന്റെ കലാകുശലമായ തൂലികാവിലാസം സൎവ്വത്ര കാണാൻ കഴിയും.

"ഗംഗാംഭസ്സിൽ നനഞ്ഞു, വെൺപൊടിയണി
ഞ്ഞാരാലെഴുംപൂമര-
ശ്ശൃംഗാന്തം ചൊരിയുന്ന ചാരുമലരാൽ
ചെയ്യുന്ന ശൈവാൎച്ചനം,
ഭൃംഗാരാവമനോഹരസ്തവഗണം
പാടുന്നപൂങ്കൈലതാം
തുംഗാമോദമിളക്കിനിന്നു വടിവിൽ
തുള്ളുന്നമന്ദാനിലൻ."

എന്ന രീതിയിൽ അയത്നമനോഹരമായ ഈ ഭാഷകണ്ടാൽ തൎജ്ജമയാണെന്നു ആൎക്കുതോന്നും? മൂലഗ്രന്ഥപരിശോധനയോടുകൂടിയ ഒരു താരതമ്യവിവേചനം ഈ കൃതിയുടെ കാൎയ്യത്തിൽ ആവശ്യമാണെന്നു തോന്നുന്നില്ല.

യശഃശരീരനായ ആ മഹാകവിയുടെ മനസ്വിനിയായ ദയിത ഇങ്ങിനെ സൂക്ഷിച്ചുവച്ചു കൈരളിക്കു നൽകുന്ന അനൎഘരത്നങ്ങളെ മഹാജനങ്ങൾ ശിരസാ മാനിക്കുമെന്നു വിശ്വസിക്കുന്നു.

| | |
|---|---|
| തിരുവനന്തപുരം<br>ഇടവം ൧൧൨൫. | നന്ത്യാരുവീട്ടിൽ,<br>കെ. പരമേശ്വരൻപിള്ള. |

☞ അശ്രദ്ധമൂലം അച്ചടിയിൽ വന്നുപോയ ഏതാനും തെറ്റുകൾ തിരുത്തി താഴെ ചേൎക്കുന്ന തിരുത്തുകളിൽക്കൂടി ശ്രദ്ധിച്ചു വായിക്കണമെന്നപേക്ഷ.

KARTHYAYENI PERINAD QUILON VALIYATHU-HOUSE

| പുറം. | | വരി | തെറ്റ്. | ശരി. |
|---|---|---|---|---|
| മുഖ. | 3 | 11 | ഉണ്ടായിരിക്കാ | ഉണ്ടായിരിക്കു |
| " | " | 15 | 7—1—1105 | 7—11—1105 |
| അവ | 1 | 12 | ഭാഷാന്തരം | ഭാഷാരം |
| " | 2 | 13 | ജ്ജാതം | ജ്ഞാതം |
| 4 | | 3 | തത്ത്വഗ്രൽ | തത്ത്വഗ്രൻ |
| 7 | | 16 | കോധത്തോ | ക്രോധത്തോ |
| 8 | | 1 | കിളിമാട | കളിമാട |
| 9 | | 3 | വിവേകാദി | യമാദി |
| 13 | | 23 | കാരിക് | കാരികൾ |
| 22 | | 22 | ഇരക്കുന്നു | ഇരിക്കുന്നു |
| 24 | | 4 | ഗാദ്രിശീ | ഗാർഭ്രശീ |
| " | | 15 | ഭഗീരഥി | ഭാഗീരഥി |
| 28 | | 4 | ട്ടിരുത്തടി | ടിരുത്തീടി |
| 35 | | 22 | അജ്ഞസാ | അഞ്ജസാ |
| 46 | | 16 | കൈയ്യത്തി | കൈയ്യയത്തി |
| 50 | | 5 | യാറുന്ന് | യ്യൂറുന്ന |
| 56 | | 12 | മണിക്കന്യ | വണിക്കന്യ |
| " | | 17 | പാടീരവം | പാടീരവും |
| 72 | | 5 | വക്രോന്ദു | വക്രേന്ദു |
| 73 | | 5 | ഭീമാകൃതി | ഘോരാകൃതി |
| 79 | | 19 | ചരമ | പരമ |
| 84 | | 23 | അതിൽ | അതിൻ |
| 88 | | 26 | പോകം | പാകം |
| 90 | | 20 | മേഘ | മോഘ |
| " | | 23 | മാർകേശി | വാർകേശി |
| 92 | | 5 | യുമ്പോൾ | യുമ്പോൽ |
| 97 | | 9 | ട്ടടടലി | ട്ടടലി |

| പുറം | വരി | തെററ്. | ശരി. |
|---|---|---|---|
| 104 | 2 | തട്ടീട്ടം | നട്ടീട്ടം |
| ,, | ,, | മീരുട്ട | വീരുത്തു |
| ,, | 6 | ൻമൃക്തീ | ൻമിത്തീ |
| 108 | 20 | യിഞ്ഞി (?)യാം | യിണിയാം |
| 110 | 9 | വെയിലിൻ | വെയിലിൽ |
| 119 | 12 | മഫതപംഭ്ര | മമതപഭ്ര |
| 121 | 2 | എന്നാൻ | എന്നാൽ |
| 122 | 7 | ജ്ഞാതവൃദ്ധ | ജ്ഞാനവൃദ്ധ |
| 127 | 5 | ഥചാരി | ഭ്ചാരിണി |
| 129 | 22 | അഹംകാരി | വികാരി |
| 130 | 4 | ളാക്കിയ | ളായ |
| 132 | 20 | സാഗത്തിൽ | സാഗരത്തിൽ |
| ,, | 23 | ഈശരൻ | ഈശ്വരൻ |
| 134 | 4 | ചിദൈക | ചിദേക |

കൂടാതെ,

പുറം 26 വരി 18. (ദംഭംപല്ലുകടിച്ചുകൊണ്ടു വട്ടവിനെ നോക്കുന്നു) വട്ട—ദൂരത്തുതന്നെ നില്ക്കു ..........പതിയ്ക്കുന്നു. എന്നും

പുറം 59 വരി 14. ക്ഷപ—(ചിരിച്ചുകൊണ്ട്) ഗ്രഹനക്ഷത്രചാര, ചന്ദ്രസൂര്യോപരാഗ, ഌപ്തലാഭപരമാത്ഥജ്ഞാനങ്ങളെ ......... സർവ്വജ്ഞത്വം എന്നും വായിക്കണം.

# കഥാപാത്രങ്ങൾ.

---

വിവേകം—നായകൻ
മതി—വിവേകഭാൎയ്യ
വസ്തുവിചാരം, സന്തോഷം — വിവേക ആജ്ഞാകരന്മാർ
പുരുഷൻ ഉപനിഷത്ഭൎത്താ
പ്രബോധം—പുരുഷപുത്രൻ
ശ്രദ്ധ—സാത്വികി, രാജസി, താമസി എന്നുമൂന്നുവിധം
ശാന്തി—വിവേകഭഗിനി
കരുണ—ശാന്തിസഖി
മൈത്രി—ശ്രദ്ധാസഖി
വിഷ്ണുഭക്തി—ഉപനിഷത്സഖി
ഉപനിഷത്--വേദാന്തശാസ്ത്രം
സരസ്വതി—വിഷ്ണുഭക്തിസഖി
ക്ഷമ—വിവേകദാസി

വൈരാഗ്യം, നിദിദ്ധ്യാസനം, സങ്കല്പം — മനസ്സിൻെറ സന്താനങ്ങൾ
സൂത്രധാരൻ, നടി, പാരിപാൎശ്വികൻ, പുരുഷൻ, സാരഥി, പ്രതീഹാരി--മററു പാത്രങ്ങൾ.

മഹാമോഹം— പ്രതിനായകൻ
മിഥ്യാദൃഷ്ടി—മോഹഭാൎയ്യ
ചാൎവ്വാകൻ—മോഹമിത്രം
കാമം, ക്രോധം, ലോഭം, ദംഭം, അഹങ്കാരം — മോഹത്തിൻെറ മന്ത്രി മുതലായവർ
രതി—കാമൻെറ ഭാൎയ്യ
ഹിംസ—ക്രോധഭാൎയ്യ
തൃഷ്ണ—ലോഭഭാൎയ്യ
വിഭ്രമാവതി-മിഥ്യാദൃഷ്ടീസഖി
ദിഗംബരൻ, ഭിക്ഷു, ക്ഷപണകൻ, കാപാലികൻ — ഓരോ മതപ്രവൎത്തകന്മാർ
മനസ്സ്

വടു, ശിഷ്യൻ, പുരുഷൻ, ദൌവാരികൻ — മററു പാത്രങ്ങൾ.

—:*:—

# പ്രബോധചന്ദ്രോദയം

## ഭാഷാനാടകം.

---

(ഒന്നാം അങ്കം.)

മദ്ധ്യാഹ്നത്തുള്ള സൂൎയ്യപ്രഭകളിൽ മൃഗതൃ-
ഷ്ണാൎണ്ണവം പോലെ യേതീ-
ന്നദ്ധ്യാസിച്ചംബരം തൊട്ടവനിയവധിയായ്
തോന്നിയും മൂന്നുപാരും
തത്വജ്ഞാനോദയത്തിൽ സരമതിലഹിപോ-
ലസ്തമിച്ചും വരുന്നാ-
ശ്ശുദ്ധസ്വാത്മാവബോധോജ്വലപരമസുഖ-
ജ്ജ്യോതിരാരാധയാമി. ൧

അത്രതന്നെയല്ല,

അന്തൎന്നാഡിവഴിക്കസുക്കളെ നിയമിച്ചാബ്രഹ്മരന്ധ്രം കട-
ന്നന്തശ്ശാന്തിയതുംകലൎന്നുളവെഴുന്നാനന്ദസാന്ദ്രാത്മനാ
അന്തിത്തിങ്കളണിഞ്ഞ യോഗിയിലളീകത്താലറിഞ്ഞീടുമാ-
ച്ചെന്തീക്കണ്ണുകണക്കവാന്തരമഹസ്സെങ്ങും വിളങ്ങുന്നതേ. ൨

(നാന്ദികഴിഞ്ഞു സൂത്രധാരൻ പ്രവേശിക്കുന്നു.)

സൂത്രധാരൻ, (തൊഴുതുംകൊണ്ട്)

മന്ദ്രം മംഗളമദ്ദളധ്വനി മുഴക്കുന്നു മുകുന്ദൻ മുദാ
വൃന്ദാരേന്ദ്രവിമാനമണ്ഡലമിതാമിന്നുൻ രംഗസ്ഥലം

മന്ദം സമ്പ്രതി മല്ലയോനി മധുരം പാടുന്നു സാമംപ്രിയേ!
വന്നീടെന്നുവിളിക്കുമാദിഭഗവാൻ വാഴട്ടെ സന്ധ്യാനടൻ.

(എന്നു പുഷ്പാഞ്ജലിചെയ്തിട്ട്.)

അധികം വിസ്തരിച്ചിട്ടാവശ്യമില്ല. ഞാൻ ഇപ്പോൾ സംഗതിവശാൽ പൂൎവ്വകാലീനന്റെ നിലയെ അവലംബിക്കുന്നു. എങ്ങിനെയെന്നാൽ,

എല്ലാ സാമന്തരാജാക്കന്മാരുടേയും കിരീടരത്നപ്രഭകളാൽ നിരാജനംചെയ്യപ്പെട്ട പാദാരവിന്ദങ്ങളോടുകൂടിയവനായി മഹാപരാക്രമശാലികളായ ശത്രുക്കളുടെ വക്ഷഃപ്രദേശങ്ങളെ പിളൎന്നു നൃസിംഹമൂൎത്തിയുടെ പ്രതാപാതിശയത്തെ അഭിനയിച്ചവനായി അതിപ്രബലന്മാരായ ദുഷ്ടപ്രഭുക്കളാകുന്ന പ്രളയസമുദ്രത്തിൽ മുങ്ങിക്കിടന്ന ഭൂമിയെ ഉദ്ധരിച്ചു മഹാവരാഹമൂൎത്തിയായി സകല ദിഗ്വിവാസിനികൾക്കും കൎണ്ണഭൂഷണമാക്കി ചെയ്യപ്പെട്ട കീൎത്തിലതാപല്ലവങ്ങളോടുകൂടിയവനായി സകല ദിക്കരികളുടെയും കൎണ്ണതാളവീജനങ്ങളാൽ ഉജ്വലിപ്പിക്കപ്പെട്ട പ്രതാപാഗ്നിയോടുകൂടിയവനായിരിക്കുന്ന ശ്രീമാൻ ഗോപാലസ്വാമിയാൽ ഇപ്രകാരം അജ്ഞാപിക്കപ്പെട്ടിരിക്കുന്നു.

"ഈ സ്വഭാവസുകുമാരനായിരിക്കുന്ന മഹാരാജ ശ്രീകീൎത്തിവൎമ്മദേവന്റെ വിജയയാത്രാവ്യാപാരം ഹേതുവായിട്ട് നാം ബ്രഹ്മാനന്ദത്തെ വേർവിട്ടു വിവിധങ്ങളായി സമൃദ്ധങ്ങളായിരിക്കുന്നഭോഗജാലങ്ങളുടെ രസാസ്വാദത്താൽ ഒരു ദൂഷിതമായ വിധത്തിൽ ദിവസങ്ങളെ കഴിച്ചുകൂട്ടേണ്ടിവന്നു. ഇപ്പോഴാകട്ടെ നാം കൃതാൎത്ഥരായിരിക്കുന്നു.

എന്തുകൊണ്ടെന്നാൽ,

അരിനരവരരെല്ലാമസ്തമിച്ചിന്നരാജ്യം
പരിചൊടു സചിവന്മാർ പാലനംചെയ്തിടുന്നു
നരപതികളിന്നമിക്കുംമട്ടുനാലാഴിചൂഴും
ധരമുഴുവനുമിപ്പോൾ പ്രാജ്യസാമ്രാജ്യമായി. ൨

അതുകൊണ്ടു ശാന്തരസപ്രധാനമായ ഒരു നാട്യപ്രയോഗംകൊണ്ട് അത്മാവിനെ വിനോദിപ്പിക്കുന്നതിനായി നാം ആഗ്രഹിക്കുന്നു. അതിന്നുമുമ്പേതന്നെ തത്രഭവാൻ കൃഷ്ണമിശ്രരവർകളാൽ നിർമ്മിക്കപ്പെട്ട "പ്രബോധചന്ദ്രോദയം" എന്ന നാടകം ഭവാൻെറ പക്കൽ സമർപ്പിച്ചിട്ടുണ്ടല്ലോ. അതിനെ ഇന്നു ശ്രീ കീർത്തിവർമ്മമഹാരാജാവിൻെറ സമക്ഷത്തിൽ ഭവാൻ അഭിനയിക്കണം. മഹാരാജാവിന് പരിവാരങ്ങളോടുകൂടി അതിനെ കാണുന്നതിൽ വളരെ കൌതുകവും അണ്" എന്ന്. അതിനാലാകട്ടെ; വീട്ടിലേക്കുപോയി ഭാര്യയെ വിളിച്ചു സംഗീതകർമ്മം അനുഷ്ഠിക്കുകതന്നെ.

(ചുററിനടന്ന് അണിയറയിലേക്കു നോക്കീട്ട്)

ആര്യേ! ഇവിടെ

(നടി പ്രവേശിച്ചിട്ട്)

നടി—ഇതാ ഞാൻവന്നു. ആര്യപുത്രൻ ആജ്ഞാപിച്ചാലും ഏതുവിധനിയോഗത്തെയാണ് ഞാൻ അനുഷ്ഠിക്കേണ്ടതെന്ന്.

സൂത്ര—ആര്യേ! ഭവതി അറിഞ്ഞതാണല്ലോ.

അത്യുത്ഥംകീർത്തിമാനൽക്കടരിപുനൃപശൌ-
ര്യക്കൊട്ടും കാടശേഷം
കത്തിക്കാളുംത്രിലോകീവിവരവിഷമിതോ
ഗ്രപ്രതാപാഗ്നിഭ്രമാ

ക്രുദ്ധിച്ചോരെക്കരേറിട്ടുതമൊരു കരവാ-
ളത്തിനാൽ വെന്നരാജ്യ-
ത്തത്യുഗ്രൽകീൎത്തിവൎമ്മക്ഷിതിപനമകുടം
ചേൎത്തു ഗോപാലവീരൻ. ൫

എന്നുതന്നെയുമല്ല,

എത്തിത്താളംപിടിക്കുംപൊഴുതുരസികിലുണ്ടും
കപാലാസ്ഥിമാല-
ക്കൈത്താളംചേൎത്തുനക്തഞ്ചരികൾനടനമാട്ടും
പിശാചങ്ങളോട്ടും
അത്യുഗ്രത്തിൽകൊട്ടുംകാറാടയുമുടനുടൻ
ശുഷ്കകുംഭീന്ദ്രകുംഭ-
പ്പൊത്തിൽപൊണ്ടുംമുഴക്കംപടനിലമവനെ-
പ്പാടി വാഴ്ത്തുന്നതിന്നും. ൬

ഇപ്പോൾ ശാന്തമാൎഗ്ഗത്തിൽ പ്രവേശിച്ചിരിക്കുന്ന അദ്ദേഹത്താൽ മനോവിനോദത്തിനായിട്ട് "പ്രബോധചന്ദ്രോദയം" നാടകം അഭിനയിക്കുനതിനായി ആജ്ഞാപിക്കപ്പെട്ടിരിക്കുന്നു. അതുകൊണ്ടു ഭവതി വേഷധാരണത്തിനായി നടന്മാരെ നിയോഗിച്ചാലും,

നടി—(വിസ്മയത്തോടുകൂടി) ആൎയ്യപുത്രാ! ആശ്ചൎയ്യം ആശ്ചൎയ്യം. അപ്രകാരം തന്റെ ഭുജപരാക്രമം ഒന്നുകൊണ്ട് സകല രാജസമൂഹങ്ങളേയും ധിക്കരിച്ചവനായി കൎണ്ണാന്തപൎയ്യന്തം വലിച്ചു വളച്ചു അതികഠിനമായിരിക്കുന്ന ധനുസ്സിൽനിന്നും വൎഷിക്കപ്പെട്ട ശരധാരാസമ്പാതങ്ങളാൽ ശിഥിലങ്ങളാക്കപ്പെട്ട അശ്വങ്ങളാകുന്ന തിരമാലകളോട്ടും ഇടവിടാതെ പതിക്കുന്ന തീക്ഷ്ണശസ്ത്രവ

ഷങ്ങളേററു വീണു മലച്ചുകിടക്കുന്ന കുലയാനകളാകുന്ന അനേകായിരം പർവ്വതങ്ങളോടും ഇളക്കിച്ചുഴററപ്പെട്ട പ്രചണ്ഡഭുജദണ്ഡമാകുന്ന മന്ദരപർവ്വതത്താൽ ഉന്മഥിക്കപ്പെട്ട സംഭ്രാന്തങ്ങളായിരിക്കുന്ന സമസ്തകാലാൾപടകളാകുന്ന ജലചരങ്ങളോടും കൂടിയിരിക്കുന്ന കർണ്ണന്റെ സൈന്യസാഗരത്തെ മഹാവിഷ്ണു ക്ഷീരസാഗരത്തെ എന്നപോലെ മഥിച്ചു യുദ്ധവിജയലക്ഷ്മിയെ പ്രാപിച്ചവനായി ഇപ്പോൾ എല്ലാ മുനിജനങ്ങളാലും കീർത്തനം ചെയ്യപ്പെടുന്ന വീരചരിത്രങ്ങളോടുകൂടിയവനായിരിക്കുന്ന അദ്ദേഹത്തിന് എങ്ങിനെയാണ് ഇപ്രകാരമുള്ള ഉപശാന്തിയുണ്ടായതു്?

സൂത്രധാരൻ—അയ്യേ ബ്രഹ്മതേജസ്സ് സ്വഭാവേന സൌമ്യമായിട്ടുള്ളതാണ്. വല്ലതും കാരണവശാൽ ഒരു വികാരത്തെ പ്രാപിച്ചാലും അതു പിന്നെയും സ്വഭാവത്തെത്തന്നെ അവലംബിക്കുന്നു. അതുകൊണ്ടു സകലരാജമണ്ഡലങ്ങൾക്കും സംഹാരരുദ്രനായ ചേദിരാജാവിനാൽ നിശ്ശേഷമാകുംവണ്ണം ഉന്മൂലനം ചെയ്യപ്പെട്ടിരുന്ന ചന്ദ്രവംശരാജാക്കന്മാരുടെ രാജ്യാധിപത്യത്തെ സ്ഥിരീകരിക്കുന്നതിനായിട്ടാണ് ഇദ്ദേഹത്തിന് ഈ മഹാക്ഷോഭം നേരിട്ടതു്. അതേ നോക്കു്!

കല്പാന്തക്കാററിളകി-
ക്കെല്പൊടുകടൽപൊങ്ങിമലകടന്നാലും
നില്പും തെളിവുംകരയും
പില്പാടുംപഴയതാണല്ലോ. ൩

എന്നുതന്നെയല്ല, സാക്ഷാൽ ഭഗവന്നാരായണാംശ

സംഭൃതന്മാരായി അപ്രകാരമുള്ള പൌരുഷശാലികളായിരിക്കുന്ന മഹാത്മാക്കൾ ലോകോപകാരമായി ഭൂമിയിൽ അവതരിച്ചു കൃതകൃത്യന്മാരായശേഷം പിന്നെയും അവർ ഉപശാന്തിയെത്തന്നെ പ്രാപിക്കുന്നു. എങ്ങിനെയെന്നാൽ ഭവതി പരശുരാമനെത്തന്നെ നോക്കുക!

മുന്നംമൂവ്വേഴുവട്ടം നൃപതുടെവസമാംസം
തലച്ചോറുചോറായ്
മുന്നിൽ പായുന്നചോരപ്പുഴനടുവിലവൻ
നിന്നുമുങ്ങിക്കുളിച്ചു
മന്നിൽസ്ത്രീബാലവൃദ്ധാവധിയൊരുദയയില്ലാ-
തെ കൊല്ലാൻപ്രശസ്തം
മന്നന്മാർ മസ്തകത്തിൻ കട്ടരടനവിട്ടു-
ന്നക്കഠോരം കുഠാരം! ൧

ഈവൃദ്ധചിതൻഭരമൊഴിപ്പതിനുത്ഭവിച്ചു
ദ്ദീപപ്രഭാവമൊട്ടുരാജകുലംമുടിച്ചു
കോപക്കടുംകനൽശമിച്ചുതപസ്സിൽമൌനം
പ്രാപിച്ചുപിന്നെ ജമദഗ്നിസുതൻമുനീന്ദ്രൻ ൨

ഇപ്രകാരം ഇദ്ദേഹവും കൃതകൃത്യനായിട്ട് ഇപ്പോൾ ഉപശമദീക്ഷയെ പ്രാപിച്ചിരിക്കുന്നു. ഈ ഗോപാലൻ ആകട്ടെ,

നേത്തകണ്ണനെജ്ജയിച്ചുമോഹമോ-
ടാത്തണഞ്ഞിഹവിവേകമെന്നപോൽ
കീത്തിവൎമ്മനമഹോദയത്തെയും
ചേത്തിവൻഝടിതിബോധസന്നിഭം. ൩

(അണിയറയിൽ)

ഛെ! പാപിഷ്ഠ നടാധമാ! നാം ജീവിച്ചിരിക്കു മ്പോൾ സ്വാമി മഹാമോഹത്തിന്നു വിവേകത്തിൽനിന്നും പരാജയത്തെ പ്രലപിക്കുന്നുവോ.

സൂത്രധാരൻ (സംഭ്രമത്തോടുകൂടി നോക്കിക്കൊണ്ട്) ഓഹോ!

മുട്ടിത്തിമിർത്ത കുളിർകൊങ്കയണച്ചുകെട്ടി-
ക്കെട്ടിപ്പുണർന്നു രതിയോടതിരോമഹർഷാൽ
മട്ടററമേനിമദമന്ഥരലോചനൻ, ദി-
ക്കൊട്ടും ജയിക്കു മലർബാണനിതാ വരുന്നു. ൧൦

നമ്മുടെ സംസാരത്തിൽനിന്നും ഇയാൾ ഒരു ക്രോധത്തോടുകൂടിയവനേപ്പോലെയും കാണപ്പെടുന്നു. അതുകൊണ്ടു നമുക്കു ഇപ്പോൾ ഇവിടെനിന്നും പോവുകയാണു നന്ന്.

(എന്നു രണ്ടാളും പോയി)

(പ്രസ്താവന കഴിഞ്ഞു)

(അനന്തരം അപ്രകാരമുള്ള വേഷത്തിൽ കാമനും രതിയും പ്രവേശിക്കുന്നു)

കാമൻ—(ക്രോധത്തോടുകൂടി "ഛെ! പാപിഷ്ഠ" എന്നു തുടങ്ങിയിട്ട്)
എടാ നടാധമാ!

ഇന്ദീവരാക്ഷികൾ വിടുന്ന കടാക്ഷശല്യ-
മെന്നാൾവരെക്കു പതിയാതെയിരുന്നിടുന്നു
നന്നായ്ത്തിളച്ചറിവിയന്നവനും മനസ്സി-
ലന്നാൾവരെക്കു ശരി തന്നെ വിവേകവീര്യം. ൧൧

കണ്ടാലുംകിളിമാടപുംപ്പുതിയൊരി-
ക്കഞ്ജാക്ഷിമാരുംപരം
വണ്ടാർവല്ലികൾ, വെണ്ണിലാവുകൾ,മണം
വീശുന്നവായുക്കളും
കൊണ്ടാടുന്നസദസ്സുമീവകനമു-
ക്കുണ്ടെങ്കിലിന്നൂഴിമേ-
ലുണ്ടോപിന്നെവിവേകവീൎയ്യമണയത്തു-
ണ്ടോപ്രബോധോദയം. ൰൫

രതി—ആൎയ്യപുത്രാ! മഹാരാജമഹാമോഹത്തിന്നു വിവേകം ഒരു പ്രബലശത്രുവാണെന്നു ഞാൻ ശങ്കിക്കുന്നു.

കാമൻ—പ്രിയെ ഭവതി വെറുതെ സ്ത്രീസ്വഭാവംകൊണ്ടു വിവേകത്തിൽ നിന്നും പേടിക്കരുതേ. ഇതാനോക്കുക.

വില്ലുമമ്പുമിഹപുഷ്പമെങ്കിലും
തെല്ലുദാനവസുരൎക്കുമോമലേ
ഉള്ളിലെൻെറ വിധിവിട്ടരക്ഷണം
തള്ളിനില്പതിനുധൈൎയ്യമില്ലഹോ. ൰൬

എങ്ങിനെയെന്നാൽ.

അഹല്യയുടെ ജാരനായമരയൂഥനാഥൻ, പിതാ-
മഹൻമകളിൽമോഹിയായ്, മതി ഗുരുപ്രിയാഗാമിയായ്
അഹോവഴിപിഴച്ചിടാതവരിതാരു? മത്സായക-
പ്രഹാരമതിനിജ്ജഗത്തൊരുപദാൎത്ഥമല്ലോക്കെടോ. ൰൭

രതി—ആൎയ്യപുത്രാ! അതങ്ങിനെതന്നെയാണ്. എങ്കിലും വലിയ സഹായികളോടുകൂടിയ ശത്രുവിനെ സംശയിക്കേ

ണ്ടതാണ്. യമനിയമാദികളായ വിവേകത്തിന്റെ മന്ത്രിമുഖ്യന്മാർ വളരെ പ്രബലന്മാരാണെന്നാണ് കേട്ടി.

കാമൻ—പ്രിയെ! ഭവതി ഏതു വിവേകാദികളെ രാജ്ഞവിവേകത്തിന്നു ബലവാന്മാരായ മന്ത്രികൾ എന്നു കാണുന്നുവോ അവർ കേവലം നമ്മോടെതിരിട്ടമാത്രയിൽതന്നെ ഓടിച്ചുകളയത്തക്കവരാണ്, എങ്ങിനെയെന്നാൽ

അഹിംസാ ബലം കോപമുണ്ടെങ്കിലുണ്ടോ
ബൃഹൽബ്രഹ്മചര്യാദിയെന്നുമ്പിലുണ്ടോ
മഹത്സത്യമിത്യാദിയും ലോഭമോടി-
ന്നഹോചെന്നെതിർത്താലരക്ഷെക്കമുണ്ടോ. ൧൫

പിന്നെ യമ നിയമ ആസന പ്രാണായാമ പ്രത്യാഹാര ധ്യാന ധാരണാ സമാധികളായ ഇവരാകട്ടേ നിർവ്വികാരശുദ്ധചിത്തന്മാൎക്കുമാത്രം വശ്യന്മാരായിരിക്കുന്നതിനാൽ ഇവരുടേ മൂലവിഘാതം ചെയ്യുന്നതും നിസ്സാരമായിട്ടുള്ളതാണ്. വിശേഷിച്ചും സ്ത്രീകൾ ഇവരുടെ ദുൎഗ്ഗകളാകുന്നു. അതുകൊണ്ടു ഇവർ നമുക്കു ലാക്കായിത്തന്നെയിരിക്കുന്നു. എന്തുകൊണ്ടെന്നാൽ,

മദിരാക്ഷിമാരുടെകടാക്ഷപാളികൾ
മധുരാക്ഷരങ്ങൾപരിഹാസകേളികൾ
രതിരംഭണങ്ങളിവവേണ്ട,കേവലം
സ്മൃതിതന്നെചെയ്യുമിഹചിത്തചാപലം. ൧൬

വിശേഷിച്ചും ഇവർ നമ്മുടെ സ്വാമികളുടെ അധികാരികളായ മദമാത്സൎയ്യദംഭാദികളാൽ പരിഭവിക്കപ്പെട്ടവരാ

യിട്ട് രാജമന്ത്രിയായ അധമ്മത്തെത്തന്നെ ആശ്രയിക്കുകയും ചെയ്യും.

രതി—ആര്യപുത്രാ! നിങ്ങൾക്കും ശമദമവിവേകാദികൾക്കും ഉല്പത്തിസ്ഥാനം ഒന്നാണെന്നാണല്ലോ കേൾക്കുന്നത്.

കാമൻ—പ്രിയെ! എന്തുപറയുന്നു? ഞങ്ങൾക്ക് ഉല്പത്തിസ്ഥാനം ഒന്നെന്നോ? ഞങ്ങൾക്ക് അച്ഛൻ തന്നെ ഒന്നല്ലേ. എങ്ങിനെയെന്നാൽ

മുന്നം മായയിലീശ്വരൻെറസഹവാസത്താൽ മനസ്സെന്നുപേ-
രുന്നിദ്രാഭമിയന്ന പുത്രനുളവായ്പ്പന്നാനതൊന്നാമതായ്
പിന്നെപ്പുത്രനിവൻസ്വയംഭുവനമീമൂന്നും ചമച്ചാനവൻ
തന്നീന്നുത്ഭവമായി നമ്മുടെകുലം രണ്ടായിരണ്ടാമതു. ൧൦

ആ മനസ്സിന്നു പ്രവൃത്തിനിവൃത്തികൾ എന്നുപേരായി രണ്ടു ധമ്മപത്നികളാണ് ഉള്ളതു്. അതിനാൽ പ്രവൃത്തിയിൽ ആദ്യം മഹാമോഹാദികളായ ഞങ്ങളുടേയും രണ്ടാമതു് നിവൃത്തിയിൽ വിവേകാദികളായ അവരുടേയും കുലങ്ങൾ സംഭവിച്ചു; ഇങ്ങനെയാണു്.

രതി—ആര്യപുത്രാ! ഇപ്രകാരമാണെങ്കിൽ സഹോദരന്മാരായിരിക്കുന്ന നിങ്ങൾ തമ്മിൽ എന്താണു് ഈവിധം വിരോധമായിരിക്കുന്നതു്?

കാമൻ—

ഏകാമിഷപ്രഭവമാണു സഹോദരന്മാ-
ക്കേകാന്തവൈരമതുലോകമതിൽപ്രസിദ്ധം
നീകാണുക ഭൂമികരുതിക്കുരുപാണ്ഡവന്മാർ
ലോകംകെടുംകൊടിയവൈരമിയന്നതില്ലേ? ൧൧

ഈ ലോകം മുഴുവനും ഞങ്ങളുടെ അച്ഛനാൽ സമ്പാദിക്കപ്പെട്ടതാണ്. പൌരുഷംകൊണ്ട് ഞങ്ങൾതന്നെ അതിനെ മുഴുവൻ ആക്രമിച്ചും ഇരിക്കുന്നു. അവരുടെ സഞ്ചാരംതന്നെ ഇവിടെ വളരെ ദുർല്ലഭമാണ്. അതുകൊണ്ട് ആ പാപാശയന്മാർ ഇപ്പോൾ നമ്മേയും അച്ഛനേയും മൂലച്ഛേദം ചെയ്യണമെന്നുള്ള നിലയിൽ പുറപ്പെട്ടിരിക്കയാണ്.

രതി—(ചെവി പൊത്തിക്കൊണ്ട്) കഷ്ടം! കഷ്ടം! ആര്യപുത്രാ! കേവലം വിരോധംകൊണ്ടുമാത്രം ഇവർ ഈ മഹാപാതകം ചെയ്യാൻ ഒരുമ്പെടുന്നുവോ? അതോ രഹസ്യമായി വല്ല കാരണാന്തരവും ഉണ്ടോ?

കാമൻ—ഇതിൽ രഹസ്യമായ ഒരു കാരണവും ഉണ്ട്.

രതി—ആര്യപുത്രാ! അതെന്താണ്? വെളിയിൽ പറയരുതോ?

കാമൻ—സ്ത്രീസ്വഭാവംകൊണ്ടു ഭവതി ഭീരുവാണെന്നുവച്ചു അ പാപിഷ്ഠന്മാരുടെ ഭയങ്കരകമ്മത്തെ ഞാൻ പറയാത്തതാണ്.

രതി—(ഭയത്തോടെ) ആര്യപുത്രാ! എന്താണത്?

കാമൻ—പ്രിയെ! ഭയപ്പെടരുത്. ഇത് ആ ദുരാഗ്രഹികളുടെ മനോരാജ്യം മാത്രമാണ്. ഈ നമ്മുടെ കുലത്തിൽ കാളരാത്രിയെപ്പോലെ വിദ്യ എന്നു പേരായി ഒരു രാക്ഷസി ജനിക്കാൻപോകുന്നുപോലും. ഇങ്ങിനെ ഒരു ജനശ്രുതി നടക്കുന്നു.

രതി—(ഭയത്തോടെ, ഹാ! കഷ്ടം കഷ്ടം! നമ്മുടെ കുലത്തിൽ രാക്ഷസിയെന്നുകേട്ടു എന്റെ ഹൃദയം നടുങ്ങുന്നു.

കാമൻ—പ്രിയെ! പേടിക്കരുതു്. പേടിക്കരുതു്, ഇതുവെറും ജനശ്രുതിമാണു്.

രതി—പിന്നെ ആ രാക്ഷസി എന്തുചെയ്യും?

കാമൻ—പ്രിയെ അതിനെക്കുറിച്ചു ബ്രഹ്മാവു പറഞ്ഞിട്ടുണ്ടു പോലും.

അദ്യൻദേവനസംഗനെങ്കിലുമവൻ
പതിക്കുസംഗംവിനാ
പുത്രൻമാനസമുത്ഭവിച്ചുഭുവനം
നിർമ്മിച്ചുശേഷംക്രമാൽ
വിദ്യാനന്ദിനിയായവക്കലിനിയു-
ണ്ടായീടുമക്കന്യയാം
സദ്യസ്സോദരനച്ഛനമ്മമുതലായെ-
ല്ലാം വിഴുങ്ങുംകുലം. ൧൯

രതി——(പേടിച്ചു വേപഥുവോടുകൂടി) അയ്യപുത്രാ! രക്ഷിക്കണേ! രക്ഷിക്കണേ.! (എന്നു് ആലിംഗനം ചെയ്യുന്നു.)

കാമൻ—(സ്പർശസുഖത്തെ നടിച്ചിട്ടു സ്വഗതം)

കമ്പിക്കുന്നിളകുന്ന കണ്ണിണകല-
ങ്ങിടുന്നധീരാക്ഷിയാം
തുമ്പംതീർന്നുതുടിക്കുമിത്തുടകുചം
ചേർക്കുന്ന വായ്ക്കുംഭയാൽ
ജൃംഭദ്രോമമിയന്നു രത്നവലയം
ക്കൂവുന്ന കയ്യാൽപരീ-
രംഭം രമ്യമഹോരസാംബുധിയിൽ മു-
ക്കുന്നു മയക്കുന്നുമാം. ൨൦

(ഗാഢാശ്ലേഷം ചെയ്തുകൊണ്ട് പ്രകാശം.)

പ്രിയെ! പേടിക്കരുതേ. ഞങ്ങൾ ജീവിച്ചിരിക്കുമ്പോൾ വിദ്യ എവിടെ ഉണ്ടാകും?

രതി—അല്ല. ആ രാക്ഷസിയുടെ ഉല്പത്തി നിങ്ങളുടെ ശത്രുക്കൾക്കു സമ്മതമാണോ?

കാമൻ—നിശ്ചയമായും. ആ വിദ്യയെ ഉപനിഷദ്ദേവിയിൽ പ്രബോധചന്ദ്രനെന്ന ഒരു സഹോദരനോടുകൂടി വിവേകം അല്ലേ ജനിപ്പിക്കാൻ ഇരിക്കുന്നതു്. അതിന്നു ശമദമാദികളായ ഇവർ എല്ലാം വേണ്ട ശ്രമങ്ങളും ചെയ്തുവരികയല്ലേ?

രതി—ആര്യപുത്രാ! തങ്ങളുടേയുംകൂടി നാശകാരിണിയായിരിക്കുന്ന വിദ്യയുടെ ഉല്പത്തിയെ ഈ ദുർന്നയന്മാർ എങ്ങിനെയാണു ശ്ലാഘിക്കുന്നതു്.

കാമൻ—പ്രിയെ! കുലനാശത്തിന്നു പുറപ്പെടുന്ന മഹാപാപികൾ ഉണ്ടോ സ്വനാശത്തെ വിചാരിക്കാൻ പോകുന്നു? ഭവതി നോക്കു്.

മലിനഹൃദയരാകും മാൎഗ്ഗകൌടില്യവാന്മാർ
കുലനിധനമതിന്നുംകൂടി നാശത്തിനും താൻ
ജലധരപദമേറിജ്ജാതമാം ധൂമജാലം
മലയിൽ മഴചൊരിക്കും രീക്കു; താനും നശിക്കും. ൧൩

(അണിയറയിൽ.)

ഛേ! പാപിഷ്ഠാ! ദുരാത്മാവേ! ഞങ്ങളെത്തന്നെ പാപകാരികൾ എന്നു അധിക്ഷേപിക്കുന്നുവോ?

എടാ,

പെരുത്തഗർവാൽ ഗുണദോഷബുദ്ധി
തുരത്തിവിട്ടക്രമമാചരിച്ചാൽ
ഗുരുതാനുണ്ടെങ്കിലുമജ്ജനത്തെ-
പ്പരിത്യജിക്കാമതു ധർമ്മമല്ലോ. ൨൨

എന്നു പൌരാണികന്മാർ പുരാണത്തിൽ വായിക്കുന്നുണ്ട്. നമ്മളുടെ അച്ഛനാണെങ്കിലും ഇദ്ദേഹം (മനസ്സ്) അഹങ്കാരാദികളോടുകൂടി ചേർന്നുംകൊണ്ടു ജഗൽപതിയായിരിക്കുന്ന തന്റെ പിതാവിനെ ബലാൽ ബന്ധിച്ചുകളഞ്ഞില്ലേ?

കാമൻ—പ്രിയേ! ഇതാ നമ്മുടെ കുലത്തിൽ ജ്യേഷ്ഠനായ വിവേകം മതിദേവിയോടുംകൂടി എതിരേതന്നെ വരുന്നു. അ! ഈ വിവേകം.

ഇഷ്ടംപോലെനടന്നനർത്ഥമരുളും രാഗാ-
ദിയോഗത്തിനാൽ
കഷ്ടപ്പെട്ടുമുഷിഞ്ഞതന്റെമതിയാംകാന്ത-
യ്ക്കേഴും കാന്തിയാൽ
സ്പഷ്ടംമഞ്ഞുമറഞ്ഞചന്ദ്രികയൊടും ചന്ദ്രൻ
കണക്കീമഹാ-
ധൃഷ്ടൻസൂക്ഷ്മതമാംഗനിന്നൊരുതിരസ്കാര-
ത്തിൽനേരിട്ടപോൽ. ൨൩

അതിനാൽ നാം ഇവിടെ നിൽക്കുന്നതു യുക്തമല്ല.

(എന്നു രണ്ടാളുംപോയി)

വിഷ്കംഭം കഴിഞ്ഞു.

---

(അനന്തരം രാജാ വിവേകവും മതിയും പ്രവേശിക്കുന്നു.)

രാജാ—പ്രിയെ! ഭവതി കേട്ടില്ലെ ഈ ദുൎന്നയനായ വടുവിൻെറ മദത്തിളപ്പുകൊണ്ടുള്ള വാക്ക്? നമ്മെത്തന്നെ പാപകാരികൾ എന്നു അധിക്ഷേപിക്കുന്നു.

മതി—ആൎയ്യപുത്രാ! ജനങ്ങൾ അവരവരുടെ ദോഷത്തെ കാണുമോ.

രാജാ—പ്രിയെ! കേട്ടാലും.

പരമഖലരഹങ്കാരാദിയോട്ടും മദാദി-
പ്പരിഷകൾപലവാറും പാശബന്ധപ്രയോഗാൽ
ചിരമധിപതി ശുദ്ധൻ ചിൽസുഖാത്മാവുതന്നെ-
സ്സരഭസമിവരേവം സങ്കടത്തിങ്കലാക്കി. വരു

അ! ഇവർ പുണ്യകാരികളും അദ്ദേഹത്തിൻെറ ബന്ധമോചനത്തിനായി പ്രവൎത്തിക്കുന്ന ഞങ്ങൾപാപികളും ആണത്രെ. ദുഷ്ടന്മാൎക്കു നല്ലകാലം!

മതി—ആൎയ്യപുത്രാ! പരമേശ്വരനായ ഇദ്ദേഹം സഹജാനന്ദസുന്ദരമായ സ്വഭാവത്തോടുകൂടിയവനായും നിത്യപ്രകാശനായും സ്വചൈതന്യത്താൽ ഭുവനത്രയത്തേയും ചേഷ്ടിപ്പിക്കുന്നവനായും ഇരിക്കുന്നു എന്നല്ലെ ശ്രുതി? പിന്നെ എങ്ങനെയാണ് അദ്ദേഹത്തെ ഈ ദുൎബ്ബുദ്ധികൾ പിടിച്ചുകെട്ടി മഹാമോഹസമുദ്രത്തിൽ സ്ഥാപിച്ചത്?

രാജാ—

നിത്യംനിശ്ചലനാണനല്ല ശമവാ-
നാണാഢ്യനാണെത്രയും
വിദ്വാനാണനയേവിദഗ്ദ്ധമതിയാ-
ണെന്നാലുമിന്നേവനും
ചിത്തംഹന്ത.ചതിച്ചുധൈൎയ്യമകല
ത്താക്കം ചലാപാംഗിമാ-
രിത്ഥംതന്നെയുമീശനിങ്ങിന്നെമറ
ന്നെന്നായി മായാവശാൽ. ൨൫

മതി—ആൎയ്യപുത്രാ! പ്രഭാകരമണ്ഡലം അന്ധകാരപങ്ക്തിയാൽ മറയ്ക്കപ്പെടുന്നില്ലല്ലോ. അതുകൊണ്ടു് അപ്രകാരമാണല്ലോ ആ മഹാതേജോനിധിയായ ഈശ്വരൻെറ സന്നിധാനത്തിൽ മായയുടേയും പരിഭവം.

രാജാ—പ്രിയെ! വേശ്യാംഗനമാരുടെ ചേഷ്ടപോലെ ഈ അചിന്തനീയസ്വരൂപിണിയായിരിക്കുന്ന മായ ഇല്ലാത്ത പദാൎത്ഥങ്ങളേയും ഉണ്ടെന്നു കാണിച്ചിട്ടു ജഗന്നാഥനെ വഞ്ചിക്കുകയാണു്. ഭവതി കണ്ടാലും കണ്ടാലും.

സ്വച്ഛശ്രീചേൎന്നശുദ്ധസ്ഫടികമണിനിഭൻ
ദേവനീദ്ദഷ്ട,കാട്ടും
കാൎയ്യംപറവുന്നതില്ലെങ്കിലുമൊരുവിധമെ-
ല്ലാം കുഴപ്പത്തിലായീ
ഭാൎയ്യാസംഗാൽസ്വതേജസ്സിനുകുറവുവരു
ന്നില്ല,യെന്നാലുമേറും
ധൈൎയ്യം തട്ടിപ്പറിക്കുന്നതിനിവൾമതിയാ-
കുന്നതാകുന്നതല്ലോ. ൨൬

മതി—എന്നാൽ എന്തിനായിട്ടാണ് അപ്രകാരം ഉദാരശീലനായിരിക്കുന്ന അദ്ദേഹത്തെ ഈ ദുസ്സാമത്ഥ്യക്കാരി ഇങ്ങനെ വഞ്ചിക്കുന്നത്.

രാജാ—കാരണത്തേയോ പ്രയോജനത്തേയോ വിചാരിച്ചിട്ടല്ലമായ പ്രവത്തിക്കുന്നത്. ഇതു് സ്ത്രീപിശാചികളുടെ സ്വഭാവമല്ലെ?

സന്തോഷംപൊഴിയുന്ന സംപ്രതിമയക്കീട്ടു-
　　ന്നസന്താപവും
ചിന്തീട്ടുന്ന പഴിച്ചിടുന്ന മദമേകീട്ടു-
　　ന്നു കൂട്ടംമുദാ
പിൻതാങ്ങിപ്രിയമോതിടുന്നപുരുഷന്നന്മേ-
　　റുമുള്ളത്തിലീ-
ക്കാന്താപാംശികൾ കേറിയെന്തൊരുകട്ടംകൈയ്യാ-
　　ണു ചെയ്യാത്തതു്? ൨൧

വേറൊരു കാരണവും കൂടിയുണ്ട്.

മതി—അയ്യപുത്രാ! എന്താണതു്?

രാജാ—അ ദുരാചാരയായ മായ ഇപ്രകാരം വിചാരിച്ചു:—"ഞാൻ യൌവ്വനം കഴിഞ്ഞു ഒരു വൃദ്ധയായിരിക്കുന്നു. പുരാണപുരുഷനായ ഇദ്ദേഹം സ്വഭാവേനതന്നെ വിഷയരസത്തിൽ വിമുഖനുമാണ്. അതുകൊണ്ട് എൻെറ പുത്രനെത്തന്നെ ഇനി പരമേശ്വരൻെറ സ്ഥാനത്തിൽ പ്രവേശിപ്പിക്കണം" എന്ന് മാതാവിൻെറ അഭിപ്രായത്തെത്തന്നെ അവലംബിച്ചിട്ടു നിത്യസഹവാസം ഹേതുവായിട്ടു താദാത്മ്യത്തെ പ്രാപിച്ചപോലെയി

രിക്കുന്ന മനസ്സ് നവദ്വാരങ്ങളോടുകൂടിയ അനേക ദേഹങ്ങളെ നിർമ്മിച്ചിട്ട്,

സ്ഫടികാകൃതിയെപ്പോലെ
കുടിവച്ചെണ്ണുമേകനെ
സ്ഫടികത്തിൻനിറംപോലെ
പെട്ടവിച്ചാത്മചേഷ്ടയും. വച്ചു

മതി—(വിചാരിച്ചിട്ട്) ആര്യപുത്രാ! അമ്മയെപ്പോലെതന്നെ മകനും ആയി.

രാജാ—അനന്തരം മനസ്സിന്റെ മൂത്തപുത്രനും ഇദ്ദേഹത്തിന്റെ പൌത്രനുമായ അഹങ്കാരം ഇദ്ദേഹത്തെ ആലിംഗനം ചെയ്തു. അതിൽപിന്നെ പരമേശ്വരനായ ഇദ്ദേഹം അകട്ടെ,

മൽപിതാജനനിദേഹജാതികൾ മദീയഭാര്യമമനന്ദനൻ
മൽപ്രിയം മമ ബലം കുലം ധനമരാതി വിദ്യ മമബാന്ധവൻ
ഇപ്രകാരമഭിരൂപനെങ്കിലു മവിദ്യയാൽമനമിയററിട്ടും
കല്പനാനുസരണം കിടന്നിഹകിനാവുകണ്ടുകുഴയുന്നുതേ. വൻ

മതി—ആര്യപുത്രാ! പരമേശ്വരനായ ഇദ്ദേഹം ഈ മഹാദീർഘനിദ്രയിൽ ബോധഭ്രഷ്ടനായിക്കിടക്കുമ്പോൾ ഇനി പ്രബോധോൽപത്തി എങ്ങിനെയുണ്ടാകും.

രാജാ—(ലജ്ജയോടുകൂടി മുഖംതാഴ്ത്തി നിൽക്കുന്നു.)

മതി—ആര്യപുത്രൻ എന്താണിങ്ങനെ ലജ്ജിച്ചു നമിതശേഖരനായി മിണ്ടാതെ നിൽക്കുന്നത്?

രാജാ—സ്ത്രീകളുടെ ഹൃദയം പ്രായേണ ഈൎഷ്യാകുലമാണ്. അതുകൊണ്ടു ഭവതിയുടെ അടുക്കൽ ഞാൻ എന്നെ ഒരു അപരാധിയെപ്പോലെ ശംകിക്കുന്നു.

മതി—(വിചാരിച്ചിട്ട്) ആൎയ്യപുത്രാ! ധൎമ്മസ്ഥിതി വിടാതെ യഥായോഗ്യം പ്രവൎത്തിക്കുന്ന ഭൎത്താക്കന്മാരുടെ ഹൃദയത്തെ തടുക്കുന്ന സ്ത്രീകൾ വേറെയാണ്.

രാജാ—പ്രിയേ!

വ്യഗ്രപ്പെട്ടേറെനാളായ് വിരഹകലുഷയാ-
ണിന്നുശാന്ത്യാദിസന്ധി-
ച്ചുഗ്രപെംതീൻവന്നെന്നരികിലുപനിഷ-
ദ്ദേവിമേവീടുമെന്നാൽ,
ജാഗ്രത്തുംസ്വപ്നവുംസുഷുപ്തിയുമതിരുകട-
ന്നെത്തുവൻബോധജന്മം
സ്വാഗ്രേസാധിക്കുവൻഞാൻ ഭവതിവിഷയമോഹം
വെടിഞ്ഞൊന്നിരുന്നാൽ. ൩൧

മതി—ആൎയ്യപുത്രാ! ഇതുകൊണ്ടു കുലപ്രഭുവിന്റെ ദൃഢബന്ധത്തിൽ നിന്നു ഒരു മോചനം ഭവിക്കയാണെങ്കിൽ അവിടുന്നു ഉപനിഷത്തുമായി നിത്യസഹവാസം ചെയ്യുന്നതും എനിക്കു നല്ല സമ്മതമാണ്.

രാജാ—ആൎയ്യേ! ഭവതിക്കു ഇങ്ങിനെ പ്രസാദമാണെങ്കിൽ ചിരകാലംകൊണ്ടുള്ള നമ്മുടെ മനോരഥം സാധിച്ചു.

എങ്ങിനെയെന്നാൽ;—

കായംബന്ധിച്ചുഭോഗിച്ചഖിലപതിജഗത്-
കാരണൻനിത്യനെത്തത്-
സ്വായത്തത്വം കെട്ടത്തിങ്ങിനെപുരികളിലാക്കി-
ക്കൃതാന്തൻെറനേരേ
പായിക്കുംബ്രഹ്മമാഹന്താക്കളെയിനിവിധിപോൽ
വിദ്യയാൽപ്രാണഹാനി
പ്രായശ്ചിത്തംനയിക്കാം പുരുഷനുപരമാ-
ത്മാവൊടൈക്യംകൊടുക്കാം. ൩൧

എന്നാൽ ആട്ടെ. അങ്ങിനെ ചെയ്യുന്നതിനു പ്രബോധോല്പത്തിക്കായി സഹായിക്കുന്നതിൽ ശമദമാദികളെ നമുക്കു നിയോഗിക്കാം.

(എന്ന് രണ്ടാളും പോയി.)

ഒന്നാമങ്കം.

---

## രണ്ടാമങ്കം.

---

(അനന്തരം ദംഭം പ്രവേശിക്കുന്നു)

ദംഭം—മഹാമോഹമഹാരാജാവു് എന്നോട്ട് ഇപ്രകാരം ആജ്ഞാപിച്ചിരിക്കുന്നു. "അല്ലയോ വത്സ, ദംഭാ! വിവേകവും മന്ത്രിമാരും പ്രബോധോൽപ്പത്തിയുടെ കാൎയ്യം തീൎച്ചയാക്കിക്കഴിഞ്ഞു. ശമദമാദികളെ അതാതു പുണ്യസ്ഥലങ്ങളിലേയ്ക്കു അയയ്ക്കുകയും ചെയ്തു. അതുകൊണ്ടു് നമുക്കു അത്യാസന്നമായിരിക്കുന്ന ഈ കുലക്ഷയത്തെ നിങ്ങൾ ജാഗരൂകന്മാരായി നിന്നു പരിഹരിക്കാൻ നോക്കണം. ആ ഭൂമിയിൽ മോക്ഷത്തിനു നല്ല വിളഭൂമിയായി "കാശി"യെന്നു പ്രസിദ്ധമായിരിക്കുന്ന ഒരു നഗരം ഉണ്ടു്. അതുകൊണ്ടു് ഉണ്ണി അവിടെപ്പോയി നാലു ആശ്രമങ്ങൾക്കും മോക്ഷത്തിനു വേണ്ട പ്രതിബന്ധങ്ങളെല്ലാം സംഭവിക്കുന്നതിനായി ശ്രമിച്ചാലും" എന്നു്. എന്നാൽ ഇപ്പോൾ കാശി മിക്കവാറും നമ്മുടെ കീഴിലായിക്കഴിഞ്ഞു. എങ്ങിനെയെന്നാൽ, എന്നാൽ ആക്രമിക്കപ്പെട്ടിട്ടു ഇപ്പോൾ,

നൽതിംകൾകാന്തിതിങ്ങും നിശയിൽ നലമെഴും
വേശ്യമാരൊത്തുമദ്യം
മെത്തും മോദാൽക്കുടിച്ചുമ്മദനരണമണി-
ഞ്ഞാൎത്തിടും ധൂൎത്തരെല്ലാം
സിദ്ധൻഞാൻ ദീക്ഷിതൻഞാൻ സ്ഥിരമതിചിരമാ-
യാഹിതാഗ്നിദ്വിജൻഞാൻ
തത്വജ്ഞൻ താപസൻ ഞാനിതി പകലിൽ ജഗ-
ത്തൊക്കെവഞ്ചിക്കയായി.

(നോക്കിക്കൊണ്ട്)

ഇതാ ഒരു പാന്ഥൻ ഭാഗീരഥിയെ കടന്നു ഇങ്ങോട്ടുതന്നെ വരുന്നു.

ഇയ്യാറം കാഴ്ചയിൽ ഇപ്രകാരം ഇരിക്കുന്നു.

അഹംഭാവമാൻജ്ജ്വലിക്കുന്നിതോവാ
നഹോവിശ്വമെല്ലാം ഗ്രിഴുങ്ങുന്നിതോവാൻ
അഹംവാഗ്മിയെന്നാക്രമിക്കുന്നിതോവാൻ
മഹാബുദ്ധിയെന്നായ് ഹസിക്കുന്നിതോവാൻ? ൨

അതുകൊണ്ടു ഞാൻ ഊഹിക്കുന്നു നിശ്ചയമായിട്ടും ഇയ്യാറം ദക്ഷിണരാഢാദേശത്തിൽനിന്നും വരികയാണ് എന്ന്. അതുകൊണ്ടു ഇയ്യാളോടു ചോദിച്ചാൽ ആയ്യ അഹംകാരത്തിൻെറ വത്തമാനം അറിയാം.

(അനന്തരം അപ്രകാരമുള്ള അഹംകാരം പ്രവേശിക്കുന്നു.)

അഹംകാരം—ആശ്ചര്യം! ലോകത്തു മൂഢന്മാർ നിറഞ്ഞു. എങ്ങിനെയെന്നാൽ,

കേട്ടും പ്രാഭാകരത്തിൻ പരിചയമതുചെ-
റ്റില്ല, കൌമാരിലത്തെ
ത്തൊട്ടിട്ടില്ലിന്നുവാചസ്പതിയുടെ ഫണിത-
ത്തിൻെറവൃത്താന്തമില്ല
ദൃഷ്ടിക്കും ശേഷസൂക്തം പശുപതിമതവും
പെട്ടതില്ലാത്മതത്വം
കഷ്ടം ചിന്തിക്കുമോപിന്നഹഹ!സുഖമിരി-
ക്കുന്നുമർത്ത്യപ്പശുക്കൾ. ൩.

(നോക്കീട്ടു്)

ഇവരാകട്ടേ അൎത്ഥജ്ഞാനലേശംകൂടാതെ വേദത്തെ അദ്ധ്യയനം ചെയ്യുന്നതിൽമാത്രം ആസക്തന്മാരായിക്കിടന്നു് വേദത്തെ ആകുലമാക്കി ചെയ്യുന്നവരാണു്.

(പിന്നെ മറെറാരിടത്തു ചെന്നിട്ടു്)

ഇവരാകട്ടേ ഭിക്ഷയ്ക്കായിട്ടുമാത്രം സന്ന്യാസം ധരിച്ചു മുണ്ഡികളായി വിടന്മന്ന്യന്മാരായി നടന്നു വേദാന്തശാസ്ത്രങ്ങളെ ക്ലേശിപ്പിക്കുന്നവരാണു.

(ചിരിച്ചുംകൊണ്ടു)

പ്രത്യക്ഷവിപരീതത്തെ
വാൎത്ഥം വേദാന്തശാസ്ത്രവും
സത്യപ്രമാണമെന്നാകിൽ
ബൌദ്ധനെന്താണുദോഷവും? ൮

അതുകൊണ്ടു് ഇവരോടു സംസാരിക്കുന്നവൎക്കു കൂടിയും മഹാ ദുരിതം സംഭവിക്കും.

(എന്നു വേറൊരിടത്തു ചെന്നിട്ടു്)

ഈ ശൈവപാശുപതാദിമതസ്ഥന്മാരും കഷ്ടപ്പെട്ടു ന്യായശാസ്ത്രം അഭ്യസിച്ചു പശുപ്രായന്മാരായ പാഷണ്ഡന്മാർ തന്നെ ഇവരുടെ സംഭാഷണംപോലും മനുഷ്യരെ മഹാ നരകത്തിൽ പതിപ്പിക്കും. അതുകൊണ്ടു ഇവർ കാഴ്ചയിൽപോലും ദൂരത്തിൽ പരിഹരിക്കപ്പെടേണ്ടവരാണു്.

(പിന്നെ മറ്റൊരിടത്തു ചെന്നിട്ട്)

ഇതാ!

തീരത്തായുന്നഗംഗാ തരളതരതരം
ഗാദ്രിശീതോപലത്തിൻ
ചാരത്തായാസനം ചേർത്തരികിൽ മരവിയും
ദർഭയും ദണ്ഡുമാന്നും
പാരംവ്യഗ്രത്തിലഗ്രാംഗുലിയിൽ ജപപടം
ചേർത്തിരുന്നെണ്ണിയെണ്ണി
പ്പാരാതിട്ടാംഭികന്മാർ ധനികരൊടുപണം
തട്ടിടുന്നൊട്ടനേകം. ൧൮

(പിന്നെ വേറൊരിടത്തു ചെന്നിട്ട്)

ഇവരും അവധൂതസന്യാസികൾ എന്നും വച്ചു ഉപജീവിക്കുന്ന ദ്വൈതാദ്വൈതോഭയമാർഗ്ഗഭ്രഷ്ടന്മാരാണ്.

(പിന്നെ വേറൊരിടത്തു ചെന്നു നോക്കീട്ട്)

ഓ! ഭഗീരഥിക്കു ഏകദേശം അടുക്കലായിട്ടു ദ്വാരത്തിന്റെ പുരോഭാഗത്തിൽ അത്യുന്നതങ്ങളായ വേണുസ്തംഭങ്ങളെ നാട്ടി അലക്കി വിരിക്കയാൽ തുള്ളിക്കൊണ്ടിരിക്കുന്ന അനേകം നേർത്ത വെള്ളപ്പട്ടുകളോടും അവിടവിടെയായിട്ടു വൈക്കപ്പെട്ടിരിക്കുന്ന മാൻതോല്, കല്ല്, വിറക്, യാഗപാത്രങ്ങൾ, ഉരൽ, ഉലക്ക ഇവയോടും എപ്പോഴും നെയ്യുടെ ഗന്ധത്തോടു കൂടിയ ഹോമധൂമങ്ങളാൽ മലിനമാക്കപ്പെടുന്ന ആകാശമണ്ഡലത്തോടുംകൂടി ഇരിക്കുന്ന ഒരു ആശ്രമപദം കാണപ്പെടുന്നു. ഇതു് ആരുടേതായിരിക്കും. നിശ്ചയമായിട്ടും ഇതു ഒരു ഗൃഹസ്ഥാശ്രമിയുടെ ഗൃഹംതന്നെ ആയിരിക്കണം. ആട്ടേ,ഈ പരിശുദ്ധമായഭവനം നമുക്കു രണ്ടുമൂന്നുദിവസം താമസിക്കുന്നതിനു യോഗ്യമായിട്ടുള്ളതുതന്നെ (എന്നു് പ്രവേശത്തെ നടിക്കുന്നു)

(നോക്കീട്ട്.) ഓഹോ!

ഒട്ടേറെഗ്ഗോപികൊണ്ടാനിടിലമൊട്ടുകരം
കുക്ഷിവക്ഷസ്സുകണ്ഠം
തൊട്ടേവംതാടിചുണ്ടേന്നിവയിൽമുതുകിലും
മുട്ടിലുംമുദ്രപൂണ്ട്
ചട്ടററീട്ടംകുശാഗ്രം കുടുമയിലരയിൽകാ
തിലുംകൈയിലും ചേ-
ന്നിട്ടീവിധമായിരിക്കുന്നൊരുവടിവുമെട്ട-
ത്തമ്പിട്ടംഭംഭതുല്യം. ൯

അട്ടേ ഇവന്റെ അടുക്കൽചെല്ലുകതന്നെ.

(അടുത്തുചെന്നിട്ട്)

അങ്ങേയ്ക്കു കുശലം ഭവിക്കട്ടേ!

(ഡംഭം ഹ്ഹും എന്നു ഇവനെ തടുക്കുന്നു.)

(വടുപ്രവേശിക്കുന്നു.)

വടു—ഓ ബ്രാഹ്മണാ! ദൂരത്തുതന്നെ നിൽക്കണേ! എന്തെന്നാൽ പാദശുദ്ധിചെയ്യാതെ ഈ അശ്രമപദത്തിൽ പ്രവേശിക്കാൻ പാടില്ല.

അഹംകാരം—(കോപത്തോടുകൂടി) ഛേ! എടാ! പാപീ! നാം ഈ തുരുഷ്കദേശത്തു വന്നുപോയി. ഇവിടെ വൈദികനായ ഒരു അതിഥിയെ ഗൃഹസ്ഥന്മാർ പാദ്യാദികളെക്കൊണ്ടുപോലും പൂജിക്കുന്നില്ല.

(ഡംഭം കയ്യെടുത്തു അശ്വസിപ്പിക്കുന്നു.

വടു—പൂജ്യപാദത്തിൽനിന്നും ഇപ്രകാരം കല്പിക്കുന്നു:—

"ദൂരദേശസ്ഥനായ അയ്യന്റെ കുലശീലാദികൾ ഒന്നും ഇവിടെ നല്ലവണ്ണം മനസ്സിലായിട്ടില്ല" എന്ന്.

അഹംകാരം—നമ്മുടെയും കുലശീലാദികൾ ഇപ്പോൾ പരീക്ഷയിലായയോ? കേട്ടോളൂ.

പേരാളുംഗൌഡദേശംവരമരിലുമതി-
പ്രൌഢരാഢാപ്രദേശം
ഭൂരിശ്രേഷ്ഠാഭിധാനംഭവനമവിടെയുണ്ടു-
ത്തമൻതത്ര താതൻ
അയ്യന്മാരായതല്ലൂത്തരെയിവിടറിയാ-
താരുമില്ലായവർക്കും
ധൈര്യം ശീലം വിവേകം വിനയമിവകൾകൊ-
ണ്ടെത്രയോസത്തമൻ ഞാൻ. ൧

(ദംഭം വടുവിനെ നോക്കുന്നു.)

വടു—(ചെമ്പുപാത്രത്തിൽ വെള്ളം എടുത്തിട്ടു.) സ്വാമിൻ! പാദശുദ്ധിചെയ്താലും!

അഹംകാരം—(ആത്മഗതം) അട്ടേ! എന്താ വിരോധം?
അങ്ങിനെ ആവാം (അല്പകരം ചെയ്തിട്ടു അടുക്കുന്നു)

ദംഭം—(പല്ലുകടിച്ചുംകൊണ്ടു) ഹോ! ദൂരത്തുതന്നെ നിൽക്കൂ. കാററടിച്ചു വിയർപ്പുതുള്ളികൾ പതിക്കുന്നു.

അഹംകാരം—ആശ്ചര്യം ഈ ബ്രാഹ്മണ്യം അസാധാരണംതന്നെ.

വടു—ബ്രാഹ്മണാ! അങ്ങിനെതന്നെയാണ് അത്. എങ്ങിനെയെന്നാൽ.

അടിമലർതന്നിലുമല്ലും
പൊടിപുരളാതുള്ള ഭൂമഹേന്ദ്രന്മാർ
വടിവൊടുവിഷ്ടരഭൂമൌ
മുടിമണിദീപങ്ങളിവിടെയുഴിയുന്നു. ൨

അഹംകാരം—(ആത്മഗതം) ഇതു ഡംഭത്തിനു വസിപ്പാൻ തക്കതായ സ്ഥാനമാണ്. അത്രേ. ഈ ആസനത്തിൽ ഇരിക്കുകതന്നെ. (എന്ന് ഇരിക്കുവാൻ നടിക്കുന്നു.)

വടു—(തടുത്തുംകൊണ്ട്) ഹേ! പാടില്ല. പാടില്ല. മഹാന്മാരുടെ ആസനത്തിൽ മററുള്ളവർ ഇരിക്കാറുണ്ടോ?

അഹങ്കാരം—ഛേ! പാപീ! ദക്ഷിണരാഢാദേശത്തിൽ മഹാപരിശുദ്ധന്മാരെന്നു പ്രസിദ്ധന്മാരായ ഞങ്ങൾക്കും ഈ ആസനത്തിൽ ഇരിക്കാൻ പാടില്ലന്നോ?

എടോ! കേൾക്കൂ.

അമ്മയ്ക്കുന്നപരിശുദ്ധിയത്രികവില്ലന്നാൽ
മഹാവൈദിക-
ബ്രഹ്മജന്മകൾതന്നെ വേൾക്കയതിനാൽഞാൻ താ-
തനേക്കാൾവരൻ.
അമ്മൽപ്രേയസിതന്നെയും വെറുതെയെൻ സ്യാല-
ൻെറമിത്രത്തിനു-
ള്ളമ്മാവൻെറമകൾക്കുവന്നൊരപവാദത്താൽ
പുറത്താക്കിഞാൻ. ൯

ഡംഭം—ഹേ! ബ്രാഹ്മണ! അതെല്ലാം അങ്ങിനെയാണെങ്കിലും നമ്മുടെ സ്ഥിതി ഭവാൻ അറിഞ്ഞിട്ടില്ല. എങ്ങിനെയെന്നാൽ,

മുന്നംഞാൻവിധിതൻെറ മന്ദിരമതിൽ
ചെന്നേനൊരുനാൾമുദാ
മുന്നിൽകണ്ടുമുനിന്ദ്രരാസനമുടൻ
വിട്ടിട്ടെണീററീടിനാർ

പിന്നീടപ്പരമേഷ്ഠിയെൻെറ കുശലം
ചോദിച്ചുടൻഗോമയം
തന്നാൽ തൻതുടശ്ശുദ്ധിചെയ്തവിടെമാം
മുത്തോട്ടിരുത്ത ടിനാൻ. ൨൦

അഹങ്കാരം—(ആത്മഗതം) ഹാ! ദാംഭികബ്രാഹ്മണൻെറ അതിപ്രസംഗം ആശ്ചര്യമായിരിക്കുന്നു. (വിചാരിച്ചിട്ട്) അല്ലെങ്കിൽ ഇവൻ ദംഭംതന്നെയാണ്. (കോപത്തോടുകൂടെ) എടാ! നീ ഇപ്രകാരം ഗർവിക്കുന്നുവോ?

ആരാഖണ്ഡലനെന്നവൻ പറകനീയ-
ബ്ജോത്ഭവൻതന്നെയി-
ന്നാരാണാദിമുനീന്ദ്രരത്ഭവാദ്യമി-
ന്നേതാണതോർത്തീടുക
നേരേന്തുറുമഹേന്ദ്രരോ കമല-
ജന്മാരോ മുനിപ്രോത്തമ-
ന്മാരോതന്നെവരട്ടെ മാമകതപോ
വൃത്തിക്കതോർത്തില്ലനീ. ൨൧

ദംഭം—(നോക്കി. ആനന്ദത്തോടുകൂടെ) ഓ! നമ്മുടെ മുത്തശ്ശനായ ആര്യാഹംകാരം അല്ലേ! അല്ലയോ ആര്യ! ലോഭത്തിൻെറ പുത്രനായ ഈ ദംഭം അങ്ങേ അഭിവാദനം ചെയ്യുന്നു.

അഹംകാരം— ഉണ്ണീ! ദീർഘായുസ്സായി ഭവിച്ചാലും. ഉണ്ണിയെ ഞാൻ ദ്വാപരയുഗാവസാനത്തിൽ വച്ചു ബാലനായിരുന്നപ്പോൾ കണ്ടതാണ്. ഇപ്പോൾ വളരെക്കാലമായ

ത്തുകൊണ്ടും വാൎദ്ധക്യത്തിന്റെ ആക്രമണത്താലും അത് നല്ലവണ്ണം ഓൎമ്മയിൽ വരുന്നില്ല.

എന്നാൽ ഉണ്ണിയുടെ പുത്രനായ അനൃതത്തിന്നു ക്ഷേമം തന്നെയല്ലെ?

ദംഭം—അതെ അവനും മഹാമോഹത്തിന്റെ കല്പനപ്രകാരം ഇവിടെത്തന്നെ താമസമാണ്. അവനോടു വേർ പെട്ടു ഞാൻ ഒരു മുഹൂൎത്തമെങ്കിലും ജീവിക്കയില്ല.

അഹംകാരം—എന്നാൽ ഉണ്ണിയുടെ അച്ഛനമ്മമാരായ ലോഭവും തൃഷ്ണയും സുഖമായിരിക്കുന്നുവോ?

ദംഭം—അതെ, അവരും ഇവിടെത്തന്നെയുണ്ട്. അവരോടു കൂടാതെ ക്ഷണകാലമെങ്കിലും ജീവിക്കാൻ എനിക്കു ശക്തിയില്ല. എന്നാൽ ആൎയ്യമിശ്രർ ഇവിടത്തോളം ദയചെയ്തു എഴുന്നള്ളിയതു എന്തുദ്ദേശിച്ചായിരിക്കും.

അഹംകാരം—ഉണ്ണീ! മഹാമോഹത്തിന്നു വിവേകത്തിങ്കൽ നിന്നും മഹത്തായ അനൎത്ഥം സംഭവിക്കാനിരിക്കുന്നതായികേൾക്കയുണ്ടായി. അതുകൊണ്ടു് ആ വസ്തുതയെ അറിയാം എന്നുവെച്ചാണു ഇത്രത്തോളം വന്നതു്.

ദംഭം—എന്നാൽ ആൎയ്യനു സ്വാഗതംതന്നെ ഭവിച്ചു. എന്തുകൊണ്ടെന്നാൽ മഹാമോഹമഹാരാജാവു് സ്വൎഗ്ഗലോകത്തുനിന്നും ഇവിടുത്തേയ്ക്കു എഴുന്നള്ളുന്നതായി കേൾക്കുന്നു. എന്നുതന്നെയുമല്ല ആ തിരുമേനി വാരാണസിയെത്തന്നെ രാജധാനിയായിട്ടും നിശ്ചയിച്ചിരിക്കുന്നതായി ഒരു കിംവദന്തിയും ഉണ്ടു്.

അഹംകാരം—എന്നാൽ എന്തായിരിക്കും മഹാമോഹം എല്ലാംകൊണ്ടും കാശിയിൽതന്നെ അവസ്ഥിതി ചെയ്യുന്നതിൻെറ കാരണം?

ദംഭം—അയ്യ! വിവേകപ്രതിബന്ധത്തിന്നായിത്തന്നെയാണ്. എങ്ങിനെയെന്നാൽ—

നിത്യത്വമാർന്നശിവമന്ദിരമായകാശി
വിദ്യാപ്രബോധപരമാകരമാകയാലേ
അത്യന്തമന്വയമറുപ്പതിനാവിവേക
മത്ഥിക്കയാണിവിടെയനുവഹമാവസിപ്പാൻ. ൧൯

അഹംകാരം—(ഭയത്തോടുകൂടെ) അങ്ങിനെയാണെങ്കിൽ ഇതിൻെറ പ്രതീകാരം വളരെ ദുസ്സാധമായിട്ടുള്ളതാണ്. എന്തുകൊണ്ടെന്നാൽ—

കാമാരിയായ കരുണാപരമൂത്തിസത്താം
ധാമാവബോധമിയലാത്തജനത്തിനെല്ലാം
ചാമന്നു സംസൃതിഭയഭ്രമതാരകാഖ്യ
മാമന്ത്ര മത്രഭഗവാനരുളീടുമല്ലോ. ൨൦

ദംഭം—ഇതു വാസ്തവം തന്നെയാണ്. എങ്കിലും കാമക്രോധാദികളാൽ പരിഭൂതന്മാരായിരിക്കുന്ന ജനങ്ങളുടെ വിഷയത്തിൽ അതു് വിചാരിക്കാനില്ല. അപ്രകാരമാണല്ലോ വൈദികന്മാർ പറയുന്നതു്.

ഹസ്തങ്ങളംഘ്രികളുമന്തരവും നിലയ്ക്കു
നിത്തി ക്രമേണ നിഗമങ്ങൾ പഠിച്ചറിഞ്ഞു,
കീത്തിപ്പെടുന്നപടി ദാനമൊടും തപസ്സിൽ
വത്തിപ്പവക്കു വരതീത്ഥഫലം ഭവിക്കും. ൨൧

(അണിയറയിൽ)

ഭോ! ഭോ! മഹാജനങ്ങളെ! മഹാമോഹമഹാരാജാവിൻെറ എഴുന്നള്ളത്തു ഇതാ! അടുത്തായിരിക്കുന്നു. അതുകൊണ്ടു്,

പാടീരത്തിൻദ്രവത്താൽ സ്ഫടികമണിനിലം
ശുദ്ധമാക്കട്ടെ, യന്ത്രം
മൂടാതെല്ലാഗൃഹത്തിൻ ചുഴലവുമൊഴുകീ-
ടട്ടെ വാരിപ്രവാഹം,
നാടെങ്ങും നവ്യമണിത്തോരണനിരകൾ നിര-
ക്കട്ടെ, സൌധാലയത്തിൻ
കോടിക്കിന്ദ്രായുധംപോൽ കൊടികളിഹപറ-
ക്കട്ടെ പട്ടാംബരത്താൽ. ൧൫

ദംഭം——എഴുന്നള്ളത്തു വളരെ അടുത്തെത്തിയിരിക്കുന്നു. അതുകൊണ്ടു് അവിടുന്നുചെന്നു് എതിരേററു ബഹുമാനിക്കണം.

അഹങ്കാരം——എന്നാൽ അങ്ങിനെയാകട്ടെ.

(എന്നു രണ്ടുപേരും പോയി)

പ്രവേശകം കഴിഞ്ഞു.

—:*:—

(അനന്തരം മഹാമോഹം പരിവാരങ്ങളോടുകൂടെ പ്രഭാവത്തെ നടിച്ചുകൊണ്ടു പ്രവേശിക്കുന്നു.)

മഹാമോഹം——ആശ്ചര്യം! മന്ദബുദ്ധികളുടെ അസ്ഥാനശ്രദ്ധക്കു് ഒരതിർത്തിയുമില്ല. എങ്ങിനെയെന്നാൽ,

പൃഥുതനുവിതിൽനിന്നു ഭിന്നമാത്മാ-
കൃതഫലമൊക്കെയശിക്കുമന്യമെങ്കിൽ
ഇതു ഗഗനതരുക്കൾ പൂത്തപുഷ്പം
മധുരഫലം തരുമെന്ന മോഹമല്ലേ.? ൧൬

ഈ ദുർബ്ബുദ്ധികൾ സ്വകപോലകല്പിതങ്ങളായ പദാൎത്ഥങ്ങളെ ദൃഢമായി വിശ്വസിച്ചുംകൊണ്ടു ലോകത്തെ മുഴുവൻ അബദ്ധത്തിൽ അക്കുന്നു. എങ്ങിനെയെന്നാൽ,

യാതൊന്നില്ലാത്തതുണ്ടെന്നതിനെ വെറുതെ
  വാചാലരാമാസ്തികന്മാ-
രോതിക്കൊണ്ടുള്ളതോതുന്നപരരെയഖിലം
  ധിക്കരിക്കുന്നുവല്ലോ
ഈ തത്വംനിങ്ങളോൎത്തീടുവിനുടലുവെടി-
  ഞ്ഞിട്ടഹോ ജീവനാകും
ഭൂതത്തിൻ പാകശക്തിപ്പൊരുളിനെയൊട്ടുവിൽ
  കണ്ടതാരാനുമുണ്ടോ? ൧൭

അത്രമാത്രമല്ല ഇവർ കേവലം ലോകത്തെയല്ല അവരെയുംകൂടി വഞ്ചിക്കുന്നവരാണ്. എങ്ങിനെയെന്നാൽ,

ഒപ്പം ദേഹത്തിലാസ്യാദികളവയവമി-
  ന്നേതു ജാതിക്രമംപി-
ന്നിപ്പെണ്ണിപ്പൊന്നിവന്റേതിവയിലുമറിയു-
  ന്നീല നാം ഭേദമേതും
നിഷ്കമ്പം നിഗ്രഹിച്ചീടുക നിജപരദാ-
  രങ്ങളെസ്സംഗമിക്കെ-
ന്നിപ്പക്ഷത്തിങ്കലെണ്ണുന്നിതു ചില ഗുണദോ-
  ഷങ്ങൾ നിഷ്പൌരുഷന്മാർ. ൧൮

(വിചാരിച്ചിട്ട് ശ്ലാഘയോടുകൂടെ)

സൎവ്വപ്രകാരത്തിലും ലോകായതംതന്നെ ശാസ്ത്രം. അതിലാകട്ടെ പ്രത്യക്ഷംതന്നെ പ്രമാണം. പൃഥിവ്യപ്തേജോവായു

കളാംതന്നെ തത്വങ്ങളാം. അൎത്ഥകാമങ്ങളാംതന്നെ പുരുഷാൎത്ഥങ്ങളാം. ഭൂതങ്ങളാംതന്നെ ചൈതന്യമായി പരിണമിക്കുന്നു. പരലോകം ഇല്ല. മരണംതന്നെ മോക്ഷം. ഇപ്രകാരമുള്ള ആ ശാസ്ത്രം നമ്മുടെ അഭിപ്രായത്തെ അനുസരിച്ചു ബൃഹസ്പതിയാൽ നിൎമ്മിച്ചു ചാൎവ്വാകനായിട്ടു സമൎപ്പിക്കപ്പെട്ടിട്ടുള്ളതാണു്. അവൻ ശിഷ്യാപശിഷ്യപരമ്പരയായി ഈ ലോകത്തിൽ പ്രചാരപ്പെട്ടുത്തീട്ടുള്ളതുമാകുന്നു.

(അനന്തരം ചാൎവ്വാകനും ശിഷ്യനും പ്രവേശിക്കുന്നു.)

ചാൎവ്വാകൻ—വത്സാ നീ അറിയുന്നുവോ? രാജനീതി ഒന്നു തന്നെയാണുവിദ്യ. അതിൽതന്നെ സംഗതി അടങ്ങിയിരിക്കുന്നു. വേദമാകട്ടെ വെറും ഉന്മത്തപ്രലപനമാണു്. നീ നോക്കു!

കെട്ടുകത്തുകാണക്രിയാദി, കൈ-
വിട്ടുമഖവരികൾ വിണ്ണുമേവുകിൽ
കാട്ടുതീയതിലെരിഞ്ഞ കായ്മരം
വാട്ടമെന്നി വഴിയേഫലംതരും. ൯

എന്നു തന്നെയുമല്ല,

മഖത്തിൽകൊന്ന പശുവും
സുഖിക്കും ദ്യോവിലെങ്കിലോ
മഖകൃത്തച്ഛനെ സ്വൎഗ്ഗ-
സുഖമോൎത്തു വധിക്കമോ? ൧൦

പിന്നെയും

തിട്ടമായ്മൃതജനങ്ങളംബുവിൽ
തൂട്ടകന്നുതെളിയുന്നുവെങ്കിലോ
കെട്ടദീപമതിലെണ്ണപിന്നെയും
കിട്ടിടുമ്പോൾ വിലസേണ്ടതല്ലയോ? ൧൧

**ശിഷ്യൻ**—ആചാര്യാ! പുരുഷന്റെ പരമമായ തത്വം ഇതാണെങ്കിൽ ഈ വൈദികന്മാർ "തിന്നുന്നതെന്തിന്? കുടിക്കുന്നതെന്തിന്?" എന്നും വച്ച് ആത്മാവിനെ അത്യന്തം ഭയങ്കരങ്ങളായ പാരകം സന്താപനം ഷഷ്ഠകാലം മുതലായ വ്രതങ്ങളെക്കൊണ്ടു ഇത്ര ക്ലേശിപ്പിക്കുന്നതു എന്തിനായിട്ടാണ്.

ചാർവാകൻ—ഓരോ ധൂർത്തന്മാർ എഴുതിക്കൂട്ടിയ ശാസ്ത്രങ്ങളാൽ വഞ്ചിക്കപ്പെട്ടവരായ മൂർഖന്മാർക്ക് ഇതു ആശാമോദകഭക്ഷണത്തിൽ ഉള്ള തൃപ്തിയാണ്. നീ നോക്കു!

കെട്ടിക്കക്ഷാവരെയ്ക്കും കുളുർമുലയുഗള-
ക്കുന്നമത്തന്തരംഗം
പൊട്ടിക്കുംപോലെപൂവേണികളുടെ പരിരം-
ഭത്തിവിന്നെത്രസൌഖ്യം
ഓട്ടിൽചോറൊട്ടുപോസം വ്രതമതിവെയിലും
തുട്ടമായിട്ടുചുമ്മാ-
വാട്ടിക്കായംവറട്ടുംവികടമതികൾതൻ-
വൃത്തമിന്നെത്രകഷ്ടം. ൨൨

ശിഷ്യൻ—ആചാര്യ! ഇങ്ങനെയാണല്ലോ തൈർത്ഥികന്മാർ പറയുന്നത്.

"ദുഃഖമിശ്രമായിരിക്കുന്നതുകൊണ്ടു സംസാരസുഖം ത്യാജ്യമായിട്ടുള്ളതാണ്" എന്ന്.

ചാർവാകൻ—(ചിരിച്ചുംകൊണ്ടു്) ഹാ! നരപശുക്കളുടെ ദുർബ്ബുദ്ധിവിലാസം ആശ്ചര്യംതന്നെ.

ഇതാണല്ലോമൌഢ്യംവ്യസനമിടചേർന്നുംവിഷയമാം
പ്രധാനാന്തസ്സൌഖ്യംപുരുഷനൊരുവൻകൈവെടിയുമോ?
സിതാന്നസ്സത്താകുന്നരിയിലുമികണ്ടിട്ടുവെറുതേ
ഹിതാർത്ഥംചിന്തിച്ചാലരിയവരിനെല്ലാരുകളയും? ൨൩

മഹാമോഹം—ഓ അധികനേരമായി യുക്തിയുക്തമായിട്ടുള്ള മൊഴികൾ കണ്ണാനന്ദത്തെ ഉണ്ടാക്കുന്നു. (നോക്കീട്ട്) ആശ്ചര്യം! നമ്മുടെ പ്രിയമിത്രമായ ചാർവാകൻ അല്ലേ?

ചാർവാകൻ—(നോക്കീട്ട്) ഇതാ! മഹാമോഹമഹാരാജാവ് (അടുത്തുചെന്നിട്ട്) മഹാരാജാവു ജയിക്കട്ടേ! ജയിക്കട്ടേ!! ഇതാ ചാർവാകൻ നമസ്കരിക്കുന്നു.

മഹാമോഹം—ചാർവാകന്നു സ്വാഗതം. ഇവിടെ ഇരിക്കാം.

ചാർവാകൻ—തിരുമേനീ! ഇതു കലിയുടെ സാഷ്ടാംഗനമസ്കാരമാണ്.

മഹാമോഹം—അല്ല കലിക്കു മംഗളം നിർവിഘ്നമായിരിക്കുന്നല്ലോ.

ചാർവാകൻ—തിരുമേനിയുടെ പ്രസാദത്താൽ എവിടെയും മംഗളം തന്നെ. കർത്തവ്യശേഷത്തേയും കൂടി സാധിച്ചുകൊണ്ട് തിരുമേനിയുടെ തൃപ്പാദത്തെ സന്ദർശിക്കണമെന്നു കലി ഇച്ഛിക്കുന്നു.

എന്തുകൊണ്ടെന്നാൽ,

ഔന്നത്യംകലരുന്നരാതിനിധനത്തി-
ന്നേകുമാറുഞ്ഞെയ്യുതാൻ
മുന്നിട്ടെങ്കിൽ മുടിച്ചുകാര്യമഖിലം
മുക്കംമുഖശ്രീയൊടും
സന്നാതങ്കമണഞ്ഞു സന്നിധിമുദാ
പാർക്കുംപടിക്കുഞ്ഞെസാ
ധന്യൻതൻപ്രഭുവിന്റെ പാദകമലം
പിൽപാട്ടകൂപ്പുന്നപോൽ. ൧൯

മഹാമോഹം—എന്നാൽ ആ കലി ഇപ്പോൾ എന്തെല്ലാം കാര്യങ്ങൾ സാധിച്ചിരിക്കും.

ചാർവ്വാകൻ—തിരുമേനീ!

വേദാൎത്ഥപദ്ധതിവെടിഞ്ഞു വെളിക്കുചുമ്മാ
ബോധിച്ചമട്ടിൽമരുവുന്ന മഹാജനങ്ങൾ
നാഥപ്രസാദമതുതന്നതിനുള്ള മൂലം
സാധിച്ചതിന്നുകലിയല്ലു ഞാനുമല്ല. ൨൭

അതിൽ ഉത്തരദേശീയന്മാരും പാശ്ചാത്യന്മാരും കേവലം വേദത്തെ ഉപേക്ഷിച്ചുതന്നെ കഴിഞ്ഞു. പിന്നെ ശമദമാദികളുടെ കഥ പറയേണ്ടതുണ്ടോ? ഇതരദേശങ്ങളിലും മിക്കവാറും ഇപ്പോൾ വേദങ്ങൾ അഹോവൃത്തിക്കുള്ള ഉപായമായിട്ടുതന്നെ തീൎന്നിട്ടുണ്ട്. ബൃഹസ്പത്യാചാൎയ്യർ പറയുംപ്രകാരംതന്നെ.

അത്രയീപഠനമഗ്നിഹോത്രമോ-
ടത്രിദണ്ഡമഥഭസ്മക്ഌപ്തിയും
ബുദ്ധിയും ബലവുമററവൎക്കെഴും
നിത്യവൃത്തിയതിനെന്നുശീഷ്പതി. ൨൮

അതുകൊണ്ടു് കുരുക്ഷേത്രം മുതലായ ദിക്കുകളിൽ വിദ്യയുടെയോ പ്രബോധത്തിൻെറയോ ഉൽപ്പത്തിയെ തിരുമനസ്സിന്നു സ്വപ്നത്തിൽപോലും ശങ്കിക്കാനില്ല.

മഹാമോഹം – ചെയ്തതു വളരെ നന്നായി. പ്രസിദ്ധമായ ആ പുണ്യസ്ഥലത്തെ വ്യൎത്ഥീകരിച്ചതു സാമാന്യമായ സംഗതിയല്ല.

ചാർവ്വാകൻ—തിരുമേനീ! വേറെ ഒന്നുകൂടി ഉണൎത്തിക്കേണ്ടതുണ്ടു്.

മഹാമോഹം—എന്താണതു്?

ചാൎവ്വാകൻ — വിഷ്ണുഭക്തിയെന്നു പേരായിട്ടു ഒരു മഹാനുഭാവയായ യോഗിനിയുണ്ടു്. അവളുടെ സഞ്ചാരത്തെ കലിമിക്കവാറും കുറച്ചിട്ടുണ്ടു്. എങ്കിലും അവളാൽ അനുഗ്രഹിക്കപ്പെട്ടവരുടെ സന്താനങ്ങളെ എതിൎത്തുനോക്കുന്നതിനുപോലും നമുക്കു ശക്തിയുണ്ടാകുന്നില്ല. അതുകൊണ്ടു ഈ കാൎയ്യത്തിൽ തിരുമേനി നല്ലവണ്ണം ആലോചിക്കേണ്ടതാണു്.

മഹാമോഹം—(ഭയത്തോടുകൂടെ ആത്മഗതം) പ്രസിദ്ധമായ മാഹാത്മ്യത്തോടുകൂടിയ ഈ യോഗിനി സ്വഭാവേനതന്നെ നമ്മുടെ ശത്രുവും ജയിപ്പാൻ വളരെ പ്രയാസം ഉള്ളവളും ആണു. അഥവാ (പ്രകാശം) ഭദ്രാ! ഈ ശങ്ക വെറുതെയാണു്. കാമക്രോധാദികളായ ശത്രുക്കൾ ഇരിക്കുമ്പോൾ ഇവളുടെ ഉദയം എവിടെ ഉണ്ടാകും?

ചാൎവ്വാകൻ—അതു സത്യംതന്നെ. എങ്കിലും ശത്രു എത്രതന്നെ നിസ്സാരനായിരുന്നാലും ജയകാംക്ഷിക്കു ഉദാസീനത വിചാരിപ്പാൻ പാടില്ല. എന്തുകൊണ്ടെന്നാൽ-

കാലക്രമേണവളരും ലഘുവൈരിയുംഭ്രൂ-
പാലൎക്കുപിന്നെയതുദുസ്സഹമായ്ഭവിക്കും
കാലിൽതറച്ചചെറുകണ്ടകരേഖപോലും
കാലാന്തരത്തിലധികം കദനപ്പെടുത്തും. ൨൧

മഹാമോഹം —

(അണിയറയിലേക്കു നോക്കീട്ടു്.)

ആരവിടെ?

(ഹരിക്കാരൻ പ്രവേശിച്ചിട്ടു്.)

തിരുമേനി കല്പിച്ചാലും!

മഹാമോഹം—എടോ അസത്സംഗാ! കാമക്രോധമദമാത്സര്യാദികളെ അറിയിക്ക. വിഷ്ണുഭക്തിയെന്ന ആ യോഗിനിയെ ഭവാന്മാർതന്നെ ഊർജ്ജിതമായി അപായപ്പെടുത്തണമെന്ന്.

ഹരിക്കാരൻ—കല്പനപോലെ. (എന്നുപോയി)

(അനന്തരം എഴുത്തുംകൊണ്ടു പുരുഷൻ പ്രവേശിക്കുന്നു)

പുരുഷൻ—ഞാൻ ഉല്കലദേശത്തിൽനിന്നും വരികയാണ്. അവിടെ സമുദ്രതീരത്തിനു സമീപമുള്ള പുരുഷോത്തമം എന്ന ക്ഷേത്രത്തിലെ അധിപതികളായ മദമാനന്മാർ എന്നെ മഹാരാജാവിൻെറ സന്നിധാനത്തിലേക്കു കല്പിച്ചയച്ചിരിക്കുന്നു. (നോക്കീട്ട്) ഇതാ! കാശി. ഇതാ കൊട്ടാരം. കടന്നുചെല്ലുകതന്നെ. (എന്നുചെന്നിട്ട്) ഇതാ മഹാരാജാവു ചാർവാകനുമായി എന്തൊ മന്ത്രിച്ചുകൊണ്ടിരിക്കുന്നു. അതുകൊണ്ടു ഇദ്ദേഹത്തിൻെറ അടുക്കൽ ചെല്ലുകതന്നെ (എന്നു അടുത്തിട്ട്) മഹാരാജാവു ജയിക്കട്ടേ! ജയിക്കട്ടേ!! ഇതാ ഈ എഴുത്തു തിരുമേനി തൃക്കൺപാർത്താലും!

മഹാമോഹം—(എഴുത്തുവാങ്ങീട്ട്) നീ എവിടെനിന്നും ആണ്?

പുരുഷൻ—അടിയൻ പുരുഷോത്തമത്തിൽനിന്നും വരികയാണ്.

മഹാമോഹം—(ആത്മഗതം) കാര്യം അപകടത്തിൽ വരുമോ? (പ്രകാശം) ചാർവാകാ! ഭവാൻ പോയാലും ചെയ്യേണ്ട കാര്യങ്ങളിൽ നല്ല ഊർജ്ജിതമായിരിക്കണം.

ചാർവാകൻ—തിരുമേനിയുടെ കല്പനപോലെ. (എന്നുപോയി)

മഹാമോഹം—(എഴുത്തുവായിക്കുന്നു)

സ്വസ്തിശ്രീ.

വാരാണസിയിൽ എഴുന്നരുളിയിരിക്കുന്ന മഹാരാജാധിരാജനായ മഹാമോഹമഹാരാജാവു തിരുമനസ്സിലെ തൃപ്പാദങ്ങളിൽ പുരുഷോത്തമക്ഷേത്രത്തിൽനിന്നും മദമാനന്മാർ സാഷ്ടാംഗനമസ്കാരപൂർവ്വം ഉണർത്തിച്ചുകൊള്ളുന്നതു്. ഇവിടെ മംഗളത്തിന്നു കുറവില്ല. ഒന്നു അറിയിച്ചുകൊള്ളുന്നു. ദേവി ശാന്തി മാതാവായ ശ്രദ്ധയുമായിട്ടു വിവേകത്തിൻെറ ദൂത്യത്തെ സ്വീകരിച്ചിട്ടു വിവേകത്തോടു ഉപനിഷത്തിനെ യോജിപ്പിക്കുന്നതിനായിട്ടും ആ ദേവിയായ ഉപനിഷത്തിനെ രാവും പകലും ബോധനകൾ ചെയ്തുവരികയാണു്. അതുതന്നെയല്ല, ധർമ്മം കാമസഹചരനായിരിക്കുന്നുവെങ്കിലും വൈരാഗ്യാദികളുടെ ചില ദുർബോധനകൾകൂടിയുണ്ടെന്നു തോന്നുന്നു. എന്തെന്നാൽ ഇപ്പോൾ കാമൻെറ അടുക്കൽനിന്നും തെററി ധർമ്മത്തിന്നു ചില ഗൂഢമായ സഞ്ചാരങ്ങൾ ഉണ്ടു്. അതുകൊണ്ടു ഇപ്പറഞ്ഞ സംഗതികളെ വിചാരിച്ചിട്ടു ശേഷത്തിന്നു തിരുമനസ്സുകൊണ്ടുതന്നെ പ്രമാണം.

മഹാമോഹം—(ക്രോധത്തോടുകൂടെ) ഛേ! ഈ മഹാമൂഢന്മാർ ശാന്തിയിൽനിന്നുപോലും ഇപ്രകാരം ഭയപ്പെടുന്നുവോ? ഇവർ എവിടെ ഭവിക്കാൻ പോകുന്നു? എങ്ങിനെയെന്നാൽ

സ്രഷ്ടാവുംസൃഷ്ടിസനാഥതയൊടുമതു-
വീടുന്നു, ദക്ഷാരിദേവൻ!
ദുഷ്ട പ്രാഗൌരീകരാലിംഗനാകലിതസുഖം
കണ്ണൂംഛൂണ്ണിച്ചിട്ടുന്നു

മട്ടാർമാതിൻകപോലസ്ഥലമകരമെഴും
മാറിടംപൂണ്ടുദൈത്യ-
ദപിട്ടും നേരേശയിക്കുന്നുദധിയിലിതാന്നെ-
ന്നഹോശാന്തിപിന്നെ. ഛപ്പ

(പുരുഷനോടായിട്ടു്)

എടോ ജാല്മാ! നീ പോയി വേഗത്തിൽ കാമൻെറ അടുക്കൽ എത്തി നമ്മുടെ ആജ്ഞാപനത്തെ അറിയിക്കുക. എന്തെന്നാൽ "ധർമ്മം മഹാദുരാശയനാണെന്നു കേട്ടിരിക്കുന്നു. അതുകൊണ്ടു ഒരു ക്ഷണനേരമെങ്കിലും ഇനി അവനെ വിശ്വസിക്കാൻപാടില്ല. അവനെ ദൃഢമായ ബന്ധനത്തിൽവച്ചുകൊള്ളേണ്ടതാണു്" എന്നു്.

പുരുഷൻ—തിരുമേനിയുടെ കല്പനപോലെ. (എന്നുപോയി.)

മഹാമോഹം—(ആത്മഗതം) ശാന്തിയുടെ വിഷയത്തിൽ എന്താണുപായം? അല്ലെങ്കിൽ വേറെ ഉപായം അവശ്യമില്ല. ഈ വിഷയത്തിൽ ക്രോധലോഭങ്ങൾ തന്നെ മതിയാകുന്നതാണു്. (പ്രകാശം) ആരവിടെ?

(ഹരിക്കാരൻ പ്രവേശിച്ചിട്ടു)

ഹരിക്കാരൻ—തിരുമേനി കല്പിച്ചാലും!

മഹാമോഹം—ക്രോധത്തേയും ലോഭത്തേയും വിളിക്കുക.

ഹരിക്കാരൻ—കല്പനപോലെ (എന്നുപോയി)

(അനന്തരം ക്രോധവും ലോഭവും പ്രവേശിക്കുന്നു.)

ക്രോധം—ഇങ്ങിനെ കേൾക്കുന്നു. ശാന്തിശ്രദ്ധാവിഷ്ണുഭക്തികൾ മഹാരാജാവിനോടു ശത്രുത പ്രവർത്തിക്കുന്നു എന്നു്.

ആശ്ചൎയ്യം! ഞാൻ ജീവിച്ചിരിക്കുമ്പോൾ ഇവരും ആത്മാപേക്ഷകൂടാതെ എങ്ങിനെ പ്രവൎത്തിക്കും? എന്തുകൊണ്ടെന്നാൽ,

കണ്ണുംകാണാതെയാക്കാം സപദിമൃഗതിഞാൻ
കാതുകേൾക്കാതെയാക്കാം
തിണ്ണംബോധംകെടുക്കാം ധൃതിയിലൊരുവനെ
ത്തീരെനിസ്സാരനാക്കാം
എണ്ണീത്താൻകാണുമോനല്ലവ, നയവചനം
കേൾക്കുമോനല്ലധീമാൻ?
പാണ്ഡിത്യംപാഠമുണ്ടെങ്കിലുമതുസമയ
ത്തോൎക്കുമോപാൎക്കിലെന്നെ? ൩൯

ലോഭം—എടോ! എന്നാൽ അക്രമിക്കപ്പെട്ടവർ മനോരഥനദിയുടെ പ്രവാഹങ്ങളെത്തന്നെ കടക്കുന്നില്ലല്ലൊ. പിന്നെ, ശാന്ത്യാദികളെ വിചാരിക്കയെങ്കിലും ചെയ്യുമോ? സഖെ! കണ്ടാലും.

ഏററംദാനാൎദ്രഗണ്ഡസ്ഥലമിയലുമിഭ
ക്കൂട്ടമിങ്ങുണ്ടിനിക്കാ-
ക്കാററിൻവേഗത്തെവെല്ലും കുതിരകളിവയി
ങ്ങുണ്ടു, വാങ്ങാനുമുണ്ട്
മുററുംമററുള്ളതുണ്ടിന്നതുചിലതുവരാ
നുണ്ടുവേണ്ടുന്നതെന്നും
ചെററല്ലാതുള്ളചിന്താശിഥിലഹൃദയരിൽ
ശാന്തിതൻഗന്ധമുണ്ടോ? ൪൦

ക്രോധം—സഖെ! നമ്മുടെ പരാക്രമത്തെ ഭവാൻ അറിയുന്നില്ലെ?

ത്വഷ്ടാവിൻപുത്രനാംവൃത്രനെ വലമഥനൻ
കൊന്നു, ചന്ദ്രാർദ്ധചൂഡൻ
സ്രഷ്ടാവിൻമൌലിഖണ്ഡി ച്ചുജതനയസുതോ
ന്മാഥിയായ് ഗാഥിസൂനു

എന്നുതന്നെയല്ല,

ഒട്ടേറുംവിദ്യയോനല്പമലചരിതമോ
കീർത്തിയോപൌരുഷത്തിൽ-
പെട്ടേറുംപുഷ്ടിയോച്ചുണ്ടൊരുകുലവുമുടൻ
പെട്ടുഞാൻനഷ്ടമാക്കാം. ൩൮

ലോഭം — തൃഷ്ണേ! ഇവിടെ.
തൃഷ്ണ—(പ്രവേശിച്ചിട്ടു്) ആര്യ്യപുത്രൻ എന്തുകല്പിക്കുന്നു?
ലോഭം—പ്രിയെ! കേൾക്കുക:—

വീടുംവിഖ്യാതനാടുംവിവിധനഗരവും
ദ്വീപവുംശോഭതേട്ടം
കാട്ടുംകാംക്ഷിച്ചുകണ്ണിച്ചധികമധികമായ്
ചിന്തയേന്തുംജനാനാം
ഗാഢംതൃഷ്ണേകനിഞ്ഞെതൻഭവതിനിജവപു
സ്സുംനിവർത്തീട്ടപിന്നെ
ക്കോടിബ്രഹ്മാണ്ഡഭാണ്ഡംവരികിലുമരികിൽ
ശാന്തിഗന്ധിപ്പതുണ്ടോ? ൩൯

തൃഷ്ണ—ആര്യ്യപുത്ര! ഞാൻ സ്വഭാവേന തന്നെ ഈ കാര്യ്യത്തിൽ എല്ലായ്പോഴും ഏർപ്പെട്ടിരിക്കുന്നവളാണ്. ഇപ്പോൾ ആര്യ്യപുത്രൻെറ ആജ്ഞകൂടിയുള്ളതുകൊണ്ടു ഇനി ഞാൻ അനേക കോടി ബ്രഹ്മാണ്ഡങ്ങൾ സിദ്ധിച്ചാലും ഉദരത്തെ പൂരിപ്പിക്കുന്നതല്ല.

ക്രോധം—ഹിംസെ! ഇവിടെവരു.

(ഹിംസ പ്രവേശിച്ചിട്ടു്) ഞാൻ ഇതാവന്നു. ആയ്യപുത്രൻ കല്പിച്ചാലും!

ക്രോധം—പ്രിയെ! ധർമ്മപത്നിയായ നിന്നോടുകൂടിയ എനിക്കു മാതാപിതാക്കന്മാരുടെ നിഗ്രഹങ്ങൾപോലും തീരെ നിസ്സാരമായ കാര്യങ്ങളാണു്. എങ്ങിനെയെന്നാൽ,

അരാതീശ്വരൻ, പിശാചാണിവൾജനനി, പുഴു
പ്രായമിബ്ഭ്രാതൃവർഗ്ഗം,
വല്ല്യമ്മമാർ ബാന്ധവന്മാർ, മമ കുടിലച്ചിട
ക്കൂട്ടരിക്കൂട്ടരെല്ലാം

(കൈകൾ ഞെരിച്ചുകൊണ്ടു.)

കുത്തിബ്ഭേദിക്കാൻ ഭാവധികുലമഖിലം
കൊന്നൊടുക്കാതൊഴിഞ്ഞി-
ക്കത്തിക്കാളുന്നകോപക്കനൽ കരളിലട
ങ്ങീടുമോഗാഢവേഗം. ന. ന.

(നോക്കീട്ടു്) ഇതാ! സ്വാമി. അടുത്തുചെല്ലുകതന്നെ.

(എല്ലാപേരും അടുത്തുചെന്നിട്ടു്)

ദേവൻ ജയിക്കട്ടെ. ജയിക്കട്ടെ.

മഹാമോഹം—ശ്രദ്ധയുടെ മകളായ ശാന്തി നമുക്കു് വിരോധത്തെ പ്രവർത്തിക്കുന്നു. അവളെ നിങ്ങൾ നിഗ്രഹിക്കണം.

(കല്പനപോലെ എന്നു് എല്ലാപേരും പോയി.)

മഹാമോഹം—ശ്രദ്ധയുടെ മകൾ എന്ന പ്രസംഗത്താൽ ഉപായാന്തരംകൂടി ഓർമ്മയിൽ വരുന്നു. എങ്ങനെയെന്നാൽ "ശാന്തിയുടെ മാതാവു ശ്രദ്ധയും അവൾ പരാ

K. KATHAYATH VAYENI PERINAD QUILON

ധീനയും ആകുന്നു. അതിനാൽ വല്ല ഉപായത്തിലും ഉപനിഷത്തിൻെറ അടുക്കൽനിന്നും ശ്രദ്ധയെ അകററിക്കളയണം. പിന്നെ മാതാവിൻെറ വിരഹംകൊണ്ടുള്ള ദുഃഖത്താൽ ദുർബലയായിരിക്കുന്ന അവൾ സ്വകൃത്യത്തെ ഉപേക്ഷിക്കുകയും വിഷാദിച്ചു മരിക്കുകയും ചെയ്യും. ശ്രദ്ധയെ ആകർഷിക്കുന്നതിന് നത്തകിയായ മിഥ്യാദൃഷ്ടി സമർത്ഥയുമാണ്'' എന്ന്. അതുകൊണ്ട് ഈ വിഷയത്തിൽ അവളെത്തന്നെ നിയോഗിക്കാം. (തിരിഞ്ഞുനോക്കീട്ട്) വിഭ്രമാവതി, വേഗത്തിൽ മിഥ്യാദൃഷ്ടിയെ വിളിക്കു.

വിഭ്രമാവതി—തിരുമേനി, കല്പനപോലെ.

(എന്നു പോയി മിഥ്യാദൃഷ്ടിയുമായ് പ്രവേശിക്കുന്നു.)

മിഥ്യാദൃഷ്ടി—തോഴി, അധികകാലമായി കാണാതിരുന്ന മഹാരാജാവിൻെറ മുഖത്തെ എങ്ങിനെയാണ് നോക്കുന്നത്? അദ്ദേഹം എന്നെ അധിക്ഷേപിക്കില്ലേ?

വിഭ്ര—തോഴി! നിൻെറ മുഖദർശനത്തിൽതന്നെ മഹാരാജാവു് തന്നെ കൂടി മറന്നുപോകുമല്ലോ. പിന്നെയാണോ അധിക്ഷേപിക്കുന്നതു്?

മിഥ്യാ— തോഴി നീ എനിക്കില്ലാത്ത സൌഭാഗ്യത്തെ വർണ്ണിച്ചു് എന്തിനാണു ഒത്താശ പറയുന്നതു്?

വിഭ്ര — തോഴീ! ഇപ്പോൾതന്നെ കാണാമല്ലോ. നിൻെറ സൌഭാഗ്യത്തിൻെറ ഇല്ലായ്മ. ഒന്നുകൂടെ—പ്രിയതോഴിയുടെ നേത്രങ്ങൾ നിദ്രകൊണ്ട് ആകുലങ്ങളായിട്ട് നിന്നു ചുഴലുന്നുവല്ലോ. ആ ഉറക്കിളച്ചിലിന് എന്താണു കാരണം?

മിഥ്യാ—തോഴി, ഒരു ഭർത്താവുള്ള സ്ത്രീക്കുതന്നെ ലോകത്തിൽ നിദ്ര എന്നതു് വളരെ ദുർല്ലഭമാണു്. പിന്നെ സകല ജനങ്ങളുടേയും ഭാൎയ്യയായ നമ്മുടെ കാൎയ്യം പറയാനുണ്ടോ?

വിഭ്ര—എന്നാൽ ആരെല്ലാമാണു് തോഴിയുടെ ഭർത്താക്കന്മാർ.

മിഥ്യാ—മഹാരാജാവു്; പിന്നെ കാമൻ, ക്രോധം, ലോഭം, അഹങ്കാരം അല്ലെങ്കിൽ വിശേഷിച്ചെന്തുപറയുന്നു? ഈ കുലത്തിൽ ജനിച്ച പുരുഷന്മാരിൽ ആബാലവൃദ്ധം ഒരുത്തരും ഹൃദയസ്ഥിതയായിരിക്കുന്ന എന്നെ വേർവിട്ടു് ഒരു രാത്രിയാകട്ടെ പകലാകട്ടെ ഇരിക്കുന്നില്ല.

വിഭ്ര—അല്ലാ ഇവരിൽ കാമനു രതിയും ക്രോധത്തിനു ഹിംസയും ലോഭത്തിനു് തൃഷ്ണയും പരമപ്രിയകളാണെന്നല്ലേ കേൾക്കുന്നതു്. അതുകൊണ്ടു് അവരുടെ പ്രിയതമന്മാരോടു തോഴി ഇങ്ങനെ രമിക്കുന്നതിൽ അവൎക്കു് ഈൎഷ്യയുണ്ടാകയില്ലയോ?

മിഥ്യാ—തോഴി ഈൎഷ്യ എന്നു് എന്തിനു പറയുന്നു. അ സ്ത്രീകളും എന്നെപ്പിരിഞ്ഞു് ക്ഷണനേരമെങ്കിലും ഇരിക്കുന്നില്ലല്ലോ.

വിഭ്ര—അതാണു പറയുന്നതു് നിനക്കു തുല്യയായി സൌഭാഗ്യവതിയായ ഒരു സ്ത്രീ ഈ ഭൂമണ്ഡലത്തിൽ ഇല്ലെന്നു്. എന്തെന്നാൽ നിൻെറ സൌഭാഗ്യാതിശയത്തെ കണ്ടിട്ടു് വിധുരഹൃദയകളായി സപത്നീജനങ്ങൾപോലും പ്രസാദത്തെ അവലംബിക്കുന്നുവല്ലോ. പ്രിയതോഴി, ഒന്നു കൂടിപ്പറയുന്നു. ഇപ്രകാരം നിദ്രാക്രാന്തയായിരിക്കുന്ന

നീ വഴിയിൽ ഇടറിപ്പിണയുന്നതായ പാദങ്ങളിൽ മുഴങ്ങിക്കൊണ്ടിരിക്കുന്ന രത്നനൂപുരങ്ങളുടെ ശബ്ദത്തോടുകൂടിയതായ ഈ നടത്തയിൽ മഹാരാജാവിനെ ചെന്നു സന്ദർശിക്കുമ്പോൾ അദ്ദേഹത്തിന്റെ ഹൃദയത്തിൽ സംശയം ജനിക്കയില്ലേ എന്നു ഞാൻ ശങ്കിക്കുന്നു.

മിഥ്യാ—എന്താണിതിൽ സംശയിക്കാനുള്ളതു്? ഈ അവിനയം മഹാരാജാവിന്റെ വിധേയജനങ്ങളായ ഞങ്ങൾക്കുള്ളതാണല്ലൊ? എന്നുമാത്രമല്ല തോഴി! ദർശനമാത്രത്തിൽ പ്രസന്നന്മാരായിപ്പോകുന്ന പുരുഷന്മാരിൽ നിന്നെന്താണു ഭയപ്പെടാനുള്ളതു്?

മഹാമോഹം—(നോക്കീട്ടു്) ഓ! പ്രിയയായ മിഥ്യാദൃഷ്ടിവന്നു കഴിഞ്ഞുവൊ?. ഇതാ അവൾ.

സ്ഥൂലശ്രോണീഭരത്താലലസഗമനയായ്
കുന്തളഗ്രന്ഥിമാലാ
മൂലഭ്രംശംനടിച്ചാക്കിണിതകുചഭരംകാ
ണുവാൻ കൈയുത്തി
നീലപ്പൂമാലപോലാമിഴിയിൽ മമ മന
ക്കാമ്പുനക്കുന്നുമന്ദം
ദോലാന്ദോലംകളിക്കും കടകകലകലാ
രാവമാരാൽവരുന്നു. സ്ര-ധ

വിഭ്ര—ഇതാ മഹാരാജാവു്. പ്രിയ തോഴി! അടുത്തുചെല്ലുക.

മിഥ്യാ—മഹാരാജാവു് ജയിയ്ക്കട്ടെ! ജയിയ്ക്കട്ടെ!

മഹാ—പ്രിയെ!

കൊങ്കക്കുംഭക്ഷതത്തിൽ സ്ഥമിടകൾനറു
ങ്ങീടവേ ഗാഢമായെ-
ന്നങ്കത്തിങ്കൽക്കരേറിപ്പുരിചൊട്ടപരിരം
ഭിക്കതുമ്പിക്കരാരു.
തിങ്കൾഖണ്ഡാവതംസനടയൊരുതുടമേ
ലത്തുഷാരാചലത്തി-
ന്മങ്കയ്ക്കേലുന്നലീലാലഹരിതുടരുകെൻ
തങ്കമാങ്കണ്ണിമൗലെ!

മിഥ്യാ—(പുഞ്ചിരിയോടുകൂടി അപ്രകാരം ചെയ്യുന്നു.)

മഹാ—(ആലിംഗനസുഖത്തെ നടിച്ചുംകൊണ്ട്) ഹാ! പ്രിയയുടെ ആലിംഗന സുഖം കൊണ്ട് പിന്നെയും ഞാൻ അഭിനവയൗവനത്തെ പ്രാപിക്കുന്നുവൊ? എന്തെന്നാൽ,

മെത്തീടും നവയൗവനത്തിൽ മദനോൽ
ഭേദത്തിൽമുന്നംമന-
സ്സത്ത്വാവേഗമിഹാംഗന്തകളകന്നാ
നന്ദമാന്നാദരാൽ
വത്തിച്ചോരുവികാരമുൽബണരസം
വീണ്ടുംതവാലിംഗനാൽ
പുത്തൻപോലെ മദാത്മവൃത്തികൾമറ
ച്ചീടുന്നുഗാഢംപ്രിയെ! ൩൩

മിഥ്യാ—മഹാരാജ! ഞാനും ഇപ്പോൾ നവയൗവനയെപ്പോലെയായി. ഹൃദയസ്പർശിയായ പ്രേമത്തിന് കാലം കൊണ്ട് ഒരുക്ഷയവും ഭവിക്കുന്നില്ല. മഹാരാജാവ് കല്പിച്ചാലും! എന്തിനായിട്ടാണ് അവിടുന്നിപ്പോൾ എന്നെ ചിന്തിച്ചതു്?

മഹാ—പ്രിയെ!

കൃത്യമോട്ടകാരഭോരു! ചിന്തമേ-
ലെത്തിട്ടന്നതുബഹിഷ്പ്പദാത്ഥമാം
നിത്യവും ഭവതിപാവപോലെയെൻ
ചിത്തഭിത്തിയിൽവിളങ്ങുകല്ലയൊ? ൩൧

മിഥ്യാ—മഹാപ്രസാദം. എങ്കിലും മഹാരാജാവാജ്ഞാപി ച്ചാലും!

മഹാ—നീ സവ്വാംഗങ്ങളേയും പ്രകാശിപ്പിച്ചും കൊണ്ടു് യാതൊരു പ്രകാരം എല്ലാദിക്കിലും സഞ്ചരിക്കുന്നുവൊ അപ്രകാരം തന്നെ പ്രവത്തിക്കയും ചെയ്യണം. എന്നു തന്നെയല്ല കുലടാപുത്രിയായ ശ്രദ്ധ ഉപനിഷത്തിനെ വിവേകത്തോടുയോജിപ്പിക്കുന്നതിനായിട്ടു് ദൂതിയായി ഭവിച്ചിരിക്കയാണു്. അതിനാൽ,

ദോഷംകുലത്തിനുവരുത്തിദുഷിച്ചുനമ്മെ-
ദ്വേഷിപ്പവക്കുതുണയായതിദുഷ്ടയാകും
അഷണ്ഡവൃത്തിയെമുടിക്കപിടിച്ചുശ്രദ്ധ-
പാഷണ്ഡർതൻനടുവിലാക്കുകവൈകിടാതെ. ൩൨

മിഥ്യാ—ഇതുമാത്രമായ കാൎയ്യത്തിൽ മഹാരാജാവു് വ്യഗ്രപ്പെ ടാനുണ്ടോ? വചനമാത്രംകൊണ്ടുതന്നെ ദാസിയായ ശ്രദ്ധ അവിടത്തെ ആജ്ഞപ്രകാരം അനുഷ്ഠിക്കുന്നതാ ണല്ലോ. അവൾ എന്നാൽ "ധമ്മം മിഥ്യാ; മോക്ഷം മിഥ്യാ; വേദമാൎഗ്ഗം മിഥ്യാ, സുഖവിഘ്നകാരികളായ ശാ സ്ത്രപ്രലാപങ്ങളെല്ലാം മിഥ്യ, സ്വൎഗ്ഗഫലവിദ്യ മിഥ്യാ" എന്നിപ്രകാരം ധരിപ്പിക്കപ്പെട്ടിട്ടു് വേദമാൎഗ്ഗത്തെത്ത

ന്നെ പരിഹരിക്കുമല്ലൊ. പിന്നെ ഉപനിഷത്തിനെപ്പറയണമൊ? എന്നു മാത്രമല്ല വിഷയാനന്ദശൂന്യമായ മോക്ഷത്തിൽ ദോഷത്തെ കാണിച്ചിട്ട് ഉപനിഷത്തിനോടു ശ്രദ്ധയെ ഞാൻ വേഗത്തിൽ വിരക്തയാക്കിയും ചെയ്യാം.

മഹാ—അപ്രകാരമാണെങ്കിൽ പ്രിയയാൽ എന്റെ പ്രിയം നല്ലവണ്ണം സമ്പാദിക്കപ്പെട്ടു. (എന്നു പിന്നെയും ആലിംഗനം ചെയ്തു ചുംബിക്കുന്നു.)

മിഥ്യാ—അയ്യ! പ്രകാശമായിട്ടു ഭർത്താവിപ്രകാരം ചെയ്യുന്നതിൽ ലജ്ജിക്കുന്നു.

മഹാ—എന്നാലാട്ടെ! അന്തർഗ്ഗൃഹത്തിൽതന്നെ പോകാം.

(എന്നെല്ലാവരും പോയി)

രണ്ടാം അങ്കം.

---

# മൂന്നാം അങ്കം.

(അനന്തരം ശാന്തിയും കരുണയും പ്രവേശിക്കുന്നു.)

**ശാന്തി**—(കരഞ്ഞുംകൊണ്ടു്) അമ്മ! അമ്മ! ഭവതി എവിടെ?
എനിക്കു പ്രിയമായിരിക്കുന്ന ദർശനത്തെ തന്നാലും.
പിന്നെ,

മാനെങ്ങും കേളിയാടുന്നടവിയരുവിയാ-
ർന്നശൈലങ്ങൾ നിത്യം
വാനപ്രസ്ഥാശ്രമസ്ഥവ്രതികൾസുകൃതിതാ
വുന്ന ദേവാലയങ്ങൾ
അനന്ദംനൽകിടും നിൻ തുണകളിവകളാ-
ണിന്നുപാഷണ്ഡരെന്നോ
കാനച്ചണ്ഡാലവാടം നട്ടുവകപിലയാം
ഗോവുജീവിക്കുമാറോ. ൧

അല്ലെങ്കിൽ ജീവിച്ചിരിക്കുമെന്നു വിചാരിക്കുന്നതും വ്യ
ർത്ഥമാണു്. എന്തെന്നാൽ-

എന്നെക്കാണാതിരുന്നാൽമമജനനികുളി-
ക്കില്ല,പിന്നന്നുകഷ്ടം
തിന്നില്ലൊന്നും, നിനച്ചാലൊരുകുറിജലപാ-
നംകഴിക്കില്ലയല്ലോ
എന്നെക്കൂടാതെയമ്മയ്ക്കൊരുനൊടികഴികി-
ല്ലെന്തിനയ്യോപിരിഞ്ഞാൽ
പിന്നെപ്രാണൻധരിച്ചേൻപ്രിയജനനികുറ-
ഞ്ഞൊന്നുവാഴ്കെന്നതില്ല. ൨

അതുകൊണ്ട് ശ്രദ്ധയെ പിരിഞ്ഞ് ഒരു മുഹൂത്തമെങ്കിലും ശാന്തി ജീവിക്കുന്നതു് അമാന്തമാണ്. അതുകൊണ്ട് സഖി, കരുണേ, നീ എനിക്കായിട്ടു ചിതയെ നിമ്മിക്കുക. ഞാൻ വേഗത്തിൽ അഗ്നിയിൽ പ്രവേശിച്ച് അവളുടെ സഹചരിയായി ഭവിക്കട്ടെ.

കരുണ—(കരഞ്ഞുംകൊണ്ടു്) പ്രിയസഖി, ഇപ്രകാരം വികടമായി കത്തിക്കാളുന്ന അഗ്നിജ്വാലപോലെ രൂക്ഷങ്ങളായി കണ്ണകഠോരങ്ങളായി അസഹ്യങ്ങളായിരിക്കുന്ന അക്ഷരങ്ങളെ ജല്പിച്ചിട്ടു് സവ്വപ്രകാരത്തിലും എന്റെ ജീവിതത്തെ ഛേദിക്കുന്നു. അതുകൊണ്ട് കുറഞ്ഞൊന്നു ജീവധാരണം ചെയ്യുന്നതിൽ എന്റെ പ്രിയസഖി പ്രസാദിച്ചാലും. ഞാൻ പുണ്യാശ്രമങ്ങളിലും മുനിജനങ്ങളാൽ നിറയപ്പെട്ടിരിക്കുന്ന ഭാഗീരഥീതീരങ്ങളിലും മററും നല്ലവണ്ണം അന്വേഷിക്കട്ടെ. പക്ഷേ മഹാമോഹത്തെ ഭയപ്പെട്ടു ശ്രദ്ധ എവിടെയെങ്കിലും പ്രച്ഛന്നയായി വസിച്ചേക്കാം.

ശാന്തി—തോഴി, എന്തൊന്നന്വേഷിക്കുന്നു?

നീവാരംകൊണ്ടുനീളേ വിലസിയ പുലിനം
നല്ല വൈഖാനസന്മാർ
മേവും തീരങ്ങൾ യാഗത്തിനു ചമസചഷാ-
ലങ്ങൾ തിങ്ങും ഗൃഹങ്ങൾ
അവോളം ഞാൻ നടന്നങ്ങവിടമഖിലമ-
ല്ലാശ്രമംനാലുമാരാ-
ഞ്ഞാവോ കേൾപ്പാനുമില്ലിന്നൊരിടമതിലുമാ
ശ്രദ്ധതൻ വാത്തപോലും. ൩.

കരുണ—തോഴി, ഞാൻ ഇപ്രകാരം പറയുന്നു. അവൾ സാത്വികിയായ ശ്രദ്ധതന്നെ എങ്കിൽ അവൾക്കിങ്ങനെയുള്ള ദുരവസ്ഥ നേരിടുന്നതല്ല. അവളെപ്പോലെയുള്ള പുണ്യവതികൾ ഇപ്രകാരം അസംഭാവനീയമായ വിപത്തു് അനുഭവിക്കുന്നതല്ലല്ലൊ.

ശാന്തി—സഖി, വിധി പ്രതികൂലമായിരിക്കുമ്പോൾ എന്താണു സംഭവിക്കാത്തതു്?

ചെന്താർമാനിനി ദേവി മൈഥിലി ദശ-
ഗ്രീവാലയം മേവിനാൾ
ചിന്തിച്ചാൽ ശ്രുതി ദേവി ദൈത്യവശയായ്
നാഗാലയം പൂകിനാൾ
ഗന്ധർവ്വാത്മജയാം മദാലസ പുരാ
പാതാളകേതുസ്ഥലേ
സന്ധിച്ചാൾ-വികടത്വമാന്ന വിധിതൻ
കയ്യോക്കിലയ്യോഘരം. ൨

കരുണ—അതിരിക്കട്ടെ. നമുക്കു പാഷണ്ഡന്മാരുടെ ഇടയിൽതന്നെ അന്വേഷിക്കാം.

ശാന്തി—സഖി അങ്ങനെ ആകട്ടെ.

(എന്നു രണ്ടുപേരും ചുററിനടക്കുന്നു.)

കരുണ—ഭയത്തോടുകൂടി, തോഴി, രാക്ഷസൻ! രാക്ഷസൻ!!

ശാന്തി—ഏതു രാക്ഷസൻ?

കരുണ—തോഴി നോക്കു നോക്കു! ഇതാ ഒഴുകിക്കൊണ്ടിരിക്കുന്ന അമേദ്ധ്യപങ്കങ്ങളിൽ കുഴഞ്ഞിട്ടു അതിവികൃതമായും നോക്കാൻ സുഖമില്ലാത്തതായും ഇരിക്കുന്ന ശരീര

ത്തോട്ടുകൂടിയവനായി ചിതറിക്കിടക്കുന്ന തലമുടിയോടു കൂടിയവനായി വസ്ത്രമില്ലാത്തതിനാൽ ദർശിപ്പാൻ അയോഗ്യനായിരിക്കുന്ന ഇവൻ കൈയിൽ മയിൽത്തൂവൽ കെട്ടും ധരിച്ചുംകൊണ്ടു് ഇങ്ങോട്ടുതന്നെ വരുന്നു.

ശാന്തി—സഖി, ഇവൻ രാക്ഷസനല്ല. ഇവൻ ഒരു നിസ്സേജസ്സനല്ലേ?

കരുണ—എന്നാൽ ഇവൻ ആരായിരിക്കാം.

ശാന്തി—സഖി ഒരു പിശാചാണെന്നു തോന്നുന്നു.

കരുണ—തോഴി ഏററവും പ്രകാശത്തോടുകൂടെ കത്തിക്കാളുന്നതായ കാന്തിസന്താനങ്ങളെക്കൊണ്ടു് അതികഠോരമായിരിക്കുന്ന സൂര്യമണ്ഡലം തെളുതെളെ പ്രകാശിച്ചുകൊണ്ടിരിക്കുമ്പോൾ എങ്ങനെയാണു് പിശാചങ്ങൾ സഞ്ചരിക്കുന്നതു്?

ശാന്തി—സഖി എന്നാൽ ഇപ്പോൾത്തന്നെ നരകദ്വാരം കടന്നുവരുന്ന ഒരു നരകവാസിയായിരിക്കാം (നോക്കി ആലോചിച്ചുംകൊണ്ടു്) ഓഹോ മനസ്സിലായി! ഇവൻ മഹാമോഹത്താൽ അയക്കപ്പെട്ട ദിഗംബരസിദ്ധാന്തമാണു്. അതുകൊണ്ടു സർവ്വപ്രകാരത്തിലും ഇവന്റെ ദർശനം അത്യന്തം ഹേയമായിട്ടുള്ളതുതന്നെ.

(എന്നു പിന്തിരിഞ്ഞുനില്ക്കുന്നു.)

കരുണ—തോഴി ക്ഷണനേരം ഇവിടെ നില്ക്കുക. ഞാൻ ഇവരുടെ ഇടയിൽ ശ്രദ്ധയെ അന്വേഷിക്കട്ടെ.

(രണ്ടുപേരും അപ്രകാരം നില്ക്കുന്നു.)

(അനന്തരം മേൽപറഞ്ഞ വേഷത്തിൽ ദിഗംബരസിദ്ധാന്തം പ്രവേശിക്കുന്നു.)

ദി: സി—അർഹന്മാക്കു നമസ്കാരം! അർഹന്മാക്കു നമസ്കാരം!!

ദശദിശയനവദ്വാരമെഴും
പുരിയിൽവിളങ്ങുന്നുജീവനാംദീപം
ഇതുജിനവരസിദ്ധാന്തം
മതിയാംമോക്ഷപ്രദംസത്യം. ൫

(ചുററിനടന്നിട്ടു) എടേ, എടേ, ശിഷ്യന്മാരേ! കേട്ടോളിൻ കേട്ടോളിൻ.

മലപുദ്ഗലപിണ്ഡമെത്രമാത്രം
ജലമാടിക്കിലുമെന്തുശുദ്ധിയാകും?
മലമററുവിളങ്ങുമാത്മരൂപം
വിലസീടുന്നൃഷിസേവകൊണ്ടുമാത്രം. ൬

എന്തുപറയുന്നു? ഋഷിജനങ്ങളെ സേവിക്കേണ്ടതെങ്ങനെയെന്നോ? എന്നാൽ കേട്ടോളിൻ,

ദൂരത്തുവച്ചുകഴൽകണ്ടുവണങ്ങണം സൽ-
ക്കാരത്തൊടും സപദിനൽകണമഷ്ടമിഷ്ടം
ദാരങ്ങളെപ്പുണരുമെങ്കിലുമാമുനീന്ദ്ര-
ന്മാരെക്കുറിച്ചേഴുമസൂയവെടിഞ്ഞിടേണം. ൭

(അണിയറയിലേക്കു നോക്കീട്ടു്.)

ശ്രദ്ധേ ഇവിടെ ഇവിടെ!

(ശാന്തിയും കരുണയും ഭയത്തോടുകൂടി നോക്കുന്നു.) (അനന്തരം ദിഗംബരസിദ്ധാന്തത്തിനു അനുരൂപമായ വേഷത്തിൽ ശ്രദ്ധ പ്രവേശിക്കുന്നു.)

ശ്രദ്ധ—രാജകുലം എന്തുകല്പിക്കുന്നു?

(ശാന്തി ഗ്ലാനിപിച്ചുവീഴുന്നു.)

ദി: സി—ശ്രാവകന്മാരുടെ (ശിഷ്യ) സമൂഹത്തെ ഒരു ക്ഷണമെങ്കിലും ഉപേക്ഷിച്ചിരിക്കരുതു്.

ശ്രദ്ധ—രാജകുലത്തിന്റെ കല്പനപോലെ.

(എന്നുപോയി)

കരുണ—പ്രിയതോഴി! സമാശ്വസിക്കൂ; സമാശ്വസിക്കൂ; കേവലം നാമമാത്രത്താൽ ഭവതി ഭയപ്പെടരുതു്. എന്തുകൊണ്ടെന്നാൽ ഞാൻ അഹിംസയുടെ അടുക്കൽനിന്നു കേട്ടിട്ടുണ്ടു്. "തമസ്സിന്റെ മകളായിട്ടു ഒരു ശ്രദ്ധ പാഷണ്ഡന്മാരുടേയും ഇടയിൽ ഉണ്ടു്" എന്നു്. അതുകൊണ്ടു ഇവൾ താമസിയായ ശ്രദ്ധ ആയിരിക്കും.

ശാന്തി—(ആശ്വസിച്ചിട്ടു) സഖി ശരിയാണു്.

ദുർമ്മാർഗ്ഗചാരിണിയതാണിവളെന്റെയമ്മ
സന്മാർഗ്ഗയല്ലി? നയനത്തിനു സൌമ്യയല്ലീ?
ദൌർമ്മുഖ്യമേറുമിവൾ ദുർഭഗയാനുകൊണ്ടു-
മോർമ്മിക്കിലെന്റെ ജനനിക്കിവളൊപ്പമല്ല. വ

അതിനാൽ ഇരിക്കട്ടെ. ബൌദ്ധന്മാരുടെയിടയിൽ ശ്രദ്ധയെ അന്വേഷിക്കാം.

(എന്നു ശാന്തിയും കരുണയും പുറവിനടക്കുന്നു)

(അനന്തരം ഭിക്ഷുവേഷത്തിൽ, കയ്യിൽപുസ്തകവുമായി ബുദ്ധാഗമം പ്രവേശിക്കുന്നു.)

ഭിക്ഷു—(വിചാരിച്ചിട്ടു്) അല്ലയോ ഉപാസകന്മാരേ!

ഏതുംപാക്കമൊഴില്ലാതെയുമെതിരിലെഴും
മാത്രതോറുംമറഞ്ഞും
യാതൊന്നിൽ തോന്നിനിന്നിങ്ങനെവെളിയിൽവിള
ങ്ങുന്ന വിശ്വങ്ങളെല്ലാം
അത്യന്തപ്രബോധാവലിയിതുനിയതം
വാസനാഹാനിമൂലം
ചേതസ്സിൽ പ്രസ്ഫുരിക്കുന്നിതുവിഷയരസം
വിട്ടുവിസ്പഷ്ടമിപ്പോൾ. ൧൮

(പിന്നെയും ശ്ലാഘിച്ചുംകൊണ്ട്) ഈ സൌഗതധർമ്മം എത്ര വിശേഷം! ഇതിൽ ഭോഗവും മോക്ഷവും ഭവിക്കുന്നു; എങ്ങനെയെന്നാൽ,

വീടുണ്ടെങ്ങുംവസിക്കാം പ്രിയമുടയമണി
ക്കന്യമാരോടുവാഴാം
മോടിക്കിഷ്ടംഭുജിക്കാ മരിയമൃദുപടം
ചേന്നപൂമെത്തയേറാം
നാടിക്കൊണ്ടാദരിക്കും നയനസുഭഗമാ
രോടുപാടീരവംപൂ-
ണ്ടാടിക്രീഡിച്ചൊരന്തസ്സുഖമൊടുകഴിയാം
രാവിലാവെണ്ണിലാവിൽ. ൨൦

കരുണ—തോഴി ഇവനാരാണ്? തെപ്പനപോലെ നീണ്ടുതടിച്ച് കാവിവേഷ്ടിയും ചുററി കുടുമയോടുകൂടി മുണ്ഡനംചെയ്ത ശിരഃപിണ്ഡത്തോടു കൂടിയവനായി ഇതാ ഇങ്ങോട്ടുതന്നെ വരുന്നു.

ശാന്തി—സഖി ഇവൻ ബുദ്ധാഗമമാണ്.

ഭിക്ഷു—(ആകാശത്തിൽ നോക്കീട്ട്) അല്ലയോ ഉപാസകന്മാരേ!

ഭിക്ഷുക്കളെ! നിങ്ങൾ ഭഗവാൻ ബുദ്ധൻെറ വാക്യാമൃതത്തെ കേട്ടാലും! (എന്നു പുസ്തകം വായിക്കുന്നു) "ഞാൻ ദിവ്യദൃഷ്ടികൊണ്ടു് ജനങ്ങളുടെ സദ്ഗതിയേയും ദുർഗ്ഗതിയേയും കാണുന്നു. എല്ലാപദാർത്ഥങ്ങളും ക്ഷണികങ്ങളായിട്ട അറിയപ്പെടുന്നു. ആത്മാവു നിത്യനായിരിക്കുന്നില്ല. അതുകൊണ്ടു് ഭിക്ഷുക്കൾ ഭാൎയ്യമാരെ അക്രമിച്ചാൽ ഈൎഷ്യവയ്ക്കാൻ പാടില്ല. ഈൎഷ്യഎന്നതുചിത്തമലം ആകുന്നു." (അണിയറയിലേക്ക നോക്കീട്ടു്). ശ്രദ്ധേ ഇവിടെ.

ശ്രദ്ധ—(പ്രവേശിച്ചിട്ടു്) രാജകുലം ആജ്ഞാപിച്ചാലും!

ഭിക്ഷു—ഉപാസകന്മാരേയും ഭിക്ഷുക്കളേയും ചിരകാലം ആലിംഗനം ചെയ്തുകൊണ്ടിരുന്നാലും.

ശ്രദ്ധ—രാജകുലത്തിൻെറ കല്പനപോലെ. (എന്നുപോയി)

ശാന്തി—സഖി! ഇവളും താമസിയായ ശ്രദ്ധയല്ലേ?

കരുണ—അതെ (ക്ഷപണകൻ ഭിക്ഷുവിനെനോക്കികൊണ്ടു ഉറക്കെ) എടൊ! എടൊ! ഭിക്ഷു! ഇവിടെവരു. ഞാനൊന്നു ചോദിക്കട്ടെ.

ഭിക്ഷു—(കോപത്തോടുകൂടി) ചെ! എടാ പാപി! പിശാചവേഷക്കാര! എന്തിനാണു് നീ ഇങ്ങനെ കിടന്നു പ്രലപിക്കുന്നതു്?

ക്ഷപണകൻ—എടൊ കോപം കളയു. ഞാൻ ശാസ്ത്രസംബന്ധമായി ചോദിക്കാം.

ഭിക്ഷു—എടാ ക്ഷപണകാ! നിനക്ക ശാസ്ത്രത്തിൻെറ കഥയെങ്കിലുമറിയാമൊ? ആട്ടെ, സമ്മതിച്ചു. (അടുത്തുചെന്നിട്ടു) എന്താണെടോ ചോദിക്കുന്നതു്?

ക്ഷപ—എടൊ പറയു. ക്ഷണവിനാശിയായിരിക്കുന്ന നീ എന്തിനായിക്കൊണ്ടാണ് വ്രതത്തെ അനുഷ്ഠിക്കുന്നതു്?

ഭിക്ഷു—എടൊ നമ്മുടെ വിജ്ഞാനപരമ്പരയിൽ ഭാവിയായ ഒരു ക്ഷണികവിജ്ഞാനമാകുന്ന ആത്മാവു് സമസ്തവിഷയവാസനകളും നശിച്ചു് മോക്ഷത്തെ (നിൎവാണത്തെ) പ്രാപിക്കും.

ക്ഷപ—എടൊ മൂർഖ! ഏതൊ ഒരു മന്വന്തരത്തിൽ ആരൊ ഒരുവൻ നിൎവാണത്തെ പ്രാപിക്കുമെങ്കിൽ ഈ ക്ഷണത്തിൽ നഷ്ടനായിപ്പോകുന്ന നിനക്കു അവനെന്തൊരു പ്രത്യുപകാരമാണ് ചെയ്യാൻ പോകുന്നതു്? എടൊ ഒന്നുകൂടി ചോദിക്കുന്നു. നിനക്ക് ഈ ധൎമ്മത്തെ ഉപദേശിച്ചുതന്നവനാരാണ്?

ഭിക്ഷു—ഈ ധൎമ്മം സൎവ്വജ്ഞനായ ഭഗവാൻ ബുദ്ധനാൽത്തന്നെ ഉപദേശിക്കപ്പെട്ടിട്ടുള്ളതാണ്.

ക്ഷപ—എടെ, ബുദ്ധൻ സൎവ്വജ്ഞനാണെന്നു നീ എങ്ങിനെയറിഞ്ഞു?

ഭിക്ഷു—ബുദ്ധാഗമത്താൽത്തന്നെ പ്രസിദ്ധമാണ് അദ്ദേഹം സൎവ്വജ്ഞനെന്നു്.

ക്ഷപ—എടൊ ബുദ്ധികെട്ടവനെ! നീ അവന്റെ വാക്കുകൊണ്ടുതന്നെ അവനെ സൎവ്വജ്ഞനെന്നു വിശ്വസിക്കുന്നുവെങ്കിൽ ഞാനും ഒരു സൎവ്വജ്ഞൻതന്നെ. എന്റെ അച്ഛൻ മുത്തച്ഛൻ മുതലായി ഇരുപത്തൊന്നു തലമുറയായിട്ടു് നീ എനിക്കു ദാസനായിരിക്കുന്നു.

ഭിക്ഷു—(ക്രോധത്തോടുകൂടി) ഛെ! എടാ പാപി! അമേദ്ധ്യം അണിയുന്ന പിശാചെ! ഞാൻ നിനക്കു ദാസനൊ?

ക്ഷപ—എടാ വേശ്യാവിടാ, ദുഷ്ടസന്ന്യാസി! ഇതു ഞാനൊരു ദൃഷ്ടാന്തം കാണിച്ചതല്ലെ? എന്നാൽ നിനക്കു പ്രിയമായിട്ടുള്ളതിനെ വിശ്വാസത്തിൽപ്പറയാം. ഈ ബുദ്ധമതത്തെ വിട്ട് അർഹതമതത്തെ അനുസരിച്ചു ഭവാൻ ദിഗംബരദീക്ഷയെ അനുഷ്ഠിച്ചാലും!

ഭിക്ഷു—ഛീ! പാപീ. തന്നത്താനെയും കെട്ട് അന്ന്യന്മാരെയും കെടുക്കാൻ നോക്കുന്നോ?

സുരസിദ്ധഭോഗമതു സൃഷ്ടപുണ്യവാൻ
കരസിദ്ധമായതകലെക്കളഞ്ഞുടൻ
നരകപ്പിശാചവടിവായ് നടക്കുവാൻ
കരുതിബ് ഭവാനു കിടയാവതാരുവാൻ? ൧൧

എന്നുതന്നെയല്ല അർഹൻെറ ധർമ്മബോധനത്തെയും ആരു ശ്രദ്ധിക്കും?

ക്ഷപ—(ചിരിച്ചുകൊണ്ടു) ഗ്രഹ, നക്ഷത്ര, വാര, ചന്ദ്ര, സൂര്യ, ഉപരാഗ, ശുക്ര, രാഹുക്കളുടെ പരമാർത്ഥജ്ഞാനത്തെ പ്രതിപാദിക്കുന്ന ശാസ്ത്രത്താൽത്തന്നെ പ്രസിദ്ധമാണല്ലൊ ഭഗവാൻ അർഹൻെറ സർവജ്ഞത്വം.

ഭിക്ഷു—(ചിരിച്ചുകൊണ്ടു) എടൊ അനാദികാലമായിട്ട് പ്രവൎത്തിച്ചുവരുന്ന ജ്യോതിശ്ശാസ്ത്രംകൊണ്ടുള്ള അതീന്ദ്രിയജ്ഞാനത്താൽ വഞ്ചിക്കപ്പെട്ടവനായിട്ട് നീ ഈ മഹാകഷ്ടതരമായിരിക്കുന്ന വ്രതത്തെ സ്വീകരിച്ചല്ലൊ!

ഒരുതനുവിലൊതുങ്ങീടുന്ന ചൈതന്ന്യമുണ്ടോ
പരഭവനമറിഞ്ഞീടുന്ന സംബന്ധമെന്ന്യേ
തിരിപരിചിൽ റിളങ്ങുന്നെങ്കിലും കുംഭദീപം
പുരമുഴുവനുമെല്ലാംപ്രസ്ഫുരിപ്പിപ്പതാമൊ? ൧൨

അതുകൊണ്ടു് ഉഭയലോകവിരുദ്ധമായ അൎഹതമതത്തേക്കാൾ വരമായിട്ടുള്ളതു് ഈ സുഗതസിദ്ധാന്തംതന്നെ. ഇതു് പ്രത്യക്ഷത്തിൽ സുഖാവഹമായും അതിമനോഹരമായുമിരിക്കുന്നു.

ശാന്തി—സഖി! മറ്റൊരു ദിക്കിൽപ്പോകാം.

കരു—തോഴി! അങ്ങനെയാകട്ടെ. (രണ്ടുപേരും ചുററിനടക്കുന്നു)

ശാന്തി (എതിരെ നോക്കിക്കൊണ്ടു്) ഇതാ മുൻപിലായിട്ടു സോമസിദ്ധാന്തം. അതിട്ടെ, അവിടേയും അന്വേഷിക്കതന്നെ.

(അനന്തരം കാപാലികവേഷധാരിയായ സോമസിദ്ധാന്തം പ്രവേശിക്കുന്നു.)

കാപാലികൻ—(ചുററിനടന്നു കൊണ്ടു്.)

നരാസ്ഥിമണിമാലപൂണ്ടു ചുടുകാട്ടിൽവാണീവിധം
കരോടികളിലുണ്ടുയോഗമഷികൊണ്ടു കാണാകയാൽ
പരസ്പരവിലക്ഷണം ജഗദശേഷമെന്നാകിലും
പരംപൊരുളിൽനിന്നഭിന്നമിദമെന്നുകാണുന്നു ഞാൻ.

ക്ഷപ—എടാ ഈ മനുഷ്യൻ കാപാലികവേഷമെടുത്തിരിക്കുന്നതുകൊണ്ടു് ഇവനോടും ചോദിക്കതന്നെ. (അടുത്തുചെന്നിട്ടു്) എടൊ—ടൊ നരാസ്ഥികളും തലയോട്ടിയും ധരിക്കുന്നവനേ,കാപാലിക!നിൻെറ ധൎമ്മമെന്തു്? നിൻെറ മോക്ഷമെന്തു്?

കാപാ—എടൊ ക്ഷപണക, നമ്മുടെ ധൎമ്മത്തെത്തന്നെ മുൻപേ കേട്ടുകൊള്ളൂ.

മസ്തിഷ്കംവസയോടുവഹ്നിയിൽമഹാ-
　　മാംസങ്ങൾഹോമിച്ചുടൻ
മദ്യംബ്രഹ്മകപാലപൂരിതമതാ-
　　ണെൻനോമ്പുതൻപാരണ
കുത്തിക്കണ്ഠമറുത്തുടൻ കവു്കവ-
　　ക്കാവുംകടുംചോരയാൽ
മദ്ദൈവം പുരുഷോപഹാരബലികൊ
　　ണ്ടീടുംമഹാഭൈരവൻ. ൨൮

ഭിക്ഷു — (ചെവി പൊത്തിക്കൊണ്ടു്) ബുദ്ധ! ബുദ്ധ!! അയ്യോ ഈ ധമ്മാചാരം ഭയങ്കരം.

ക്ഷപ — അഹ്ഹൻ! അഹ്ഹൻ! മഹാഘോരപാതകിയായിരിക്കുന്ന ഏതൊ ഒരുവനാൽ ഈ പാവം വഞ്ചിക്കപ്പെട്ടു.

കാപാ — (ക്രോധത്തോടുകൂടി) ഹൂ പാപി; പാഷണ്ഡാധമ! ശിരോമുണ്ഡക! കേശോല്ലുഞ്ചക! പതിനാലു ഭുവനങ്ങളുടെയും സൃഷ്ടിസ്ഥിതിസംഹാരകത്താവായി സമസ്ത വേദാന്തസിദ്ധാന്തങ്ങളിലും പ്രസിദ്ധനായിരിക്കുന്ന ഭഗവാൻ ഭവാനീവല്ലഭൻ വഞ്ചകനാണല്ലേ? എന്നാൽ കാണിച്ചുതരാം ഈ ധമ്മത്തിൻെറ പ്രഭാവം.

വേധസ്സാവിഷ്ണുരുദ്രാദികൾമുതൽ വിബുധ
　　ന്മാരെയെല്ലാംവരുത്താം
ജ്യോതിശ്ചക്രം ചലിക്കാതൊരുനിലയിൽ വിയ
　　ത്തട്ടിലമ്മട്ടുനിത്താം
ഭൂധ്രത്തും പത്തനംമററവകളൊട്ടുമുടൻ
　　ഭൂമിയുംഭസ്സിൽമുക്കാം
ഏതുംകൂസാതതുംഞാൻ ഝടിതിഘടകപാ-
　　ലത്തിലാക്കാംകുടിക്കാം. ൨൯

ക്ഷപ—എടോ കാപാലിക! അതല്ലേ പറയുന്നത്. ഏതോ ഒരു ഐന്ദ്രജാലികൻ കൺകെട്ടുവിദ്യകൊണ്ടു നിന്നെ വഞ്ചിച്ചുവെന്ന്.

കാപാ—ഛീ പാപി. പിന്നെയും പരമേശ്വരനെ ഇന്ദ്രജാലികനെന്നധിക്ഷേപിക്കയാണോ? അതിനാൽ ഇവൻെറ ഈ ദുസ്സാമർത്ഥ്യം സഹിച്ചുകൂടുന്നതല്ല. (വാളൂരിക്കൊണ്ട്) അതിനാൻ ഞാനിവൻെറ

കരാളകരവാളമിന്നിതുകഴുത്തിലാക്കിക്കള-
ഞ്ഞരാളരുധിരപ്രവാഹമതുപോളപൊങ്ങീടവേ
കരാഞ്ചലഡമസ്ഥമസ്ഥമരുഡംകൃതിക്കൊത്തുടൻ
ഖരാട്ടഹാസഭാളിവർഗ്ഗമൊടുകാളികൃത്താടണം. എന്നു

(എന്നു വാളിളക്കി ഓങ്ങുന്നു)

ക്ഷപ— (ഭയത്തോടുകൂടെ) മഹാഭാഗ! അഹിംസാപരമോധർമ്മഃ.

(എന്നു ഭിക്ഷുവിൻെറ അടുക്കൽ പ്രാപിക്കുന്നു)

ഭിക്ഷു—(കാപാലിനെ തടുത്തുംകൊണ്ടു) ഭോ! ഭോ! മഹാഭാഗ! വിനോദനിമിത്തമായ വാക്തർക്കത്തിൽ തപസ്വിയായ ഇയ്യാളെ ദണ്ഡിക്കുന്നതു അങ്ങേയ്ക്കു് യുക്തമല്ല.

(കാപലികൻവാളിനെത്തിരിയെ മടക്കുന്നു)

ക്ഷപ—(ആശ്വസിച്ചിട്ട്) അല്ലയോ മഹാഭാഗ! ഭവാൻെറ ഭയങ്കരമായ ആ ക്രോധാവേശം ഒന്നു ശമിച്ചുവെങ്കിൽ ഇനി ഞാൻ ഒന്നു ചോദിക്കാനിച്ഛിക്കുന്നു.

കാപാ—ചോദിച്ചുകൊള്ളു. ചോദിച്ചുകൊള്ളു.

ക്ഷപ—നിങ്ങളുടെ പരമമായ ധർമ്മത്തെ കേട്ടുകഴിഞ്ഞല്ലോ! എന്നാൽ മോക്ഷമെന്താണു്?

കാപാ—കേട്ടാലും.

ഞാനെങ്ങുംകണ്ടതില്ലിന്നിഹ വിഷയമൊഴി-
ഞ്ഞുള്ളസൌഖ്യങ്ങളാരാ-
ണാനന്ദംബോധവുംവിട്ടൊരുവിലയശിലാ-
വസ്ഥയാസ്ഥപ്പെട്ടുന്നു?
താനെന്നും ഗൌരിയെപ്പോലരിയദയിതയെ
ച്ചേൎന്നുസോമത്വമാൎന്നി-
ട്ടാനന്ദിച്ചുല്ലസിക്കും പരമഗതി-
യുമാവല്ലഭൻചൊല്ലിയേവം. ൧൩

ശാന്തി—പാപം ശമിയ്ക്കട്ടെ! പാപം ശമിക്കട്ടെ!! ഈ മതത്തിന്നും ഭഗവാൻ ഭവാനീപതി പ്രവൎത്തകനൊ? കഷ്ടം! ദുർബ്ബുദ്ധികൾക്കു നല്ലകാലം.

ഭിക്ഷു—മഹാഭാഗ! വൈരാഗ്യത്തോടു കൂടാത്തവന്ന് മുക്തിയെന്നു പറയുന്നു. ഇതു ശ്രദ്ധായോഗ്യമായിരിക്കുന്നില്ല.

ക്ഷപ—എടാ കാപാലിക തനിക്കു കോപം വരില്ലെങ്കിൽ ഞാൻ പറയാം. ശരീരിയായും, രാഗയുക്തനായും ഇരിക്കുന്നവൻ മുക്തൻ എന്നു പറയുന്നതു് വേദവിരുദ്ധമാണു്.

കാപാ—(സ്വഗതം) ഹെ ഇവരുടെ ഹൃദയം അശ്രദ്ധയാൽ അക്രാന്തമായിരിക്കയാണു്. ആകട്ടെ ഇങ്ങനെ ചെയ്യാം. (അണിയറയിലേക്കു നോക്കീട്ടു് പ്രകാശം) ശ്രദ്ധെ! ഇവിടെ.

(അനന്തരം കാപാലിനീവേഷത്തിൽ ശ്രദ്ധ പ്രവേശിക്കുന്നു)

കരുണ—തോഴീ നോക്കൂ. നോക്കൂ. ഇതാ രജസ്സിന്റെ പുത്രിയായ ശ്രദ്ധ. ഇവൾ,

ആലോലമസ്ഥിമണിമാലയലങ്കരിച്ചു
നീലോല്പലംവിടരുമാറുമനോജ്ഞനേത്ര
സ്ഥൂലസ്തനം ഘനനിതംബവുമാൎന്നുഴന്ന-
ലീലാവരീലലിതപാൎവ്വണചന്ദ്രവക്ത്രാ. ൧൮

ശ്രദ്ധ—(ചുററിനടന്നിട്ടു്) ഇതാ ഞാൻ വന്നു. സ്വാമി ആ
ജ്ഞാപിച്ചാലും:

കാപാ—പ്രിയേ! ഈ ദുരഹങ്കാരിയായ ഭിക്ഷുവിനെ പിടിക്കു.

(ശ്രദ്ധ ഭിക്ഷുവിനെ ആലിംഗനംചെയ്യുന്നു)

ഭിക്ഷു—(ആനന്ദത്തോടുകൂടെ ആലിംഗനംചെയ്തു രോമാഞ്ചത്തെ നടിച്ചു
കൊണ്ടു് ജനാന്തികം) ഹാ! കാപാലിനീ സുഖസ്പർശതന്നെ.

എങ്ങനെയെന്നാൽ—

ഉത്തുംഗസ്തനമണ്ഡലസ്സുകവിയെച്ചേർത്തു-
ഢരാഗം പിടി-
ച്ചുത്സൃഷ്ടം ബഹുവാരവാർകുഴലിമാർചുമെയ്യ്
പുണൎന്നോനഹം
അത്യുച്ചസ്തനിയാം കപാലിനിതരുന്നാലിം-
ഗനത്തിൻസുഖം
സിദ്ധിച്ചില്ലൊരിടത്തുമെൻെറസുഗതന്മാരാ-
ണ നേരാണിതു്. ൧൯

ഹാ! കാപാലികന്മാർതന്നെ പുണ്യവാന്മാർ. സോമസി
ദ്ധാന്തംതന്നെ ശ്ലാഘനീയം. ഇതുതന്നെ അത്ഭുതമായ ധൎമ്മം.
അല്ലയോ മഹാഭാഗ! നാം എല്ലാംകൊണ്ടും ബുദ്ധമതത്തെ
പരിത്യജിച്ചു പാരമേശ്വരസിദ്ധാന്തത്തെത്തന്നെ അനുസരി

ക്കുന്നു. അതിനാൽ ഇനി അവിടന്ന് ആചാര്യനും ഞാൻ ശിഷ്യനുമാണ്. എന്നെ പാരമേശ്വരദീക്ഷയിൽ പ്രവേശിപ്പിച്ചാലും.

ക്ഷപണകൻ—എടോ ഭിക്ഷുക, നീ കാപാലിനീസ്പർശത്താൽ ദൂഷിക്കപ്പെട്ടവനാണ്. അതുകൊണ്ടു ദൂരത്തുനില്ക്കു.

ഭിക്ഷു—ഛേ, പാപി! നിനക്കു സിദ്ധിച്ചില്ലല്ലോ കപാലിനിയുടെ ആലിംഗനമഹോത്സവം.

കാപാ—പ്രിയേ ക്ഷപണനേയും പിടിക്കുക. (കാപാലിനി ക്ഷപണകനെ ആലിംഗനം ചെയ്യുന്നു)

ക്ഷപണകൻ—(രോമാഞ്ചത്തോടുകൂടി) അഹോ! അർഹൻ, അർഹൻ! ഹാ കാപാലിനിയുടെ സ്പർശസുഖം! സുന്ദരി! ഒന്നുകൂടി ആലിംഗനം ചെയ്യുക. (ആത്മഗതം) അടടാ വലുതായ ഇന്ദ്രിയക്ഷോഭം ഉണ്ടാകുന്നല്ലോ. ഇതിനെന്തുപായം? എന്താണിവിടെ യുക്തമായിട്ടുള്ളത്? ആട്ടെ പിഞ്ഛികകൊണ്ടു തടുക്കുകതന്നെ. (അപ്രകാരം ചെയ്തിട്ട്)

മാടൊത്തമാംസളഘനസ്തനഭാരവോലേ!
പേടിച്ച പേടമറിമാൻമിഴിമാരിൽമൌലേ!
ഗാഢാദരംപ്രിയകപാലിനി,നീരമിപ്പി-
ച്ചീടുന്നൊഴികപണകാവലിയെന്തുചെയ്യും? ൨൦

ആശ്ചര്യം! കാപാലികമതം ഒന്നുതന്നെ സൌഖ്യത്തിനും മോക്ഷത്തിനും സാധകമായിരിക്കുന്നു. അല്ലയോ ആചാര്യ, ഞാൻ ഇപ്പോൾ അവിടത്തെ കിങ്കരനായിത്തീർന്നിരിക്കു

ന്നു. എന്നെയുംകൂടി മഹാഭൈരവമതത്തിൽ ദീക്ഷിപ്പിച്ചാലും.

കാപാലികൻ—ഇരിക്കുവിൻ.

(രണ്ടുപേരും അപ്രകാരം ചെയ്യുന്നു.)

(കാപാലികൻ പാത്രമെടുത്തു ധ്യാനത്തെ നടിക്കുന്നു.)

ശ്രദ്ധ—ഭഗവൻ പാത്രത്തിൽ മദ്യം നിറഞ്ഞു.

കാപാലികൻ—(നോക്കീയിട്ടു കുടിച്ചുംകൊണ്ടു ശേഷം ക്ഷപണകനും ഭിക്ഷുവിനുമായികൊടുക്കുന്നു)

ഇതുസേവിപ്പിനമൃതം പൂതംഭവമഹൌഷധം
പശുപാശവിനാശത്തിൽ പ്രശസ്തംഭൈരവോദിതം. ൨൫

(രണ്ടുപേരും വിചാരിക്കുന്നു.)

ക്ഷപണകൻ—നമ്മുടെ ആർഹതമതത്തിൽ മദ്യപാനം ഇല്ലം.

ഭിക്ഷു—എങ്ങനെയാണ് കാപാലികൻെറ ഉച്ഛിഷ്ടമായ മദ്യത്തെ പാനം ചെയ്യുന്നതു്?

കാപാ—(വിചാരിച്ചിട്ടു ജനാന്തികം) എന്തുവിചാരിക്കുന്നു? ശ്രദ്ധേ, ഇവരുടെ പശുത്വം ഇനിയും പോയിട്ടില്ല. അതുകൊണ്ടാണു നമ്മുടെ മുഖസംബന്ധത്താൽ മദ്യത്തിന് അശുദ്ധിയെ ഇവർ ശങ്കിക്കുന്നതു്. അതുകൊണ്ടു ഭവതി സ്വന്തവക്ത്രാസവത്തോടുചേർത്തു പവിത്രമാക്കിയിട്ടു് ഇവൎക്കു കൊടുക്കുക. എന്തുകൊണ്ടെന്നാൽ വൈദികന്മാരും പറയുന്നു. "സ്ത്രീമുഖംതു സദാശുചി" എന്നു്.

ശ്രദ്ധ—ഭഗവാൻെറ കല്പനപോലെ. (എന്നു പാത്രം വാങ്ങി കുടിച്ചുംകൊണ്ടു ശേഷം കൊടുക്കുന്നു)

ഭിക്ഷു—ഹാ മഹാപ്രസാദം (മദ്യംവാങ്ങികുടിക്കുന്നു) ഹാ മദ്യത്തിൻെറ സൌരഭ്യം!

മട്ടില്ലാതെത്രവാരാംഗനകളുടെ മുഖാ-
മോദമേലുന്നശിഷ്ടം
മട്ടോലുംകേസരപ്പൂംപരിമളമിയലും
മദ്യമുണ്ടീടിനേൻഞാൻ
മുഷ്ടസപ്രാദാന്ന കാപാലികയുടെ മുഖസൌ-
രഭ്യമേലുന്ന മദ്യം
കിട്ടാഞ്ഞിട്ടെന്നുതോന്നുന്നമരരമൃതപാ-
നംചെയ്തൊരിക്കുന്നരിന്നും. ൧൧

ക്ഷപണ——എടോ ഭിക്ഷുക! നീ എല്ലാം കുടിച്ചുകളയരുത്. കാപാലിനിയുടെ വക്ത്രോച്ഛിഷ്ടമായ മദ്യം നമുക്കും കിട്ടണം

(ഭിക്ഷു ക്ഷപണകനായിട്ടു പാനപാത്രം കൊടുക്കുന്നു)

ക്ഷപ — (പാനംചെയ്തിട്ട്) ഹാ മദ്യത്തിൻെറ മാധുര്യം! ഹാ സൌരഭ്യം! കഷ്ടം ചിരകാലമായി അർഹതമത ത്തിൽ പതിച്ചു ഇപ്രകാരമുള്ള മദ്യത്തിൻെറ രസം സിദ്ധിക്കാതെ പൊയ്പ്പോയല്ലോ. എടോ ഭിക്ഷുക, എ ൻെറ ശരീരം കുഴങ്ങുന്നു. അതുകൊണ്ടു ഞാൻ അല്പം ഉറങ്ങട്ടെ.

ഭിക്ഷു —രണ്ടാൾക്കും അപ്രകാരം ചെയ്യാം.

(രണ്ടുപേരും അപ്രകാരം ചെയ്യുന്നു)

കാപാ——പ്രിയേ! വിലകൂടാതെ രണ്ടുദാസന്മാരെ കിട്ടിയില്ലേ? അതുകൊണ്ട് നമുക്കൊന്നു നൎത്തനം ചെയ്യാം.

(രണ്ടുപേരും നൎത്തനം ചെയ്യുന്നു.)

ക്ഷപ —എടോ ഭിക്ഷുക, ഇതാ കാപാലികൻ——അല്ലെങ്കിൽ ആചാര്യൻ-കാപാലിനിയോടുകൂടി ഭംഗിയായി നൎത്ത നം ചെയ്യുന്നു. അതുകൊണ്ട് ഇയാളോടൊന്നിച്ചു ന മുക്കും നൎത്തനം ചെയ്യാം.

ഭിക്ഷുകൻ—അങ്ങിനെ ആവാം. (രണ്ടുപേരും മദംകൊണ്ടു കാലിടറിക്കളിക്കുന്നു)

(ക്ഷപണകൻ "മാടൊ ന്തമാംസള" എന്നു തുടങ്ങിപ്പാടുന്നു.)

ഭിക്ഷു—ആചാര്യ; ഈ മതം അത്യത്ഭുതകരമായിരിക്കുന്നു. ഇതിൽ ക്ലേശംകൂടാതെ അഭീഷ്ടങ്ങളെല്ലാം സിദ്ധിക്കുന്നല്ലൊ.

കാപാ—ഇതെന്താശ്ചര്യമായിരിക്കുന്നു. നോക്കുക.

വിട്ടീടാതുരുകാമമാൻവിഷയാത്ഥി-
ക്കംനിനച്ചാലിതിൽ
കിട്ടീടുന്നണിമാദിസിദ്ധികളട്ടത്തു-
ള്ളോരുമോക്ഷത്തിനാൽ
പൊട്ടുച്ചാടന,വശ്യ,മോഹന, ഹൃതി,
പ്രക്ഷോഭണം,മാരണം
തൊട്ടുള്ളീവകസിദ്ധിപണ്ഡിതനെഴും
യോഗാന്തരായങ്ങളാം. ൨൩

ക്ഷപ—എടോ കാപാലിക! (വിചാരിച്ചിട്ട്) അല്ലയൊ ആചാര്യ, ആചാര്യരാജ, കുലാചാര്യ,

ഭിക്ഷു—(ചിരിച്ചിട്ട്) പരിചയമില്ലാത്ത ഈ തപസ്വി അമിതമായ മദ്യപാനംകൊണ്ട് ഏററവും ഉന്മത്തനായിത്തീൎന്നിരിക്കുന്നു. അതുകൊണ്ട് ഇയ്യാളുടെ മദാതിരേകത്തെ അങ്ങു ശമിപ്പിച്ചാലും.

കാപാ—അങ്ങിനെയാട്ടെ (എന്ന് താംബൂലചൎവ്വിതത്തെ വായിൽനിന്നെടുത്ത് ക്ഷപണകനു കൊടുക്കുന്നു)

ക്ഷപ—(സ്വസ്ഥനായി ഭവിച്ചിട്ട്) ആചാര്യ! ഒന്നു ചോദിക്കുന്നു-

നിങ്ങളുടെ മദ്ധ്യത്തിൽ യാതൊരുവിധമായ ആകർഷണശക്തി ഭവിക്കുന്നുവൊ അപ്രകാരം സ്ത്രീപുരുഷന്മാരിലുമുണ്ടോ?

കാപാ——അതു വിശേഷിച്ചു ചോദിപ്പാനുണ്ടോ?

ഗന്ധർവ്വാംഗനയൊട്ടയക്ഷിനാഗിയാകും
ബന്ധൂകാധരിസുരനാരിയെന്നുവേണ്ട
എന്തെല്ലാമഭിലഷിതങ്ങളെങ്കിലും ഞാൻ
ചിന്തിച്ചാൽഝടിതിവരുന്നുവിദ്യയാലെ. ൨൩

ക്ഷപ——ഹേ! ഞാൻ ഗണിതത്തിൽ നിന്നും ഇപ്രകാരമറിയുന്നു. നാമെല്ലാവരും മഹാമോഹത്തിന്റെ കിങ്കരന്മാരാണെന്നു്.

രണ്ടുപേരും——ആയുഷ്മാൻ അറിഞ്ഞതു് അപ്രകാരംതന്നെ.

ക്ഷപ——അതുകൊണ്ടു് രാജ്യകാര്യത്തെക്കുറിച്ചു് അല്പം ആലോചിച്ചാലും.

കാപാ——എന്താണതു്?

ക്ഷപ——സത്യപുത്രിയായ ശ്രദ്ധയെ മഹാരാജാവിന്റെ കല്പനപ്രകാരം പിടിക്കണമെന്നു്——ആകർഷിക്കണമെന്നു്.

കാപാ——ആ കുലടാപുത്രി എവിടെ? പറയൂ, അവളെ ഞാൻ വിദ്യാബലംകൊണ്ടു് ഉടനെ വരുത്തുന്നുണ്ടു്.

ക്ഷപ——എന്നാൽ ഞാൻ ഗണിച്ചിട്ടു് കാണിച്ചുതരാം.

(എന്നു ധ്യാനംനിരീക്ഷിച്ചു് ഗണിതത്തെനടിക്കുന്നു)

ശാന്തി——സഖീ! ഈ ഹതാശന്മാരുടെ സംസാരം അമ്മയെക്കുറിച്ചാണെന്നു തോന്നുന്നു. അതുകൊണ്ടു നമുക്കു സാവധാനമായി കേൾക്കാം.

കരു—തോഴി! അങ്ങനെയാകട്ടെ. (രണ്ടുപേരും അപ്രകാരം ചെയ്യുന്നു)

ക്ഷപ — വെള്ളത്തിലില്ലകരത്തിനിലുമില്ലകുന്നിൻ
പള്ളത്തിലില്ലവളധോളവനത്തിലില്ല
കള്ളം വെടിഞ്ഞമലവൈഷ്ണവഭക്തിയോടും
ഉള്ളത്തിലുണ്ടു മരുവുന്നമഹാജനാനാം. ൨൮

കരുണ—(ആനന്ദത്തോടുകൂടെ) തോഴി, നീ ഭാഗ്യത്താൽ വൎദ്ധിക്കുന്നു. ശ്രദ്ധ വിഷ്ണുഭക്തിയുടെ അടുക്കൽ ഉണ്ടുപോൽ.

(ശാന്തി സന്തോഷം നടിക്കുന്നു.)

ഭിക്ഷു — എന്നാൽ കാമന്റെ അടുക്കൽനിന്നും തെററിനടക്കുന്ന ധൎമ്മം എവിടെയാണു വസിക്കുന്നതു്?

(ക്ഷപണകൻ പിന്നെയും ഗണിച്ചിട്ടു് "വെള്ളത്തിലില്ല . ......" എന്നു പിന്നെയും ചൊല്ലുന്നു)

കാപാ—(വിഷാദത്തോടുകൂടെ) അയ്യോ മഹാമോഹമഹാരാജാവിന്നു് വലിയ അപകടം നേരിട്ടു. എങ്ങനെയെന്നാൽ—

സിദ്ധിമൂലമായ ദേവിവിഷ്ണുഭക്തിയോടുടൻ
ശ്രദ്ധസത്വപുത്രിചേൎന്നുനിന്നിടുന്നതില്ലയോ?
തത്രകാമനെപ്പിരിഞ്ഞുധൎമ്മവും വസിക്കുകിൽ
കൃത്യമൊക്കെയും വിവേകഹസ്തസിദ്ധമല്ലയോ? ൨൯

അപ്രകാരമാണെങ്കിലും പ്രാണത്യാഗം ചെയ്തിട്ടും സ്വാമികാൎയ്യത്തെ അനുഷ്ഠിക്കണം. അതുകൊണ്ടു് ധൎമ്മത്തേയും ശ്ര

ദ്ധയേയും ആകൎഷിക്കുന്നതിന്നു മഹാഭൈരവിവിദ്യയെ നിയോഗിക്കാം.

(എന്നു് എല്ലാവരുംപോയി)

ശാന്തി—സഖി നമുക്കും ഈ ഹതാശന്മാരുടെ ആരംഭത്തെ ദേവി വിഷ്ണുഭക്തിയേ അറിയിക്കാം.

(എന്നു പോയി)

മൂന്നാം അങ്കം.

---

## നാലാം അങ്കം.

---

(അനന്തരം മൈത്രി പ്രവേശിക്കുന്നു.)

മൈത്രി—മുദിതയുടെ മുഖത്തിൽനിന്നും ഞാൻ ഇപ്രകാരം കേട്ടു:—"ദേവി വിഷ്ണുഭക്തി ശ്രദ്ധയെ ധൎമ്മത്തോടുകൂടെ മഹാ ഭൈരവിയുടെ ഗ്രസനഭ്രമത്തിൽനിന്നു രക്ഷിച്ചു" എന്നു്. അതുകൊണ്ടു് ഉൽകണ്ഠിതയായിരിക്കുന്ന എനിക്കു എന്റെ പ്രിയസഖിയെ എവിടെവച്ചോനുകാണാം.

(എന്നു ചുററി നടക്കുന്നു)

(അനന്തരം ശ്രദ്ധ പ്രവേശിക്കുന്നു.)

ശ്രദ്ധ—

(നാലുദിക്കിലും നോക്കി ഭയപ്പെട്ടു വിറച്ചുകൊണ്ടു്)

ഞെട്ടിപ്പോകുന്ന ഘോരാകൃതി, പുരുഷകപാ-
ലങ്ങളാൽ കണ്ണപൂരം,
പൊട്ടുംമിന്നൽപ്പൊരിപ്രേക്ഷണ, മനലകഡാ-
രാഭമക്കേശപാശം
ദംഷ്ട്രാവക്ത്രേന്ദുമദ്ധ്യേരസനയിഴയുമാ-
ഭൈരവീരൂപമോക്കിൽ
പെട്ടെന്നുള്ളം നടുങ്ങുന്നിളയകദളിതൻ
കന്നുപോലിന്നുമയ്യോ! ൧

മൈത്രി—(ആത്മഗതം) അല്ലാ ഇതാ എൻെറ പ്രിയസഖിയായ ശ്രദ്ധ ഭയാതിരേകത്താൽ പരിഭ്രാന്തമായിരിക്കുന്ന ഹൃദയത്തോടുകൂടിയവളായി കാററിനാൽ ഇളക്കപ്പെട്ട വാഴസ്തംഭംപോലെ വിറച്ചുംകൊണ്ടിരിക്കുന്ന സർവ്വാംഗങ്ങളോടുകൂടിയവളായി എന്തോ മന്ത്രിച്ചുംകൊണ്ടിവിടെത്തന്നെ നില്ക്കുന്നു. അത്യന്തം സംമുഖമായിട്ടുപോലും എന്നെ കാണുന്നില്ല. അതുകൊണ്ടു് സംസാരിക്കുക തന്നെ. (പ്രകാശം) അല്ലയോ പ്രിയസഖി, ശ്രദ്ധേ! പര്യാകുലഹൃദയയായിരിക്കുന്ന നീ എന്നെപ്പോലും കാണുന്നില്ലേ?

ശ്രദ്ധ—(നോക്കി നെടുവീർപ്പോടുകൂടെ) അല്ലാ എൻെറ പ്രിയസഖി മൈത്രിയോ?

മഹാദംഷ്ട്രം കാളരാത്രീമുഖം നി-
സ്സഹായം ഞാൻപൂകിലും ഭാഗ്യലേശാ
ലിഹാമോദാലീവിധം കാണുകെന്നാ-
യഹോതോഴി പിന്നെയും നിന്നെയും മേ. ൨

അതുകൊണ്ടു് വന്നാലും എന്നെ ആലിംഗനം ചെയ്താലും.

മൈത്രി—(അപ്രകാരം ചെയ്തിട്ട്) തോഴി അപ്രകാരം വിഷ്ണുഭക്തി യാൽ അധഃകരിക്കപ്പെട്ട പ്രഭാവത്തോടുകൂടിയ ആ മഹാ ഭൈരവിനിമിത്തം ഏതിനായിട്ടാണിപ്പോഴും നിന്റെ അംഗങ്ങൾ വിറയ്ക്കുന്നതു്?

(ശ്രദ്ധ "ഞെട്ടിപ്പോകുന്ന ഭീമാകൃതി" എന്ന ശ്ലോകത്തെ പിന്നെയും ചൊല്ലുന്നു.)

മൈത്രി—അയ്യോ! ഹതാശയായ അവൾ ഭയങ്കരദർശന തന്നെ. പിന്നെ അവൾ വന്നെന്തുചെയ്തു?

ശ്രദ്ധ—തോഴി കേൾക്കുക.

ഭുവിൽപെട്ടന്നവളിഹപതിച്ചെന്നെയദ്ധർമ്മമോടും
കാവിക്കൈകൊലിവകളിലെടുത്തംബരത്തോട്ടുപോയാൾ
അവിഷ്പാണിപ്രഗ്രഹശിഖരം രണ്ടിലും മാംസഖണ്ഡം
റാവിക്കൊണ്ടങ്ങുപരികഴുകിൻപേടപോകുന്നപോലെ. ൨

മൈത്രി—അയ്യോ! കഷ്ടം കഷ്ടം!!

(എന്നു മൂർച്ഛിച്ചു വീഴുന്നു.)

ശ്രദ്ധ—സഖി, ആശ്വസിക്കു, ആശ്വസിക്കു;

മൈത്രി—(ആശ്വസിച്ചിട്ട്) പിന്നെ, പിന്നെ-

ശ്രദ്ധ—അനന്തരം ഞങ്ങളുടെ ആർത്തസ്വരംകേട്ടു ദയാകുല ഹൃദയയായിട്ട് ദേവി വിഷ്ണുഭക്തി.

വളച്ചുപുരികങ്ങൾ കണ്ണിണച്ചുവത്തിവല്ലാതുടൻ
തിളച്ചുരുഷിതംമഹാ വികടമൊന്നുനോക്കുംവിധൌ

പിളൎന്നശനിയേററു് പാറകൾപൊടിഞ്ഞഭീമാദ്രിപോൽ
പുളഞ്ഞവർ കരോടിപൊട്ടിവിതറിപ്പതിച്ചീടിനാർ. ൧൨

മൈത്രി—ഭാഗ്യംകൊണ്ടു് വ്യാഘ്രിയുടെ മുഖത്തിൽനിന്ന മാൻ പേടയെപ്പോലെ പ്രിയസഖിയെ ദൈവംതന്നെ രക്ഷിച്ചു. പിന്നെ—പിന്നെ—

ശ്രദ്ധ—അനന്തരം ദേവി അപ്പോഴുണ്ടായ അഭിനിവേശത്തോട്ടുകൂടി ഇപ്രകാരം പറഞ്ഞു—"ദുരാത്മാവായ ഈ മഹാമോഹഹതകൻ എന്നെയുംകൂടി അവമാനിക്കുന്നു. ഞാൻ ഇവൻെറ ഉന്മൂലനാശത്തെ ചെയ്യുന്നുണ്ടു്" എന്നു്. പിന്നെ എന്നോടു ദേവി ഇപ്രകാരം അജ്ഞാപിക്കുകയും ചെയ്തു. "ശ്രദ്ധേ നീ പോയി വിവേകത്തോടറിയിക്കുക. കാമക്രോധാദികളെ ജയിക്കുന്നതിനായി അദ്യം ഉദ്യമിക്കണം. പിന്നെ വൈരാഗ്യം ഉത്ഭവിക്കും. ഞാനും സമയംപോലെ പ്രാണായാമാദികളുടെ സഹായത്തോട്ടുകൂടി നിങ്ങളുടെ സൈന്യത്തെ അനുഗ്രഹിക്കും. ഋതംഭരാദികളായ ദേവികളും ശാന്ത്യാദികളുടെ കൌശലത്താൽ ഉപനിഷത്തിനോടു സംഗതനായിരിക്കുന്ന പുരുഷന്നു് പ്രബോധചന്ദ്രോദയത്തിനായിട്ടു് സഹായിക്കുന്നതാണു്." എന്നു് അതുകൊണ്ടു് ഞാൻ ഇപ്പോൾ വിവേകസന്നിധാനത്തിലേക്കു പോകുകയാണു്. നീ എന്നാൽ എന്തുചെയ്തിട്ടാണു് ദിവസങ്ങളെ കഴിക്കുന്നതു്?

മൈത്രി—ഞങ്ങൾ നാലു (മൈത്രി, കരുണ, മുദിത, ഉപേക്ഷ) സഹോദരികളും വിഷ്ണുഭക്തിയുടെ കല്പനപ്രകാരം

വിവേകസിദ്ധിക്കായിട്ട് മഹാത്മാക്കളുടെ ഹൃദയത്തിൽ വസിക്കും. ആ മഹാത്മാക്കളാകട്ടെ,

എന്നേസ്വസ്ഥാത്മനി'മുദിത'യേപ്പുണ്യവാന്മാരിലേവം
ഖിന്നന്മാരിൽ 'കരുണ'യെ'ഉപേക്ഷാ' ഖ്യയെപ്പാപിമേലും
ഉന്നിക്കൊണ്ടാലതികലുഷമായ് രാഗരോഷാദിദോഷം
തന്നിൽപെട്ടും തെളിയുമുടനേ ചിത്തവിട്ടന്തരാത്മാ. ൫

അതുകൊണ്ട് ഞങ്ങൾ നാലു സഹോദരികളും വിവേകത്തിൻെറ അഭ്യുദയനിമിത്തമായ വ്യാപാരത്തിൽതന്നെ ദിവസങ്ങളെ കഴിക്കും. എന്നാൽ പ്രിയസഖി മഹാരാജ്ഞാവിനെ ഇപ്പോൾ എവിടെ സന്ദർശിക്കും?

ശ്രദ്ധ—ദേവി വിഷ്ണുഭക്തി ഇപ്രകാരം പറഞ്ഞു:—"രാഢാദേശത്തു് ഭാഗീരഥിയുടെ രീരപ്രദേശങ്ങൾക്കു് അലംകാരഭൂതമായിരിക്കുന്ന ചക്രതീർത്ഥത്തിൽ പശ്ചാകുലഹൃദയനായ വിവേകം മീമാംസാനുസാരിണിയായിരിക്കുന്ന മതിയോടുകൂടി പണിപ്പെട്ടു പ്രാണധാരണം ചെയ്തുംകൊണ്ടു് ഉപനിഷദ്ദേവിയുടെ സംഗമത്തിനായിട്ടു് രാവും പകലും തപസ്സുചെയ്യുന്നു" എന്നു്.

മൈത്രി—എന്നാൽ പ്രിയസഖി പോകുക. ഞാനും എൻെറ നിയോഗത്തെ അനുഷ്ഠിക്കട്ടെ.

ശ്രദ്ധ—അങ്ങനെയാവാം.

(എന്നു രണ്ടാളും പോയി.)

(വിഷ്കംഭം.)

(അനന്തരം മഹാരാജാവും ഹരിക്കാരനും പ്രവേശിക്കുന്നു.)

രാജാ (വിവേകം)—ഹാ പാപീ! മഹാമോഹനീച, നിന്നാൽ ഈ ലോകം സൎവ്വപ്രകാരത്തിലും വഞ്ചിക്കപ്പെട്ടു. എങ്ങനെയെന്നാൽ—

ശാന്ത്യനന്തവിശുദ്ധ നിശ്ചലചിദാ-
നന്ദാമൃതാംഭോധിത-
ന്നന്തൎഭാഗമതിൽക്കിടന്നുമതിനെ-
ച്ചെററാസ്വദിപ്പീലഹോ
ഭ്രാന്ത്യാതുച്ഛമരീചികാൎണ്ണവമതിൽ
ച്ചെന്നാചമിക്കുന്നുടൻ
മോഹാന്ധ മുഴുകുന്നുനിന്നു കളിയായ്
മുങ്ങുന്നു പൊങ്ങുന്നതിൽ. ൯

അല്ലെങ്കിൽ സംസാരചക്രത്തിന്റെ വാഹകനായ മഹാമോഹത്തിന്ന് അജ്ഞാനമാണല്ലോ ബീജം. അതിന്റെ നിവൃത്തി തത്വബോധംകൊണ്ടുമാണ്. എന്തെന്നാൽ—

സാരാബോധക്കരുവിലുള്ളവായ്പുന്ന സംസാരവൃക്ഷം
വേരോട്ടുന്മൂലനമതുവരുത്തീട്ടവാനോൎത്തുകണ്ടാൽ
ആരാധിച്ചിട്ടഖിലപതിതന്നെൻപിന്നാൽ തത്വബോധം
നേരായുണ്ടാകണമതൊഴികെപ്പററുമോമററുപായം. ൧

മിക്കവാറും സത്തുക്കളുടെ വ്യവസായത്തിൽദേവതകൾ സഹായമായിരിക്കുമെന്ന് തത്വജ്ഞന്മാർ പറയുന്നുണ്ട്. അപ്രകാരം വിഷ്ണുഭക്തി കല്പിച്ചയച്ചുമിരിക്കുന്നു. "കാമാദികളുടെ വിജയത്തിന്നായിക്കൊണ്ടു പ്രയത്നിക്കുക. ഞാനും ഭവാന്റെ

പക്ഷത്തെ അനുഗ്രഹിക്കാം'' എന്ന്. അതിനാൽ അവരിൽ പ്രഥമവീരനായ കാമൻ വസ്തുവിചാരത്താൽ തന്നെ ജയിക്കപ്പെട്ടു. എന്നാൽ അകട്ടെ ആ വസ്തുവിചാരത്തെത്തന്നെ കാമജയത്തിന്നായി അജ്ഞാപിക്കാം.

വേദവതി, വസ്തുവിചാരത്തെ വിളിക്കൂ.

ദ്വാരപാലിക—തിരുമേനിയുടെ കല്പനപോലെ.

(എന്നു പോയി വസ്തുവിചാരവുമായി പ്രവേശിക്കുന്നു)

വസ്തുവിചാരം—കഷ്ടം! അവിചാരരമണീയമായിരിക്കുന്ന പദാർത്ഥങ്ങളിലെ അഭിമാനത്താൽ വർദ്ധിക്കുന്നവനായ കാമഘാതകനാൽ—അല്ലെങ്കിൽ മഹാമോഹത്താൽതന്നെ—ജഗത്തു മുഴുവൻ വഞ്ചിക്കപ്പെട്ടു. എങ്ങനെയെന്നാൽ,

കാന്തേ! കാംബുജപ്പൂമിഴി! കഠിനനിതം-
ബോത്തമേ! നിർഭരശ്രീ-
യേന്തുന്നത്യുച്ചമാടസ്തനി! സുമുഖി!യെടോ
സുഭ്രു!വെന്നിപ്രകാരം
പ്രാന്തത്തിൽ പ്രാജ്ഞനും ചാർത്തരിവയർമലഭാ-
ണ്ഡത്തെ വാഴ്ത്തുന്നു മോദ-
ഭ്രാന്താർന്നിടുന്നു പുൽകുന്നലമഹഹ! മഹാ
മോഹദുശ്ചേഷ്ടിതങ്ങൾ! ൨൪

എന്നുമാത്രമല്ല യഥാർത്ഥമായി വസ്തുവിചാരംചെയ്യുന്ന മഹാത്മാക്കൾപോലും മാംസപങ്കങ്ങളാൽ പരിബദ്ധങ്ങളായിരിക്കുന്ന അസ്ഥിക്കൂട്ടുകളും സ്വഭാവേന ദുർഗ്ഗന്ധികളായിരിക്കുന്ന ബീഭത്സവേഷകളുമാണ് സ്ത്രീകൾ എന്നു വൈരാഗ്യം ജനി

ക്കന്നില്ലല്ലോ. അതുകൊണ്ടു ഈ സ്ത്രീകളിൽ അന്യവസ്തുക്കളുടെ ഗുണങ്ങളെ ആരോപിക്കുന്നു, നിശ്ചയംതന്നെ. എങ്ങനെയെന്നാൽ—

മുത്തല്ലേ ഹാരഭാരം? മണിപദവലയം
സ്വർണ്ണമല്ലേ ചുവപ്പോ
സിന്ധുംസിന്ദൂരമല്ലേ? സുരഭിസുമനസാം-
ത്തിൻറതല്ലേ സുഗന്ധം?
വസ്ത്രം കൌശേയമല്ലേ? വെളിയിലിവകള-
ല്പജ്ഞർ കല്പിക്കയല്ലേ?
നേത്തുള്ളിൽ പാക്കിലേതോ നരകമതിന്നഹോ
നാരിപേരായതല്ലേ? ൩൫

(ആകാശത്തിൽ നോക്കിക്കൊണ്ട്)

ഛെ എടാ പാപി, കാമചണ്ഡാല! നിരാശ്രയമായിട്ടു തന്നെ ഉല്പന്നനായിരിക്കുന്ന നീ ഇപ്രകാരം ജനങ്ങളെ എന്തിനായിട്ടു പരവശന്മാരാക്കിച്ചെയ്യുന്നു? എങ്ങനെയെന്നാൽ ജനങ്ങൾ ഇപ്രകാരം അഭിമാനിക്കുന്നു.

ബാലത്തയ്യലിണങ്ങിട്ടുന്നിവളുമാംനോക്കുന്നു സാകൂതമീ
നീലത്താർമിഴിയാളിതാ നിജകുചംപുല്കാൻകൊതിക്കു-
എടാ മൂഢ! (ന്നുമാം
തോലുംമാംസവുമസ്ഥിയുംജഡമതേകാമിക്കുമോനോക്കുമോ?
സ്ഥൂലാകാരമിതല്ലകാണ്മതകമേ സത്തായചിത്താണെടോ. ൩൬

ദ്വാരപാ—മഹാഭാഗ ഇതിലേ വരാം.

(രണ്ടുപേരും ചുററിനടക്കുന്നു.)

ദ്വാര—ഇതാ മഹാരാജാവു് എഴുന്നള്ളിയിരിക്കുന്നു. അവിടുന്നു അങ്ങോട്ടു ചെല്ലുക.

വസ്തു—(അടുത്തിട്ട്) ദേവൻ ജയിക്കട്ടെ! ജയിക്കട്ടെ!! ഇതാ വസ്തുവിചാരം നമസ്കരിക്കുന്നു.

രാജാ—ഇവിടെ ഇരിക്കാം.

വസ്തു—(ഇരുന്നിട്ട്) ദേവ, അവിടത്തെ കിങ്കരനായ ഈ ജനം വന്നു. കല്പനകൊണ്ടനുഗ്രഹിച്ചാലും!

രാജാ—നമുക്ക മഹാമോഹവുമായി യുദ്ധം നേരിട്ടിരിക്കുന്നു. അതുകൊണ്ട് ഈ യുദ്ധത്തിൽ അവൻെറ പ്രഥമവീരനായ കാമൻെറ പ്രതിവീരനായി നാം ഭവാനെ നിശ്ചയിച്ചിരിക്കയാണ്.

വസ്തു—ഞാൻ കൃതാൎത്ഥനായി. എന്തെന്നാൽ സ്വാമിയാൽ ഇപ്രകാരം സംഭാവനം ചെയ്യപ്പെട്ടല്ലോ?

രാജാ—എന്നാൽ ഭവാൻ ഏതു ശസ്ത്രവിദ്യകൊണ്ടാണ് കാമനെ ജയിക്കാൻപോകുന്നത്?

വസ്തു—ഹേ പഞ്ചബാണനേ പഞ്ചബാണൻ! പുഷ്പധന്വാവ്, കാമൻ ഇവനെ ജയിക്കുന്നതിനു ശസ്ത്രാപേക്ഷയോ? സ്വാമിൻ! കണ്ടാലും.

അന്തർദ്വാരങ്ങൾമൂടാമരിദ്രഢമണയാ-
　　തംഗനാവൃത്തിചെയ്യും
ചിന്തയ്ക്കും കാഴ്ചകൾക്കും ഝടിതി ചരമവൈ-
　　രസ്യമോ കുത്സതോന്നാൻ
അന്ത്രം മാംസം മലത്തൊട്ടെഴുമവയവമോ
　　പിന്നെയും പിന്നെയുംഞാൻ
ചിന്തിക്കാം ചെന്നെതിൎക്കാം അടലതിലലർവി-
　　ല്ലാളിയെലഘുളിയാക്കാം. ൧൨

എന്നുതന്നെയുമല്ല,

വിശാലത്വംകോലും പുളിനമെഴുമാറുംശിലകളിൽ
പ്രസാരം പ്രാപിക്കും മലകളിടചൂഴുംവിപിനവും
പ്രശാന്ത്യർത്ഥം വ്യാസോക്തികൾവിബുധരുംവാഴ്കിലഹോ
വസാമാംസാകാരപ്പുരിഷയെവിടെ? ക്കാമനെവിടെ? ൧൨

കാമൻെറ പ്രധാനമായ അസ്ത്രം സ്ത്രീയാകുന്നു. അതു കൊണ്ടു് അവളെ ജയിച്ചാൽ മററുള്ള സഹായങ്ങളെല്ലാം വിഫലാരംഭങ്ങളായിട്ടു ഭംഗത്തെത്തന്നെ പ്രാപിക്കും. എങ്ങനെയെന്നാൽ,

ചന്ദ്രൻ ചന്ദനനീരു ചന്ദ്രികയെഴും
ചേലാന്ന പൂവാടിമേൽ
മന്ദം മൂളിവരുന്നവണ്ടു മധുമാ-
സത്തിൻെറ പുത്താഗമം
മന്ദ്രം കാറുമുഴങ്ങി മൂടിയദിനം
ശൃംഗാരനീപാനില-
സ്പന്ദം തൊട്ടവയൊക്കെ നാരിയെബ്ബലാൽ
വെന്നാകിൽ വെന്നാകവേ. ൧൩

അതിനാൽ ഇനി വിളംബിച്ചിട്ടാവശ്യമില്ല. സ്വാമി ആജ്ഞാപിച്ചാലും—

നമ്മത്തൊട്ടുമനന്തമത്ഭുതവിചാരശസ്ത്രങ്ങൾകൊ-
ണ്ടയതാമണയുന്നരാതിബലമാകവേവെന്നുഞാൻ
കയർത്തുകുരുസേനതൻ നടുവിലെത്തി—യിന്ദ്രാത്മജൻ
ജയദ്രഥനെയെന്നപോൽ—ഝടിതികാമനെക്കൊല്ലുവൻ ൧൪

രാജാ—(പ്രസാദത്തോടുകൂടി) എന്നാൽ ശത്രുജയത്തിനായിട്ടു ഭവാൻ സന്നദ്ധനായാലും!

വസ്തുവി—സ്വാമിയുടെ കല്പനപോലെ (എന്നു തൊഴുതുംകൊണ്ടു പോയി)

രാജാ—വേദവതി! ക്രോധവിജയത്തിനായിട്ടു ക്ഷമയെത്തന്നെ വിളിക്കു.

ദ്വാരപാ—തിരുമേനിയുടെ കല്പനപോലെ.

(എന്നു പോയി ക്ഷമയുമായി പ്രവേശിക്കുന്നു.)

ക്ഷമ—

ചിന്നും കോപഭരാന്ധകാരകുടില
ഭ്രൂഭംഗമോടുഗ്രമാ-
യന്തിക്കാന്തികണക്കുകണ്ണിണചുവ-
ത്തിക്കൊണ്ടുനോക്കിദ്രുതം
നൊന്തീടുംവിഷമാക്ഷരങ്ങളപരൻ
ചൊന്നാൽസഹിക്കുംമഹാ-
നന്തൎന്നിൎമ്മലനിശ്ചലാം ബുദ്ധിമഹാ
ഗാംഭീൎയ്യവാൻവീൎയ്യവാൻ. ൧൩

(തന്നത്താൻ നോക്കി ശ്ലാഘിച്ചുംകൊണ്ടു)

കണ്ഠക്ലേശമതുംശിരോരുജയതും
തേടേണ്ടതെമ്മിൽപ്പരം
ശണ്ഠപ്പെട്ടുശരീരസന്ധികൾ ചത-
ഞ്ഞീടേണ്ടവാടേണ്ടകം
ദണ്ഡിക്കേണ്ട വധിച്ചിടേണ്ട നരകം
തേടേണ്ടരണ്ടെന്നിയേ-
ഖണ്ഡിച്ചോതുകിൽഞാനൊരുത്തിമതിയാം
ക്രോധത്തെബ്ബാധിക്കുവാൻ. ൧൪

(രണ്ടുദപാരും ചുററിനടക്കുന്നു)

ഭോ:പാ:—ഇതാ ദേവൻ. അതുകൊണ്ടു പ്രിയതോഴി അങ്ങോട്ടുചെല്ലുക.

ക്ഷമ—(അടുത്തുചെന്നിട്ട്) ദേവൻ ജയിക്കട്ടെ! ജയിക്കട്ടെ!! ഇതാ ദാസിയായ ക്ഷമ സാഷ്ടാംഗപാതം നമസ്കരിക്കുന്നു.

രാജാ—ക്ഷമെ! ഇവിടെയിരിക്കാം.

ക്ഷമ—സ്വാമിൻ! കല്പിച്ചാലും. ദാസീജനത്തെ എന്തിനായിട്ടാണ് വിളിച്ചതു്?

രാജാ—ഈ യുദ്ധത്തിൽ ദുർബുദ്ധിയായ ക്രോധത്തെ ഭവതി തന്നെ ജയിക്കണം.

ക്ഷമ—ദേവൻെറ അനുഗ്രഹമുള്ളപ്പോൾ മഹാമോഹത്തെത്തന്നെയും ജയിക്കുന്നതിനു ഞാൻ ശക്തയാണ്. പിന്നെ അവൻെറ അനുചരനായ ക്രോധത്തെപ്പററയണോ? അതുകൊണ്ടു ഞാൻ ഇപ്പോൾതന്നെ-

സ്വാദ്ധ്യായംസുരപിതൃയജ്ഞവും തപസ്സും
നിത്യാദിക്രിയയുമകാരണംമുടക്കും
നേത്രത്തിൽ കനൽ ചിതറുന്ന ദുഷ്ടകോപം
വീഴ്ത്തീടാം മഹിഷനെ ദുർഗ്ഗയെന്നപോലെ. ൧൭

രാജാ—ക്ഷമെ! ക്രോധവിജയത്തിനായി നിനക്കെന്താണുപായം? കേൾക്കട്ടെ.

ക്ഷമ—സ്വാമിൻ ബോധിപ്പിക്കാം.

ക്രോധിച്ചെന്നാകിൽമന്ദസ്മിതമൊടതുസഹി-
ക്കാംകടന്നേറിവന്നാൽ
പ്രീതിക്കൊത്താചരിക്കാം പ്രിയമൊഴികളു
രയ്ക്കാംപഴിക്കുന്നനേരം
മോദിക്കാംതല്ലിയെന്നാൽ ദുരിതമറുകയാൽ
തീരെദ്ദ്വാരയല്ലോ
സാധുക്കൾക്കീവിപത്തെന്നകമതിലലിവു-
ണ്ടെങ്കിലീക്രോധമുണ്ടോ? ൧൮

രാജാ—നന്നായി, നന്നായി.
ക്ഷമ—സ്വാമിൻ! ക്രോധത്തെ ജയിച്ചാൽ ഹിംസാപാരുഷ്യമാനമാത്സര്യാദികളും ജയിക്കപ്പെട്ടുതന്നെ.
രാജാ—എന്നാൽ ഭവതി വിജയത്തിനായിട്ടു പുറപ്പെട്ടാലും!
ക്ഷമ—സ്വാമിയുടെ കല്പനപോലെ.

(എന്നുപോയി.)

രാജാ—വേദവതീ! ലോഭത്തിന്റെ ജേതാവായ സന്തോഷത്തെ വിളിക്കൂ.
ദ്വാര—കല്പനപോലെ.

(എന്നുപോയി സന്തോഷത്തോടുകൂടി പ്രവേശിക്കുന്നു.)

സന്തോഷം—(വിചാരിച്ചിട്ടു ദയയോടുകൂടി)

ഖേദംകൈവിട്ടുവേണ്ടുംകനികൾതരുമരും
കായ്മരംകാട്ടിലില്ലേ?
സ്രോതഃസ്ഥാനങ്ങൾ തോറും ശിശിരമധുരമാം
പുണ്യപാനീയമില്ലേ?
ശീതസ്പർശംശയിപ്പാനിളയതളിരുതു-
വുന്നപൂവല്ലിയില്ലേ?
ഏതെന്നാലുംവിലുബ്ധ്ധൻധനികനിലയനം
കാത്തുകത്തുന്നുവല്ലോ. ൧൯

എടൊ മൂർഖ! ലുബ്ധ! നിൻെറ ഈ വ്യാമോഹം ദുഷ്പൂരമായിട്ടുള്ളതാണ്.

തുടങ്ങിയും മുടങ്ങിയും തുലഞ്ഞതെത്രയെങ്കിലും
മടങ്ങിടാത്തതെന്തുതേമഹീചികാംബുമോഹിതം
ദൃഢംവിശാലതൃഷ്ണയാലൊളിച്ചിടാത്തനിൻമനം
കട്ടംകഠോരവജ്രസാരബദ്ധമാണുദുർമ്മതെ! ൧൦

എന്നുതന്നെയല്ല ലോഭാന്ധകാരത്താൽ ഹതനായിരിക്കുന്ന നിൻെറ ഈ ചേഷ്ടകൾ മനസ്സിൽ കൗതുകത്തെ ജനിപ്പിക്കുന്നു. എന്തെന്നാൽ-

പൊന്നുവേണ്ടതുലഭിച്ചതിൽപരമിയററ
ണംപലിശചക്രണം
പിന്നെയുംമുതലതിൽപ്പരംപലിശഎന്നുനി
കരുതുകല്ലയൊ?
ഇന്നിയിങ്ങനെബലാലുടൻമുട്ടകിയാശ-
യാംപട്ടപിശാചിയാൾ
നിന്നെമോഹതിമിരത്തിൽമുക്കിമുഴവൻവി
ഴുങ്ങുമറികില്ലനീ. ൧൧

അത്രതന്നയുമല്ല—

കഷ്ടപ്പെട്ടുധനംലഭിക്കിലുമുടൻ
കൈവിട്ടുപോകുമ്പൊഴോ
സ്പഷ്ടംനിൻമൃതിയിങ്കലൊവിരഹമൊ
ന്നുണ്ടോക്രണ്ടാകിലും
ഇഷ്ടംപിന്നെനിനക്കതിൽസാധനമോ
ചൊല്ലീട്ടുകില്ലായ്മയോ
നഷ്ടപ്പാടതിലല്ലയോവ്യഥവരു-
ന്നില്ലെങ്കിലില്ലൊന്നുമേ. ൧൨

അത്രതന്നെയുമല്ല—

വൻപോക്കനയമൻനിനക്കതലമേൽ
വാല്ക്യമാകുംപെരും-
പാമ്പോന്നിനെവിഴുങ്ങിടുന്നുഭുവനം
പുത്രാദിഗൃധ്രങ്ങളും
മുൻപേലോഭരജസ്സുബോധപയസാ
ക്ഷാളിച്ചു്സന്തോഷമാം-
പൈമ്പാലംബുധിതന്നിലൊന്നമുഴുകി
പ്പാൎക്കിൽസുഖിക്കാമെടോ. ൨൩

ദ്വാരപാ—ഇതാസ്വാമി, അതുകൊണ്ടു മഹാഭാഗൻ അ ങ്ങോട്ടുചെല്ലുക.

സന്തോ—(അപ്രകാരംചെയ്തിട്ട്) സ്വാമി ജയിക്കട്ടെ! ജയിക്കട്ടെ!! ഇതാ സന്തോഷം നമസ്കരിക്കുന്നു.

രാജാ—ഇവിടെയിരുന്നാലും!

(എന്നു തൻെറ അടുക്കലായിട്ടിരുത്തുന്നു.)

സന്തോ—(വിനയത്തോടുകൂടെ ഇരുന്നിട്ടു) ഈ ഭൃത്യജനത്തെ സ്വാമി ആജ്ഞാപിച്ചാലും.

രാജാ—ഭവാൻെറ പ്രഭാവം നമുക്കറിവുള്ളതാണല്ലോ. അതുകൊണ്ടു് ഇനി വിളംബിച്ചിട്ടാവശ്യമില്ല. ലോഭത്തെ ജയിക്കുന്നതിനായിട്ടു് വാരാണസിയിലേക്കു പുറപ്പെട്ടാലും.

സന്തോ—സ്വാമിയുടെ കല്പനപോലെ.

ഇതാ ഞാൻ,

ചതിച്ചെന്നുംലോകത്രയവിജയിയായ്നൈകമുഖനായ്
വധിച്ചുംബന്ധിച്ചുംദ്വിജവിബുധവൃന്ദത്തെയനിശം
മദിച്ചാളുംലോഭംതടിരിപിടിപെട്ടന്യവശമു-
ന്മഥിച്ചീടാംദുഷ്ടൻദശവദനനേ ദാശരഥിപോൽ. ൨൪

(എന്നുപോയി)

(അനന്തരം വിനീതവേഷനായ പുരുഷൻ പ്രവേശിക്കുന്നു.)

പുരുഷൻ—സ്വാമിൻ! വിജയയാത്രാമംഗളങ്ങൾ എല്ലാം സംഭരിച്ചുകഴിഞ്ഞു. ദൈവജ്ഞന്മാൽ നിശ്ചയിക്കപ്പെട്ട യാത്രാമുഹൂർത്തവും വളരെ ആസന്നമായിരിക്കുന്നു.

രാജാ—എന്നാൽ സേനകളെ പ്രസ്ഥാപിപ്പിക്കുന്നതിനായി സേനാധിപന്മാരെ അറിയിച്ചാലും.

പുരു—സ്വാമിയുടെ കല്പനപോലെ

(എന്നുപോയി)

(അണിയറയിൽ)

കുംഭിക്കൂട്ടങ്ങൾകുംഭച്യുതലഹരികുടി-
ച്ചാർത്തുകൂവുന്നവണ്ടോ-
ടമ്പിൽക്കൂട്ടാംപടത്തേർനിരകളിലനില-
സ്സുധിയശ്വങ്ങൾപൂട്ടാം,
ജൃംഭൽകുന്താകുലപ്പത്തിക്കുകുഭികുവലയക്കൂ-
ട്ടമെഴുംപൊയ്യതന്നപ്പോൾ
മുൻപിൽകാലാൾനടക്കാംപടകൾകുതിര-
മേൽവാളിളക്കാംതിരിക്കാം. ൨൭

രാജാ—അട്ടേ മംഗളാനുഷ്ഠാനം കഴിച്ചു പുറപ്പെട്ടുകതന്നെ. (സേവകനെനോക്കീട്ട്) എടൊ! യുദ്ധരഥം സന്നദ്ധമാക്കിക്കൊണ്ടുവരുന്നതിനു സാരഥിയോടാജ്ഞാപിക്കു.

സേവകൻ—കല്പനപോലെ

(എന്നുപോയി)

(അനന്തരം രഥവുംകൊണ്ടു സാരഥിപ്രവേശിക്കുന്നു)

സാരഥി—ദേവ! ഇതാ രഥം സന്നദ്ധമായിരിക്കുന്നു. അതുകൊണ്ട് ആയുഷ്മാൻ ആരോഹണം ചെയ്താലും!

രാജാ—

(മംഗളവിധിയെചെയ്തിട്ട് രഥാരോഹണംനടിക്കുന്നു)

സാരഥി—(രഥവേഗത്തെ അഭിനയിച്ചുംകൊണ്ട്) ആയുഷ്മൻ ഇതാ—ഇതാ—

പാരംപൊങ്ങിപ്പറക്കുംപൊടിപടലഭരാ-
ലൂർദ്ധ്വമാംപാദവേഗ-
സ്ഫാരംപായുംകുളമ്പിന്നടിവിരകൾനില-
ത്തെത്തിയെത്താതവണ്ണം
പാരാവാരംമഥിക്കുംപടിപടുതപെടും
ഘോരനേമിപ്രഘോഷ-
പ്പോരോട്ടുംതേർവലിക്കുന്നിത, കുതിരകളാ-
ഡംബരാലംബരത്തിൽ. ൨൰

ഇതാ അല്പം ദൂരെയായിട്ട് ത്രിലോകപരിശുദ്ധയായി വാരാണസിയെന്നു പ്രസിദ്ധയായിരിക്കുന്ന ആ നഗരി ദൃഷ്ടിമാർഗ്ഗത്തെ പ്രാപിക്കുന്നു.

ധാരായന്ത്രംതടഞ്ഞാധൂമധൂമിതജലാ-
ധ്മാനമോടത്രകാണു-
ന്നാരാൽചന്ദ്രാതപംപോൽധവളബഹളമാം
സൗധജാലങ്ങളെല്ലാം
നേരേനാനാനിറത്തിൽകൊടിനിരകൾ
പറക്കുന്നതിൻകോടിതോറും
ധാരാളംശാരദാഭ്രോപരിചലിതതടിത്-
കാന്തികയ്യേന്തിടുന്നു. ൨൧

ഇതാ ഇവിടെ മുകുളങ്ങൾതോറും പററിയിരിക്കുന്ന വണ്ടുകളുടെ ഝംകാരങ്ങളെക്കൊണ്ട് ശബ്ദായമാനങ്ങളായി വി

കാസാരംഭാതിശയത്താൽ ചിതറിപ്പൊഴിയുന്ന തേൻതുള്ളികളാൽ ദുർദ്ദിനീകൃതങ്ങളായി കുസുമസൌരഭ്യബഹുളങ്ങളായി ശ്യാമളങ്ങളായി നിബിഡങ്ങളായിരിക്കുന്ന പത്രസന്താനങ്ങളുടെ ഛായകളെക്കൊണ്ടു സുഭഗങ്ങളായിരിക്കുന്ന വൃക്ഷനിരകളാൽ അലംകൃതങ്ങളായിരിക്കുന്ന പട്ടണപര്യന്തത്തിലെ ഉദ്യാനഭാഗങ്ങൾ സമീപത്തിലായിട്ടുകാണപ്പെടുന്നു. ഇതാ ഇതിങ്കലെ മന്ദവായുക്കൾപോലും പാശുപതവ്രതനിഷ്ഠന്മാരായ താപസന്മാരെപ്പോലെ തോന്നുന്നു.

എങ്ങനെ എന്നാൽ

ഗംഗാംഭസ്സിൽനനഞ്ഞുവെൺപൊടിയണി-
ഞ്ഞാരാലെഴുംപൂമര-
ശ്ശൃംഗാന്തംചൊരിയുന്നചാരുമലരാൽ-
ചെയ്യുന്നശൈവാച്ചനം
ഭൃംഗാരാവമനോഹരസ്തവഗണംപാ-
ടുന്നു, പൂങ്കൈതതാം
തുംഗാമോദമിളക്കിനിന്നു വടിവിൽ
ത്തുള്ളുന്നമന്ദാനിലൻ. ൩൫

രാജാ—

(ആനന്ദത്തോടുകൂടെ നോക്കിക്കൊണ്ടു്)

ശ്രീകണ്ഠേശാലയംകാൺകിവിടമിതുൾകള-
ഞ്ഞാത്മസൗഖ്യംവിളക്ക-
ന്നാകർഷിക്കുന്നചിത്താംബുജവുമമൃതഭ്രൂ-
പദ്യയാംവിദ്യപോലെ
ഭൃകണ്ഠാലംബിഹാരോചമമൊഴുകിവരും-
വക്രഗംഗാപ്രവാഹം
പോകുംഫേനങ്ങൾതിങ്കൾക്കൊടിയെയുപഹ
സിക്കുന്നലാക്കെന്നപോലെ. ൩൬

സൂതൻ—(ചുററിനടന്നിട്ട്) ആയുഷ്മൻ, നോക്കു, നോക്കു; ഇതാ ആ ഭാഗീരഥിയുടെ തീരഭൂമികൾക്ക് അലങ്കാരഭൂതമായും ത്രിഭുവനപാവനമായും ഇരിക്കുന്ന വിശ്വേശ്വരാഭിധാനത്തോടുകൂടിയ ത്രിലോകഗുരുവായ ഭഗവാൻ മഹാദേവൻെറ ക്ഷേത്രമാണിത്.

രാജാ—(ഹർഷത്തോടുകൂടെ) ഓഹൊ.

ഇത്തമ്പുരാനെയല്ലൊ
ക്ഷേത്രാത്മാവെന്നുമുനികൾവാഴ്ത്തുന്നു.
തീൎത്ഥപദന്മാരിവിടെ
മൂൎത്തിയുപേക്ഷിച്ചുശിവനിൽമുഴുകുന്നു. ൩൦

സൂതൻ—ആയുഷ്മൻ! നോക്കു; നോക്കു; ഇതാ് കാമക്രോധലോഭാദികൾ നമ്മുടെ ദർശനമാത്രത്താൽ ഇവിടെനിന്നും ദൂരത്തിൽ പലായനം ചെയ്യുന്നു.

രാജാ—അതെ, അതെ. എന്നാൽ അങ്ങനെ. ആലയത്തിൽ പ്രവേശിച്ച് അഭീഷ്ടസിദ്ധിക്കായിക്കൊണ്ടു ഭഗവാനെ നമസ്കരിക്കാം. (രഥത്തിൽനിന്നും ഇറങ്ങി പ്രവേശിച്ചുനോക്കിക്കൊണ്ട്) ഭഗവൻ! ജയിച്ചാലും; ജയിച്ചാലും; പ്രസാദിച്ചാലും.

ബോധസ്വരൂപദേവേശ! വേദത്രയവിലോചന!
പാദംതൊഴുന്നേൻപ്രീതാൎത്ഥപ്രദ!ബാലേന്ദുശേഖര!

(എന്നു നമസ്കരിക്കുന്നു.)

സൂതൻ—ഇതാ ഇതു് ത്രിലോകഗുരുവായി അനാദിയായി ആദികേശവനാമധേയത്തോടുകൂടിയവനായ വിഷ്ണുവിൻെറ മഹാക്ഷേത്രമാണു്.

രാജാ—എന്നാൽ വരു.

(ധ്യാനം പ്രവേശിച്ച് ഭഗവാൻ ആദികേശവനെ പ്രദക്ഷിണം ചെയ്തുകൊണ്ട്.)

ജയജയ ഭഗവൻ!

വലംവച്ചുചാരത്തുവന്ദിച്ചുനില്ക്കും വലാരാതിമുൻപായ വാനോർകദംബങ്ങൾ തൻമൌലിരത്നപ്രഭാമണ്ഡലത്താലുഴിഞ്ഞുള്ള പാദാംബുജം പൂണ്ടദേവ!

വിളങ്ങുന്നഖദ്യോതവൃന്ദങ്ങൾപോലാം നഖങ്ങൾക്കെഴും കാന്തിസന്താനകത്താൽ അലം ചാരുമിശ്രീകൃതശ്രീയെഴുംരത്നപീഠത്തിൽമേവുന്ന ദേവാ!

എഴുംദ്വൈതവിഭ്രാന്തിവൃന്ദങ്ങൾതന്നാൽ ഉഴന്നങ്ങുവന്ദിച്ചുനിന്നീടുവോർക്കുള്ള സംസാരമാകുന്നറക്കംകെട്ടക്കും പടുതപത്തിൽവിദ്യോതിവായുന്നദേവ!

ഉയർത്തുന്ന ഭൂമണ്ഡലത്തിൻഭരത്താൽ അമർത്തുന്നദംഷ്ട്രാഗ്രഭാഗത്തിൽ മേരും വിധംപർവ്വതം സർവ്വുംവെച്ചു ശോഭിച്ച ദേവ!

പദംവെച്ചു പാരേഴുരണ്ടുംകടന്നുള്ള ദേവ!

വലിയബലമിയന്നാക്കരത്തിൻബലത്താലുയർത്തുന്നഗോവർദ്ധനത്തെ പിരുത്താതപത്രാകണക്കാക്കിയിന്ദ്രൻ കയർത്തുദ്യമിപ്പിച്ചുപെട്ടെന്നുപേമാരികൊട്ടിച്ചൊരിക്കുംമഹാമേഘജാലങ്ങളിടേറുമാടോപമീക്ഷിച്ച് പേടിച്ചെഴും ഗോപവാടത്തെരക്ഷിച്ചൊരാഡംബരത്താലുടൻവിശ്വമാശ്ചര്യമായ് ചെയ്തദേവ!

വിബുധവിമദപക്ഷിമാർകേശിമാർതന്റെ സീമന്തസിന്ദൂരചാരു സ്ഫുരത് കാന്തിയാമന്തിഖണ്ഡിക്കുവാൻ ചണ്ഡമാം ചണ്ഡഭാനുതപമാനുള്ളദേവ!

ഭയപ്പെട്ടോരാദൈത്യരാട്ടിന്നെഴും മാറിടം കീറുവാൻതേറിനില്ക്കും നഖശ്രേണിമിന്നുന്നപാണിദ്വയത്തീന്നൊലിക്കുന്ന ചോരപ്രവാഹത്തിൽ ലോകത്തെയാകെത്തടാ മുക്കിമേവുന്നദേവ!

മൂന്നുലോകത്തിനും ശത്രുവാംകൈടഭൻ തന്റെ കണ്ഠാസ്ഥികൂടങ്ങൾ കുണ്ഠേതരം ഖണ്ഡനം ചെയ്യുകത്തിജ്ജ്വലിക്കും കനൽജ്ജ്വാലതൂവുന്നതാം ഘോരചക്രായുധത്തെ ധരിക്കും സ്മരിക്കും ബലോദാരമാം ബാഹുദണ്ഡം വിളങ്ങുന്ന ദേവ!

ബാലചന്ദ്രാവതംസപ്രിയ!

മഹാസാരമാം ബാഹുദണ്ഡങ്ങൾ തന്നാൽ മഥിച്ചുൽഭ്രമിക്കുന്നമന്ഥാചലത്താൽ ഇളക്കപ്പെട്ടും പാൽക്കടൽക്കുള്ളിൽ നിന്നുൽഗമിക്കും മഹാലക്ഷ്മി ബാഹുക്കൾകെട്ടി ദൃഢം വ്യൂഢവക്ഷോരുഗേഹം ചേർത്തുപുൽകി സ്പഷ്ടം മാറിടത്തിൽ പതിഞ്ഞുള്ളതാകും മഹത്തായപത്രാവലീച്ഛായ പൂണ്ടുള്ളദേവ!

മഹാമൌക്തികത്താലുദാരങ്ങളാം ഹാരഭാരങ്ങൾപൂണ്ടിട്ടു മാമുഗ്ദ്ധകണ്ഠ! വൈകുണ്ഠ!!

ഭക്തലോകത്തിനേറും ഭവഭ്രാന്തിപോക്കും പ്രബോധോദയം നൽകുകെൻദേവ! നിത്യം തദർത്ഥം നമസ്തേ നമസ്തേ നമസ്തേ. (എന്നു സാഷ്ടാംഗപാതം നമസ്കരിച്ച് പുറപ്പെടുന്നതായി നടിച്ചദൃശ്യനാക്കിക്കൊണ്ടു) നന്ന് ഇതുതന്നെ നമുക്കു നിവാസയോഗ്യമായ പ്രദേശം. അതുകൊണ്ടു ഇവിടെ തന്നെ സേനാനിവേശത്തെ സ്ഥാപിക്കാം.

(എന്നു രണ്ടുപേരും പോയി)

നാലാമങ്കം.

---

## അഞ്ചാം അങ്കം.

---

(അനന്തരം ശ്രദ്ധ പ്രവേശിക്കുന്നു)

ശ്രദ്ധ — (വിചാരിച്ചിട്ടു്) ഇതു് പ്രസിദ്ധമായ മാർഗ്ഗം ആണല്ലോ; എന്തുകൊണ്ടെന്നാൽ—

വായുവിൽവൃക്ഷമുരുമ്മി-
ത്തീയേറീട്ടടവിയഖിലമെരിയുമ്പോൾ
ജ്ഞാനികൾ തമ്മിലിടഞ്ഞാൽ
ക്രോധംവൎദ്ധിച്ചു കുലവിനാശവുമാം. ൧

(കരഞ്ഞുംകൊണ്ടു്) കഷ്ടം! സഹോദരങ്ങളുടെ വിരഹം ഹേതുവായിട്ടുള്ള ഈ ശോകവഹ്നി തീരെ ദുൎവ്വാരമായും ദുസ്സഹമായും ഇരിക്കുന്നു. എത്ര വിവേകമേഘങ്ങൾതന്നെ വൎഷിച്ചിട്ടും ശാന്തമാകുന്നില്ല. എങ്ങനെയെന്നാൽ,

തൎക്കംവിട്ടുസമുദ്രമദ്രിതടിനീ
　സംഘാതമെല്ലാംദഹി-
പ്പിക്കും മൃത്യുവിനിത്ത്യനാദി ലഘുവാം
　ജന്തുക്കളെന്തായിടും?
ഇക്കാൎയ്യംദൃഢമെങ്കിലും സ്വജനനാ
　ശത്താൽതകൎത്തേറിയെ-
ന്നുൾക്കാളുന്നറിവുംകെടുത്തു ഹൃദയം
　വേകുന്നു ശോകാഗ്നിയാൽ. ൨

അപ്രകാരം ക്രൂരസ്വഭാവന്മാരായിരിക്കുന്നു എങ്കിലും ഭ്രാതാക്കളായ കാമക്രോധാദികൾ കഥാവശേഷന്മാരായിപ്പോയതു വിചാരിച്ചാൽ—

അഹോ! മുറികയോ മമ്മം
ദേഹം ശ്ലഷ്ടീഭവിക്കയോ
ദഹിക്കയോ മാനസം ദു-
സ്സഹമാം ശോകവഹ്നിയാൽ? ൩.

(വിചാരിച്ചിട്ട്) ദേവി വിഷ്ണുഭക്തി എന്നോടിപ്രകാരം അജ്ഞാപിച്ചിരിക്കുന്നു. "വത്സേ! ശ്രദ്ധേ, ഞാൻ ഇവിടെ വധപ്രധാനമായ യുദ്ധത്തെ കാണ്മാൻ ആഗ്രഹിക്കുന്നില്ല. അതുകൊണ്ടു് ഈ വാരാണസിയെ വിട്ടു് അല്പകാലം ഞാൻ സാളഗ്രാമം എന്നു പ്രസിദ്ധമായ ഭഗവത്ക്ഷേത്രത്തിൽ താമസിക്കും. നീയാകട്ടെ യുദ്ധവൃത്താന്തമെല്ലാം യഥാക്രമം എന്നെവന്നറിയിക്കണം;" എന്ന് അതുകൊണ്ടു് എനിക്കു ദേവിയുടെ സന്നിധാനത്തിൽ പോയി ഈ യുദ്ധവത്തമാനങ്ങൾ മുഴുവനും ഉണത്തണം. (ചുററിനടന്നു നോക്കിക്കൊണ്ടു്) ഇതാ അച്ചക്രതീത്ഥം! ഇവിടെ സംസാരസാഗരത്തെ കടത്തുന്ന തോണിയുടെ കണ്ണധാരനായ ഭഗവാൻ മഹാവിഷ്ണു സ്വയം വാസം ചെയ്തിരിക്കുന്നു. (നമസ്കരിച്ചിട്ട്) ഇതാ മഹാമുനികളാൽ സേവിക്കപ്പെട്ടുന്നവളായ ഭഗവതി വിഷ്ണുഭക്തിയും ശാന്തിയോടായിട്ട് എന്തോ സംസാരിച്ചുകൊണ്ടിരിക്കുന്നു. അടുത്തു ചെല്ലുകതന്നെ (എന്നു് ചുററിനടക്കുന്നു)

(അനന്തരം വിഷ്ണുഭക്തിയും ശാന്തിയും പ്രവേശിക്കുന്നു)

ശാന്തി—ദേവി, ഭവതി വലുതായ ചിന്തകൊണ്ടു പരിക്ലിഷ്ട ഹൃദയ എന്നപോലെ കാണപ്പെട്ടുന്നു.

വിഷ്ണുഭക്തി—വത്സേ! അതിമഹത്തായി മഹാവീരന്മാരുടെ നാശഹേതുവായിരിക്കുന്ന ഈ യുദ്ധത്തിൽ പ്രബലനായിരിക്കുന്ന മഹാമോഹത്തോടു് എതിത്തിരിക്കുന്ന വ

അസനായ വിവേകത്തിൻെറ വൃത്താന്തം എന്തായിരിക്കാമെന്ന് എൻെറ ഹൃദയം തിരെ അസ്വാസ്ഥ്യമായിരിക്കുന്നു.

ശാന്തി—ഇതിലെന്താണു വിചാരിക്കാനുള്ളത്? ഭവതിയുടെ അനുഗ്രഹമുള്ളപ്പോൾ വിവേകമഹാരാജാവു് നിശ്ചയമായും വിജയിയായി ഭവിക്കും എന്നെനിക്കറിയാം.

വി: ഭ—വത്സേ—

സന്ധിക്കും ജയമെന്നതി-
നെന്നും ബലമാം പ്രമാണമെന്നാലും
ബന്ധുക്കൾതൻെറ ഹൃദയം
ചിന്തിച്ചീടുന്നു പിന്നെയുമപായം. ൨൭

വിശേഷിച്ചും ശ്രദ്ധയെ ഇതുവരെയും കാണാഴികയാൽ മനസ്സിൽ സംശയം വർദ്ധിക്കുന്നു.

ശ്രദ്ധ—(വേഗത്തിൽ അടുത്തുചെന്നിട്ടു) ഭഗവതി! ഞാൻ നമസ്കരിക്കുന്നു.

വി:ഭ—ശ്രദ്ധേ! നിനക്കു സ്വാഗതമല്ലേ?

ശ്രദ്ധ—ഭഗവതിയുടെ പ്രസാദത്താൽ—

ശാന്തി—അമ്മേ! ഞാൻ നമസ്കരിക്കുന്നു.

ശ്രദ്ധ—മകളേ എന്നെ ആലിംഗനം ചെയ്താലും.

ശാന്തി—(അപ്രകാരം ചെയ്യുന്നു)

ശ്രദ്ധ—വത്സേ! ദേവി വിഷ്ണുഭക്തിയുടെ അനുഗ്രഹം കൊണ്ടു് മുനിജനങ്ങളുടെ ഹൃദയസ്ഥാനത്തെ പ്രവേശിച്ചാലും.

വി:ഭ:—എന്നാൽ അവിടത്തെ വൃത്താന്തം എന്താണു്?

ശ്രദ്ധ—ദേവിയുടെ പ്രതികൂലകാരികളായിരിക്കുന്നവർക്കു യോഗ്യമായിട്ടുള്ളതേതോ അതുതന്നെ.

വി:ഭ.—അതിന്റെ വിസ്താരമായി അറിയിക്ക.

ശ്രദ്ധ—ഭഗവതികേട്ടാലും! അടി കേശവക്ഷേത്രത്തിൽനിന്നും ദേവി പുറപ്പെട്ട ഉടനെതന്നെ സൂൎയ്യദേവന്റെ പാടല കാന്തികൾ കുറഞ്ഞൊന്നു മന്ദമായപ്പോഴേക്കും വിജയ വാദ്യഘോഷങ്ങളോടുകൂടെ ആഹ്വാനം ചെയ്യപ്പെടുന്ന അനേക മഹാവീരന്മാരുടെ സിംഹനാദങ്ങളാൽ ബധി രീകൃതങ്ങളായ ദശദിഗ്വിഭാഗങ്ങളോടുകൂടിയതായി, നി രന്തരമാകുംവണ്ണം രഥാശ്വങ്ങളുടെ അതിതീക്ഷ്ണങ്ങളാ യിരിക്കുന്ന കുളമ്പടികളാൽ ശിഥിലിതങ്ങളായിരിക്കുന്ന ഭൂമിഭാഗങ്ങളിൽ നിന്നും ഉദ്ഭ്രാന്തങ്ങളായി ബഹുളങ്ങ ളായിരിക്കുന്ന ധൂളീപടലങ്ങളാൽ ആച്ഛാദിക്കപ്പെട്ട സൂ ൎയ്യമണ്ഡലത്തോടു കൂടിയതായി, അതിബലവത്തുകളായ കണ്ണുതാളങ്ങളുടെ അടികളാൽ ഉല്ലതിക്കുന്ന മദഗജങ്ങ ളുടെ കുംഭസ്ഥലത്തിങ്കലെ കുങ്കുമരേണുക്കളാൽ സന്ധ്യാ സമാനങ്ങളായിരിക്കുന്ന ദിഗന്തരാളങ്ങളോടു കൂടിയ തായി,കല്പാന്തമേഘഗൎജ്ജിതംപോലെ ഗംഭീരമായ നാ ദത്തോടുകൂടിയതായിരിക്കുന്ന അവരുടേയും നമ്മുടേയും സൈന്യസാഗരം സന്നദ്ധമായിരിക്കുമ്പോൾ വിവേക മഹാരാജാവു് മഹാമോഹമഹാരാജാവിന്റെ അടുക്കൽ നൈയായികദർശനത്തെ ദൂതനായിട്ടു് നിയോഗിക്കയും അദ്ദേഹം പോയി മഹാമോഹത്തോടു് ഇപ്രകാരം പറ യുകയും ചെയ്തു.

കാട്ടാറും ക്ഷേത്രജാലങ്ങളുമടവികളും
സാധുചേതസ്സുമെല്ലാം
വിട്ടോടിപ്പോകവൈകാതനുചരനിരയൊ-
ന്നിച്ചുനീമ്ലേച്ഛദേശേ

കേട്ടിടായ്കിൽ കൃപാണക്ഷതവപുഷിനിണം
നക്കിമുഷ്ടാൻപല്ലും
കാട്ടി 'ബ്ഭേ ഭേ' വിളിക്കും പെരിയകുറുനരി-
ക്കൂട്ടമീനാട്ടിലെല്ലാം. ൭

വിഷ്ണുഭ—പിന്നെ, പിന്നെ,

ശ്രദ്ധ—ദേവി ഉടനേ അതി വിഷമമായിട്ട് നെററിത്തടത്തിൽ താണ്ഡവം ചെയ്യുന്ന പുരികങ്ങളോടുകൂടിയവനായി ക്രുദ്ധനായിരിക്കുന്ന മഹാമോഹം പറഞ്ഞു. "ഈ ദുർന്നയപരിപാകത്തിൻെറ ഫലം വിവേകഹതകൻതന്നെ അനുഭവിക്കട്ടെ." ഇങ്ങനെ പറഞ്ഞുംകൊണ്ട് അദ്ദേഹം പാഷണ്ഡസിദ്ധാന്തങ്ങളെ പാഷണ്ഡതക്കശാസ്ത്രങ്ങളോടുകൂടി മുമ്പിൽതന്നെ യുദ്ധത്തിനായിട്ടുദ്യോഗിപ്പിച്ചു. അപ്പോൾ നമ്മുടെ സൈന്യത്തിൻെറ മുന്നണിയിലായിട്ട്-

നാലാമ്നായങ്ങളും നാലുപമറകളുമാ-
റംഗവും നൽപുരാണം
ചാലേമൂവാറുമേവം സ്മൃതികളുമിതിഹാ-
സങ്ങളും ഭംഗികൂട്ടി
പാലോലും ചന്ദ്രബിംബദ്യുതിയൊടുവികചൽ-
പങ്കജംതൻകരത്തിൽ
താലോലിച്ചും ബ സാക്ഷാൽഭണിതി യവതരി-
ച്ചീടിനാളൂഢവേഗം. ൩൩

വിഷ്ണു—പിന്നെ പിന്നെ.

ശ്രദ്ധ—അനന്തരം വൈഷ്ണവ, ശൈവ, സൌരാദികളായ എല്ലാ ആഗമങ്ങളും ദേവിയുടെ അടുക്കൽ എത്തി.

വിഷ്ണു—പിന്നെ, പിന്നെ.

ശ്രദ്ധ—പിന്നെയും-

കാണാദം, പാണിനീയം, കപിലഭണിതി, പാ-
തഞ്ജലം ഭാഷ്യമോടും
കാണാം ധർമ്മാധികാര പ്രകരകരസമ-
സ്രേണമദിക്കും വിളക്കി
ച്ചേണാർന്നീടും ത്രയീലോചന വിധിമുഖിയ-
ദ്ദേവിമീമാംസതാനും
വാണീം പണ്ടിട്ടു മുന്നിട്ടടലിലപരയാം
ദുർഗ്ഗപോൽ നിർഗ്ഗമിച്ചാൾ. ൧

ശാന്തി—ഹൈ എങ്ങനെയാണ് സ്വഭാവവിരോധികളായി രിക്കുന്ന ആഗമങ്ങൾക്കും തക്കങ്ങൾക്കും തമ്മിൽ ഈ സംബന്ധമുണ്ടായത്?

ശ്രദ്ധ—പുത്രി-

ഒരുകുലത്തിൽ ജനിച്ചവരിൽ പര-
സ്പരമനേകവിരോധമിരിക്കിലും
പരനൊരുത്തനെതിക്ക്കിലൊക്കെവ-
ന്നൊരുമതേടുമവക്കൊജയംവരും. ൨

അതുകൊണ്ടു് വേദസംഭൃതങ്ങളായിരിക്കുന്ന ആ ശാസ്ത്ര ങ്ങൾക്കും ചില ദിക്കിൽ അവാന്തരങ്ങളായ വിരോധങ്ങൾ ഇരുന്നാലും വേദത്തെ സംരക്ഷിക്കുന്നതിനും നാസ്തികപക്ഷ ങ്ങളെ ഖണ്ഡിക്കുന്നതിനും അവയ്ക്കു തമ്മിൽ ഐകമത്യം തന്നെ ഭവിക്കുന്നു. തത്വത്തെ വിചാരിക്കുമ്പോൾ ആഗമങ്ങൾ ക്കാകട്ടെ പരസ്പരവിരോധം ഇല്ലതാനും. എങ്ങനെയെന്നാൽ-

ബ്രഹ്മജ്യോതിരനന്തശാന്തപദമാ-
മൊന്നേഗുണോപാധിയാൽ
ബ്രഹ്മാവിഷ്ണുമഹേശ്വരാദിപലനാ-
മംചൊല്ലിവാഴുന്നതാം
തമ്മിൽസ്പർദ്ധികളെങ്കിലും ശ്രുതിപഥം
തെററാതെശാസ്ത്രങ്ങളും
ചെമ്മേചെന്നണയുന്നിതബ്ധിയിൽജലം-
പോലൊക്കെയേകേശനിൽ. ൯

വിഷ്ണു—പിന്നെ, പിന്നെ.

ശ്രദ്ധ—ദേവി, അനന്തരം അന്യോന്യം ഗജാശ്വരഥപാദാതികൾക്കും നിരന്തരമായ ശരധാരാവർഷംകൊണ്ടു കൃതദുർദ്ദിനന്മാരായിരിക്കുന്ന അവരുടേയും നമ്മുടേയും യോദ്ധാക്കൾക്കും തമ്മിൽ ഭയങ്കരമായി യുദ്ധം സംഭവിച്ചു. എങ്ങനെയെന്നാൽ, അവിടെ—

മട്ടില്ലാതൊറൊഴുക്കായ്മറിനിണമലവെ-
ള്ളത്തൊടുംമത്സ്യമാംസ-
ക്കട്ടിച്ചേറോട്ടുമൊടാടിയകഴുനിരയാ-
മാത്തകൈവത്തരോടും
വെട്ടമ്പേററററുവീഴുംവലിയമദകരി-
ക്കുന്നിൽവേഗം തടഞ്ഞാ-
വട്ടംചുററുന്ന വെള്ളക്കുടകളിലലയ-
ന്നങ്ങൾതൻഭംഗിയോടും. ൧൦

അനന്തരം അതിഘോരമായിരിക്കുന്ന ആ മഹായുദ്ധത്തിൽ പൂർവ്വാപരപക്ഷവിരുദ്ധതഹേതുവായിട്ടു പാഷണ്ഡാഗമങ്ങളുടെ പുരോഗാമിയായ ആ ലോകായതസിദ്ധാന്തം സൈ-

ന്യങ്ങളുടെ പരസ്പരസമ്മർദ്ദനത്തിൽത്തന്നെ നാശത്തെ പ്രാപിച്ചു. അനന്തരം നിർമ്മൂലങ്ങളായ പാഷാണ്ഡാഗമങ്ങൾ ശ്രദ്ധാഗമസമുദ്രപ്രവാഹത്താൽ ശിഥിലങ്ങളാക്കിചെയ്യപ്പെട്ടു. സുഗതസിദ്ധാന്തങ്ങളാകട്ടെ സിന്ധു, ഗാന്ധാര, അംഗ, വംഗ, കലിംഗ, മഗധ, പാരശീകങ്ങളായ ദേശങ്ങളെ പ്രാപിച്ചു. പാഷണ്ഡദിഗംബരകാപാലികാദികൾ ആകട്ടെ നീചജനപ്രധാനങ്ങളായ പാഞ്ചാല മാളവ അഭിരവത്സസാഗര അനൂപദേശങ്ങളിൽ ഗൂഢമായി സഞ്ചരിക്കുന്നു. ന്യായാദികളായ അനുഗാമികളോടുകൂടിയ മീമാംസയാൽ ഗാഢപ്രഹരണങ്ങളേക്കൊണ്ട് ശിഥിലിത സന്ധിബന്ധകളായ നാസ്തികതൎക്കശാസ്ത്രങ്ങൾ പാഷണ്ഡാഗമങ്ങളേത്തന്നെ അനുഗമിക്കയുംചെയ്തു.

വിഷ്ണു—പിന്നെ, പിന്നെ.

ശ്രദ്ധ—അനന്തരം വസ്തുവിചാരത്താൽ കാമൻ ഹനിക്കപ്പെട്ടു. ക്ഷമയാൽ ക്രോധപാരുഷ്യഹിംസാദികൾ പതിപ്പിക്കപ്പെട്ടു. സന്തോഷത്താൽ ലോഭ, തൃഷ്ണാ ദൈന്യ അനൃതവാദ പൈശുന്യ സ്തേയ പരിഗ്രഹങ്ങൾ നിഗ്രഹിക്കപ്പെട്ടു. അനസൂയ മാത്സൎയ്യത്തെ ജയിച്ചു. പരോൽക്കൎഷസംഭാവന മദത്തെ നശിപ്പിച്ചു. പരഗുണാധിക്യം മാനത്തെ ഖണ്ഡിച്ചു.

വിഷ്ണു—(ഹർഷത്തോടുകൂടെ) ഹാ നന്നായിത്തീൎന്നു. എന്നാൽ മഹാമോഹത്തിൻെറ വൃത്താന്തം എന്താണു ?

ശ്രദ്ധ—ദേവി! മഹാമോഹം യോഗവിഘ്നങ്ങളോടുകൂടി എവിടെയോ മറഞ്ഞിരിക്കുന്നു. ഞാൻ അറിയുന്നില്ല.

വിഷ്ണു—എന്നാൽ വലുതായ അനൎത്ഥശേഷമുണ്ട്. അതു പരിഹരിക്കേണ്ടതുമാണു്. എന്തുകൊണ്ടെന്നാൽ—

സ്ഥിര സമ്പത്തിനുവേണ്ടി
പ്പരമാദരമാന്നുമരുവിട്ടുംവിദ്വാൻ
അരി, തീ, കടമെന്നിവയെ-
പ്പരിശേഷിപ്പിച്ച പാപ്പുതരുതല്ലോ. ൧൧

പിന്നെ മനസ്സിൻെറ വൃത്താന്തം എന്തു്?

ശ്രദ്ധ—ദേവി! അദ്ദേഹം പുത്രപൌത്രാദികളുടെ നാശം ഹേതുവായിട്ടുള്ള ശോകാതിരേകം സഹിപ്പാൻ അശക്തനായിട്ടു പ്രാണത്യാഗം ചെയ്യാൻ തീച്ചയാക്കി.

വിഷ്ണു—(ചിരിച്ചുംകൊണ്ടു) അങ്ങനെയാണോ? എങ്കിൽ നാമെല്ലാവരും കൃതാത്ഥന്മാരായി. പുരുഷനും പരമാനന്ദപദത്തെ പ്രാപിക്കുന്നു. എന്നാൽ ഈ ദുരാത്മാവിൻെറ പ്രാണത്യാഗം എവിടെ സംഭവിക്കും.

ശ്രദ്ധ—ഇപ്രകാരം പ്രബോധോല്പത്തിക്കായിട്ടു് ഉപനിഷദ്ദേവി, കൃതസങ്കല്പയായിരിക്കുമ്പോൾ മനസ്സ് അല്പകാലമെങ്കിലും ശരീരത്തോടുകൂടി ഇരിക്കുന്നതല്ലല്ലോ.

വിഷ്ണു—എന്നാൽ അതട്ടെ. അവന്നു വൈരാഗ്യോല്പത്തിക്കായിട്ടു വൈയാസികിയായ സരസ്വതിയെ നമുക്കു പറഞ്ഞയക്കാം.

(എന്നു എല്ലാവരും പോയി.

(പ്രവേശകം കഴിഞ്ഞു.)

(അനന്തരം മനസ്സും സങ്കല്പവും പ്രവേശിക്കുന്നു)

മനസ്സ്—(കരഞ്ഞുംകൊണ്ടു) ഹാ പുത്രന്മാരേ! നിങ്ങൾ എവിടെ? എനിക്കായിട്ടുത്തരം പറഞ്ഞാലും! അല്ലയോ രാഗ

ദ്വേഷമദമാത്സര്യങ്ങളായ ഉണ്ണികളെ! എന്നെ ആലിംഗനം ചെയ്യുവിൻ! എൻെറ അംഗങ്ങൾ തളരുന്നു. ഹാ കഷ്ടം! വൃദ്ധനായും അനാഥനായും ഇരിക്കുന്ന എന്നെ ആരും ബഹുമാനിക്കുന്നില്ലല്ലൊ. അസൂയാദികളായ കന്യകകൾ എവിടെ? ആശാ ഹിംസാ തൃഷ്ണാദികളായ പുത്രശ്രേഷ്ഠന്മാരും എവിടെ? കഷ്ടം അവരും ഒന്നിച്ചുതന്നെ ദുഷ്ടവിധിയാൽ അപഹരിക്കപ്പെട്ടുവോ?

(അവശതായാട്ടക്രമം)

വ്യാപിക്കുന്നുവിഷാഗ്നിവേഗമതുപോൽ-
വേകുന്നഗാത്രംപരം
പ്രാപിക്കുന്നിതു മർമ്മവേദന, പിള
ർന്നീട്ടുന്നുസർവ്വാംഗവും
ലോപിക്കുന്നുവിവേകമാശു ഹൃദയം-
വാട്ടുന്ന ശോകജ്വരം
കോപിച്ചീവിധമെൻെറ ജീവകബളം
ചെയ്യുന്നിതയ്യോ ബലാൽ. ഹാ

(എന്നു മൂർഛിച്ചു വീഴുന്നു)

സങ്കല്പം—മഹാരാജ, ആശ്വസിച്ചാലും! ആശ്വസിച്ചാലും!!

മനസ്സ്—(ആശ്വസിച്ചിട്ട്) ഹാ! ദേവി പ്രവൃത്തിപോലും ഈ അവസ്ഥയിൽ എന്നെ സമാശ്വസിപ്പിക്കുന്നില്ലല്ലൊ.

സങ്കല്പം—(കരഞ്ഞുംകൊണ്ടു്) ദേവ, ഭവാൻെറ പ്രവൃത്തിയാകുന്ന ദേവി ഉപ്പോഴുമുണ്ടോ? എന്തുകൊണ്ടെന്നാൽ കുടുംബനാശം ഹേതുവായിട്ടുള്ള ശോകാഗ്നിയാൽ ദഗ്ദ്ധഹൃദയയായിട്ടു് ആ ദേവി ഉരസ്താഡനംചെയ്തു മരിച്ചു എന്നു കേട്ടുവല്ലൊ.

മനസ്സ്—അയ്യോ! പ്രിയേ! ഭവതി എവിടെ? എനിക്കു പ്രിയമായിരിക്കുന്ന ഉത്തരം പറഞ്ഞാലും! എടോ

ഉറക്കത്തിൽപോലും ഭവതിയൊരുനാൾ
മാംവെടിയുമോ
മരിക്കുമ്പോലല്ലോ വിരഹമതെനി-
ക്കുംപ്രിയതമേ
തെരിക്കെന്നേവം നീ വികടവിധിയാൽ
ദൂരിതയുമാ-
യിരിക്കുന്നെന്നിട്ടും ഹൃദയ—മനുബ-
ന്ധം ദൃഢമെടോ. ൧൩

(പിന്നെയും മൂർഛിക്കുന്നു)

സങ്കല്പം—മഹാരാജ! ആശ്വസിച്ചാലും! ആശ്വസിച്ചാലും!!

മനസ്സ് (ആശ്വസിച്ചിട്ട്) ഇനി നമ്മുടെ ജീവിതംകൊണ്ടുള്ളതുമതി. സങ്കല്പം! ചിതയെ നിർമ്മിക്കുക. അഗ്നിപ്രവേശംകൊണ്ട് ശോകാഗ്നിയെ തടുക്കുകതന്നെ. (എന്നൊരുമ്പെടുന്നു)

(അനന്തരം വൈയാസികിയായ സരസ്വതി പ്രവേശിക്കുന്നു)

സരസ്വതി—ദേവി വിഷ്ണുഭക്തി എന്നെ അയച്ചിരിക്കുന്നു. എങ്ങനെയെന്നാൽ "സഖി! സരസ്വതി, ഭവതി പോവുക. സന്താനങ്ങളുടെ നാശം ഹേതുവായിട്ടുവ്യസനാക്രാന്തനായിരിക്കുന്ന മനസ്സിന്ന് ബോധത്തെ ഉണ്ടാക്കുന്നതിനായിട്ട് അവന്നു എങ്ങനെയായാൽ വൈരാഗ്യം ജനിക്കുമോ അങ്ങനെഎല്ലാം പ്രയത്നിക്കുകയും ചെയ്യുക" എന്ന്. അതുകൊണ്ട് അദ്ദേഹത്തിന്റെ അടുക്കൽ പോവുകതന്നെ. (അടുത്തുചെന്നിട്ട്) ഉണ്ണീ! നീ എന്തു് ഇപ്രകാരം പരവശനായിരിക്കുന്നു? ജന്തുവ്യവസ്ഥകളുടെ

അനിത്യത ഉണ്ണിക്കു മുമ്പേതന്നെ ബോധമുള്ളതല്ലേ? ഇതിഹാസങ്ങളിലെ ഉപാഖ്യാനങ്ങളും പഠിച്ചിട്ടില്ലേ? എങ്ങനെയെന്നാൽ,

ഏറെക്കല്ലമിരുന്നിട്ടുന്ന വിധിയോ-
ടിന്ദ്രാദിവൃന്ദാരക-
ന്മാരുംമററുമനുക്കളും മുനികളുംമണ്ണും
മഹാംഭോധിയും
നീരിൽപോളകൾപോലിതുന്നു നിധനം
പ്രാപിക്കവേ പിന്നെയി-
പ്പാരിൽ ഭൌതികപിണ്ഡനാശമതിലിന്നെന്തു-
ള്ളു ചിന്തിക്കുവാൻ. ൮൯

അതുകൊണ്ടു് ഉണ്ണി ഭാവവസ്തുക്കളുടെ അനിത്യതയെ ചിന്തിച്ചാലും! നിത്യാനിത്യവസ്തു വിചാരണയുള്ളവനെ ശോകാവേഗങ്ങൾ സ്പർശിക്കപോലും ചെയ്യുന്നില്ല. എന്തുകൊണ്ടെന്നാൽ,

ഒന്നോക്സത്യം ജഗദേകസാക്ഷി-
യൊന്നാണു മററുള്ളവകല്പിതങ്ങൾ
എന്നേകബോധത്തിലിരിപ്പവന്നു
പിന്നേതുമോഹം പുനരേതുശോകം? ൯൦

മനസ്സ്—ഭഗവതി, ശോകാധിക്യത്താൽ ആവിലമായിരിക്കുന്ന ഹൃദയത്തിൽ വിവേകത്തിനു തീരെ ഇടം കിട്ടുന്നില്ലല്ലോ.

സര—ഉണ്ണി ഇതു സ്നേഹദോഷമാകുന്നു. എന്തുകൊണ്ടെന്നാൽ സ്നേഹം സർവാനർത്ഥഹേതുവാണെന്നു പ്രസിദ്ധമാണ്.

എങ്ങനെയെന്നാൽ,

തട്ടീട്ടുംദുഃഖമെല്ലാം പ്രിയമിതിവിഷമീ-
രുട്ടതൻവിത്തുമർത്ത്യൻ
പൊട്ടീട്ടുംപ്രേമനാമത്തൊട്ടമതിലുടനേ
വജ്രവഹ്നിപ്രരോഹം
മട്ടാലുള്ളാന്മുക്തീസമമുടലുദഹി-
പ്പിക്കുമുജ്ജ്വാലയാംകൊ-
മ്പിട്ടേറുന്നായതിന്നീശിഖാന്നിരപര-
ന്നാകവേശോകവൃക്ഷം. ൧൯

മനസ്സ്—ദേവി, അതങ്ങിനെയാണെങ്കിലും ശോകാഗ്നിയാൽ ദഗ്ദ്ധനായിട്ടു് പ്രാണധാരണം ചെയ്യുന്നതിനു് എനിക്കു കഴിയുന്നില്ല. ഈ ചരമകാലത്തു് ഭഗവതിയെ കാണ്മാൻ സംഗതിയായതു വളരെ നന്നായി.

സരസ്വതി—ഇതു തീരെ അകൃത്യമാണു്. എന്തെന്നാൽ ഇതു് ആത്മഹത്യക്കായിട്ടുള്ള ആരംഭമാണല്ലോ. എന്നുതന്നെയല്ല, ഈ അപകാരികളുടെ വിഷയത്തിൽ നിനക്കെന്താണിത്ര പരിഭ്രമം? നീ നോക്കുക.

പുത്രക്ഷേത്രാദിവർഗ്ഗം പുരുഷനുപകരി-
ക്കുന്നതില്ലിന്നുമേവം
തീർത്തോരീടാം ത്രികാലത്തിലുമവസുഖമേ-
കില്ലിതാക്കും നിനക്കും,
ഗാത്രച്ഛേദം കണക്കായ് വിരഹകദനമു-
ണ്ടാക്കിയും വായ്ക്കുമെന്നാ-
ലത്യായാസപ്പെട്ടുന്നെങ്കിലുമതിനു വൃഥാ
ഹന്ത! ജന്തുക്കളെല്ലാം. ൨൦

എന്നുതന്നെയല്ല,

പൊങ്ങിപ്പായും പ്രവാഹത്തോടു പുഴകൾകട-
ന്നെത്രശൈലങ്ങളേറി-
ബ്ഭംഗപ്പാടുള്ള ഭീമാടവികൾവഴിനട-
ന്നുനീയെത്രകഷ്ടം!
ഇങ്ങിപ്പാപിഷ്ഠർചെയ്തിക്കഹഹ! ധനമതിൻ-
ഗർവ്വദ്ധവൈഭവത്തീ
ത്തുങ്ങിദ്ധൂമിച്ചുദുസ്സ്വാമികൾമലിനമുഖം
കാണുവാൻനാണമെന്ന്യേ. ൧൮

മനസ്സ് —ദേവി, അതങ്ങിനെതന്നെ. എങ്കിലും:—

പരിചൊടുപരിലാളിച്ചാശുപാലിച്ചുനിത്യം
ചിരതരമതിമോദംചേർത്തുടൻചിത്തതാരിൽ,
പരിചിതതനയന്മാർപ്രാണനല്ലോ പിരിഞ്ഞാൽ
കരളടിയിലറുക്കും നോവിലുംനോവുമല്ലോ?. ൧൯

സരസ്വതി—ഉണ്ണി! ഈ വ്യാമോഹം മമതാഭാവനാനിമിത്ത
മായിട്ടുള്ളതാകുന്നു. പറയപ്പെട്ടുമിരിക്കുന്നു:—

രക്ഷിച്ചകോഴിയെവിഡാലവരൻപിടിച്ചു -
ഭക്ഷിച്ചുപോകിലതിനാലഴലെത്രയുണ്ട്?
പക്ഷംവെടിഞ്ഞൊരെലിയെങ്കിലുമായതിന്നു
പക്ഷേയൊരുക്കുരുവിയെങ്കിലുമത്രയുണ്ടോ? ൨൦

അതുകൊണ്ട് സർവ്വാനർത്ഥഹേതുവായിരിക്കുന്ന മമതാ ത്തിന്റെ നാശത്തിനായിട്ടു സർവ്വഥാ പ്രയതിക്കേണ്ടതാകുന്നു. നോക്കുക:—

ക്രമികൾ നിജവപുസ്സിന്നെത്രയാസംഭവിക്ക-
ന്നമിതമവയെമാററീടുന്നുയത്തോനമർത്ത്യൻ
ഭ്രമിതിയിതുജഗത്തിൽകത്ര ചിൽപുത്രനാമം
മമതയൊടുമിടുന്നൊ മാഴ്കിവാട്ടുന്നുദേഹം. ൨൧

മനസ്സ്—ദേവി! അതങ്ങിനെതന്നെ. എങ്കിലും മമതാബന്ധം ഛേദിപ്പാൻ പ്രയാസമുള്ളതാണ്.
(വിചാരിച്ചനെടുവീപ്പോടുകൂടി) സർവ്വപ്രകാരത്തിലും ഭവതിയാൽ ഞാൻ രക്ഷിക്കപ്പെട്ടു (എന്നു പാദങ്ങളിൽ വീഴുന്നു)

സരസ്വതി—ഉണ്ണി! ഇപ്പോൾ നിന്റെ ഹൃദയത്തിന്നു ഉപദേശഗ്രഹണശക്തി വന്നിട്ടുണ്ട്. അതുകൊണ്ടു ഒന്നു കൂടി ഉപദേശിക്കുന്നു.

അത്യർത്ഥം മൂഢനായുള്ളവനൊരുസുതനോ-
താതനോതൻസുഹൃത്തോ
ചത്തെന്നാൽശോകമുൾക്കൊണ്ടുദമതിലററ-
ഞ്ഞേതഴയായ്കേഴുമപ്പോൾ
സത്തുക്കൾക്കീവിയോഗംവദികിൽവിരസമാം
ത്തുച്ഛസംസാരകത്തിൽ
കണ്ണുംവൈരാഗ്യമേറും; കലരുമതിസുഖം-
ശാന്തികൊണ്ടന്തരംഗേ. ൨൨

(അനന്തരം വൈരാഗ്യം പ്രവേശിക്കുന്നു)

വൈരാഗ്യം- (വിചാരിച്ചിട്ട്)

തീരെദ്ദൌർബ്ബല്യമേറും പുതിയകുവലയ-
ത്തുമ്പിലുംസൂക്ഷ്മമായി
പ്പാരിൽപ്പിണ്ഡംചമച്ചാവിധിയതുമറയെ-
ത്തുക്കചെക്കാഞ്ഞുവന്നാൽ

ഘോരംഘോരക്കൊഴുപ്പാർന്നൊരുചതകൾചവ-
ച്ചീട്ടുവാൻചൂഴ്ന്നുചുററും
ഘോരംചെന്നായ്ക്കൾ കാകൻ കഴുകിവ യിവനാൽ
നീക്കുവാൻശക്യമാമോ? ൨൩

എന്നുതന്നെയല്ല, എപ്പൊഴും
അടുന്നുഞ്ഞൊലുലക്ഷ്മീ, വിഷയരസമൊട്ടു-
ക്കംവെറുക്കുന്നു, ദേഹം
വീടാകുന്നുവിപത്തിന്നു, മിതധനചയം
ദുർവ്വ്യയപ്പെട്ടിടുന്നു
കൂട്ടംശോകങ്ങൾലോകം, കമനിയപകട-
ക്കോട്ടയാകുന്നു, കഷ്ടം!
നാട്ടന്നെന്നാലുമിന്നീദുരിതവഴിയിലാ-
ത്മാവതിൽഭാവമെന്യേ. ൨൪

സരസ്വതി—ഉണ്ണി! അതുതന്നെയുള്ള വൈരാഗ്യം ഇതാ നിന്റെ അടുക്കൽ വന്നിരിക്കുന്നു. അവനെ നീ സംഭാവനം ചെയ്താലും!

മനസ്സ്—പുത്ര! വൈരാഗ്യ! നീ എവിടെ?

വൈരാഗ്യം (അടുത്തുചെന്നിട്ട്) ഇതാ ഞാൻ വന്ദിക്കുന്നു.

മനസ്സ്—ഉണ്ണി ജാതമാത്രനായിട്ടുതന്നെ നീ എന്നെ ഉപേക്ഷിച്ചല്ലൊ. ഇപ്പോൾ ആലിംഗനം ചെയ്താലും!

(വൈരാഗ്യം അങ്ങനെചെയ്യുന്നു)

മനസ്സ്—ഉണ്ണി! നിന്റെ ദർശനമാത്രത്താൽതന്നെ എന്റെ ശോകാവേശം ശാന്തമായിപ്പോയി.

വൈരാഗ്യം—താത! എന്താണിതിൽ ശോകത്തിനു കാരണം? എന്തുകൊണ്ടെന്നാൽ-

അററിൽകാഴ്ചകളെപ്പോൽ പെരുവഴിയിൽവ-
ഴിക്കാരുപോലംബരത്തിൽ
പാറും മേഘങ്ങളെപ്പോൽ പലവഴികടലിൽ
കപ്പലോട്ടുംജനംപോൽ
പൊററീടുന്നമ്മ യക്ഷൻ പ്രിയർ തനയർ സുഹൃ-
ത്തുക്കളെന്നല്ലിതെല്ലാം
തെററെന്നുണ്ടായസംഗംപ്രുവവിരഹമതാ-
ണൊന്തിരിൽസന്തപിപ്പാൻ? ൧൭

മനസ്സ് —ദേവി, അതേ ഉണ്ണിപറയുമ്പോലെതന്നെ. എങ്ങ
നെയെന്നാൽ ദേവി ഓൎമ്മിച്ചാലും!

ഒട്ടുംക്കാമ്പതിലൊഴിയാതൊരുപ്രിയപ്പാ-
വിട്ടൊക്കം മമതയതെന്നവൻകയററാൽ
കെട്ടപ്പെട്ടൊരുദൃഢമായജീവബന്ധം
പൊട്ടിപ്പാൻഭവതിയറിഞ്ഞതെന്തുപായം? ൧൮

സരസ്വതി—ഉണ്ണീ ജന്മങ്ങളുടെ അനിത്യതാപരിചിന്തനം
തന്നെയാണ് മമതാനാശനത്തിനുള്ള മുഖ്യോപായം.
എങ്ങനെയെന്നാൽ,

അത്രവിസ്തൃതയതായസംസൃതിയിലെത്രയാത്മജകളത്രമോ-
ടെത്രയോപിതൃപിതാമഹാദികളഴിഞ്ഞുമാഞ്ഞുബഹുകോടികൾ
സതാരക്ഷയിണി(?)യാംതടിത്തിനുസമാനമാണിഹസമാഗമം
നിത്യമല്ലിതുകളൊന്നുമെന്നുകരുതിസ്സുഖിക്കുകനിരന്തരം. ൧൯

മനസ്സ് —ദേവി ഭവതിയുടെ പ്രസാദത്താൽ ദുഃഖാതിരേകം
നഷ്ടമായിതന്നെ.

എന്നാൽ,

മുഴുത്തുംതവമുഖചന്ദ്രനി-
ലൊഴുകുംവിമലോപദേശമാമമൃതം
കഴുകുന്നെങ്കിലുമെൻമന-
മഴലേറിപ്പാരമശുദ്ധിയാകുന്നു. ൫൮

അതുകൊണ്ടു് നവംനവമായി ഉണ്ടാകുന്ന ഈ ശോക പ്രഹരണങ്ങൾക്കു് ഭഗവതി ഒരൌഷധത്തെ കല്പിച്ചാലും!

സരസ്വതി—ഉണ്ണി! ഈ വിഷയത്തിൽ മഹർഷികൾതന്നെ നല്ലവണ്ണം ഉപദേശിച്ചിട്ടുണ്ടു്.

കാണ്ഡമേൽക്കാതെയുംമർമ്മം
ഖണ്ഡിക്കും പോലെ നോവെഴും
ചണ്ഡയാം ശോകബാധയ്ക്കു
ഗണ്യമാക്കാത്തതൌഷധം. ൫൯

മനസ്സ്—ഭഗവതി അങ്ങനെതന്നെ. എന്നാൽ മനോവേഗം തടുപ്പാൻ അശക്യമായിട്ടുള്ളതാണല്ലൊ.

അന്തസ്സിലായതുതടുക്കിലുമപ്പൊഴന്യ-
ചിന്താപരമ്പരകളാൽ മറയപ്പെടുന്നു,
സ്പന്ദിച്ചകാററിലണയും മുകിലിൻമുറിഞ്ഞ-
വൃന്ദങ്ങളാൽവിശദമാംവിധുമണ്ഡലംപോൽ. ൬൦

സരസ്വതി—ഉണ്ണി! ഇതു ചിത്തത്തിൻെറ വികാരമാണു്. അതുകൊണ്ടു് ഏതെങ്കിലും ഒരു ശാന്തമായിരിക്കുന്ന വിഷയത്തിൽ ചിത്തത്തേ പ്രവേശിപ്പിക്കണം.

മനസ്സ്—എന്നാൽ ഭഗവതി അനുഗ്രഹിച്ചാലും! ഏതാണു ശാന്തമായിരിക്കുന്ന വിഷയം.

സരസ്വതി—ഉണ്ണി! ഇതു രഹസ്യമാണ്. എങ്കിലും ഖിന്നന്മാരായിരിക്കുന്നവക്ക് ഉപദേശിക്കുന്നതിൽ ദോഷമില്ല.

* നീലക്കാർമുകിൽവർണ്ണനായ ഹരിതൻ
രൂപത്തെയോ നൽപുലി-
ത്തോലുംതിങ്കളുതും ധരിച്ചഹരനാം
നാഥൻെറ പാദത്തെയോ
ചാലേനിത്യമനുസ്മരിച്ചുവെയിലിൻ
ശീതോദഭാരോപമം
മാലാറുംപരവസ്തുവിങ്കലണയാ-
മാത്മീയസൌഖ്യംപെറാം. ന. ൧

കുട്ടീത്താരുണ്യമോടാത്തരുണികൾ കുയിലുകൾ-
ക്കൂറുമക്കാവുമഗ്ര്യം
പൊട്ടുംതൈമാധവിപ്പൂം പുതിയപരിമളം
കോലുമബ്ജാലവാതം
ഒട്ടല്ലിക്കണ്ടതെല്ലാം സപദിദൃഢവിവേ-
കോദ്ഗമംകൊണ്ടുജാലം
മട്ടായ് മോഹങ്ങളുംപോയ് മരുവിൽജലധിപോൽ
മാനസം കണ്ടിടുന്നു. ന. ൨

---

* നീലക്കാർമുകിൽവർണ്ണവും നിട്ടൂരമാം കേയൂരവും ഹാരവും
മേലിൽ കണ്ഡലവും മഹാമകുടവുംതാവുന്ന ഗോവിന്ദനെ
എന്നു പാഠാന്തരം.

സരസ്വതി—ഉണ്ണി! അതു് അപ്രകാരംതന്നെ എങ്കിലും ഗൃഹസ്ഥാശ്രമികൾക്കു് ക്ഷണകാലമെങ്കിലും ധർമ്മത്തെ അനുഷ്ഠിക്കാതിരിപ്പാൻ പാടില്ല. അതുകൊണ്ടു് ഇന്നുമുതൽ "നിവൃത്തി" തന്നെ നിൻെറ സഹധർമ്മചാരിണിയായിരിക്കട്ടെ.

മനസ്സ്—(ലജ്ജയോടു കൂടെ) ദേവി എങ്ങനെ കല്പിക്കുന്നുവോ അപ്രകാരം.

സരസ്വതി—ശമ ദമ സന്തോഷാദികളായ പുത്രന്മാരും നിന്നെ ഉപചരിക്കട്ടെ. യമനിയമാദികൾ മന്ത്രിമുഖ്യന്മാരായിട്ടും ഭവിക്കട്ടെ. വിവേകവും നിൻെറ അനുഗ്രഹത്താൽതന്നെ ഉപനിഷദ്ദേവിയോടൊന്നിച്ചു് യുവരാജസൌഖ്യത്തെ അനുഭവിക്കട്ടെ. ഇതാ മൈത്ര്യാദികളായ നാലു സഹോദരികളും ഭഗവതി വിഷ്ണുഭക്തിയാൽ നിൻെറ പ്രസാദത്തിനായിട്ടു് അയക്കപ്പെട്ടിരിക്കുന്നു. അവരേ നീ സന്തോഷത്തോടുകൂടി അനുമോദിപ്പിച്ചാലും.

മനസ്സ്—ദേവിയുടെ കല്പനപോലെ ദേവിയുടെ സകല ആജ്ഞകളും ഞാൻ മൂർദ്ധാവിൽ വഹിക്കുന്നു. (എന്നു ഹർഷത്തോടുകൂടി പാദങ്ങളിൽ വീഴുന്നു)

സരസ്വതി—ഈ യമ നിയമ ആസന പ്രാണായാമ പ്രത്യാഹാരാദികളേയും ആയുഷ്മാൻ പ്രസാദത്തോടുകൂടി നോക്കിയാലും! ഇവരോടുകൂടിത്തന്നെ ആയുഷ്മാൻ സാമ്രാജ്യസിംഹാസനത്തെ അലങ്കരിച്ചാലും! വത്സൻ സ്വാസ്ഥ്യത്തെ പ്രാപിക്കുമ്പോൾ ക്ഷേത്രജ്ഞനും സ്വസ്വഭാവത്തെ പ്രാപിക്കും.

എന്തുകൊണ്ടെന്നാൽ,

നിന്നെസ്സംഗിച്ചുനിത്യൻ ജനിമരണ
ജരാക്രാന്തനായേകനീശൻ
പിന്നെ ബ്ഭിംബിച്ചുചിദ്വൃത്തികളിലലക-
ളിൽസൂര്യനായ് നൈകനായി
ഇന്നിക്കൃഷ്ണൻ്റാലെഴുംവൃത്തികളെയുപ
രമിപ്പിച്ചു നീ വിശ്രമിച്ചാൽ
മിന്നും മിന്നുന്നകണ്ണാടിയിൽമിഹിരസമം
സൌഖ്യസത്മാപരാത്മാ. ൩൩

എന്നാൽ അട്ടേ. നാം ജ്ഞാതികളുടെ ഉദകക്രിയയല്ലാ
യിട്ട് നദിയിൽ ഇറങ്ങുകതന്നെ.
മനസ്സ്—ദേവിയുടെ കല്പനപോലെ.

(എന്ന് എല്ലാവരും പോയി)

അഞ്ചാം അങ്കം.

---

## ആറാം അങ്കം.

---

(അനന്തരം ശാന്തി പ്രവേശിക്കുന്നു.)

ശാന്തി—വിവേകമഹാരാജാവു് ഇപ്രകാരം അജ്ഞാപിച്ചിരിക്കുന്നു:—"വത്സേ! ഭവതി അറിഞ്ഞതാണല്ലോ. ഇങ്ങനെ അണുപോൽ.

പുത്രന്മാരും മരിച്ചു ഭുവി സപദി മഹാ-
മോഹവും പോയ്മറഞ്ഞു
സത്താം വൈരാഗ്യമോടും സഹവസതിവശാൽ
സ്വാന്തവും ശാന്തമായി;
ചിത്തക്ലേശങ്ങളഞ്ചും ഝടിതി ചരമസം-
സ്കാരമായ്ത്തീർന്നിരിപ്പോൾ
തത്വജ്ഞാനപ്രകാശം പുരുഷനു സകല-
ത്തിങ്കലും തങ്കിടുന്നു. ൧

അതുകൊണ്ടു് ഭവതി എത്രയും വേഗത്തിൽ ദേവി ഉപനിഷത്തിനെ അനുരഞ്ജിപ്പിച്ചു എന്റെ സന്നിധിയിൽ കൊണ്ടുവന്നാലും" എന്നു്.

(നോക്കിയുംകൊണ്ടു്.)

അല്ല. അമ്മയല്ലേ. സന്തോഷഭരിതയായിട്ടു എന്തോ സംസാരിച്ചുകൊണ്ടു ഇതാ ഇങ്ങോട്ടുതന്നെ വരുന്നു.

(അനന്തരം ശ്രദ്ധ പ്രവേശിക്കുന്നു.)

ഹാ ഇന്നു രാജഗൃഹത്തെ നിരുപദ്രവമായിട്ടു കാണുകയാൽ

വളരെക്കാലമായിട്ട് എൻെറ കണ്ണുകഠം അമൃതപൂരിതങ്ങഠം എന്നപോലെ ആയി. എങ്ങിനെ എന്നാൽ,

പുരിയിലധികളാകും ദുഷ്ടരുംനഷ്ടരായി-
പ്പരമശമദമാദിശ്രേഷ്ഠരും തുഷ്ടരായി
അരികിലഖിലലോകസ്വാമിയേ പ്രേമമായി-
പ്പരിചിലുപചരിക്കുന്നീവിധം ജീവലോകം. ൨

ശാന്തി—(അടുത്തുചെന്നിട്ട്) അമ്മേ! ഭവതി എന്താണു സംസാരിക്കുന്നത്? എവിടെയാണു പോകുന്നത്?

ശ്രദ്ധ—(ഹാ എന്ന വാക്യം മുതൽ ശ്ലോകപര്യന്തം പറയുന്നു.)

ശാന്തി—എന്നാൽ ഇപ്പോഠം മനസ്സിൻെറ മേൽ സ്വാമിയായ പുരുഷൻെറ പ്രവൃത്തി ഏതുപ്രകാരമാണ്?

ശ്രദ്ധ—വദ്ധ്യനായ അപരാധിയുടെ മേൽ ഏതുപ്രകാരമോ അപ്രകാരംതന്നെ.

ശാന്തി—എന്നാൽ ഇനി സ്വാമിതന്നെ സാമ്രാജ്യസിംഹാസനത്തെ അലങ്കരിക്കും എന്നു വരുമോ?

ശ്രദ്ധ—അതേ അപ്രകാരംതന്നെ. പ്രപഞ്ചവിലക്ഷണനായിട്ട് ആത്മാവിനെ അനുസന്ധാനം ചെയ്യുന്നതുകൊണ്ട് പുരുഷൻതന്നെ സ്വാരാട്ടായിട്ടും സമ്രാട്ടായിട്ടും ഭവിക്കും.

ശാന്തി—എന്നാൽ ഇപ്പോഠം മായയിൽ ദേവൻെറ അനുഗ്രഹം എങ്ങനെയാണ്.

ശ്രദ്ധ—ഏ! നിഗ്രഹമെന്നു പറയേണ്ടിയിരിക്കുമ്പോഠം അനുഗ്രഹം എന്ന് എങ്ങനെ പറയാൻ കഴിയും? ദേവനാകട്ടെ സർവ്വാനത്ഥങ്ങഠക്കും ഹേതുഭൂതയായ ഈ മായയെ ഏതുപ്രകാരത്തിലും നിഗ്രഹിക്കണം എന്നുതന്നെ വിചാരിക്കുന്നു.

ശാന്തി—അങ്ങിനെയാണെങ്കിൽ ഇപ്പോഠം രാജഗൃഹത്തിലെ സ്ഥിതി എന്തായിരിക്കും?

ശ്രദ്ധ—കേഠക്കുക!

നിത്യാനിത്യവിചാരണാ ദയിതയായ്,
വൈരാഗ്യവും ബന്ധുവായ്,
മിത്രം സാധുയമാദിയായ്, സഹചരന്മാ-
രായ് ശമാദ്യങ്ങളും
മൈത്രീമുഖ്യകഠം കൎമ്മകാരിണികളായ്
മോക്ഷേച്ഛയുംതോഴിയായ്
വധുന്മാരത്തമായി, മോഹ മമതാ
സങ്കല്പസംഗാദികഠം. ന

ശാന്തി—എന്നാൽ ധൎമ്മത്തിനും സ്വാമിക്കും ഉള്ള സ്നേഹം ഇപ്പോഠം എങ്ങനെയാണ്.

ശ്രദ്ധ—പുത്രി! വൈരാഗ്യത്തിൻെറ സഹവാസം ഉണ്ടായതുമുതൽ സ്വാമി ഇഹപരഭോഗങ്ങളിലും തീരെ വിമുഖനായിരിക്കയാണ്. അതുകൊണ്ട്,

പാപത്തിനാൽ നരകഭീതി വരുന്നു പുണ്യ-
ലോപത്തിനാൽ പതനഭീതിയതും വരുന്നു
അപത്തു തുല്യമിവരണ്ടിനുമെന്നു കാമ-
രൂപത്തിലായവനു ധൎമ്മവുമിഷ്ടമല്ല. ര

എന്നാൽ ഈ ധൎമ്മവും സ്വാമിയുടെ അത്മൈകനിഷ്ഠയേ കണ്ടിട്ടുതന്നെ കൃതകൃത്യനേപ്പോലെ വിചാരിക്കയാൽ സ്വയമേവ ശൂന്യവ്യാപാരനായിട്ടു ഭവിച്ചു.

ശാന്തി—എന്നാൽ യോഗവിഘ്നങ്ങളോടുകൂടി മഹാമോഹം

എവിടെയോ മറഞ്ഞിരുന്നുവല്ലോ. ആ യോഗവിഘ്ന ങ്ങളുടെ വൃത്താന്തം എന്താണ്.

ശ്രദ്ധ—പുത്രി! അപ്രകാരമുള്ള ദുരവസ്ഥയെ പ്രാപിച്ചിട്ടുപോലും ആ മഹാമോഹഹതകൻ സ്വാമിയെ പ്രലോഭിപ്പിക്കുന്നതിന്നായിട്ട് മധുമതി എന്ന വിദ്യയോടൊന്നിച്ചു യോഗവിഘ്നങ്ങളെ നിയോഗിച്ചയച്ചു. ആ മഹാമോഹത്തിന് ഒരു അഭിപ്രായവുംകൂടിയുണ്ട്. എന്തെന്നാൽ സ്വാമിക്ക് ഇവരിൽ ആസക്തി ജനിക്കുന്നപക്ഷം വിവേകം ഉപനിഷദ്ദേവിയെ ചിന്തിക്കപോലും ചെയ്യുന്നതല്ലെന്ന്.

ശാന്തി—കഷ്ടം! പിന്നെ പിന്നെ

ശ്രദ്ധ—പിന്നെ അവർ ചെന്നിട്ട് സ്വാമിയുടെ സന്നിധാനത്തിൽ ഒരു ഇന്ദ്രജാലവിദ്യയെ കാണിച്ചു. എങ്ങനെയെന്നാൽ അതിൽനിന്ന് അത്യത്ഭുതകരമായിരിക്കുന്ന ആകൃതിയിൽ ഒരു പുരുഷൻ പ്രവേശിച്ചിട്ട് ഇപ്രകാരം പറഞ്ഞു. ഭോ ഭോ സ്വാമിൻ ഞാനാകട്ടെ!

നൂറുകാതമകലത്തുനിന്നു മൊഴികേട്ടിടാം-
 ശ്രുതിപുരാണവും
ഭാരതാദികഥയും സ്വയം പല വിചിത്ര
 ഗാഥയുമുരച്ചിടാം
ചാരുകാവ്യനിരചെയ്തിടാം ജഗതി ചിന്ത-
 പോലഥ നടന്നിടാം
മേരുതൻ മുകളിൽ മിന്നിടുന്ന മണിമേദു-
 രസ്ഥലികൾ കണ്ടിടാം. ൩

മധുമതി വിദ്യയും സ്വഭൂമിയെ പ്രാപിച്ചിരിക്കുന്നവരെ സ്ഥാനാഭിമാനികളായിരിക്കുന്ന ദേവതകളെക്കൊണ്ട് ഇപ്ര

കാരം പ്രവോഭിപ്പിക്കുന്നു. എങ്ങിനെയെന്നാൽ "ഭോ ഭവാൻ ഇവിടെ ഇരിക്കാം. ജനനമരണാദി ക്ലേശങ്ങൾ യാതൊന്നും ഇവിടെ ഇല്ല. ഈ ദേശം അകൃത്രിമ രമണീയമായിരിക്കുന്നു. ഇതാ വിവിധങ്ങളായ വേഷങ്ങളാലും വിലാസങ്ങളാലും ലാവണ്യത്താലും രമണീയകളായി പ്രണയപേശലകളായി പുണ്യസ്വരൂപിണികളായിരിക്കുന്ന ഈ വിദ്യാധരസ്ത്രീകൾ കയ്യിൽ മംഗളാർഘ്യങ്ങളോടുകൂടെ ഭവാൻെറ അടുക്കലേയ്ക്കു വരുന്നതു കൊണ്ടു ഭവാൻ വന്നാലും. എന്തെന്നാൽ ഇവിടെ,

പൊട്ടിച്ചുള്ളോരുഗാരുത്മതനിറമിയലും
ഭൂമിപൂങ്കാവുതന്നിൽ
തട്ടിപ്പായുന്ന തങ്കത്തറകളിൽ നിരവേ
കാണ്‌ക തോയാകരങ്ങൾ
ചട്ടററിട്ടും മുഖാബ്ജം ഗുരുജഘനഭരം
ചാരുവാമൂരുകാണ്ഡം
കുട്ടിക്കാർവേണിമാർക്കുണ്ടറിക സുകൃതഭോ-
ഗങ്ങളാണിങ്ങുവന്നാൽ. ൩൩

ശാന്തി—പിന്നെ, പിന്നെ;

ശ്രദ്ധ—പുത്രീ! ഇതിനെ കേട്ടിട്ട്, മായ ഇതു എത്രയും ശ്ലാഘനീയമാണെന്നു പറഞ്ഞു. മനസ്സ് അതിനെ അനുമോദിക്കയും ചെയ്തു. സങ്കല്പവും വളരെ ഉത്സാഹിച്ചു. സ്വാമിയും ഏകദേശം സമ്മതിച്ചപോലെ ആയി.

ശാന്തി—(ഖേദത്തോടുകൂടെ) അയ്യോ! കഷ്ടം! സ്വാമി പിന്നെയും അ സംസാരവലയിൽതന്നെ ചാടുന്നുവല്ലോ!

ശ്രദ്ധ—ഇല്ല, ഇല്ല;

ശാന്തി—പിന്നെയോ?

ശ്രദ്ധ—ഉടൻ പാൎശ്വവൎത്തിയായ തൎക്കം (സദസത്‌വിചാരരൂപം) ക്രോധകലുഷങ്ങളായിരിക്കുന്ന ദൃഷ്ടിപാതങ്ങളോടുകൂടെ മനസ്സ്, മായ മുതലായ എല്ലാവരേയും നോക്കിയുംകൊണ്ടു സ്വാമിയോട് ഇപ്രകാരം പറഞ്ഞു. ഭോ! സ്വാമിൻ! ഇപ്രകാരം വിഷയപിശിതഗ്രാസലുബ്ധന്മാരായി സ്വഭാവവഞ്ചകന്മാരായി ബകവൃത്തികളായിരിക്കുന്ന ഇവരാൽ അപ്രകാരം ഭയങ്കരമായിരിക്കുന്ന അവിഷയാഗ്നിയിൽ തന്നെ തള്ളി ഇടപ്പെട്ടുവെങ്കിലും അങ്ങ് എന്തുകൊണ്ട് അതിനെ അറിയുന്നില്ല. ഭവാനല്ലേ,

മായാമഹാംബുധികടപ്പതിനായ് മഹാത്മ-
നായോഗമാം തരികരേറിയൊരല്പകാലം
ആയാസമോടതുവെടിഞ്ഞധുനാമദത്താൽ
തീയാറുനീന്തുവതിനായ്തുനിയുന്നതെന്ത്? ൧

ശാന്തി—പിന്നെ, പിന്നെ?

ശ്രദ്ധ—ഉടനെ ഇപ്രകാരം തൎക്കത്തിൻെറ വാക്കുകളെ കേട്ടിട്ട്, സ്വാമി വിഷയങ്ങൾക്കു സ്വസ്തി പറഞ്ഞു. അതുകൊണ്ടു മധുമതി ലജ്ജിച്ചു തിരിയെപ്പോയി.

ശാന്തി—നന്നായി, നന്നായി. എന്നാൽ അമ്മ ഇപ്പോൾ എങ്ങോട്ടേയ്ക്കാണുപോകുന്നത്.

ശ്രദ്ധ—എന്നോടു സ്വാമി ഇപ്രകാരം കല്പനയായി. "ഞാൻ വിവേകത്തെ കാണ്മാൻ വളരെ ആഗ്രഹിക്കുന്നു. അതുകൊണ്ടു ഭവതി വേഗത്തിൽ പോയാലും" എന്ന്. അതിനാൽ ഞാൻ മഹാരാജാവിൻെറ (വിവേകത്തിൻെറ) സന്നിധിയിലേക്കു പോവുകയാണ്.

ശാന്തി—എന്നോടും മഹാരാജാവു് ഉപനിഷത്തിനെ കൂട്ടി കൊണ്ടു ചെല്ലുന്നതിനായി കല്പിച്ചിരിക്കുന്നു. എന്നാൽ അട്ടേ നമുക്കും സ്വാമി നിയോഗങ്ങളെ അനുഷ്ഠിക്കാം.

(എന്നു രണ്ടുപേരും പോയി.)

പ്രവേശകം കഴിഞ്ഞു.

അനന്തരം പുരുഷൻ പ്രവേശിക്കുന്നു.

(വിചാരിച്ചിട്ടു ഹർഷത്തോടെ)

ഹാ! ദേവി വിഷ്ണുഭക്തിയുടെ മാഹാത്മ്യം അതിശയനീയമായിരിക്കുന്നു. എന്തുകൊണ്ടെന്നാൽ ആ ദേവിയുടെ അനുഗ്രഹത്താൽ,

ഉൾപ്പൊങ്ങും ക്ലേശമാകുന്നുരു തിരകൾ കട-
നാമഹത്വം ഭ്രമത്തിൽ
കെല്പോടും കേറിനീന്തി സ്വജനമകരനാ-
ക്രാദിഘോരാക്രമങ്ങൾ
അപ്പാടേനീങ്ങിയാശാപ്രതതിവലയറു-
ത്താത്ത കോപൌഘവും വി-
ട്ടിപ്പോൾ സംസാരവാരാന്നിധിയുടെ മറുതീര-
ത്തു ഞാനെത്തുമല്ലോ. ൯

(അനന്തരം ഉപനിഷത്തും ശാന്തിയും പ്രവേശിക്കുന്നു.)

ഉപനിഷത്തു്—സഖി! ഇത്ര നിഷ്ഠുരനായിരിക്കുന്ന സ്വാമിയുടെ മുഖത്തെ ഞാൻ എങ്ങനെ നോക്കും. അദ്ദേഹം ഇതരസ്ത്രീജനത്തെപ്പോലെ നിരാശ്രയയായിട്ടു് എന്നെ ഇങ്ങനെ വളരെക്കാലമായി ഉപേക്ഷിച്ചില്ലേ?

ശാന്തി—ദേവി! അപ്രകാരം ഉള്ള ആപത്തിൽ അകപ്പെട്ടിരുന്ന ദേവന്റെ മേൽ ഭവതി പരിഭവിക്കരുതു്.

ഉപനിഷത്തു്—സഖീ! എന്റെ അപ്പോഴത്തെ അവസ്ഥ നീ കണ്ടില്ല. അതുകൊണ്ടു ഇപ്രകാരം പറയുന്നു. നീ കേൾക്ക!

വ്രീഡാഹേതുകമെന്റെ രത്നവലയ-
വ്രാതങ്ങൾ പൊട്ടിച്ചെടോ!
ചൂഡാരത്നമെടുക്കുവാൻ ചികുരഭാ-
രം ചുററിയേററിച്ചെടോ!
പാടേമൽപ്രിയനെന്നെയെന്റെ വിധിദോ-
ഷത്താൽ വെടിഞ്ഞെന്നുമാം
പീഡാകാരികൾ ദാസിയാക്കുവതിനാ-
യോരാഞ്ഞതാരാണഹോ! ൯

ശാന്തി—ഇതെല്ലാം മഹാമോഹത്തിന്റെ ദുശ്ചേഷ്ടിതങ്ങളാണ്. ദേവന്റെമേൽ യാതൊരപരാധവും ഇല്ല. അ മഹാമോഹം അല്ലേ കാമാദികളെക്കൊണ്ടു മനസ്സിനെ മോഹിപ്പിച്ചു വിവേകമഹാരാജാവിനെ ദൂരസ്ഥനാക്കി ചെയ്തതു്. അപൽഗതനായിരിക്കുന്ന ഭർത്താവിന്റെ സമയത്തെ പ്രതീക്ഷിക്കുന്നു എന്നുള്ള ഈ ശീലം കുലസ്ത്രീകൾക്കു സ്വതസ്സിദ്ധമായിട്ടുള്ളതും ആണല്ലോ. അതുകൊണ്ടു ഭവതി വന്നാലും! ദർശനംകൊണ്ടും പ്രിയഭാഷണംകൊണ്ടും ദേവനെ സംഭാവനം ചെയ്താലും! ഇപ്പോൾ ശത്രുക്കൾ എല്ലാം നഷ്ടമായി. ഭവതിയുടെ മനോരഥങ്ങളും സമ്പൂർണ്ണങ്ങളായല്ലോ.

ഉപ—ഞാൻ ഇപ്പോൾ ഇങ്ങോട്ടു തിരിച്ചപ്പോൾ വത്സഗീത

എന്നോട് ഇപ്രകാരം സാകാൎയ്യമായി പറഞ്ഞു. എങ്ങിനെ എന്നാൽ "ഭൎത്താവിനേയും സ്വാമിയായ പുരുഷനേയും ഭവതി ചോദ്യത്തിനു തക്കവണ്ണം ഉള്ള ഉത്തരങ്ങളെക്കൊണ്ടു സംഭാവനം ചെയ്യണം. അപ്പോൾ പ്രബോധോൽപത്തി ഉണ്ടാകും." എന്നു് അതുകൊണ്ടു ഞാൻ ഗുരുജനങ്ങളുടെ സന്നിധിയിൽ ആ കുസലില്ലായ്മിക എങ്ങിനെ ആണു് കാണിക്കുന്നതു്?

ശാന്തി—ദേവി! ഭവതി ഗീതയുടെ വാക്യപ്രകാരം ചെയ്യുന്നതിൽ ഒന്നും വിചാരിക്കാൻ ഇല്ല. ദേവി വിഷ്ണുഭക്തിയും ഈ അൎത്ഥത്തെത്തന്നെ വിവേകസ്വാമിയെ ധരിപ്പിച്ചിട്ടുണ്ടു്. അതുകൊണ്ടു ഭവതി വന്നാലും! ഭൎത്താവിനെയും അതിപുരുഷനെയും ദർശനംകൊണ്ടു സംഭാവനം ചെയ്താലും!

ഉപ—പ്രിയസഖി! പറയുന്നതുപോലെ ആട്ടെ.

(എന്നു ചുററിനടക്കുന്നു.)

(അനന്തരം രാജാവും ശ്രദ്ധയും പ്രവേശിക്കുന്നു.)

രാജാ—അല്ലയോ വത്സേ! ശ്രദ്ധേ! എന്റെ പ്രിയതമയായ ഉപനിഷത്തിനെ ശാന്തി കാണുകയില്ലേ?

ശ്രദ്ധ—ദേവ! കല്പനയേ സ്വീകരിച്ചും കൊണ്ടാണല്ലോ ശാന്തി പോയിരിക്കുന്നതു്. പിന്നെ എങ്ങിനെ കാണാതിരിക്കും?

രാജാ—അതെങ്ങിനെ?

ശ്രദ്ധ—ഇതു് ദേവി വിഷ്ണുഭക്തിതന്നെ മുമ്പേ കല്പിച്ചിട്ടുണ്ടു്. ദേവി ഉപനിഷത്തു് മന്ദരപൎവ്വതത്തിലുള്ള മധുസൂദനക്ഷേത്രത്തിൽ തൎക്കവിദ്യകളെ ഭയപ്പെട്ടു ദേവി ഗീതയുമായി ചെന്നു ചേൎന്നിരിക്കുന്നു എന്നു്.

രാജാ—എങ്ങിനെയാണ് തക്വിദ്യകളിൽ നിന്നുള്ള ഭയം?

ശ്രദ്ധ—അതിനെ ഉപനിഷദ്ദേവിതന്നെ പ്രസ്താവിക്കും. അതുകൊണ്ടു ദേവൻ വന്നാലും.

രാജാ—(അടുത്തുചെന്നിട്ട്.) അല്ലയോ സ്വാമിൻ ഇതാ ഞാൻ അഭിവാദനം ചെയ്യുന്നു.

പുരുഷൻ—വത്സ! ഈ വന്ദനം ക്രമവിരുദ്ധമായിട്ടുള്ളതാണ്. എന്തുകൊണ്ടെന്നാൽ ജ്ഞാനവൃദ്ധനായ ഭവാൻ തന്നെ ഉപദേശദാനംകൊണ്ടു നമ്മുടെ പിതൃസ്ഥാനത്തെ പ്രാപിച്ചിരിക്കുന്നു. എന്തുകൊണ്ടെന്നാൽ,

നേരായധൎമ്മവഴിനിശ്ചയമററപുത്ര-
ന്മാരോടുപണ്ടതു മഹീസുരർകേട്ടനേരം
ഊരീകരിച്ചറിവുകൊണ്ടവരോടുപുത്ര-
ന്മാരേ! ധരിപ്പിനിരിനന്ദനർചൊന്നതില്ലേ? ൧൦

അതുകൊണ്ടു ഭവാനും എന്റെ പിതൃഭാവത്തെ വഹിക്കുന്നതു് വിഹിതമായിട്ടുള്ളതാകുന്നു.

ശാന്തി—ദേവി! ഇതാ സ്വാമി പുരുഷൻ ദേവനോടൊന്നിച്ചു ഏകാന്തത്തിൽതന്നെ ഇരിക്കുന്നു. അതുകൊണ്ടു ദേവി അടുത്തു ചെന്നാലും!

ഉപനിഷത്തു്—(അടുക്കുന്നു.)

ശാന്തി—അല്ലയോ സ്വാമിൻ ഇതാ ഉപനിഷദ്ദേവി അവിടുത്തെ പാദങ്ങളെ തൊഴാനായി വന്നുനില്ക്കുന്നു.

പുരുഷൻ—അരുതു്! അരുതു! എന്തുകൊണ്ടെന്നാൽ തത്വജ്ഞാനസമ്പാദകത്വം ഹേതുവായിട്ടു് ഇവളും നമ്മുടെ മാതാവാണ്. അതുകൊണ്ടു് ഇതാ ഞാൻ വന്ദിക്കുന്നു. അല്ലെങ്കിൽ,

ഛന്തജനനനിക്കമെമ്പി-
ലന്തരമൊട്ടല്ലദേവി! ഭവതിക്കും,
ബന്ധംചെയ്യുന്നുജനനി,
ബന്ധത്തെ ബ്ഭവതിപരിഹരിക്കുന്നു. ൧൧

ഉപനിഷത്ത്—(വിവേകനെനോക്കി നമസ്കരിച്ചുംകൊണ്ടു ദൂരത്തിൽ ഇരിക്കുന്നു.)

പുരുഷൻ—അംബ! പറഞ്ഞാലും; ഭവതി ഇത്രയും ദിവസങ്ങൾ എവിടെയാണ കഴിച്ചുകൂട്ടിയത്.

ഉപനിഷത്ത്—സ്വാമിൻ!

അളില്ലാതെഴുമമ്പലങ്ങൾ 20വുംമുററങ്ങളും കണ്ടുഞാൻ
മേളിച്ചുതുകഴിച്ചുമൂർഖമുഖരന്മാരോട്ടമോരോദിനം.

പുരുഷൻ—എന്നാൽ ആ മൂർഖന്മാർ ഭവതിയുടെ തത്വത്തെ അല്പമെങ്കിലും അറിഞ്ഞുവോ?

ഉപനിഷത്ത്—ഇല്ല, ഇല്ല. എന്നാൽ,

ലാളിക്കാതവർ ഛദ്വചസ്സുകൾവിചാ-
രിക്കാതെലക്ഷ്യംവിനാ
ചോളസ്ത്രീജനവാക്കുപോലെവിപരീതാൎത്ഥ-
ങ്ങൾചെയ്യുന്നതിൽ. ൧൨

അതുകൊണ്ടു് അവർ എന്റെ വാക്യാൎത്ഥത്തെ വിചാരിക്കുന്നതു കേവലം പരധനാപഹാരണത്തിനായിട്ടു തന്നെയാണു്.

പുരുഷൻ—പിന്നെ പിന്നെ?

ഉപനിഷത്ത്—പിന്നേ ഒരിക്കൽ.

അ മാന്തോൽ, വിറക, ഗ്നി, യാജ്യമതുമാ-
ജ്ജുഹപാദിപാത്രംതഥാ
സോമാദ്യങ്ങൾ, മഖങ്ങളിഷ്ടിപശുവെ-
ന്നിച്ചൊന്നതൊന്നായുടൻ
കേമത്തത്തൊട്ടു കർമ്മകാണ്ഡമുപദേ-
ശിക്കുന്നമാർഗ്ഗേവതും
ശ്രീമെത്തീടിനയജ്ഞവിദ്യയെവഴിക്കു-
ണ്ടൊന്നുകണ്ടേനുഞാൻ. ൧൩.

അപ്പോൾ ഞാൻ വിചാരിച്ചു പുസ്തകഭാരവാഹിനിയായിരിക്കുന്ന ഇവൾ എന്റെ തത്വത്തെ അറിയുമായിരിക്കാം. അതുകൊണ്ടു ഇവളുടെ അടുക്കൽതന്നെ കുറെ ദിവസങ്ങളെ കഴിച്ചുകൂട്ടാം എന്നു്.

പുരുഷൻ— പിന്നെ പിന്നെ?

ഉപനിഷത്തു്— അനന്തരം ഞാൻ അവളുടെ അടുക്കൽ ചെന്നു. അവൾ എന്നോടുചോദിച്ചു. "ഭദ്രേ! നിനക്കു എന്താണു് വേണ്ടതു്" എന്നു് അപ്പോൾ ഞാൻ പറഞ്ഞു. "ആര്യേ ഞാൻ ഇപ്പോൾ അനാഥയാണു്. അതുകൊണ്ടു് ഭവതിയുടെകൂടെ താമസിച്ചാൽകൊള്ളാം" എന്നു്.

പുരുഷൻ— പിന്നെ, പിന്നെ.

ഉപനിഷത്തു്— അപ്പോൾ അവൾ ചോദിച്ചു "ഭദ്രേ നിന്റെ കർമ്മം എന്താണു്" എന്നു്.

പുരുഷൻ— പിന്നെ പിന്നെ.

ഉപനിഷത്തു്— ഉടൻ ഞാൻ പറഞ്ഞു.

ആരിന്നുദ്ഭൂതമാരിൽസ്ഥിതമഖിലജഗ-
ത്താരിലസ്തംഗമിക്കു-
ന്നാരാൽ ശോഭിപ്പുതാരാണനവരതനിജാ-
നന്ദതേജോമയാത്മാ

ആരിൽദ്വൈതാന്ധകാരം യമിജനമകല-
ത്താക്കിമോക്ഷംലഭിക്കു
ന്നാ രാത്മാ ശ്ശാന്ത നാ ശ്ശാശ്വതപുരുഷ നവൻ
തന്നെഞാൻവാഴ്ത്തുമെന്നും. ൧൨

അപ്പോൾ യജ്ഞവിദ്യവിചാരിച്ചുകൊണ്ടു പറഞ്ഞു.

കർത്തൃത്വംകലരാത്തപൂരുഷനധീ-
ശത്വംഭവിച്ചീട്ടുമോ
തത്വജ്ഞാനമകററുമോഭവഭയം
സദ്ധർമ്മകർമ്മംവിനാ
മർത്ത്യൻസംസൃതിതാരകക്രിയകളും
ചെയ്തുപ്രശാന്താത്മനാ
ചിത്തത്തിൽ ശതവർഷവും കഴിയുവാൻ
സ്വച്ഛന്ദമിച്ഛിക്കണം. ൧൩

അതുകൊണ്ടു ഭവതിയുടെ ഈ സ്വീകാരം അധിക പ്ര
യോജനവത്താണെന്നു എനിക്കു തോന്നുന്നില്ല. എങ്കിലും പു
രുഷനെ കർത്താവായിട്ടും ഭോക്താവായിട്ടും വർണ്ണിച്ചുകൊണ്ടു
എത്രകാലം ഇവിടെ വസിക്കുന്നതിനു ഇച്ഛിക്കുന്നു എങ്കിലും
അതിൽ നമുക്കു യാതൊരു വിരോധവുമില്ല.

രാജാ—(പരിഹാസത്തോടുകൂടെ)

ഹാ ധൂമാന്ധകാരത്താൽ അന്ധദൃഷ്ടിയായിരിക്കുന്ന യ
ജ്ഞവിദ്യയുടെ ദുർബ്ബുദ്ധിവിലസിതം ആശ്ചര്യംതന്നെ. എ
ന്തെന്നാൽ ഇപ്രകാരം ഉള്ള തർക്കങ്ങളാൽ അവർ വഞ്ചിക്ക
പ്പെട്ടുവല്ലോ.

ചിന്തിക്കുമ്പോളുലകിതുജഗത് സാക്ഷി
തൻവീക്ഷണത്താൽ
സ്വാന്തംമായാവിരചിതമിതാണീശ്വ
രന്നീശ്വരത്വം
കാന്തക്കല്ലിന്നരികിൽ വരികിൽകേവ-
ലംകാരിരുമ്പും
സ്വാന്തഃക്ഷോഭം കലരുമുടനേ കേട
കന്നോട്ടമല്ലോ. ൬൩

അതുകൊണ്ട് ഇപ്രകാരമുള്ള നോട്ടം അജ്ഞാനാന്ധന്മാരുടേതുതന്നെയാണ്. അജ്ഞാനസംഭവമായിരിക്കുന്ന സംസാരത്തെ അജ്ഞാനജന്യങ്ങളായ കർമ്മങ്ങളെക്കൊണ്ട് നശിപ്പിപ്പാൻ ഇച്ഛിക്കുന്ന ഈ യജ്ഞവിദ്യ നിശ്ചയമായും തമസ്സുകൊണ്ടു അന്ധകാരത്തെ പരിഹരിപ്പാൻ ഇച്ഛിക്കയാകുന്നു. എങ്ങിനെയെന്നാൽ,

പ്രകൃതിലീനതമോമയമാം ജഗത്-
പ്രകരമൊക്കെ വിളക്കി വിളങ്ങിടും
അവനെയാരറിയുന്നവർമുക്തരാ-
മവരമാർഗ്ഗവുമില്ലപവർഗ്ഗദം. ൬൪

പുരുഷൻ—പിന്നെ, പിന്നെ.

ഉപനി—അനന്തരം യജ്ഞവിദ്യ പിന്നെയും വിചാരിച്ചുകൊണ്ടു പറഞ്ഞു. "സഖി! നിൻെറ സഹവാസം നിമിത്തം നമ്മുടെ ശിഷ്യജനങ്ങൾ ദുർവ്വാസനയാൽ നഷ്ടബുദ്ധികളായിട്ട് കർമ്മങ്ങളിൽ അശ്രദ്ധന്മാരായി ഭവിച്ചേക്കാൻ വകയുണ്ട്. അതുകൊണ്ടു ഭവതി ഏതെങ്കിലും ഇഷ്ടമായ ദിക്കിലേക്കു പോകുന്നതിൽ ദയ ചെയ്താലും" എന്ന്.

**പുരുഷൻ**—പിന്നെ പിന്നെ.

**ഉപനിഷത്ത്**—അനന്തരം ഞാൻ അവളുടെ അടുക്കൽനിന്നും പുറപ്പെട്ടു.

**പുരുഷൻ**—പിന്നെ പിന്നെ.

**ഉപനിഷത്ത്**—പിന്നെ ഞാൻ കമ്മകാണ്ഡസഹചാരിയായിരിക്കുന്ന മീമാംസയെക്കണ്ടു.

എതിരിട്ടവളധികമെഴു-
ന്നധികാരശ്രേണിയംഗമവകളൊടും
അതിദേശമാപ്തവാക്യ-
ശ്രുതിലിംഗാദിപ്രമാണനിരയോടും. ൧൨

**പുരുഷൻ**—പിന്നെ, പിന്നെ.

**ഉപ**—അനന്തരം ഞാൻ അവളോടു യജ്ഞവിദ്യയോടു എന്നപോലെ ആശ്രയത്തെ യാചിച്ചു. അപ്പോൾ അവളുംചോദിച്ചു ഭദ്രേ! നിനക്കു എന്താണു് പ്രവൃത്തിഎന്നു്; ഉടൻ ഞാൻ "ആരീനൽഭൃതമാരിൽ" എന്നതിനെ തന്നെ പറഞ്ഞു.

**പുരുഷൻ**—പിന്നെ, പിന്നെ.

**ഉപനി**—അനന്തരം മീമാംസ അന്തേവാസികളെ നോക്കിക്കൊണ്ടു പറഞ്ഞു. "സ്വർഗ്ഗഫലഭോക്താവായ പുരുഷനെ സ്തുതിക്കുന്നതുകൊണ്ടു നമുക്കു് ഇവളിൽനിന്നും പ്രയോജനമുണ്ടു്. അതിനാൽ ഇവളെ കമ്മോപയുക്തയായിട്ടു ധരിച്ചാലും" എന്നു്. ഉടൻ അതിൽ ഒരു ശിഷ്യൻ അതിനെ അനുമോദിച്ചു. ഉടൻ അനശ്വരയായ ഖ്യാതിയോടുകൂടിയവനായും മീമാംസാരഹസ്യത്തിൻെറ അധിദൈവതംപോലെ ഉള്ള അവളും ആയിരിക്കുന്ന

മററൊരു ശിഷ്യനായ കുമാരിലസ്വാമി പറഞ്ഞു. "ഹേ ദേവി! ഇവർ കർമ്മോപയുക്തനായ പുരുഷനെ പ്രതിപാദിക്കുന്നില്ല. അകർത്താവായും അഭോക്താവായും ഇരിക്കുന്ന ഈശ്വരനെ ആണു വർണ്ണിക്കുന്നതു്. ഈശ്വരൻ കർമ്മോപയോഗി അല്ലതാനും" ഉടൻ മററൊരു ശിഷ്യൻ ചോദിച്ചു "അല്ല! ലൌകികനായ പുരുഷനേക്കാൾ അന്യനായിട്ടു ഈശ്വരനും ഉണ്ടോ?" എന്നു്. ഉടൻ പിന്നെയും കുമാരിലസ്വാമി ചിരിച്ചുംകൊണ്ടു പറഞ്ഞു.

ലോകംചെഷ്ടിപ്പതെല്ലാമറിയുമൊരുവനി-
നാന്യനപ്രജ്ഞനല്ലോ
ഭോഗംനൽകുന്നിതേകൻ പരനഥ ഫലഭോ-
ഗങ്ങളർത്ഥിക്കയല്ലോ
ഏകൻകർമ്മങ്ങൾചെയ്യുന്നു പരനതുവിധി
ക്കുന്നുനിസ്സംഗനായ്പ-
ന്നേകത്വം കർമ്മകർത്താവിനുമധിപതിയാം
ദേവനുംദേയമാമോ? ൧൯

രാജാ—(സന്തോഷത്തോടുകൂടെ) നന്നായി; താന്ത്രിക! കുമാരിലസ്വാമിൻ! നന്നായി. ബുദ്ധിമാനാണു് അങ്ങു! ദീർഘായുസ്സായി ഭവിച്ചാലും!

പെരുത്തസൌഖ്യത്തോടുമൊത്തുചേർന്നൊരേ-
മരത്തിൽമേവുന്നിതു രണ്ടുപക്ഷികൾ
തരത്തിലുണ്ടാംഫലമൊന്നരിന്നിടും
കരുത്തൊടുംമററതുകണ്ടിരുന്നിടും. ൨൦

പുരുഷൻ പിന്നെ, പിന്നെ.

ഉപ —അനന്തരം ഞാൻ മീമാംസയോടു യാത്രപറഞ്ഞു പുറപ്പെട്ടു.

പുരുഷൻ—പിന്നെ പിന്നെ.

ഉപ—അനന്തരം ഞാൻ അനേക ശിഷ്യജനങ്ങളാൽ പരിവൃതകളായിരിക്കുന്ന തക്വവിദ്യകളെക്കണ്ടു.

ഭേദംക്ലേശാദിഭിന്നൻ പുരുഷനുപറയു-
ന്നാകവേയോഗവിദ്യാ
വാദിക്കുന്നുവിതണ്ഡാദികളഥവിവിധ
ന്യായയാംന്യായവിദ്യ
ആദിയ്ക്കേതത്വമോതിപ്പലതുമഹദഹ-
ങ്കാരസൃഷ്ടിക്രമത്താൽ
ബോധിപ്പിക്കുന്നു ഭേദംപ്രകൃതിപുരുഷയോ-
സ്സംഖ്യയാസാംഖ്യവിദ്യ. ൨൭

പുരുഷൻ—പിന്നെ, പിന്നെ.

ഉപ—ഞാൻ യജ്ഞവിദ്യാദികളുടെ എന്നപോലെ അവരുടേയും അടുക്കൽ ചെന്നു. അവരും എന്നോടു എന്റെ കർമ്മത്തെ ചോദിച്ചു. ഞാൻ മുൻപറഞ്ഞതിനെത്തന്നെ പറകയും ചെയ്തു. (അതിനെത്തുടർന്നു ഇപ്രകാരം പാഠിക്കുന്നു) ഉടനേ അവർ എല്ലാവരുംകൂടി പൊട്ടിച്ചിരിച്ചുംകൊണ്ടു പറഞ്ഞു—"ഛേ! എടീ വാചാലേ! ജഗത്തിന്റെ ഉല്പത്തി പരമാണുവിൽ നിന്നാണ്. ഈശ്വരൻ നിമിത്തകാരണമേആകുന്നുള്ളൂ." ഉടൻ മററൊരുത്തി ക്രോധിച്ചുംകൊണ്ടു പറഞ്ഞു. "ഛെഃ! എടീ പാപിഷ്ഠേ! ഈശ്വരനു ഉപാദാനകാരണത്വത്തേ പ്രതിപാദിക്കുന്ന നീ അഹംകാരിതത്വത്തേ സമ്മതിക്കേണ്ടിവരുമല്ലോ. അപ്പോൾ വിനാശിത്വാപത്തിയും നീ എങ്ങിനെ സമ്മതിക്കും?" അപ്പോൾ മററൊരുത്തി പറഞ്ഞു. "എടീ ജഗദുപാദാനകാരണം പ്രകൃതിയാണ്." എന്ന്.

രാജാ—ഹാ! തൎക്കവിദ്യകളുടെ ബുദ്ധിശൂന്യത ആശ്ചൎയ്യംതന്നെ! എന്തെന്നാൽ ഇത്രകൂടി അറിയുന്നില്ലല്ലോ. പ്രമേയങ്ങൾ എല്ലാം ഘടപടാദികൾപോലെ കാൎയ്യങ്ങളാകയാൽ പ്രമേയങ്ങളാക്കിയ പരമാണുക്കൾക്കും പ്രകൃതിക്കും ഉപാദാനകാരണത്വം എങ്ങിനെ സ്വീകരിക്കും?—എന്നുതന്നെയല്ല,

കീലാലേന്ദുവൊടന്തരീക്ഷപുരികൾ
കെട്ടുംകിനാവുംകണ-
ക്കീലോകംഭ്രമമുത്ഭവക്ഷയിയുമാ
മേയങ്ങൾകാൎയ്യങ്ങളാം
മാലാഭോഗികൾപോൽവിളങ്ങുവതുമി-
ന്നാബ്രഹ്മമജ്ഞാതമാം
കാലത്താണിവയാത്മബോധമുളവാം
നേരത്തുദൂരത്തുമാം. ൨൨

എന്നാൽ വികാരശങ്കയാകട്ടെ മുഗ്ദ്ധവധുവിന്റെ കല്പിതചേഷ്ടതന്നെയാണ്. വികാരലേശംകൂടിയുള്ളതല്ല. എങ്ങിനെ എന്നാൽ—

നിത്യംജ്യോതിരഖണ്ഡമേകമമലം
ശാന്തംചിദാത്മാവതി-
ന്നോൎത്താലെങ്ങിനെയിപ്രപഞ്ചമുളവാം
നേരംവികാരംവരും
പുത്തൻനീലപയോജഗൎഭരുചിപൊ-
ങ്ങീടുംപയോദങ്ങൾതാൻ
തത്തൽക്കാലമുദിയ്ക്കുമംബരമരി
ന്നെന്തുള്ളുഭാവാന്തരം. ൨൩

പുരുഷൻ—ശരി, ശരി; ബുദ്ധിമാൻെറ ഈ ചിന്തനം നമ്മുടെ ഹൃദയത്തെ ഏററവും സന്തോഷിപ്പിക്കുന്നു. (ഉപനിഷത്തിനോടായിട്ട്) പിന്നെ, പിന്നെ.

ഉപനി—അവർ എല്ലാപേരും ക്രോധത്തോടുകൂടി ഇപ്രകാരം പറഞ്ഞു. "ഹാ! പ്രപഞ്ചനാശത്തിൽ മോക്ഷത്തെ പ്രതിപാദിക്കുന്ന നാസ്തികാനുയായിനിയായിരിക്കുന്ന ഇവളെപിടിച്ചു ബന്ധനസ്ഥയാക്കണം" എന്ന്. ഇങ്ങനെ എല്ലാവരുംകൂടി എന്നെ പിടിക്കാനൊരുമ്പെട്ടു.

പുരുഷ—(ഭയത്തോടുകൂടെ) പിന്നെ, പിന്നെ.

ഉപനി—ഉടൻ ഞാൻഅതിവേഗത്തിൽ അവിടെനിന്നും തെററി ദണ്ഡകാരണ്യത്തിലേക്കു പുറപ്പെട്ടു. അവിടെ മന്ദരപവ്തത്തിലുള്ള മധുസൂദനക്ഷേത്രത്തിൻെറ ഏകദേശമടുക്കൽ,

ക്രീഡാഹേതുകമെൻെറത്താലയ-
വ്രാതങ്ങൾപൊട്ടീടവേ
ചൂഡാരത്നമെടുക്കയാൽ ചികുരഭാരം
ചുററുമേററീടവേ
പാടോത്താസരങ്ങളററുവസനം
കഷ്ടിച്ചഴിഞ്ഞീടവേ

എന്നുവേണ്ടാ ഇങ്ങനെയുള്ള ദുരവസ്ഥകൾ എല്ലാം എനിക്കു സംഭവിച്ചു.

പുരുഷ—പിന്നെ, പിന്നെ.

ഉപനി—അനന്തരം ദേവാലയത്തിൽനിന്നും ഗദാധാരികളായിട്ട് പുറപ്പെട്ട പുരുഷന്മാർ അവരെയെല്ലാം നിർദ്ദയ

മായി പ്രഹരിക്കുകയും അവർ പേടിച്ചു ദേശാന്തരങ്ങളിലേക്കു ഓടിപ്പോകുകയും ചെയ്തു.

രാജാ—(ഹർഷത്തോടുകൂടെ) ഭവതിയോടു അക്രമം കാണിക്കുന്നവരെ സർവ്വസാക്ഷിയായ ഭഗവാൻ വിടുമോ?

പുരുഷ—പിന്നെ, പിന്നെ.

ഉപനി—

ഓടിക്കാൽവളയുംതകർത്തോട്ടുവിൽ ഞാൻ
പ്രാപിച്ചു ഗീതാശ്രമം വരു

അവിടെ ഞാൻ ചെല്ലുന്നതിനെ കണ്ടയുടൻ വത്സഗീത സംഭ്രമത്തോടേ വന്നു അമ്മാ അമ്മാ എന്നു ആലിംഗനം ചെയ്തുകൊണ്ടു എന്നെ അവിടെഇരുത്തി അനന്തരം എൻെറ സർവ്വ വൃത്താന്തങ്ങളേയും അറിഞ്ഞിട്ട് അവൾ പറഞ്ഞു. അമ്മ ഇതുനിമിത്തം മനസ്സിനെ ക്ലേശിപ്പിക്കരുത്. ഭവതിയെ പ്രമാണമാക്കാതെ ആരു അസുരസത്വന്മാരായി യഥേഷ്ടചാരികളായി നടക്കുമോ അവരെ ഈശ്വരൻതന്നെ ശിക്ഷിക്കും. അപ്രകാരമുള്ളവരെക്കുറിച്ചു ആ ഭഗവാൻ ഗീതയിൽ പറഞ്ഞിട്ടും ഉണ്ട്.

കോപിഷ്ഠരായ് കുടിലമാനസരായതീവ-
പാപിഷ്ഠരായ ക്രൂരരായ നരാധമന്മാർ
താപപ്പെട്ടുംപടി സദാ ഭവസാഗരത്തിൽ
ക്ഷേപിക്കുമായവരെ ദാനവയോനിമേൽ ഞാൻ

പുരുഷൻ—(കൌതുകത്തോടുകൂടെ) ദേവി! ഭഗവതിയുടെ പ്രസാദമുണ്ടായി ഒന്നു കേൾപ്പാൻ ഇച്ഛിക്കുന്നു. "ഈ ഈശ്വരൻ എന്നുവച്ചാൽ ആരാണ്" എന്ന്?

ഉപനി—(ഷോപഞ്ഞാനെ എന്നപോലെ) ആത്മാവിനെ അന്ധനേപ്പോലെ ചോദിക്കുന്നവരോടു ആരാണ് ഉത്തരം പറയുന്നതു്?

പുരു—(ഹർഷത്തോടുകൂടെ) ഓ! ഈ ആത്മാവുതന്നെയാണോ പരമേശ്വരൻ?

ഉപനിഷത്തു്—അതെ അതെ. എങ്ങനെ എന്നാൽ.

ഈദേവനിന്നിതരനല്ലഭവാനിൽനിന്നു
മാദീശ്വരന്നു പരനല്ലറികിൽഭവാനും
ഭേദപ്പെട്ടുത്തുവതവിദ്യയുമാം ജലത്തി-
ലാദിത്യബിംബമതുപോലവനേഭവാനാം. ൨൯

പുരു—(വിവേകത്തോടായിട്ടു്) അല്ലയോ ഭഗവൻ! ഭഗവതി പറഞ്ഞിട്ടും ഈ അൎത്ഥം എനിക്കു നല്ലവണ്ണം മനസ്സിലാകുന്നില്ല.

പ്രത്യക്ഷത്തിൽഭിന്നനായ് ഛിന്നനായും
മൃത്യുപ്രാപ്തിക്കർഹനായ് ഗർഹ്യനായും
വൎത്തിക്കുമ്പോൾദേവിയായെന്നെയല്ലോ
നിത്യാനന്ദജ്യോതിയെന്നോതിടുന്നു. ൨൩

വിവേകം—അയ്യൻ പറയുന്നതു സത്യംതന്നെ. എന്നാൽ പദാൎത്ഥജ്ഞാനം ഇല്ലാത്തതിനാൽ വാക്യാൎത്ഥജ്ഞാനം ഉണ്ടാകാത്തതാണ്.

പുരുഷൻ—എന്നാൽ ഭവാൻ പദാർത്ഥബോധത്തിന്നു മാൎഗ്ഗത്തെ കല്പിച്ചാലും!

വിവേകം —അത് ഞാൻ പറയാം.

തത്വംസ്വമിതല്ലിതല്ലിതാഥമെ-
ന്നെണ്ണിക്കഴിച്ചേറ്റുമാ-
ച്ചിത്തത്തിങ്കലുടൻ ചിദേകരസമായ്
തോന്നും "ത്വ"മർത്ഥംതദാ
സത്താം "തത്വമസീ"തിവാക്യമുടനേ
കേട്ടാത്തമസ്സറ്റെഴും
നിത്യാനന്ദരസം "തദ"ർത്ഥമമലം
ശാന്തം വിളങ്ങും സ്വയം. ൨൭

(പുരുഷൻ—ആനന്ദത്തോടുകൂടെ കേട്ട അർത്ഥത്തെ ചിന്തിക്കുന്നു)

(അനന്തരം നിദിദ്ധ്യാസനം പ്രവേശിക്കുന്നു.)

നിദിദ്ധ്യാസനം—ദേവി വിഷ്ണുഭക്തി ആജ്ഞാപിച്ചിരിക്കുന്നു. എന്തെന്നാൽ "നമ്മുടെ അഭിപ്രായത്തെ വിവേകത്തോടുകൂടിയിരിക്കുന്ന ഉപനിഷത്തിനെ ധരിപ്പിക്കണം. നീ പുരുഷന്റെ സന്നിധിയിൽ വസിക്കയും ചെയ്യണം." എന്ന്. (നോക്കീട്ട്) ഇതാ ദേവി ഉപനിഷത്ത് വിവേകത്തോടും പുരുഷനോടും ഒന്നിച്ചു ഏകദേശം അടുക്കലായിട്ടുതന്നെ ഇരിക്കുന്നു. അടുത്തുചെല്ലുകതന്നെ— (അടുത്തുചെന്നു ഉപനിഷത്തിനോടായിട്ട് ജനാന്തികം) ദേവി! ഭഗവതി വിഷ്ണുഭക്തി കല്പിച്ചിരിക്കുന്നു. എങ്ങിനെ എന്നാൽ "ദേവതകൾ സങ്കല്പയോനികളാണ്. ഭവതി ഇപ്പോൾ ഗർഭിണിയാണെന്ന ഞാൻ സമാധികൊണ്ടു അറിഞ്ഞിരിക്കുന്നു. അതിൽ ഭയംകരിയായി വിദ്യയെന്ന പ്രസിദ്ധയായ കന്യകയും പ്രബോധചന്ദ്രനും ഭവതിയുടെ ഗർഭത്തിൽ ഉണ്ട്. അവരിൽ വിദ്യയെ ആകർഷണവിദ്യകൊണ്ടു ഭവതി മനസ്സിൽ സംക്രമി

ർപ്പിക്കണം. പ്രബോധചന്ദ്രനെ പുരുഷങ്കൽ സമർപ്പിച്ചുംകൊണ്ട് ഭവതി വിവേകത്തോടൊന്നിച്ചു എന്റെ അടുക്കൽ വരികയും ചെയ്യണം” എന്ന്.

ഉപ—ദേവിയുടെ കല്പനപോലെ (എന്നു വിവേകത്തെ കൂട്ടിച്ചുംകൊണ്ടുപോയി) (നിദിദ്ധ്യാസനം പുരുഷനിൽ പ്രവേശിക്കുന്നു) (പുരുഷൻ ധ്യാനത്തെ നടിക്കുന്നു) (അണിയറയിൽ ഹാ! ആശ്ചര്യം ആശ്ചര്യം.)

കത്തിക്കാളുന്നകാന്തിച്ഛടകളൊടുജ്ജ്വലന
ജ്വാലപോൽദിക്കിൽദീപ്ത്യാ
ചിത്തത്തിൻ രൂക്ഷവക്ഷഃസ്ഥലഫലകമുട
ച്ചുത്ഭവിച്ചത്രവിദ്യാ
അത്തെത്തിച്ചെന്നുമോഹാദികളെയഖിലവും
ഹന്ത! ഭുക്ത്വാമറഞ്ഞാൾ;
ക്ഷേത്രജ്ഞൻമുമ്പിലെത്തുന്നിത! സപദിമഹാന
ന്ദകൻശ്രീപ്രബോധം. ൨൮

(അനന്തരം പ്രബോധചന്ദ്രൻ പ്രവേശിക്കുന്നു.)

പ്രബോ—(ചുററിനടന്നിട്ട്)

പാരെല്ലാമാക്രമിച്ചോ പരിചിലപഹരി-
ച്ചോ വർദ്ദൂരീകരിച്ചോ
നേരായേകീഭവിച്ചോ നിയതമതുലഭി-
ച്ചോ നശിച്ചോന്നിനച്ചാൽ
പാരാതുണ്ടില്ലയോവാ നിതിപലവിധമാം
ദ്വൈതശങ്കളെല്ലാം
തീരാനുണ്ടായവൻഞാൻധൃതദളിതതമോ
ബാധനാം ബോധചന്ദ്രൻ. ൨൯

(ചുററിനടന്നിട്ടു്) ഇതാ ക്ഷേത്രജ്ഞൻ. അടുത്തു ചെല്ലുക തന്നെ. (അടുത്തുചെന്നിട്ടു്; അല്ലയോ ഭഗവൻ! ഇതാ പ്രബോധചന്ദ്രൻ അഭിവാദനം ചെയ്യുന്നു.

പുരുഷൻ—(ആഹ്ലാദത്തോടുകൂടി) ഉണ്ണി! വരൂ. എന്നെ ആലിംഗനം ചെയ്താലും!

പ്രബോ—(അപ്രകാരം ചെയ്യുന്നു.)

പുരു—(ആനന്ദത്തോടുകൂടെ) ഹ! ആശ്ചര്യം! അന്ധകാരപടലങ്ങളെ അകററിക്കൊണ്ടു പ്രബോധം വന്നു. എങ്ങനെയെന്നാൽ,

കെല്പോടജ്ഞാനമാകും തിമിരഭരമതും
നീക്കി വായ്ക്കുംവികല്പ-
സ്വപ്നം കൈവിട്ടുദിച്ചു സുഷമയൊടുമിതാ
ബോധമാം ശീതഭാനു
ഇപ്പോൾ ശ്രദ്ധാവിവേകം മതിമുതലഖിലം
ദൃശ്യമാം വിശ്വമായും
നിർഭാസിക്കുന്നെനിക്കിന്നിതു നിയതമഹം
നിർമ്മലബ്രഹ്മമായും. ൩൦

സർവ്വപ്രകാരത്തിലും ഭഗവതി വിഷ്ണുഭക്തിയുടെ പ്രസാദത്താൽ ഞാൻ കൃതകൃത്യനായിത്തീൎന്നു. ആ ഞാനാകട്ടെ ഇപ്പോൾ—

സന്ധിക്കാതെയുമൊന്നൊരുത്തനൊടു യാ-
ചിക്കാതെയും കേവലം
ചിന്തിക്കാതെയുമായ് നടന്നുമനിശം
തെക്കോ വടക്കോ മുദാ

അന്തശ്ശോകകഷായമോഹമിവയ-
റവും ശാന്തനായിന്നുഞാൻ
സന്ധ്യയ്ക്കെത്തിയടിക്കു,തൻ ഭവനമാം
സാക്ഷാൽ മുനിപ്രൌഢനായ്. ൩൧

വിഷ്ണുഭക്തി—(പ്രവേശിച്ച് സന്തോഷത്തോടുകൂടി അടുക്കൽ ചെന്നിട്ട്) ശത്രുക്കൾ എല്ലാം നശിച്ചു. ഭവാനെ കാണ്മാൻ സംഗതിയായതിനാൽ വളരെക്കാലംകൊണ്ടുള്ള നമ്മുടെ മനോരഥങ്ങൾ എല്ലാം സമ്പൂൎണ്ണങ്ങളായി.

പുരുഷൻ—ദേവിയുടെ പ്രസാദത്താൽ എന്താണസാദ്ധ്യമായിട്ടുള്ളത്? (എന്നു പാദങ്ങളിൽ വീണു നമസ്കരിക്കുന്നു.)

വിഷ്ണുഭക്തി—(എഴുന്നേല്പിക്കുന്നു) ഉണ്ണീ! എഴുന്നേല്ക്കുക. നാം ഇനി നിനക്കു എന്തു പ്രിയത്തെയാണു ചെയ്യേണ്ടതു്?

പുരുഷൻ—ഇതിനേക്കാളും പ്രിയമായി എനിക്കേതെങ്കിലും ഉണ്ടോ? എന്തുകൊണ്ടെന്നാൽ—

വൈരികളററു,വിവേകം
സ്വൈരം ചരിതാൎത്ഥമായ്നിരൂപിച്ചാൽ
പരിചിൽരജസ്സിനുപരമാം
പരമാംധാമത്തിൽഞാനുമായല്ലോ. ൩൨

മുന്നംമോഹാദിയെല്ലാംപ്രബലബലമൊടും
വെന്നുവേഗം വിവേകം
പിന്നെപ്രാദുർഭവിച്ചു പരിചൊടുമമവൈ-
രാഗ്യവും ഭാഗ്യയോഗാൽ

ഇന്നിപ്പോൾശാന്തിമുമ്പാമവരൊട്ടുപനിഷ-
ത്തിൻെറ സംഗത്തിൽനിന്നും
ധന്യേ! മാം പ്രാപ്തമായീ തവകൃപയരിനാൽ
ബോധവും ബാധയെന്യേ. ൩൨

അപ്രകാരമാണെങ്കിലും ഇതു ഭവിക്കട്ടെ—

കൂലംകാണാത്തതാകും ഭവജലനിധിയിൽ
കപ്പലോടിക്കുമഗ്ഗോ-
പാലൻപാദത്തിൽമുക്തിക്കലകിൽജനനിയാം
ഭക്തിവധിച്ചിടട്ടെ!
മേലുംമുക്തേഷണന്മാർമുനികൾമഹിതമാം
നിമ്മലജ്യോതിരേകം
മൂലാനന്ദസ്വരൂപം മുഹുരപി പരിഭാ-
വിച്ചു ശോഭിച്ചിടട്ടേ!! ൩൪

ഖേദംകൈവിട്ടുനാട്ടിൽ കരിമുകിൽമഴപെ-
യ്യട്ടെ! വാട്ടംവെടിഞ്ഞി-
ന്നാതങ്കം കൈയകററിച്ചരചരുമവനീ-
മണ്ഡലം കാത്തിടട്ടേ!!
ജ്യോതിർജ്ഞാനം പ്രകാശിച്ചിരുളുമകലെയായ്
തൽപ്രസാദേനസാധു-
വ്രാതം സംസാരവാരാന്നിധിസപദികട-
ക്കട്ടെ, സൌഖ്യംവരട്ടേ!!! ൩൫

(എല്ലാവരും പോയി.)

പ്രബോധചന്ദ്രോദയം സമ്പൂർണ്ണം

---

ശുഭം.

# പ്രബോധചന്ദ്രോദയം.

## ലഘുവ്യാഖ്യാനം.

---

### മുഖവുര.

'ശാരദാ ബുക്കഡിപ്പോ'വിൽനിന്നും പുതുതായി പരസ്യം ചെയ്തിട്ടുള്ള, ആശാൻെറ പ്രബോധചന്ദ്രോദയം തൎജ്ജമയ്ക്കു് ഒരു ടിപ്പണം എഴുതണമെന്നു് മിസ്സിസ്സു് ആശാൻ എന്നോട്ടു് ആവശ്യപ്പെട്ടിരുന്നു. മദ്രാസ് സൎവ്വകലാശാലയിൽനിന്നും ഇൻറർമീഡിയററു് പരീക്ഷയ്ക്കു് ഒരു പാഠ്യപുസ്തകമായി സ്വീകരിച്ചതുകൊണ്ടു് അടുത്ത പതിപ്പിൽത്തന്നെ ടിപ്പണംകൂടി ചേൎത്താൽ കൊള്ളാമെന്നായിരുന്നു അവരുടെ അഗ്രഹം. അതനുസരിച്ചാണു് ഞാൻ ഇതെഴുതുവാൻ ഒരുമ്പെട്ടതു്.

പ്രബോധചന്ദ്രോദയത്തിനു നോട്ടെഴുതുക എന്നതു് വൈഷമ്യമേറിയ ഒരു ജോലിയാണു്; ഈ നാടകം ഒരു പ്രത്യേകരീതിയിലുള്ളതും, ആശാൻ ഇതിൻെറ തൎജ്ജമയ്ക്കു തുനിഞ്ഞതു്, നമ്മുടെ ഭാഷ അതിൻെറ ഇന്നത്തെ നിലയിൽ എത്തിയിട്ടില്ലാതിരുന്ന ഒരു വിദൂരകാലത്തുമാണു്. അദ്വൈതമതസ്ഥാപനത്തിനു വേണ്ടിവരുന്ന കാൎയ്യകാരണവിചാരത്തെ സഹായിക്കത്തക്ക രീതിയിൽ, മനസ്സിൻെറ നാനാപ്രകാരേണയുള്ള സ്ഥിതിഭേദങ്ങളെയാണു് ഇതിൽ ഏറെക്കുറെ കഥാപാത്രങ്ങളാക്കി സ്വീകരിച്ചിട്ടുള്ളതു്. ഇതുകാരണം ആശയങ്ങൾ തന്നെ എല്ലായിടത്തും സുഗ്രാഹമായിരിക്കുന്നില്ല. ഭാഷയിൽ വല്ല ന്യൂനതയും കാണുന്നുണ്ടെങ്കിൽ അതിനുള്ള പ്രധാന കാരണവും ഇതുതന്നെ. ഭാഷ അപൂൎണ്ണമായിരുന്ന

ഒരുകാലത്തു് ഇങ്ങനെയുള്ള ഒരു ഗ്രന്ഥം തർജ്ജമചെയ്യാൻ പുറപ്പെട്ടാൽ അതിൽനിന്നു വരാവുന്ന ക്ലിഷ്ടതകളെപ്പററി പറയാനുമില്ലല്ലോ.

വിസ്തൃതമായ ഒരു വ്യാഖ്യാനത്തിൻെറ ആവശ്യമുള്ള ഒരു ഗ്രന്ഥമാണിതു്. അങ്ങനെ ഒന്നെഴുതിയാൽ കൊള്ളാമെന്നു് ആഗ്രഹവും ഇല്ലാതില്ല. തല്ക്കാലം അതിനു സൌകയ്യപ്പെടായ്കയാൽ വിദ്യാർത്ഥികളേയും സാമാന്യവായനക്കാരേയും സഹായിക്കത്തക്കവിധത്തിൽ ഒരു ചെറിയ നോട്ടു മാത്രമേ ഇതിൽ ചേക്കാൻ സാധിച്ചിട്ടുള്ളു. അതിൽ കഠിന പദങ്ങളുടെ അത്ഥം, സൂചിതകഥകളുടെ ചുരുങ്ങിയ വിവരണം, അന്വയക്ലേശമുള്ള ഭാഗങ്ങളുടെ വിശദീകരണം, കഥാവസ്തുവിൻെറ സംക്ഷേപം, നാടകലക്ഷണം ഇതെല്ലാം അടങ്ങിയിരിക്കുന്നു. സങ്കേതജടിലങ്ങളായ ശാസ്ത്രസിദ്ധാന്തങ്ങളെ, അത്യാവശ്യമെന്നു തോന്നിയ ഭാഗങ്ങളിൽ അല്പാല്പമായി വിവരിച്ചിട്ടുണ്ടു്. അജ്ഞതയാലോ പ്രമാദത്താലോ അതിൽ വല്ല തെററുകളും കടന്നുകൂടിയിട്ടുണ്ടെങ്കിൽ മാന്യവായനക്കാർ സദയം ക്ഷമിക്കണമെന്നപേക്ഷിച്ചുകൊള്ളുന്നു.

പറവൂർ.
15-9-1106.

പി. അച്യുതശാസ്ത്രി.

## കഥാസ്വരൂപം.

അദ്വൈതസിദ്ധാന്തങ്ങളെ നാടകരൂപേണ പ്രതിപാദിക്കുന്ന ഒരു ഗ്രന്ഥമാണ് പ്രബോധചന്ദ്രോദയം. അതുകൊണ്ട് ഇതിലെ കഥാവസ്തുവും ആ മതത്തിലെ സിദ്ധാന്തങ്ങൾ തന്നെയാണ്. അദ്വൈതമതപ്രകാരം 'ബ്രഹ്മം' ഒന്നുമാത്രം "ഉള്ളതും" (നിത്യവും) മററുസകലതും "ഇല്ലാത്തതും" (മിഥ്യയും) ആകുന്നു. ബ്രഹ്മം ഒഴിച്ചുള്ളതെല്ലാം 'തോന്നൽ' മാത്രമാണ്. ഏതൊന്നിന്റെ പ്രേരണയാൽ മിഥ്യയായ പ്രപഞ്ചത്തിൽ നിത്യബുദ്ധി ഉണ്ടാകുന്നുവോ അതിനെ മായ (അവിദ്യ, അജ്ഞാനം) എന്നുപറയുന്നു. * കാന്തത്തിന്റെ അടുക്കൽ ഇരുമ്പിനെന്നപോലെ ബ്രഹ്മത്തിന്റെ സന്നിധിയിൽ മായയ്ക്കു വികാരമുണ്ടാകുകയും അതിന്റെ ഫലമായി മനസ്സ് ഉത്ഭവിക്കയും ചെയ്യുന്നു. മനസ്സിന് പ്രവൃത്തിമുഖമായ അവസ്ഥയിൽ—പ്രാപഞ്ചികവ്യവഹാരങ്ങളിൽ ഇടപെട്ടു കഴിയു

---

* ഇരുട്ടിൽ കിടക്കുന്ന ഒരു പൂമാലയെ പാമ്പാണെന്ന് ഒരാൾ സംശയിക്കുന്നു. ആ സംശയം നിലനിൽക്കുന്നിടത്തോളവും അത് അനങ്ങുന്നു, ഇഴയുന്നു എന്നൊക്കെ തോന്നാതിരിക്കയില്ല. ദീപപ്രകാശത്താൽ പരമാർത്ഥമറിയുമ്പോൾ അവന്റെ വിഡ്ഢിത്തത്തെ ഓർത്ത് അവനുതന്നെ ലജ്ജതോന്നും. ഇരുട്ടുനിമിത്തം സർപ്പഭ്രാന്തിപോലെ അവിദ്യനിമിത്തം പ്രപഞ്ചഭ്രാന്തിയും ഉണ്ടാകുന്നു. പ്രപഞ്ചം ഉണ്ടാകുന്നു, വളരുന്നു, നശിക്കുന്നു എന്നൊക്കെ തോന്നുകയും ചെയ്യും. യഥാർത്ഥജ്ഞാനത്തിന്റെ ആവിർഭാവത്താൽ സർപ്പബുദ്ധിപോലെ പ്രപഞ്ചബുദ്ധിയുംനശിക്കുന്നു. അതുപോലെ ആന കുത്താൻ വന്നപ്പോൾ ആററിൽ ചാടി നീന്തി രക്ഷപ്രാപിച്ചതായി ഒരാൾ സ്വപ്നം കാണുന്നു എന്നിരിക്കട്ടെ. അയാൾക്ക് ആനയുടെ നിറം, പൊക്കം, ചങ്ങലയുടെ കിലുക്കം, പുഴയുടെ വീതി, നീന്തുന്നതിനുള്ള ആയാസം മുതലായതൊക്കെ അനുഭവപ്പെടുന്നുണ്ട്. സ്വപ്നത്തിൽനിന്നുണർന്നുനോക്കുമ്പോഴോ? സർവ്വവും തോന്നൽ. ഇതുപോലെ അവിദ്യാകൃതമായ സ്വപ്നമാണ് ജീവിതം. അവിദ്യാബന്ധത്തിൽനിന്നു വേർപെട്ടുനോക്കുമ്പോൾ പ്രപഞ്ചമെല്ലാം വെറും തോന്നൽ മാത്രമായിരിക്കും.

മ്പോൾ—കാമക്രോധലോഭാദിവികാരങ്ങളും തന്മൂലം യഥാൎത്ഥ തത്വത്തെക്കുറിച്ചു് വിസ്മൃതിയും സംഭവിക്കുന്നു. അതുതന്നെ നിവൃത്തിമുഖമായിട്ടു് ശമദമാദിമാൎഗ്ഗങ്ങളിൽകൂടി യഥാൎത്ഥ ജ്ഞാനത്തിനും തദ്വാരാ മുക്തിക്കും അൎഹമായിത്തീരുന്നു.

സാധാരണയായി സദ്വിഷയങ്ങളേക്കാൾ ദുൎവിഷയങ്ങൾക്കു് മനുഷ്യമനസ്സിനെ ആകൎഷിക്കാൻ ശക്തികൂടും. അങ്ങനെ ദുൎവ്വിഷയങ്ങളാൽ ആകൃഷ്ടനായ മനുഷ്യൻ തുച്ഛമായ സംസാരസുഖങ്ങളിൽ മുഴുകി പാഴായി കാലം കഴിക്കുന്നു. അവന്റെ അപ്രകാരമുള്ള ജീവിതത്തിനു് ഒരു മേന്മയുണ്ടെന്നു കാണിക്കാനായി, അവനേപ്പോലെയുള്ള ചില അജ്ഞന്മാർ സ്വാൎത്ഥപരതയോടെ ഏൎപ്പെടുത്തിയിട്ടുള്ള ഭയങ്കരവും അന്തസ്സാരഹീനവുമായ ക്ഷുദ്രമതസിദ്ധാന്തങ്ങളെ അവൻ പ്രമാണമാക്കി സ്വീകരിക്കാറുമുണ്ടു്. ഇങ്ങനെയുള്ള ജീവിതത്താൽ കെട്ടുകിടക്കുന്ന മനുഷ്യവൎഗ്ഗത്തിനു് ജ്ഞാനമുണ്ടാകുന്നതിനും അതുവഴി ജീവിതം സഫലമാക്കിത്തീൎക്കുന്നതിനുമുള്ള ഉത്തമമാൎഗ്ഗത്തെ യുക്തിപൂൎവ്വം ചൂണ്ടിക്കാണിക്കയാണു് ഈ ഗ്രന്ഥകാരൻ ചെയ്യുന്നതു്.

വസ്തുവിചാരം, ക്ഷമ, സന്തോഷം ഇവയുടെ സഹായത്താലും യമനിയമാദികളുടെ അനുഷ്ഠാനത്താലും പരിഷ്കൃതമായിത്തീൎന്ന മനസ്സിനു് പുരാണപാരായണം, സജ്ജനസംസൎഗ്ഗം എന്നിവയാൽ അസാരമായ സംസാരത്തിൽ വിരക്തി ഉണ്ടാകുകയും തദ്വാരാ ഈശ്വരഭക്തിയും ഉപനിഷദ്വാക്യങ്ങളിൽ വിശ്വാസവും ജനിക്കയും ചെയ്യുന്നു. അത്തരത്തിൽ വേദാന്തവാക്യങ്ങളിലുള്ള വിശ്വാസവും തദനുസരണമായുള്ള നിഷ്ഠയും കൊണ്ടു് അവൻ ക്രമേണ ജ്ഞാനിയായി, ബ്രഹ്മജ്ഞനായി, ജീവന്മുക്തനായിത്തീരുന്നു. ഇതാണു് ഈ നാടകത്തിലെ പ്രതിപാദ്യവിഷയം. ഇതിനെ താഴെ കാണും വിധം ഒരു ഇതിവൃത്തമാക്കി കല്പിച്ചിരിക്കുന്നു.

# ഇതിവൃത്തം.

ആത്മാവിന്ന് 'മായ'യിൽ മനസ്സ് എന്നൊരു പുത്രനുണ്ടായി. മനസ്സിന്ന് 'നിവൃത്തി' എന്ന ഭാൎയ്യയിൽനിന്നു വിവേകാദികളും 'പ്രവൃത്തി' എന്ന ഭാൎയ്യയിൽനിന്ന് മഹാമോഹാദികളും ജനിച്ചു. ജന്മനാ നീചപ്രകൃതികളും ക്രൂരന്മാരുമായ മഹാമോഹാദികൾ സഹോദരങ്ങളായ വിവേകാദികളെ വളരെ ഉപദ്രവിച്ചു. അവർ മനസ്സിനെ പലതരത്തിലുള്ള പ്രലോഭനങ്ങളാൽ അവരുടെ വശത്താക്കുകയും മനസ്സിൻെറ വകയായുള്ള സാമ്രാജ്യം ബലാൽക്കാരമായി സ്വാധീനപ്പെടുത്തുകയും ചെയ്തു. അതിനുംപുറമേ പിതാമഹനായ ആത്മാവിനെ പിടിച്ച് ബന്ധനസ്ഥനും ആക്കി. വിവേകം ആത്മാവിനെ ബന്ധനത്തിൽനിന്നു വിടുവിപ്പാനും മനസ്സിനെ നേർവഴിക്കു കൊണ്ടുവരാനുമായി പല ശ്രമങ്ങളും ചെയ്തു. എന്നാൽ ലോകമൊക്കെ മഹാമോഹത്തിന്ന് അനുകൂലമായി നിന്നതിനാൽ വിവേകത്തിൻെറ ശ്രമങ്ങളെല്ലാം നിഷ്ഫലമായി പരിണമിച്ചതേയുള്ളു. എന്നുമാത്രമല്ല, തങ്ങൾക്കു വിരോധം പ്രവൎത്തിക്കുന്ന വിവേകാദികളുടെ വംശനാശത്തിനായി പല ഗൂഢതന്ത്രങ്ങളും മഹാമോഹം പ്രയോഗിക്കയും ചെയ്തു.

ഒടുവിൽ കുരുപാണ്ഡവന്മാൎക്കെന്നപോലെ ഇവൎക്കു തമ്മിലുള്ള വൈരം മൂത്ത് ഒരു യുദ്ധംകൂടാതെ കാൎയ്യം കലാശിക്കയില്ലെന്ന നിലയായി. യുദ്ധത്തിനുള്ള സന്നാഹങ്ങൾ ഇരുകൂട്ടരും കൂട്ടിത്തുടങ്ങി. വേദഭിന്നങ്ങളായ നാസ്തികമതങ്ങളും പാഷണ്ഡശാസ്ത്രങ്ങളുമെല്ലാം മഹാമോഹപക്ഷത്തു ചേൎന്നു. ദംഭം, അഹങ്കാരം മുതലായവരുടെ ശ്രമത്താൽ

നാട്ടിൽനിന്നു പല ആളുകളേയും അവർ അവരുടെ വശത്താക്കി. വേദാനുസാരികളായ മതങ്ങളെല്ലാം, * അവയുതമ്മിലുള്ള അഭിപ്രായഭേദങ്ങളെ തള്ളി, ഏകകണ്ഠമായിത്തന്നെ തങ്ങളുടെ ശത്രുക്കളോടു പോരാടാനൊരുങ്ങി. വേദങ്ങൾ, ഉപവേദങ്ങൾ, ദർശനങ്ങൾ, പുരാണങ്ങൾ മുതലായവയെല്ലാം ആ മതങ്ങളോടുചേൎന്ന് വിവേകപക്ഷത്തെ പ്രബലതരമാക്കി. കാശിയിൽവെച്ചു ഭയങ്കരമായ ഒരു യുദ്ധമുണ്ടായി. കൌരവയുദ്ധത്തിൽ ശ്രീകൃഷ്ണനെന്നപോലെ ഈ യുദ്ധത്തിൽ വിഷ്ണുഭക്തി സവ്വനിയാമകത്വം വഹിച്ചു് വിവേകത്തെ കാൎയ്യമായി സഹായിച്ചു. യുദ്ധത്തിൽ മഹാമോഹാദികൾ തോറേറാടുകയും അവരെ സഹായിച്ച പാഷണ്ഡാഗമങ്ങൾ നീചജനപ്രധാനങ്ങളായ ചില രാജ്യങ്ങളെ അഭയം പ്രാപിക്കയും ചെയ്തു.

തന്റെ പ്രിയപുത്രന്മാൎക്ക് ഈവിധം ദുരന്തമായ പരിണാമം സംഭവിച്ചതിനാൽ ശോകാൎത്തനായി, മനസ്സ് ആത്മഹത്യയ്ക്കൊരുങ്ങി. അപ്പോൾ വൈയാസികിയായ സരസ്വതി അവിടെവന്ന് ആ അത്യാഹിതത്തെ തടയുകയും ധൎമ്മോപദേശംചെയ്തു് അവനെ ശാന്തനാക്കുകയുംചെയ്തു. അവൻ തുച്ഛമായ സംസാരസുഖങ്ങളിൽ വിരക്തനായി, നിവൃത്തിമുഖനായി, ഈശ്വരധ്യാനനിരതനായി ആയുശ്ശേഷം നയിക്കാൻ തീൎച്ചപ്പെടുത്തി. അതിനുശേഷം മനസ്സിന്റെ ആനുകൂല്യത്തോടുകൂടി വിവേകം ഉപനിഷദ്ദേവിയുമായിച്ചേൎന്ന് കുറച്ചുനാൾ യുവരാജാവായി വാണു. അങ്ങനെയിരിക്കെ ഉപനിഷദ്ദേവി ഗൎഭം ധരിച്ചു. ഗൎഭത്തിൽ 'വിദ്യ' എന്നും 'പ്രബോധചന്ദ്രൻ' എന്നും രണ്ടു ശിശുക്കൾ ഉണ്ടായിരുന്നു. വി

---

* വേദമാൎഗ്ഗത്തെ അവലംബിച്ചുള്ള മതങ്ങൾക്കുതന്നെ ആന്തരമായി പല വ്യത്യാസങ്ങളുമുണ്ടു്. ആറാം അങ്കത്തിൽ ഉപനിഷത്തും വിവേകവുമായിച്ചെയ്യുന്ന സംഭാഷണത്തിൽനിന്നു ഈ ഭാഗം സ്പഷ്ടമാകുന്നതാണു്.

ഷ്ണുഭക്തിയുടെ അഭിപ്രായപ്രകാരം വിദ്യയെ ആകൎഷണംകൊണ്ടു് ഉപനിഷത്തിൽനിന്നു് മനസ്സിലേക്കു സംക്രമിപ്പിച്ചു. അവൾ മനസ്സിൻെറ "വക്ഷഃസ്ഥലഫലകമുടച്ചുത്ഭവി"ക്കയും ലോകമൊക്കെ ചുററിനടന്നു് മഹാമോഹാദികളെ എല്ലാം നശിപ്പിക്കയും ചെയ്തിട്ടു മറഞ്ഞു. പ്രബോധചന്ദ്രൻ ഉത്ഭവിച്ചു് ബന്ധനസ്ഥനായ പുരുഷനെ ആലിംഗനംചെയ്തതോടുകൂടി ആത്മാവു് ബന്ധവിമുക്തനായിത്തീൎന്നു. വിഷ്ണുഭക്തി വിവേകം മുതലായവരെല്ലാം മറഞ്ഞു് നിത്യവും സദാത്മാവബോധവുമായ ജ്യോതിസ്സുമാത്രം വിളങ്ങുന്നു.

## രൂപകങ്ങൾ.

* കാവ്യങ്ങളെ ദൃശ്യം, ശ്രവ്യം എന്നു രണ്ടായി തരംതിരിച്ചിട്ടുള്ളതിൽ അഭിനേയങ്ങളായ രൂപകങ്ങൾ എല്ലാം ദൃശ്യശാഖയിൽ പെടുന്നു. നടന്മാർ അഭിനയിക്കുമ്പോൾ കണ്ടുരസിക്കേണ്ടവയായതുകൊണ്ടാണു് ദൃശ്യകാവ്യങ്ങൾ എന്നു പറയുന്നതു്. അഭിനയിക്കുന്ന നടന്മാരിൽ ദുഷ്ഷന്താദികളുടെ രൂപങ്ങളെ ആരോപിച്ചു് കഥാപാത്രങ്ങളുടെ സുഖദുഃഖങ്ങളിൽ പ്രേക്ഷകന്മാർ ഭാഗഭാക്കുകളായിത്തീരത്തക്കവണ്ണം അവരുടെ മനഃസ്ഥിതിയെ രൂപാന്തരപ്പെടുത്തുന്നതുകൊണ്ടു് 'രൂപകങ്ങൾ' എന്നുള്ള പേരും അന്വൎത്ഥംതന്നെ. രൂപകങ്ങൾ—നാടകം, പ്രകരണം, ഭാണം, പ്രഹസനം, ഡിമം, വ്യായോഗം, സമവാകാരം, വീഥി, അങ്കം, ഈഹാമൃഗം എന്നു പത്തുവിധമാണുള്ളതു്. ഇക്കൂട്ടത്തിൽ പ്രാധാന്യം നാടകത്തിനാണു്.

ധീരോദാത്തനതിപ്രതാപഗുണവാൻ
വിഖ്യാതവംശൻ ധരാ-

---

* ഈ ഭാഗം "നാടകപ്രവേശിക" എന്ന ഗ്രന്ഥത്തിൽനിന്നു സംഗ്രഹിച്ചതാണെന്നുള്ള വിവരം നന്ദിപൂൎവ്വം പ്രസ്താവിച്ചുകൊള്ളുന്നു. P. A. S.

പാലൻനായകൻ, അഞ്ചുസന്ധികൾ, അതി
ഖ്യാതംകഥാവസ്തുവും
നാലഞ്ചാളുകൾ, അങ്കമഞ്ചധികമോ,
ശൃംഗാരമോ വീരമോ
മുഖ്യം, നിൎവ്വഹണത്തിലത്ഭുതരസം,
നാഥോദയം—നാടകം.

എന്നാണു് നാടകത്തിന്റെ ലക്ഷണം. "ശൃംഗാരമോ വീരമോ" എന്നുള്ളതിനു പുറമേ കരുണമോ ശാന്തമോ ആകുന്നതിനും വിരോധമില്ല. ഈ ലക്ഷണമനുസരിച്ചു് പ്രബോധചന്ദ്രോദയം ഒരു നാടകമാണു്. നായകൻ ധീരോദാത്തൻ; സന്ധികൾ അഞ്ചും ഉണ്ടു്; കഥാവസ്തു പ്രസിദ്ധം; അങ്കം 6; രസം ശാന്തം; മധുമതിവിദ്യയുടെ പ്രസ്താവത്തിൽ അത്ഭുതരസം; നായകന്റെ ഇഷ്ടഫലാവാപ്തി=പ്രബോധചന്ദ്രന്റെ ജനനം.

പഞ്ചസന്ധികൾ:—

കഥാവസ്തു ഏതൊരു പ്രയോജനത്തെ ലക്ഷ്യമാക്കി പ്രവൎത്തിക്കുന്നുവോ —ഏതൊന്നു സാധിക്കുന്ന അവസരത്തിൽ കഥ അവസാനിക്കുന്നുവോ —അതാണു കാൎയ്യം. കാൎയ്യഹേതുക്കളായി ബീജം, ബിന്ദു, പതാക, പ്രകരി, കാൎയ്യം എന്നു് അഞ്ചു് അൎത്ഥപ്രകൃതികൾ ഉണ്ടു്. (കാൎയ്യം ഫലിക്കുന്നതിനുള്ള വിത്തു് ബീജം; സംഗതിവശാൽ കഥയ്ക്കു വിച്ഛേദം വരുമ്പോൾ പൂൎവ്വോത്തരഭാഗങ്ങളെ തമ്മിൽ ഘടിപ്പിക്കുന്നഭാഗം ബിന്ദു; പ്രധാനകഥയുടെ നിൎവ്വഹണത്തെ സഹായിക്കുന്നതിനായി ഇടയിൽ ചേൎക്കപ്പെടുന്ന ഉപകഥകളിൽ അവസാനം വരെ തുടൎന്നുനില്ക്കുന്നതു് പതാകയും, ഇടയിൽ സ്വല്പഭാഗം മാത്രം വ്യാപരിച്ചുമറയുന്നതു് പ്രകരിയും; ബീജാവാപം ഏതു കഥാഭാഗത്തിൽ സഫലമായിത്തീരുന്നുവോ അതുകാൎയ്യം.) ഇതിനുംപുറമേ ഉദ്ദേശ്യസാദ്ധ്യത്തിനായി പ്രവൃത്തി ആരംഭി

ക്കുക, പ്രയത്നിക്കുക, പ്രയത്നം ഫലിക്കുമെന്നാശിക്കുക, വിഘ്നങ്ങൾ തീൎന്ന ഫലത്തിൽ വിശ്വാസം ജനിക്കുക, ഫലം സിദ്ധിക്കുക (ആരംഭം, യത്നം, പ്രാപ്ത്യാശ, നിയതാപ്തി, ഫലാഗമം) എന്നിങ്ങനെ കാൎയ്യത്തിന് അഞ്ചു് അവസ്ഥകൾ കൂടിയുണ്ടു്. അൎത്ഥപ്രകൃതികളും അവസ്ഥകളുംകൂടിച്ചേൎന്നാണ് പഞ്ചസന്ധികൾ ഉണ്ടാകുന്നതു്.

| അൎത്ഥപ്രകൃതി | | അവസ്ഥ | | സന്ധി |
|---|---|---|---|---|
| ബീജം | + | ആരംഭം | = | മുഖസന്ധി |
| ബിന്ദു | + | യത്നം | = | പ്രതിമുഖസന്ധി |
| പതാക | + | പ്രാപ്ത്യാശ | = | ഗൎഭസന്ധി |
| പ്രകരി | + | നിയതാപ്തി | = | വിമൎശസന്ധി |
| കാൎയ്യം | + | ഫലാഗമം | = | നിൎവ്വഹണസന്ധി |

ഈ നാടകത്തിലെ സന്ധികൾ:—

| | | |
|---|---|---|
| പുറം 13 ആ വിദ്യയെ .... ഇരിക്കുന്നതു്<br>,, 20 പ്രബോധോല്പത്തി......ഗിക്കാം | ബീജം<br>ആരംഭം | മുഖസന്ധി |
| പുറം 29 മഹാമോഹ......യുണ്ടായി<br>,, 71 സഖിനമുക്കം..... അറിയിക്കാം | ബിന്ദു<br>യത്നം | പ്രതിമുഖ സന്ധി |
| വിഷ്ണുഭക്തിയെക്കുറിച്ചുള്ള പ്രസ്താവം<br>പുറം 89 അതെഅതെ......നമസ്കരിക്കാം | പതാക<br>പ്രാപ്ത്യാശ | ഗൎഭസന്ധി |
| സരസ്വതിയുടെ കഥ<br>അങ്കം 5 പദ്യം 33 | പ്രകരി<br>നിയതാപ്തി | വിമൎശ സന്ധി |
| അങ്കം 6 പദ്യം 28<br>,, ,, ,, 32 | കാൎയ്യം<br>ഫലാഗമം | നിൎവ്വഹണ സന്ധി |

നാന്ദി:—

നാടകങ്ങളിൽ ആശിസ്സായി പ്രയോഗിക്കപ്പെടുന്ന മംഗളത്തെ നാന്ദി എന്നു പറയുന്നു. രംഗവിഘ്നോപശാന്തിക്കായി അണിയറയിൽവച്ചു നടത്തുന്ന ക്രിയയ്ക്കു് പൂർവരംഗം എന്നു പേർ. അതിൽ നാന്ദിയും ഉൾപ്പെടുന്നു.

പ്രസ്താവന:—

സൂത്രധാരൻ നടിയോടോ പാരിപാർശ്വികനോടോ സ്വകാര്യപരമായാലും പ്രകൃതകഥാസൂചകമായി ചിത്രോക്തിയിൽ സംഭാഷണം നടത്തുന്ന ഭാഗത്തിനു് പ്രസ്താവന (സ്ഥാപന, ആമുഖം) എന്നു പറയുന്നു.

വിഷ്കംഭം:—

ഭൂതഭാവികഥാംശങ്ങൾ വിവരിക്കുന്നമട്ടിലായ്
ചുരുക്കി യാദിയിൽച്ചൊല്ലും ഭാഗം വിഷ്കംഭമായ്വരും.

മധ്യമപാത്രങ്ങളെക്കൊണ്ടുള്ള വിഷ്കംഭം ശുദ്ധം; മധ്യമപാത്രങ്ങളും നീചപാത്രങ്ങളും ചേർന്നുള്ളതു മിശ്രം.

പ്രവേശകം:—

രണ്ടങ്കങ്ങൾക്കു നടുവേ ചുരുക്കിക്കഥവെച്ചപോൽ
നീചപാത്രങ്ങൾ നീചോക്തികൊണ്ടുചൊന്നാൽ പ്രവേശകം.

ധീരോദാത്തനായകന്റെ ലക്ഷണം.

അനാത്മശ്ലാഘ, ഗാംഭീര്യം, മഹാസത്വം, ദൃഢവ്രതം
സ്ഥൈര്യം, ക്ഷമ, വിനീതത്വ മിവയുള്ളോനുദാത്തനാം.

.....................

# ടിപ്പണം.

## ഒന്നാം അങ്കം.

[പ്രസ്താവന കഴിഞ്ഞു് കാമനും രതിയും പ്രവേശിക്കുന്നു. മഹാമോഹാദികളുടെ വംശനാശത്തിനായി വിവേകം ചെയ്യുന്ന പരിശ്രമങ്ങളേയും വിശേഷിച്ചും "വിദ്യ" എന്ന രാക്ഷസി ജനിക്കാൻ പോകുന്നതായി കേട്ട ജനപ്രവാദത്തേയും ഓർത്തു് രതി ഭയവിഹ്വലയാകുമ്പോൾ കാമൻ തന്റെ സാമർത്ഥ്യങ്ങളെ വർണ്ണിച്ചു് ഭാര്യയെ ആശ്വസിപ്പിക്കയും വിവേകത്തെ നിഷ്പ്രയാസം ജയിച്ചുകളയാമെന്നുദാഹരിച്ചു് അവളുടെ ഭയത്തെ ദൂരീകരിക്കയും ചെയ്യുന്നു. അനന്തരം വിവേകവും മതിയും പ്രവേശിച്ചു് മഹാമോഹാദികളുടെ ദുസ്സാമർത്ഥ്യത്താൽ പുരുഷനു വന്നുചേന്ന ദുരവസ്ഥയിൽ അനുതപിക്കയും അതിന്റെ പരിഹാരത്തിനായി പ്രബോധോല്പത്തിക്കുള്ള മാർഗ്ഗങ്ങൾ ആലോചിച്ചുറയ്ക്കുകയും ചെയ്യുന്നു.]

പദ്യം 1. അദ്ധ്യാസിക്ക=ആരോപിക്കുക. ഏതീന്നു്=ഏതിൽ+നിന്നു് എന്നതിന്റെ ചുരുങ്ങിയ രൂപം. അംബരം......അവധിയായ്=ആകാശം, വായു, തേജസ്സ്, ജലം, പൃഥിവി ഇവ ആദ്യം (പഞ്ചഭൂതാത്മകമായ പ്രപഞ്ചം എന്നു സാരം) സരം=മാല. അഹി=സർപ്പം. ശുദ്ധസ്വാ.....ജ്യോതിഃ=പരിശുദ്ധവും സ്വപ്രകാശകവും ആനന്ദാത്മകവുമായ തേജസ്സിനെ. ആരാധയാമി=ഞാൻ ആരാധിക്കുന്നു. (ഏതെങ്കിലും പദാർത്ഥങ്ങളുടെ ജ്ഞാനത്തിനു ദീപം നമ്മെ സഹായിക്കുന്നു. എന്നാൽ ദീപത്തെ അറിയുന്നതിനു മററൊരു വസ്തുവിന്റെ സഹായം ആവശ്യപ്പെടുന്നില്ല. അതുപോലെ സൂര്യൻ മറ്റുപദാർത്ഥങ്ങളുടെ ജ്ഞാനത്തിനു സഹായിക്കുമെങ്കിലും സൂര്യനെപ്പററിയുള്ള ജ്ഞാനത്തിനു വേറൊന്നു സഹായിക്കേണ്ടതില്ല. ഇതുപോലെ ആത്മാവു എന്നതു് മററൊന്നിന്റെ സഹായത്താൽ അറിയപ്പെടാവുന്നതല്ല- ഈ അർത്ഥം ഉദ്ദേശിച്ചാണു് ആത്മാവിനെ സ്വപ്രകാശം, സ്വാത്മാവബോധം ഈ പദങ്ങളാൽ വ്യവഹരിക്കുന്നതു്.) സൂര്യപ്രഭയിൽ കാനൽജലത്തിന്റെ ധർമ്മങ്ങൾ ആരോപിക്കുമ്പോലെ ബ്രഹ്മത്തിൽ പ്ര

പാമ്പധർമ്മങ്ങൾ ആരോപിക്കുന്നതും അജ്ഞാനംകൊണ്ടാണ്. ഏതൊന്നിന്റെ ജ്ഞാനത്താൽ, മാലയിൽ ഉണ്ടായ സർപ്പഭ്രാന്തി മാറുമ്പോലെ, പ്രപഞ്ചശങ്ക മാറുന്നുവോ ആ പരമജ്യോതിസ്സിനെ ഞാൻ ആരാധിക്കുന്നു എന്നു സാരം. ഈ വന്ദനയിൽ അജ്ഞാനത്താലുള്ള ഭ്രമംനീങ്ങി ജ്ഞാനത്താൽ ആനന്ദമുണ്ടാകുക എന്ന കാവ്യോദ്ദേശ്യം സൂചിതമായിരിക്കുന്നു. ആദ്യത്തെ ഉപമ ഭ്രമമൂലകവും രണ്ടാമത്തേതു് ജ്ഞാനമൂലകവുമാണെന്നുള്ളതു ചിന്ത്യമാണ്.

പ. 2. അന്തർന്നാഡിവഴിയ്ക്കു്=നാഡീമദ്ധ്യസ്ഥമായ സുഷുമ്നയിൽക്കൂടെ. അസുക്കൾ=പ്രാണവായുക്കൾ. നിയമിച്ചു്=നിയമനംചെയ്തു്=തടഞ്ഞു് (ശരീരത്തിൽ എങ്ങും ചരിക്കുന്ന വായുവിന്റെ ഗതി സുഷുമ്ന എന്ന നാഡിയിൽക്കൂടെമാത്രം ആക്കിയിട്ട്, എന്നു സാരം) ബ്രഹ്മരന്ധ്രം=സുഷുമ്നാനാഡി ശിരസ്സിൽ ചെന്നവസാനിക്കുന്ന ഭാഗം(ശിശുക്കളുടെ "ഉച്ചി"യിൽ മൃദുവായി കാണുന്ന ഭാഗം. യോഗികൾ മരിക്കുമ്പോൾ ഈ ബ്രഹ്മരന്ധ്രം ഭേദിച്ചാണ് പ്രാണവായു പുറത്തേക്കു പോകുന്നതു്.) അന്തശ്ശാന്തി .....ളവു്=യമനിയമാദികളാൽ അന്തഃകരണം ശാന്തതയെ പ്രാപിക്കുമ്പോൾ. ആനന്ദസാന്ദ്രാത്മനാ=ആത്മാനന്ദരൂപേണ. അന്തിത്തിങ്ക.. യോഗി=ശിവൻ. അളീകം=വ്യാജം. അവാന്തരമഹസ്സ്=സർവ്വാന്തര്യാമിയായ തേജസ്സ്. നിയമപ്രകാരം യോഗം അഭ്യസിക്കുന്നവർക്ക് അനുപമമായ ഒരു ജ്യോതിസ്സ് അനുഭവഗോചരമാകുമെന്നു യോഗശാസ്ത്രത്തിൽ പറയുന്നു. ഇങ്ങനെ ഉണ്ടാകുന്ന ജ്യോതിസ്സാണ് ശിവനിൽ മൂന്നാംതൃക്കണ്ണ് എന്ന വ്യാജേന വിളങ്ങുന്നതെന്നു സാരം. (സ്ഫുടലാലാടനേത്രവ്യാജവ്യക്തീകൃതമിവ എന്നു മൂലം)

മഹാവിഷ്ണു മദ്ദളം വായിക്കയും ബ്രഹ്മാവു സാമഗാനം ചെയ്കയും ദേവന്മാരെല്ലാം രംഗസ്ഥരായി പ്രതീക്ഷിക്കയും ചെയ്യുമ്പോൾ ശ്രീപാർവ്വതിയോടു് നൃത്തംചെയ്വാൻ ഒരുങ്ങുന്ന ശിവനെ വന്ദിക്കുന്നു.

പുറം 2. ഗോപാലസ്വാമി ഒരു ചക്രവർത്തിയും കീർത്തിവർമ്മരാജാവു് അദ്ദേഹത്തിന്റെ ഒരു സാമന്തനുമാണ്. ചേദിരാജാവായ കർണ്ണൻ കീർത്തിവർമ്മാവിനെ യുദ്ധത്തിൽ തോല്പിച്ചു് രാജ്യം കീഴടക്കിയപ്പോൾ ഗോപാലസ്വാമി അതു വീണ്ടെടുത്തു് കീർത്തിവർമ്മാവിനുതന്നെ കൊടുത്തു.

പ. 3. പ്രാജ്യസാമ്രാജ്യം=സമൃദ്ധമായ രാജ്യം.

പ. 4. ത്രിലോകീ ....ഭ്രമാ=മൂന്നു ലോകങ്ങളുടേയും അന്തരത്തെ വിഷമിപ്പിക്കത്തക്ക പ്രതാപാതിശയത്തോടുകൂടിയവൻ.

ഉൽക്കട കട്ട്=പ്രബലരായ ശത്രുരാജാക്കന്മാരുടെ ശൌര്യമാകുന്ന കൊടുംകാട്ട്. കരവാളം=കൈവാൾ.

പ. 5. രാക്ഷസികളും പിശാചുക്കളുമൊക്കെ കഴുത്തിൽ കോത്തിട്ടിരിക്കുന്ന കപാലങ്ങൾ കൂട്ടിമുട്ടിപ്പുറപ്പെടുന്ന ശബ്ദത്തെ കൈത്താളമാക്കിയും കൈകൊട്ടിത്താളം പിടിച്ചും തുള്ളിക്കളിക്കുന്ന യുദ്ധഭൂമിയിൽ ചന്തുവിന്റെ ആനകളുടെ ശിരോസ്ഥികളിൽ കൊടുങ്കാററടിച്ചു കയറുമ്പോൾ ഉണ്ടാകുന്ന മുഴക്കംകേട്ടാൽ, ആ പടനിലംതന്നെ ഗോപാലസ്വാമിയുടെ കീത്തിയെ സ്വയം പാടിപ്പുകഴ്ത്തുകയാണോ എന്നു തോന്നും.

പ. 6. സമുദ്രം കല്പാന്തവാതത്താൽ ക്ഷോഭിച്ചു കരകവിഞ്ഞാലും ആ കാലഘട്ടം കഴിയുമ്പോൾ വീണ്ടും പഴയനിലയിൽത്തന്നെ ആയിത്തീരുന്നു. അതുപോലെ പ്രകൃത്യാ സൌമ്യനായ ഗോപാലൻ കാര്യവശാൽ പ്രക്ഷുബ്ധനായിത്തീന്നെങ്കിലും വീണ്ടും പഴയതുപോലെ പ്രശാന്തതയെ അവലംബിച്ചു എന്നു സാരം.

പ. 7. വസ=കൊഴുപ്പ്. കടരടനം=ഉഗ്രമായ ശബ്ദം. പരശുരാമന്റെ കുഠാരം (മഴു) രാജാക്കന്മാരുടെ ശിരസ്സിൽതട്ടി ശബ്ദമുണ്ടാകുന്നതാണ്.

പ. 9. ഗോപാലൻ കണ്ണനെ ജയിച്ചു് കീത്തിവമ്മാവിന്റെ ഉദയം സാധിച്ചതു് വിവേകം മഹാമോഹത്തെ ജയിച്ചു് പ്രബോധോദയം സാധിച്ചതുപോലെയാണ്.

പ. 10. അതിരോമഹഷാൽ=അധികം രോമാഞ്ചത്തോടുകൂടെ. മട്ടററ=സാദൃശ്യമില്ലാത്ത. മദമന്ഥരാ=മദംകൊണ്ടു അലസമായ.

പ. 12. കളിമടം=(വെൺകളിതേച്ച) വെൺമാടം=വണ്ടാർവല്ലികൾ=വണ്ടു് ആക്കുന്ന വള്ളികൾ. സദസ്യാം=ഉത്തമാസ്യം. അണായത്തു്=സമീപത്തു്.

പ 14. അഹല്യ ഗൌതമമഹർഷിയുടെ ഭാൎയ്യയായിരുന്നു. ഇന്ദ്രന് അവളിൽ ആഗ്രഹം ജനിക്കയാൽ അദ്ദേഹം ഗൌതമന്റെ രൂപമെടുത്തു ചെന്ന് അവളുമായി ക്രീഡിച്ചു. മഹർഷി ഇതറിഞ്ഞ് അവളെ ശപിച്ചു കല്ലാക്കിക്കളഞ്ഞു. പിതാമഹൻ=ബ്രഹ്മാവ്. ശതരൂപ ബ്രഹ്മാവിന്റെ മകളാണ്. അവളിൽ ബ്രഹ്മാവിന് അഭിലാഷം തോന്നുകയാൽ അദ്ദേഹം ഭാൎയ്യയായി സ്വീകരിച്ചു. അതിൽനിന്നുണ്ടായ പുത്രനാണു സ്വായംഭുവമനു. മതി=ചന്ദ്രൻ. ഗുരുപ്രിയ=ബൃഹസ്പതിയുടെ ഭാൎയ്യ=താര. താര ഗുരുവിന്റെ ഭാൎയ്യയായിരിക്കെ ചന്ദ്രൻ അവളെ അപഹരിച്ചുകൊണ്ടുപോയി., ഇതുസംബന്ധിച്ചു ദേവന്മാർ തമ്മിൽ യുദ്ധമുണ്ടാകയും ഒടുവിൽ ബ്രഹ്മാവു സന്ധിപറഞ്ഞു യുദ്ധം അവസാനിപ്പിക്കയും താരയെ ഗുരുവിനു തിരികെ കൊടുക്കയും ചെയ്തു. അവൾക്കു ചന്ദ്രനിൽ നിന്നുണ്ടായ പുത്രനാണ് ബുധൻ. മത്സായക......
...പദാൎത്ഥമല്ല=ഈ ലോകമെല്ലാം ചേൎന്നാലും എന്റെ ബാണത്തിനു ലക്ഷ്യമാകാൻ കോപ്പില്ല എന്നു സാരം.

പു. 9. യമം=ഇന്ദ്രിയങ്ങളെ അവയ്ക്കു സ്വഭാവേനയുള്ള ഗതിയിൽനിന്നു തടയുക. നിയമം=നാം ഇഷ്ടപ്പെടുന്ന വഴികളിൽക്കൂടിമാത്രം ഇന്ദ്രിയങ്ങളെ പ്രവൎത്തിപ്പിക്കുക. ആസനം=(പത്മാസനം, വീരാസനം മുതലായ) പലവിധമുള്ള ഇരിപ്പ്. പ്രാണായാമം=ശ്വാസോച്ഛ്വാസങ്ങളെ ക്രമമായി നിയന്ത്രിക്കുന്ന സമ്പ്രദായം (പ്രാണവായുക്കളെ മററു വഴികളിൽനിന്നു നിരോധിച്ച് സുഷുമ്നയിൽക്കൂടി സഞ്ചരിപ്പിക്കുന്നതിനുള്ള അഭ്യാസം) പ്രത്യാഹാരം=ലൌകികവിഷയങ്ങളിൽനിന്നു മനസ്സിനെ പ്രത്യാഹരിക്ക (പിൻവലിക്ക) ധ്യാനം=ഇടവിടാതെ ഒരേ വിഷയത്തെപ്പററി വിചാരിക്ക. ധാരണ=ധ്യാനത്തിൽ ഉറപ്പ്. സമാധി=ലയം. വികാരങ്ങൾക്കധീനരാകാതെ ഉറച്ച മനസ്ഥിതിയോടുകൂടിയവർ ലോകത്തിൽ അപൂൎവ്വമായതുകൊണ്ടു വിവേകത്തെ ജയിക്കുന്നകാൎയ്യം നിസ്സാരമാണെന്നു കാമന്റെ അഭിപ്രായം. മൂലവിഘാതം=വംശനാശം. ദുർഗ്ഗ=കൃത്യ (സംഹാരകാരിണിയായ ശക്തി)

പ. 17. ഈശ്വരന്റെ സാന്നിധ്യത്താൽ മായയ്ക്കു വികാരമുണ്ടാകുകയും തന്മൂലം മനസ്സ് ഉത്ഭവിക്കയും ചെയ്തു. പ്രപഞ്ചമെല്ലാം മനസ്സിന്റെ സങ്കല്പംകൊണ്ടു തോന്നുന്നതാണ്. ആ മനസ്സിൽ നിന്ന് മഹാമോഹവിവേകാദികളും ഉണ്ടായി. രണ്ടായിരണ്ടാമതു്=നമ്മുടെ കുലം ഇങ്ങനെ വിരുദ്ധമായ രീതിയിൽ പിരിഞ്ഞതു് പിന്നീടാണ്.

പു. 10. നിവൃത്തി=ചിന്ത മുതലായ വ്യാപാരങ്ങളിൽനിന്ന് പിൻവാങ്ങുക പ്രവൃത്തി > <നിവൃത്തി.

പ. 18. ഏകാമിഷപ്രഭവം=ഒരേ ആമിഷത്തെ സംബന്ധിച്ചുണ്ടാകുന്നതു്. ആമിഷം=മാംസക്കഷണം. (ഇവിടെ ലക്ഷണയാ ഭോഗ്യവസ്തു എന്നർത്ഥം) ഏകാന്തവൈരം=അത്യന്തവിരോധം. രണ്ടുകൂട്ടർക്കു അനുഭവിക്കാനുള്ളതു് ഒരു വസ്തുതന്നെയാണെന്നു വരുമ്പോൾ അതുനിമിത്തം വിരോധമുണ്ടാകുന്നു. ഏകവംശോല്പന്നരായ കുരുപാണ്ഡവന്മാരുടെ രീതിയനുസരിച്ചുതന്നെയാണ് ഈ ഗ്രന്ഥത്തിലും മഹാമോഹവിവേകാദികളുടെ പ്രവൃത്തികൾ പ്രതിപാദിച്ചിരിക്കുന്നതെന്നു് ദൃഷ്ടാന്തംകൊണ്ടു വ്യഞ്ജിക്കുന്നു.

പു. 11. ലോകം മുഴുവൻ മനസ്സിന്റെ സങ്കല്പംകൊണ്ടുണ്ടായതാണ്. അവരുടെ=വിവേകാദികളുടെ. ദുർല്ലഭമാണ്=യോഗികളുടെ ഹൃദയത്തിലും മറ്റും മാത്രമേയുള്ളു.

പ. 19. ആദ്യൻദേവൻ=ആദിബ്രഹ്മം. പുരുഷന്റെ സമ്പർക്കംകൂടാതെതന്നെ—അവന്റെ സാന്നിദ്ധ്യത്താൽ മാത്രം—മായ (അവിദ്യ) വികാരത്തെ പ്രാപിക്കയും അതുമൂലം മനസ്സ് ഉത്ഭവിക്കയും ചെയ്തു. മറ്റു ലോകങ്ങളെല്ലാം മനസ്സിൽനിന്നുണ്ടായി. ഇനി അവനിൽ (മനസ്സിൽ) നിന്നുതന്നെ വിദ്യ ഉണ്ടാകും. അവൾ മഹാമോഹാദികളേയും മനസ്സിനെത്തന്നെയും നശിപ്പിക്കും.

പ. 20. ജൃംഭദ്രോമമിയന്ന്=രോമാഞ്ചത്തോടുകൂടി. രത്ന . . . കയ്യാൽ=രത്നം പതിച്ചിട്ടുള്ള വളകൾ കിലുങ്ങുന്ന കൈകൊണ്ടു്. പരീരംഭം=ആലിംഗനം.

പ. 21. മാർഗ്ഗ .. ..വാന്മാർ=കുടിലമായ മാർഗ്ഗത്തെ സ്വീകരിച്ചിരിക്കുന്നവർ. സ്വയം നാശത്തിന്നും കുലനിധനത്തിന്നുംകൂടി (കാരണമായിത്തീരുന്നു.) ധൂമം=പുക. ജലധരപദമേറി=മേഘമായിത്തീർന്നിട്ടു്. (പുക മേഘമായിത്തീരുന്നു എന്നു കവിസങ്കേതം. "ധൂമജ്യോതിഃസലിലമരുതാം സന്നിപാതഃ ക്വ മേഘഃ" എന്ന കാളിദാസവചനം നോക്കുക.) തീയ്ക്കു്=തീയുടെ നാശത്തിന് എന്നർത്ഥം. മേഘമായിത്തീർന്ന പുക മഴ ചൊരിഞ്ഞു് തീ കെടുത്തുകയും സ്വയം നശിക്കയും ചെയ്യുന്നു.

പ. 22. സ്വേച്ഛാചാരികളായ രാഗമോഹാദികളുടെ സമ്പക്കത്താൽ കഷ്ടപ്പെട്ടും മുഖപ്രസാദം കുറഞ്ഞ മതിദേവിയോടുകൂടിയും ഇരിക്കുന്ന വിവേകം മറുകൊണ്ടു പ്രകാശം മങ്ങിയ ചന്ദ്രികയോടുകൂടിയ ചന്ദ്രൻ എന്നപോലെ കാണപ്പെടുന്നു. ധൃഷ്ടൻ=ധീരൻ. ദുഷ്കക്ഷതമാംസൻ=കൃശാംഗൻ. തിരസ്കാ .... പോൽ അവമാനത്തിൽ അകപ്പെട്ടവനെപ്പോലെ. കഷ്ടപ്പെട്ട് എന്നുള്ളിടംവരെ വിവേകത്തിൻെറ വിശേഷണമാണ്. ഈ പദ്യത്തിൽ "ഇരിക്കുന്നു" അഥവാ "കാണപ്പെടുന്നു" എന്നൊരു ക്രിയ ചേർത്തുകൊള്ളണം.

പ. 24. പരമാത്മാവ് ശുദ്ധനും നിർവികാരനുമാണെങ്കിലും പരമദുഷ്ടന്മാരായ മദമാത്സര്യാദികൾ അഹംകാരാദികളുമായിച്ചേർന്ന് അദ്ദേഹത്തെ (വാസനാസംസ്കാരാദി) പാശബന്ധത്തിൽ കുടുക്കിക്കളഞ്ഞു. സരഭസം=ബലാൽക്കാരമായി.

പ. 25. നയവിദഗ്ദ്ധമതി=നയശാലി. ഏവനും=ഏവനും. (ഏവൻെറയും എന്നത്ഥം.) സ്ത്രീകൾ ഏതു വിദഗ്ദ്ധൻെറയും ഹൃദയത്തെ അപഹരിക്കും. ഈശൻ മായാവശാൽ ഇങ്ങനെ തന്നെയും മറന്നു എന്നാശയം.

പ. 26. സ്ഫടികംപോലെ പരിശുദ്ധനായ പുരുഷൻ മായാസാന്നിദ്ധ്യത്താൽ വികാരം പ്രാപിച്ചവനെപ്പോലെ ആയിത്തീരുന്നു. സ്ഫടികത്തിനടുത്ത് ഒരു ചുവന്ന പുഷ്പം വച്ചാൽ സ്ഫടികത്തിനു വികാരമുണ്ടാകാതെതന്നെ അതിൽ ചുവപ്പു കലൻ കാണുമ്പോലെ "കുറവു വരുന്നില്ല" എങ്കിലും "സ്വതേജസ്സ്" വേണ്ടതു പ്രകാശിക്കാതെ മങ്ങിപ്പോകുന്നു. മതിയാകുന്നതാകുന്നതല്ലോ=ഇവൾ സമത്ഥയായിത്തീരുക എന്നത് സാദ്ധ്യമാണല്ലോ.

പ. 17. മായയ്ക്കു നാശമുള്ളതുകൊണ്ടാണ് ദേഹസാധാരണമായ വാദ്ധക്യം കല്പിച്ചു കാണുന്നത്. അവൾ സ്വപുത്രനായ മനസ്സിനെ പരമാത്മാവിൻെറ സ്ഥാനത്തിൽ പ്രതിഷ്ഠിക്കണമെന്നുറച്ചു. (മനസ്സിന് ഈശ്വരത്വം വരാൻ മായ സഹായിച്ചു എന്നു സാരം.) നിത്യസഹവാസത്താൽ മനസ്സു മായയുടെ താദാത്മ്യം—അതുതന്നെ എന്നുള്ള അവസ്ഥ—പ്രാപിച്ചു. നവദ്വാ..... ഭവനങ്ങൾ=ശരീരങ്ങൾ.

പ. 28. സ്ഫടികം=ക്ഷണം=അംശം. ഏകനെ സ്ഫടികാകൃതിയെപ്പോലെകൂടി വച്ചു. ഏകസ്വരൂപനെ പല അംശങ്ങളാക്കിത്തീൎത്തു പോലെ(ഒരേ രൂപത്തിൽ പ്രതിബിംബരൂപേണ) പ്രവേശിപ്പിച്ചു. അനന്തരം അടുത്തിരിക്കുന്ന വസ്തുവിന്റെ രൂപം സ്ഫടികത്തിൽ പ്രതിഫലിച്ചു കാണുമ്പോലെ മനസ്സിന്റെ രൂപംതന്നെ ഈശന്റേതാക്കി തോന്നിച്ചു.

നമിതശേഖരൻ=തലകുനിച്ചവൻ.

പ. 30. ഉപനിഷദ്ദേവി ഏറെനാളായി വിരഹകലുഷയായ് വ്യഗ്രപ്പെട്ടാണു കഴിയുന്നതു്. (ആ ദേവി ഇന്നു് ശാന്ത്യാദി സന്ധിച്ചു് എന്നരികിൽ മേവീടുമെന്നാൽ എന്നന്വയം.) ജാഗ്രദാദി അഭിമാനമറ്റു് ബുദ്ധി, വിഷയവിമുഖമായിരിക്കെ വിവേകം ഉപനിഷത്തുമായിച്ചേൎന്നാൽ പ്രബോധോല്പത്തി സംഭവിക്കും. എന്നു സാരം.

പ. 31. കാരണൻ നിത്യനെ=കാരണനായ നിത്യനെ. സ്വായത്തത്വം=സ്വതന്ത്രത. പുരികൾ=കൎമ്മേന്ദ്രിയങ്ങൾ ജ്ഞാനേന്ദ്രിയങ്ങൾ മുതലായവ. (വാക്കു്, പാണി, പാദം, പായു, ഉപസ്ഥം ഇവ കൎമ്മേന്ദ്രിയങ്ങളും നാക്കു്, മൂക്കു്, കണ്ണു്, കാതു്, തൊലി ഇവ ജ്ഞാനേന്ദ്രിയങ്ങളുമാകുന്നു.) കൃതാന്തന്റെനേരേ പായിക്കും=നാശത്തിലേക്കു കൊണ്ടുപോകുന്നു. ബ്രഹ്മഹന്താക്കൾ=ബ്രഹ്മത്തെ നശിപ്പിക്കാനൊരുങ്ങിയവർ. പ്രാണഹാ......നയിക്കാം=മരണമാകുന്ന പ്രായശ്ചിത്തം അവൎക്കു കൊടുക്കാം. പുരുഷനു.....കൊടുക്കാം=ജീവാത്മാവും പരമാത്മാവും എന്നുള്ള ഭേദം വിട്ടു ഐക്യം വരുത്താം. ബ്രഹ്മഹന്താക്കളെ പ്രായശ്ചിത്തം നയിക്കാം എന്നതു് സംസ്കൃതരീതിയനുസരിച്ചുള്ള പ്രയോഗമാണു്.

## രണ്ടാം അങ്കം.

[കാശിയിലെ ജനങ്ങളെല്ലാം വിവേകപക്ഷക്കാരായതിനാൽ അവരെ തൻെറ വശത്തേക്ക് ആകർഷിക്കാൻ ദംഭം അഹങ്കാരം മുതലായ ആശ്രിതന്മാരെ മഹാമോഹം നിയമിച്ചിരുന്നു. അവരുടെ ശ്രമം സഫലമായതിനെക്കുറിച്ചുള്ള സംഭാഷണമാണ് പ്രവേശകം. അനന്തരം മഹാമോഹം പ്രവേശിച്ച് ചാൎവ്വാകൻ മുതലായവരുമായി വിവേകത്തെ നശിപ്പിക്കുന്നതിനുള്ളമാൎഗ്ഗങ്ങൾ ആലോചിച്ചുറയ്ക്കുന്നു. അതനുസരിച്ച് ധൎമ്മത്തെ ബന്ധനത്തിലാക്കാൻ കാമനേയും ശാന്തിയെ ജയിക്കാൻ ക്രോധലോഭങ്ങളേയും ശ്രദ്ധയെ ഉപനിഷത്തിൽനിന്നകററുവാൻ മിഥ്യാദൃഷ്ടിയേയും മഹാമോഹം നിയോഗിക്കുന്നു.]

പ. 1. നലമെഴും=നന്മയുള്ള. (ആവൃത്തിയിൽ യോഗ്യതയുള്ള) ദീക്ഷിതൻ=യാഗഫലംകൊണ്ടു പുണ്യം ലഭിച്ചവൻ. സിദ്ധൻ=അണിമാദിസിദ്ധികളുള്ളവൻ. ആഹിതാഗ്നിദ്വിജൻ=പതിവായി അഗ്നിഹോത്രം (ഹോമം) ചെയ്യുന്നവൻ. തത്വജ്ഞൻ=ബ്രഹ്മജ്ഞാനി. താപസൻ=വാനപ്രസ്ഥൻ.

പു. 22. ദക്ഷിണരാഢാദേശം=കാശിക്കടുത്തു തെക്കായുള്ള ഒരു സ്ഥലം. അഹംകാരത്തിൻെറ ഉൽപത്തിസ്ഥാനമെന്നു പ്രസിദ്ധം.

പ. 3. പ്രാഭാകരം=പ്രഭാകരൻെറ മതം. കൌമാരിലം=കുമാരിലഭട്ടൻെറ മതം(ഇൗരണ്ടാചാൎയ്യന്മാരും മീമാംസകരാണ്. അവരുടെ അഭിപ്രായങ്ങൾക്കുതമ്മിൽ അല്പാല്പം വ്യത്യാസങ്ങളുമുണ്ട്) വാചസ്പതി=ചാൎവ്വാകമതസ്ഥാപകൻ. ശേഷവക്ത്രം=ഭാഷ്യകൎത്താവായ പതഞ്ജലിയുടെ ശബ്ദബ്രഹ്മവാദം. പശുപതിമതം=ശൈവമതത്തിൻെറ ഒരു ദുഷിച്ച വിഭാഗം.

പ. 5. ജപപടം=ജപമാല. ദാംഭികന്മാർ=ദംഭമുള്ളവർ.

പ. 6. ഇൗ പദ്യത്തിൽ വൎണ്ണിച്ചിരിക്കുന്നതു് ദംഭത്തിൻെറ ആകൃതിയെയാണ്. ദംഭത്തെക്കണ്ടു ആൾ മനസ്സിലാക്കാതെ "ശരീരമെടുത്ത ദംഭമോ" എന്നു അഹംകാരം സംശയിക്കുന്നു. അഹംകാരത്തെ കണ്ടപ്പോൾ ദംഭവും ഇതുപോലെ സംശയിച്ചല്ലോ (പ. 2-2)

ദംഭം "ഹും" എന്നു തടുക്കുന്നതു്, തന്നെ നമസ്കരിക്കാതെ ആശീൎവ്വദി

കുന്നതാരു? എന്നുള്ള അത്ഭുതത്തോടുകൂടിയാണ്. വടു=ദാംഭശിഷ്യൻ. പാദ്യം=പാദശുദ്ധിയ്ക്കുള്ള ജലം.

പ. 7. ലോകത്തിൽ ഗൌഡദേശം ശ്രേഷ്ഠം; ഗൌഡദേശത്തിൽ രാഢാപുരം പ്രസിദ്ധം. എന്നിങ്ങനെ അഹംകാരത്തിൻെറ ലോകോത്തരത്വത്തെ സ്വയം പുകഴ്ത്തുന്നു.

പ. 9. എൻെറ അമ്മ കുലീനയല്ലെങ്കിലും ഭാര്യ കുലീനയാണ്. അതുകൊണ്ടു ഞാൻ അച്ഛനേക്കാൾ ശ്രേഷ്ഠനായി. (അച്ഛനുകുലീനയായ ഭാര്യ ഇല്ലല്ലോ എന്നു സാരം) സ്യാലൻ=അളിയൻ.

പ. 10. ബ്രഹ്മാവിൻെറ തുടപോലും ശുദ്ധമാക്കിയതിൽ പിന്നീടേ ദംഭത്തിനിരിക്കാൻ യോഗ്യമായുള്ളു. ബ്രഹ്മാവുപോലും അത്ര കാര്യമായി കരുതുന്നു. പിന്നെയാണോ നിങ്ങളൊക്കെ!

പ. 12. വിദ്യാ...കരം=വിദ്യയുടേയും പ്രബോധത്തിൻേറയും വിളനിലം. അനഘം=ദിവസവും (നിത്യമായി)

പ. 13. സത്താം . ലാത്ത=മററുവഴിയിൽക്കൂടെ ബ്രഹ്മജ്ഞാനം ലഭിക്കാത്ത. ചാമന്ന്=ചാകുന്നദിവസം. സംസൃതി...ഭ്രമ=സംസാരദുഃഖത്തെ ഇല്ലാതാക്കുന്ന. താരകം=ഒരുമന്ത്രം(മരണസമയത്തു ആ മന്ത്രം ഒരാൾ ചെവിയിൽ ഉപദേശിച്ചാൽ തദ്വാരാ മോക്ഷസിദ്ധിയുണ്ടാകുമെന്നു വിശ്വാസം.)

പ. 14. തീൎത്ഥഫലം ലഭിക്കണമെങ്കിലും തപസ്സിൽ വൎത്തിക്കേണ്ടിയിരിക്കുന്നതിനാൽ സാമാന്യജനങ്ങൾക്കു ആ വഴിയും ദുഷ്പ്രാപം എന്നു സാരം.

പ. 15. പാടീരം=ചന്ദനം. ഇന്ദ്രായുധം=മഴവില്ല്.

പ. 17. പാകശക്തിപ്പൊരുൾ—വെററിലയും ചുണ്ണാമ്പും പാക്കും ചേരുമ്പോൾ ചുവപ്പുനിറം ഉണ്ടാകുമ്പോലെ ശരീരത്തിലെ എല്ലാ അവയവങ്ങളുടേയും ക്രമികമായ ഘടനയിൽനിന്നു (പാകത്തിൽനിന്നു) ഒരു ശക്തി ഉണ്ടാകുന്നു. അതാണ് ചൈതന്യം. അതുകൂടാതെ ആത്മാവു എന്നൊന്നില്ല. വാചാലന്മാരായ ആസ്തികന്മാരുടെ വാദം അവരുടെ വാഗ്ഢാടികൊണ്ടുമാത്രം നിലനിൽക്കുന്നതാണ്.

പ. 18. എല്ലാമനുഷ്യൎക്കും അവയവങ്ങൾ ഒരുപോലിരിക്കുന്നതിനാൽ (ബ്രാഹ്മണാദി) ജാതിക്രമം നിരൎത്ഥം. ഈ പെണ്ണ്, ഈ ദ്രവ്യം ഇതൊക്കെ അന്യന്റേതു് എന്നുള്ള ഭാവനയും അനാവശ്യം. ശക്തിപോലെ (ബ്രാഹ്മണാദിചിന്തകൂടാതെ) അന്യരെ നിഗ്രഹിക്കയോ (സ്വപരചിന്തകൂടാതെ) സ്ത്രീഗമനം ചെയ്യുകയോ ആവാം. ഇക്കാൎയ്യത്തിൽ ഗുണദോഷചിന്ത ചെയ്യുന്നതു് പൌരുഷമില്ലായ്മയാണു്.

ലോകായതം=ചാൎവ്വാകമതം. (ലോകത്തിൽ വ്യാപ്തമായ മതം എന്നൎത്ഥം) അതിൽ കാണുന്നതുമാത്രം വിശ്വസിക്കുന്നതിനാൽ അനുമാനാദികൾപ്രമാണങ്ങളല്ല; ആകാശം ഭൂതമല്ല; ധൎമ്മവും മോക്ഷവുമില്ല; ആത്മാവില്ല. രാജനീതി=ചാൎവ്വാകമതം. ഉന്മത്തപ്രലപനം=ഭ്രാന്തന്മാരുടെ പേ പറച്ചിൽ.

പ. 19. കൎത്തൃ. യാദി=കൎത്താവു് (യാഗംചെയ്യിച്ച പുരോഹിതൻ) കരണം (ഹോമദ്രവ്യം) ക്രിയ (ഹോമം) മുതലായവ. കെട്ട്=നശിച്ചിട്ട്. അധ്വരി=യാഗകൎത്താവു്. കൈവിട്ടും=ആലംബനമില്ലാതെ. കൎത്തൃകരണാദികൾ നശിച്ചശേഷം യാഗകൎത്താക്കൾ യാതൊരാലംബനവുമില്ലാതെ സ്വൎഗ്ഗം പ്രാപിക്കുമെന്നു പറയുന്നതു് കാട്ടുതീയിൽ വെന്തുപോയ മരം പിന്നെയും പൂത്തു കായ്ക്കുമെന്നു പറയുന്നതിനോടു തുല്യമാണു്.

പ. 20. മഖം=യാഗം. യാഗത്തിനായി കൊല്ലുന്ന പശുക്കൾക്കുംകൂടി മോക്ഷം ലഭിക്കുന്നുഎന്നാണു് യാഗകൎത്താക്കളുടെ വിശ്വാസം. ആ വിശ്വാസം ശരിയാണെങ്കിൽ ഒരുവൻ അവന്റെ അച്ഛനെ യാഗത്തിനു കൊല്ലാത്തതെന്തു്? (അച്ഛനു സ്വൎഗ്ഗം കിട്ടുമല്ലോ.)

പ. 21. തൃട്ടകന്ന്=ദാഹംതീൎന്നു്. അപരക്രിയയെ ആക്ഷേപിക്കുന്നു. ശ്രാദ്ധകൎമ്മത്തിൽ വീഴ്ത്തുന്ന ജലം പിതൃക്കൾക്കു ദാഹശാന്തി വരുത്തുമെങ്കിൽ കെട്ടുപോയ വിളക്കിൽ എണ്ണ ഒഴിക്കുമ്പോൾ അതു കത്തേണ്ടതാണു്. (രണ്ടും അസാദ്ധ്യം)

പുറം 34. പാരകം മുതലായവ യാഗവിധികൾ തെററിക്കുന്നവൎക്കുള്ള പ്രായശ്ചിത്തവ്രതങ്ങളാണു്. ആശാമോദകഭക്ഷണം=ആശയാകുന്ന മോദകം (പലഹാരം) തിന്നുക. (മനഃപായസം കുടിക്ക എന്നൎത്ഥം)

പ. 22. പരിരംഭം=ആലിംഗനം. ഉപോസം=ഉപവാസം (വെപ്പ്, ചോപ്പ് മുതലായവപോലെ.)

പുറം 35. കലി=കലിയുഗദേവത (മഹാമോഹത്തിന്റെ ഭൃത്യനാണ്) കലി കാര്യാന്തരത്തിൽ ഏർപ്പെട്ടിരിക്കയാൽ മഹാമോഹത്തിന്റെ അടുക്കലേക്കു പോരുന്ന ചാർവ്വാകൻ മുഖേന നമസ്കാരം പറഞ്ഞയച്ചിരിക്കുന്നു.

പ. 24. ഏല്പിച്ച കാര്യങ്ങൾ ഭംഗിയായി നിറവേറ്റുന്നതാണല്ലോ ഉത്തമഭൃത്യന്മാരുടെ സ്വഭാവം. അതുകൊണ്ടു കാര്യങ്ങളെല്ലാം സന്നാതകം (നിർവിഘ്നം) സാധിച്ചശേഷം തിരുമേനിയെ കാണണമെന്നത്രേ കലിയുടെ ഉദ്ദേശം.

പ. 26 ത്രയീപഠനം=വേദാഭ്യാസം. അഗ്നിഹോത്രം=ഹോമം. ത്രിദണ്ഡം=സന്യാസം. ഭസ്മക്ഷേപ്തി=ഭസ്മധാരണം. ഇതൊക്കെ പാവങ്ങൾക്കു കഴിച്ചിലിനുള്ള വഴിയാണെന്നു ബൃഹസ്പതി (ചാർവ്വാകമതസ്ഥാപകൻ) പറയുന്നു.

പു. 39. മദവും മാനവും മഹാമോഹഭക്തർ. ശ്രദ്ധയും മകളും (ശാന്തിയും) കൂടി ഉപനിഷത്തിനെ വിവേകത്തോടു യോജിപ്പിക്കാൻ ശ്രമിക്കുന്നു; കാമനും ധർമ്മപഥത്തിൽ നിന്നു തെററിയിരിക്കയാണ്. തിരുമേനി വേണ്ടപോലെ ശ്രദ്ധവച്ചില്ലെങ്കിൽ പ്രബോധവും വിദ്യയും ജനിക്കാനിടയുണ്ടു് എന്നു ചുരുക്കം.

പ. 28. ദക്ഷാരി=ശിവൻ. ഘൂർണ്ണിക്ക=ഉരുട്ടുക. (ശിവന്റെ കണ്ണുകൾ ഗൌരിയുടെ ആശ്ലേഷാനന്ദംകൊണ്ടു് അസ്ഥിരമായി മറിഞ്ഞുകൊണ്ടിരിക്കുന്നു) മട്ടാർമാതു്=ലക്ഷ്മീദേവി: ലക്ഷ്മിയുടെ കവിൾത്തടത്തിൽ എഴുതിയ മകരമത്സ്യത്തിന്റെ ആകൃതി വിഷ്ണുവിന്റെ മാറിൽ പതിഞ്ഞിരിക്കുന്നു (ലക്ഷ്മി മാറിൽ ശയിക്കുന്നു.) ത്രിമൂർത്തികൾപോലും വിഷയസുഖാസക്തന്മാരാകയാൽ സാമാന്യജനങ്ങളുടെ കാര്യത്തിൽ സംശയിക്കേണ്ടതില്ല എന്നർത്ഥം.

പ. 29. ക്രോധസ്വഭാവത്തെ വിവരിക്കുന്നു.

പ. 30. ലോഭത്തിന്റെ സ്വഭാവം. ദാനാർദ്രഗണ്ഡം=ദാനം (മദജലം)

കൊണ്ടു നനഞ്ഞ കവിൾത്തടത്തോടുകൂടിയ. ഇഭം=ആന. ഇത്തരം ആഗ്രഹത്തിനിടയിൽ ശാന്തി എങ്ങനെയുണ്ടാകും?

പ. 31. ഇന്ദ്രൻ വൃത്രാസുരനെ കൊന്നു. ശിവൻ ബ്രഹ്മാവിൻെറ ശിരസ്സ് ഛേദിച്ചു. ഗാഥിസൂനു (വിശ്വാമിത്രൻ) വസിഷ്ഠൻെറ പുത്രരെ ശപിച്ചു് ചണ്ഡാളരാക്കി. ഇതുപോലെ എന്തും പ്രവത്തിപ്പിക്കാൻ കഴിവുള്ളവനാണു ഞാൻ.

പു. 43. ശാന്തിയെ നശിപ്പിക്കാൻ ഭൃത്യരെ നിയോഗിച്ചെങ്കിലും മറെറാരു വഴികൂടി ആലോചിക്കുന്നു. ശ്രദ്ധയെ ആകർഷിക്കാൻ മിഥ്യാദൃഷ്ടിയ്ക്കു കഴിയുമെന്നിരിക്കെ ശ്രദ്ധയെ ഉപനിഷത്തിൽനിന്നകററിക്കളഞ്ഞാൽ മതി; മാതൃവിരഹത്താൽ ശാന്തി സ്വയം നശിച്ചുകൊള്ളും.

പ. 34. നിതംബഭാരത്താൽ മന്ദഗാമിനിയായി, കുന്തള...നടിച്ചു്=മുടിക്കെട്ടിലുള്ള പൂമാല ഊൎന്നുപോയതിനെ തിരുകി വയ്ക്കുന്നു എന്ന വ്യാജേന. കിഞ്ചിതം=തഴമ്പുള്ളതു് (നഖക്ഷതങ്ങൾ ഉള്ള) നീലപ്പൂമാലപോലെയുള്ള കണ്ണുകൾ എൻെറ മനസ്സിനെ അപഹരിക്കുന്നു; ദോലാന്ദോലം=ഊഞ്ഞാലാട്ടം. ഊഞ്ഞാലിൽ എന്നപോലെ ആടിക്കൊണ്ടിരിക്കുന്ന (കയ്യിലെ) കടകങ്ങളുടെ കിലുകിലരവത്തോടെ.

പ. 35. കൊങ്ക...ടവേ=കുചങ്ങളിലുള്ള നഖക്ഷതങ്ങൾ വിണ്ടുകീറത്തക്കവണ്ണം (അമത്തി) തിങ്കൾ തംസൻ=ശിവൻ. തുഷ്ട. മങ്ക=പാവ്വതി.

പ. 36. മദനോദ്ഭേദം=കാമവികാരം. ഉൽഖന്നരസം=വദ്ധിച്ച ആനന്ദത്തോടുകൂടെ.

പ. 38. ഷണ്ഡവൃത്തി. ആണും പെണ്ണുമല്ലാത്തവക്കു യോജിച്ച പ്രവൃത്തിയോടു കൂടിയവൾ.

പു. 48. ശ്രദ്ധയെ ഉപനിഷത്തിൽനിന്നു വിടത്തുന്നതു് തീരെ പ്രയാസമുള്ള കാൎയ്യമല്ല. വിഷയാനന്ദമില്ലാത്ത മോക്ഷം കാമ്യമല്ലെന്നു കാണിച്ചാൽ അവൾ വേദമാൎഗ്ഗത്തിൽനിന്നു തന്നെ വിരക്തയായിത്തീരുമല്ലോ എന്നു മിഥ്യാദൃഷ്ടിയുടെ അഭിപ്രായം.

---

# മൂന്നാം അങ്കം.

[മഹാമോഹത്തിന്റെ നയത്താൽ ശ്രദ്ധ മറയ്ക്കപ്പെട്ടു. അങ്ങനെ മാതാവിന്റെ വിയോഗത്താൽ ഖിന്നയായ ശാന്തി ഒരു സഖിയോടുകൂടി ശ്രദ്ധയെ അന്വേഷിച്ച് പല സ്ഥലങ്ങളിലും അലഞ്ഞു നടക്കുന്നു. അക്കൂട്ടത്തിൽ ദിഗംബരസിദ്ധാന്തം, സോമസിദ്ധാന്തം, ബുദ്ധാഗമം ഇവരുടെയിടയിലും അന്വേഷിക്കുന്നു. അന്വേഷിക്കുന്നിടത്തൊക്കെ താമസിയും രാജസിയുമായ ശ്രദ്ധയെ അല്ലാതെ സാത്വികിയായ ശ്രദ്ധയെ കണ്ടെത്തുന്നില്ല. ഒടുവിൽ ഒരു ക്ഷപണകന്റെ ഗണിതത്തിൽനിന്നും ശ്രദ്ധ മഹാജനങ്ങളുടെ ഹൃദയത്തിലാണെന്നറിഞ്ഞു് ശാന്തിയും സഖിയും ആശ്വാസത്തോടെ മടങ്ങുന്നു. വിഷ്ണുഭക്തിയുടെ സാന്നിദ്ധ്യത്തിൽനിന്ന് ശ്രദ്ധയെ അകറ്റുവാൻ "മഹാഭൈരവി" വിദ്യയെ നിയോഗിക്കാൻ തീർച്ചപ്പെടുത്തി ക്ഷപണകാദികളും പിരിയുന്നു.]

പ. 1. സുകൃതിതാവുന്ന=സുകൃതികൾക്കു ഗമ്യമായ. ഇന്നു പാഷണ്ഡരെന്നോ? ഇന്നു നിനക്കു തുണ പാഷണ്ഡരായിത്തീർന്നു എന്നോ. കാനച്ചണ്ഡാലവാടം=ഉഷ്ണാധിക്യത്താൽ മരുഭൂമിപോലായ ചണ്ഡാലരുടെ വാസസ്ഥലം. കപില=ഉത്തമമായ ഒരു പശു.

പ. 3. നീവാരം=വരിനെല്ല്. പുളിനം=മണൽത്തിട്ട. വൈഖാനസന്മാർ=വാനപ്രസ്ഥന്മാർ. ചമസം=പ്ലാശിൻതടികൊണ്ടോ മറ്റോ ഉണ്ടാക്കുന്ന ഒരു യാഗപാത്രം. ചഷാലം=യാഗപശുവിനെ കെട്ടുന്ന കുററിയിൽ ഇടുന്ന വളയം.

പ. 4. സീത രാവണന്റെ ആക്രമണത്താൽ ലങ്കയിലും വേദങ്ങൾ ഹയഗ്രീവന്റെ അധീനത്തിൽ പാതാളത്തിലും പോകേണ്ടിവന്നു.

ദിഗംബരന്മാർ ജൈനന്മാരാണ്. അവരുടെ അഭിപ്രായത്തിൽ ആത്മാവ് അംഗുഷ്ഠപ്രമാണം (കയ്യിലെ തള്ളവിരലിന്റെ വലിപ്പമുള്ളതു്) ആകുന്നു. അങ്ങനെ അംഗുഷ്ഠമാത്രനായ ആത്മാവ് ഹൃദയത്തിൽ ഇരിക്കുന്നു. മുറിയുടെ ഒരററത്തു വയ്ക്കുന്ന ദീപത്തിന്റെ പ്രകാശം മുറിയിൽ മുഴുവൻ വ്യാപിക്കുമ്പോലെ ശരീരത്തിന്റെ ഒരു ഭാഗത്തിരിക്കുന്ന ആത്മാവിന്റെ ശക്തി ശരീരം മുഴുവൻ വ്യാപിക്കുന്നു. ഞാൻ എന്നു പറയുമ്പോൾ

നെഞ്ചിൽതൊട്ട് ലക്ഷ്യം കുറിക്കുന്ന പതിവുതന്നെ ആത്മാവിൻെറ സ്ഥാനം ഹൃദയത്തിലാണെന്നുള്ള വാദത്തെ ബലപ്പെടുത്തുന്നു. ആത്മാവ് അനാദിയായുള്ള വാസനയുടെ പ്രേരണനിമിത്തം സുഖദുഃഖങ്ങൾ അനുഭവിക്കേണ്ടതിനായി ശരീരത്തിൽ ബദ്ധനായിത്തീരുന്നു. അത്തരത്തിലുള്ള ബന്ധനത്തിൽനിന്ന് ആത്മാവിനെ വിടുത്തുന്നതാണ് മോക്ഷം. അതിനായി ദിഗംബരൻ ഏർപ്പെടുത്തിയിട്ടുള്ള വ്രതങ്ങളും ആചാരങ്ങളുമെല്ലാം അനുഷ്ഠിക്കണം. ഇതാണ് ദിഗംബരസിദ്ധാന്തം.

പ. 6. പുദ്ഗലം=ശരീരം.

പ. 9. ബുദ്ധാഗമപ്രകാരം ആത്മാവ് എന്നൊന്നില്ല. അവർ അതിൻെറ സ്ഥാനത്ത് വിജ്ഞാനധാരയെ സങ്കല്പിക്കുന്നു. (പ്രപഞ്ചമെല്ലാം ആത്മാവിൽ ആരോപിതമാണെന്ന് അദ്വൈതികൾ വിശ്വസിക്കുന്നു. പ്രപഞ്ചം വിജ്ഞാനധാരയിൽ ആരോപിതമെന്ന് ബുദ്ധാഗമം സിദ്ധാന്തിക്കുന്നു എന്നു സാരം) കാണപ്പെടുന്ന പദാർത്ഥങ്ങളെല്ലാം ക്ഷണവിനാശികളാണ്. വിജ്ഞാനധാരയും ഇങ്ങനെതന്നെ. (ജ്ഞാനധാര എന്നതു് തുടർച്ചയായി നില്ക്കുന്ന ഒരു ബോധമാണ്. ഒരു ദീപത്തിൻെറ ജ്വാല, നാം അതു കത്തിക്കുമ്പോൾമുതൽ കെടുത്തുന്നതുവരെ നിലനില്ക്കുന്നു. ആ ജ്വാല ആദ്യന്തം ഒന്നാണെന്നു നമുക്കു തോന്നുമെങ്കിലും ആദ്യമാദ്യം ഉണ്ടാകുന്ന ജ്വാലകൾ ഉടനുടൻ മാറി വേറേവേറേ ജ്വാലകൾ ആ സ്ഥാനത്തു വന്നെത്തുകയാണെന്ന് ആലോചിച്ചാലറിയാൻ കഴിയും. അതുപോലെ തുടർച്ചയായി നില്ക്കുന്നതെന്നു നമുക്കു തോന്നുന്നെങ്കിലും ക്ഷണവിനാശിയായ ഒരു വിജ്ഞാനപരമ്പരയാണ് മനുഷ്യരിൽ ചൈതന്യമെന്ന വ്യവഹാരത്തെ അർഹിക്കുന്നതു്.) ആ വിജ്ഞാനധാര പൂർവ്വജന്മാർജ്ജിതമായ വാസനകൊണ്ടു് മലിനമായിരുന്നാൽ നിർവ്വാണപ്രാപ്തിക്കു യോഗ്യമാകുന്നില്ല. അതു് വാസനകളററു് നിർവ്വാണമടയുന്നതിന് ബുദ്ധഭഗവാൻ നിർദ്ദേശിച്ചിട്ടുള്ള മാർഗ്ഗങ്ങൾ അനുഷ്ഠിക്കണം.

ആ തത്വാന്തപ്രബോധാവലി=തത്വജ്ഞാനം (നിർവ്വാണം) പ്രാപിക്കുന്നതുവരെയുള്ള ജ്ഞാനധാര.

പ. 10. വണിക്കന്യ=വേശ്യ. പാടീരം=ചന്ദനം.

പൃ. 58. "ഏതോ ഒരു മന്വന്തരത്തിൽ—" സകലതും ക്ഷണവിനാശിയാകുമ്പോൾ വ്രതമെടുക്കുന്നവൻ അടുത്ത ക്ഷണത്തിൽ നശിക്കുന്നു. അപ്പോൾ വ്രതഫലം ആൎക്കു ലഭിക്കും? എന്നു ക്ഷപണകൻ സംശയിക്കുന്നു.

പൃ. 59. "ഗ്രഹനക്ഷത്ര..... ങ്ങളെ" ഗ്രഹങ്ങളുടേയും നക്ഷത്രങ്ങളുടേയും സഞ്ചാരം, സൂൎയ്യചന്ദ്രന്മാൎക്കുണ്ടാകുന്ന ഗ്രഹണം, ലുപ്തലാഭത്തെ (പോയവസ്തു തിരിച്ചു കിട്ടുമോ എന്നുള്ളതിനെ)ക്കുറിച്ചുള്ള യഥാൎത്ഥജ്ഞാനം ഇവ.

പ. 12. കുടത്തിനകത്തിരിക്കുന്ന വിളക്കിന് അതിന്റെ പുറത്തുള്ള പദാൎത്ഥങ്ങളെ പ്രകാശിപ്പിക്കാൻ ശക്തിയില്ല. അതുപോലെ ശരീരത്തിലടങ്ങിയിരിക്കുന്ന 'ആത്മാവിനു' പരലോകത്തെ സംബന്ധിച്ചുള്ള അറിവിനും ശക്തിയില്ല.

പൃ. 60. സോമസിദ്ധാന്തം. ശൈവമതങ്ങളിൽവച്ചു ദുഷ്ടവും ഭയങ്കരവുമായ ഒരു വിഭാഗത്തിന്റെ പ്രതിനിധികളായ കാപാലികന്മാരുടെ മതം. അവരുടെ ദേവതയായ (ഭൈരവൻ) ശിവൻ (കാളി) പാൎവ്വതിയോടുകൂടി കൈലാസത്തിൽ സുഖമായിക്കഴിയുമ്പോലെ ഭക്തനും പാൎവ്വതിക്കു തുല്യയായ ഭാൎയ്യയോടുകൂടി ശിവസന്നിധിയിൽ വസിക്കാൻ ഇടവരുമെന്നു വിശ്വാസം. തപസ്സുകൊണ്ട് നിത്യമായ ഒരു ശരീരം സമ്പാദിക്കാൻ കഴിയുമെന്നു അവർ വിശ്വസിക്കുന്നു. അങ്ങനെ നിത്യശരീരവും പ്രാപിച്ച് സുന്ദരിയായ ഭാൎയ്യയോടുകൂടി നിത്യവും രമിക്കുക എന്നതുതന്നെ മോക്ഷം.

പ. 13. കരോടി=തലയോട്ടി. യോഗമഷി . കയാൽ=യോഗാഭ്യാസമാകുന്ന അഞ്ജനപ്രയോഗത്താൽ എനിക്കു കാണ്മാൻ കഴിയുന്നതുകൊണ്ട്.

പ. 14. മസ്തിഷ്കം=തലച്ചോറ്. വസ=കൊഴുപ്പ്. തീയിൽ വേവിച്ച മാംസവും കൊഴുപ്പും തലയോട്ടിയിൽ പകൎന്ന മദ്യവുമാണ് എനിക്കുപാരണ. പാരണ=വ്രതം കഴിഞ്ഞുള്ള ആദ്യത്തെ ആഹാരം. എന്റെ ദൈവമായ ഭൈരവൻ രക്തബലിയാൽ സന്തുഷ്ടനാകുന്നു.

പ. 16. കരാളം=ഭയങ്കരം. കരവാളം=കൈവാൾ. ആരാള...പ്രവാഹം=വളഞ്ഞൊഴുകുന്ന ചോര. പോള=കുമിള. കരാ...ഢാംകൃതി=കയ്യിലിരി

ക്കുന്ന ഡമരു (ഒരുതരം ഉടുക്ക്)വിൻെറ ഢം ഢം എന്ന ശബ്ദം. ഖരാ...വർഗ്ഗം=ഉഗ്രമായി അലറുന്ന ക്രൂരരോടുകൂടി.

പ. 17. ആനന്ദബോധങ്ങളില്ലാതെ ശിലാപ്രായമായ നിർവ്വാണാവസ്ഥയെ ആരു കാംക്ഷിക്കും? ഗൌരിയെപ്പോൽ അരിയ=പാർവ്വതിയെപ്പോലെ യോഗ്യതയുള്ള.

പ. 18. ലീലാവതി=വിലാസവതി. ലലിത=ഹൃദ്യ. പാർവ്വണചന്ദ്രൻ=പൂർണ്ണ ചന്ദ്രൻ.

പ. 20. മാട്=പർവ്വതം.

പ. 21. പൂതം=പരിശുദ്ധം. ഭവമഹൌഷധം=സംസാരദുഃഖങ്ങളെ അകററുന്നതു്. പശുപാശവിനാശം=പശുവിൻെറ (ബന്ധനസ്ഥനായ ജീവൻെറ) പാശത്തെ (ബന്ധത്തെ) നശിപ്പിക്കുക.

പ. 22. മട്ട്=സാദൃശ്യം. മട്ടോലും:തേൻ ഒഴുകുന്ന.

പ. 23. ഈ മതത്തിൽ വിഷയാഭിലാഷങ്ങൾ സാധിച്ചു സുഖിക്കുന്നവർക്കു തന്നെ അണിമാദിസിദ്ധികൾ നിഷ്പ്രയാസം ലഭിക്കുന്നു. ഉച്ചാടനം=(ശത്രുവിനെ) അകററുക. വശ്യം=വശീകരിക്ക. മോഹനം=ബുദ്ധിഭ്രമം ഉണ്ടാക്കുക. ഹൃതി=സകല ഇന്ദ്രിയങ്ങളുടേയും ജ്ഞാനത്തെ ഹരിക്ക. പ്രക്ഷോഭണം=ക്ഷോഭം ഉണ്ടാക്കുക. മാരണം=നശിപ്പിക്ക. ഇവയൊക്കെ തീരെ ഗണിക്കേണ്ടതില്ല. അണിമാദികൾ നിഷ്പ്രയാസം ലഭിക്കെ ഉച്ചാടനാദികളെ ആരുഗണിക്കുന്നു? അവ കേവലം യോഗവിഘ്നത്തെ ഉണ്ടാക്കുന്ന പ്രലോഭനങ്ങൾ മാത്രമെന്നർത്ഥം.

പു. 69. "മദ്യത്തിൽ യാതൊരു .." മദ്യം ശ്രീഗ ആകർഷിച്ചു വരുത്തിയതുപോലെ മററു പലതിനേയും വരുത്താമല്ലോ എന്നു്.

പ. 26. ശ്രദ്ധ സതപിപുത്രി=സാത്വികിയായ ശ്രദ്ധ. ശ്രദ്ധ വിഷ്ണുഭക്തിയുമായി യോജിച്ചിരിക്കെ ധർമ്മം കാമനിൽനിന്നു വേർപെട്ടിരിക്കയാണെങ്കിൽ വിവേകം ജയിച്ചു (പ്രബോധോല്പത്തി ഉണ്ടാകും) എന്നു സാരം.

---

## നാലാം അങ്കം.

[മഹാഭൈരവിവിദ്യയുടെ ആക്രമണത്തിൽ അകപ്പെട്ട ശ്രദ്ധയും ധൎമ്മവും വിഷ്ണുഭക്തിയുടെ സഹായത്താൽ രക്ഷപ്പെട്ടു. അനന്തരം ഉപനിഷദ്ദേവിയുടെ സംഗമത്തിനായി ചക്രാവതാരത്തിൽ തപസ്സുചെയ്യുന്ന വിവേകത്തിന്റെ സമീപത്തേയ്ക്കു് വിഷ്ണുഭക്തിതന്നെ ശ്രദ്ധയെ പറഞ്ഞയയ്ക്കുകയും ചെയ്തു. അവൾ അങ്ങോട്ടു പോകുന്ന വഴിക്കു് മൈത്രിയെ കണ്ടുമുട്ടി. അവർ തമ്മിൽ ഉള്ള സംഭാഷണമാകുന്നു വിഷ്കംഭം. പിന്നീടു് വിവേകം പ്രവേശിച്ചു് കാമം, ക്രോധം, ലോഭം എന്നീ വീരന്മാരോടെതിരിടാൻ വസ്തുവിചാരം, ക്ഷമ, സന്തോഷം എന്നീ പ്രതിവീരന്മാരെ നിയോഗിക്കുന്നു. അനന്തരം വിവേകംതന്നെ മഹാമോഹവുമായി യുദ്ധത്തിനൊരുങ്ങി ചതുരംഗസൈന്യത്തോടുകൂടി പുറപ്പെട്ടു് കാശിയിലെത്തി കൂടാരമടിച്ചു താമസമുറപ്പിക്കുന്നു.]

ഗ്രസനഭ്രമം=വിഴുങ്ങിക്കളയുമോ എന്ന പേടി.

പ. 1. കൎണ്ണപൂരം=കൎണ്ണാഭരണം. അനലകഡാരാഭം=അഗ്നിജ്വാലപോലുള്ള. ദംഷ്ട്രാ .... മദ്ധ്യേ=ചന്ദ്രക്കലപോലെ കാണുന്ന വിരപ്പല്ലിനിടയ്ക്കു്. കദളിതൻകന്ദ്=വാഴത്തൈ.

പ. 3. കാവി=വഹിച്ചു്. ആവിഷ്പ്രാണിപ്രരുഹം=പുറത്തേയ്ക്കുതള്ളിവരുന്ന നഖം. റാവി=രാത്രി എന്ന അൎത്ഥത്തിൽപ്രയോഗം.

ഋതംഭരാദികൾ=ഋതംഭര മുതലായ പ്രജ്ഞാവിശേഷങ്ങൾ.

പ. 5. മൈത്രി, മുദിത, കരുണ, ഉപേക്ഷ ഇങ്ങനെ നാലു ചിത്തവൃത്തികൾ. സ്വസ്ഥന്മാരിൽ മൈത്രി ഉണ്ടായാൽ ദ്വേഷവും, പുണ്യവാന്മാരിൽ മുദിതയെ ചേൎത്താൽ ഭ്രമവും, ദുഃഖിതരിൽ കരുണയുണ്ടായാൽ ക്രോധവും, പാപിയിൽ ഉപേക്ഷ വിചാരിച്ചാൽ അവന്റെ സംസൎഗ്ഗം ഇല്ലാതായി തദ്വാരാ രാഗവും നശിക്കുകയും ആ വഴിക്കു ജീവാത്മാവിനു് നൈൎമ്മല്യം സിദ്ധിക്കയും ചെയ്യും.

പ. 6. ഈശ്വരശക്തിയാകുന്ന പരിശുദ്ധാൎണ്ണവത്തിനുള്ളിൽ ജീവിക്കുന്നെങ്കിലും അതിന്റെ മാഹാത്മ്യം അറിയാൻ ശ്രമിക്കാതെ തുച്ഛമായ

മരിചികാ (കാനൽജല) സമുദ്രത്തിൽ—മായാബന്ധത്തിൽ ചെന്നു വീണു് സ്വച്ഛന്ദം വിഹരിക്കുന്നു.

പ. 7. സാരബോധക്കുരു=തത്വാജ്ഞാനമാകുന്ന ബീജം. അജ്ഞാനകൃതമായ സംസാരബന്ധത്തിൽനിന്നു കഴിവാൻ തത്വബോധമല്ലാതെ മറ്റു മാർഗ്ഗങ്ങൾ ഇല്ല.

അവിചാരരമണീയങ്ങൾ=ചിന്തിക്കുന്തോറും വെറുപ്പുതോന്നിക്കുന്നവ.

പ. 8. കാരാംബുജം=കരിംകൂവളം നിഭരം=നിബിഡം. അരുവ.. ..ണ്ഡത്തെ=സുന്ദരി എന്നു പേരുള്ള അഴകുകെട്ടിനെ.

പ. 9. മണിപദവലയം=രത്നങ്ങൾ പതിച്ച കാൽച്ചിലമ്പു്. സുമസരം=പൂമാല. കൌശേയം=പട്ടു്.

പ. 11. അന്ത ....മൂടാം=വിഷയാനുധ്യാനമാർഗ്ഗങ്ങളെ (കാമാദിവികാരങ്ങൾ ഉള്ളിലേക്കു കടക്കുന്ന മാർഗ്ഗങ്ങളെ) ഞാൻ അടച്ചുകളയാം. അതിദൃഢമന്നയാതെ=വേണ്ടതുപോലെ ആലോചിക്കാതെ. കുത്സതോന്നാൻപരമവൈരസ്യമോ=വെറുപ്പുതോന്നാൻ വല്ല വിഷമവുമുണ്ടോ (ഒന്നുമില്ല എന്നു സാരം)

പ. 13. പുത്താഗമം=പുതിയ വരവു്. (പുത്തരി, പുത്തൂർ മുതലായവപോലെ) മന്ദ്രം=ഗംഭീരം. ശൃംഗാര .....സ്പന്ദം=ശൃംഗാരം, കടമ്പിൻപൂവിൽ തട്ടിവരുന്ന ഇളംകാറ്റു്.

പ. 15. കോപാന്ധകാരത്താൽ വല്ലാതെ വളച്ച പുരികങ്ങളോടുകൂടി. ഉഗ്രം=ഭയങ്കരം. നൊന്തി......ക്ഷരം=അകം നീറുന്ന വാക്കുകൾ (അപവാദങ്ങൾ) അപവാദംകേട്ടു് ഇളകാതെ ക്ഷമിക്കുന്നവൻ പരിശുദ്ധഹൃദയനും സമുദ്രംപോലെ ഗംഭീരനുമാണെന്നു സാരം.

പ. 17. സ്വാദ്ധ്യായം=വേദപാരായണം. സുരപിതൃയജ്ഞം=യാഗാദികളും ശ്രാദ്ധാദികളും. തപസ്സ്=വ്രതാനുഷ്ഠാനം. നിത്യാദിക്രിയകൾ നിത്യകർമ്മങ്ങളും നൈമിത്തികകർമ്മങ്ങളും (യാദൃച്ഛികമായിച്ചെയ്യേണ്ടിവരുന്നതു് നൈമിത്തികം) മഹിഷൻ=ഒരസുരൻ.

പ. 18. "മോദിക്കാം.:....റുകയാൽ" മററാരാടുടെ അടികൊള്ളത്തക്ക ദുരിതം നമുക്കുണ്ടായിരുന്നു; അതിപ്പോൾ തീർന്നല്ലോ എന്നു സമാധാ

നിക്കാം. സാധുക്കൾക്ക് ഈ വിപത്തു തീരെ, ദുസ്സാരയല്ലോ എന്ന നായം.

പ. 19. അരുംകാര്യരം=അരുമയായി (വാത്സല്യത്തോടെ) ഫലം തരുന്ന വൃക്ഷം. സ്രോതസ്ഥാനം=അരുവിയുള്ളിടം. ശിശിരമധുരം=തണുപ്പും മാധുര്യവുമുള്ള "ഏതെന്നാലും........" ഇതുകൊണ്ടൊന്നും തൃപ്തിപ്പെടാതെ ആളുകൾ ധനികരെ ആശ്രയിച്ചു കഷ്ടപ്പെടാൻ പോകുന്നല്ലോ!

പ. 20. കഠോ ....ബദ്ധം=കട്ടപ്പമുള്ള വജ്രംകൊണ്ടു തീർത്തതു്.

പ. 21. മുടകി=ഇടവിടാതെ നിർബ്ബന്ധിച്ച് (ദേശ്യപദം)

പ. 22. പണം നശിക്കുമ്പൊഴോ നീ മരിക്കുമ്പൊഴോ നിനക്കും പണത്തിനുമായി വിരഹം നിശ്ചയംതന്നെ. പണം ഉണ്ടായി വിട്ടുപോകുന്നതോ ഇല്ലാതിരിക്കുന്നതോ ഏതാണു നിനക്കിഷ്ടം? ഒന്ന് ഉണ്ടായി നശിക്കുന്നതല്ലേ ഇല്ലാതിരിക്കുന്നതിനേക്കാൾ സങ്കടം.

പ. 23. വൻപോ—മേൽ. കാലൻ നിന്റെ തലയ്ക്കു മേലിരുന്ന് അധികാരം ഭാവിക്കുന്നു. ഗൃധ്രം=കഴുകൻ. ലോഭരജസ്സ്=ലോഭമാകുന്ന പൊടി. ബോധപയസാ=ജ്ഞാനമാകുന്ന ജലംകൊണ്ട്.

പ. 24. നൈകമുഖൻ=പലവഴിക്കുകൂടി ലോകത്തെ വിഷമിപ്പിക്കുന്നവൻ (ദശമുഖൻ എന്നും) ദ്വിജവിബുധവൃന്ദം=ബ്രാഹ്മണരുടേയും വിദ്വാന്മാരുടേയും (ദേവന്മാരുടെ എന്നും) കൂട്ടം. അന്യ .. ക്ഷീടാം=ശത്രുപക്ഷത്തെ നശിപ്പിക്കാം.

പ. 25. കംഭി=ആന. കംഭ . വണ്ടോട്=മസ്തകങ്ങളിൽനിന്നും ഒഴുകുന്ന മദജലം കുടിച്ചു മദിച്ചു മുരളുന്ന വണ്ടുകളോടുകൂടി. അനിലസ്പർദ്ധി=കാററിനെ ജയിക്കുന്ന (വേഗമുള്ള) ജൃംഭത്=ഉയർത്തിപ്പിടിച്ച. കകഭി=ദിക്കിൽ. കുന്തവും ധരിച്ചു ഭടന്മാർ നടക്കുന്നിടം കരിങ്കുവളംപൂത്ത പൊയ്കപോലെ തോന്നും.

പ. 26. കുതിരകൾ വളരെ വേഗത്തിൽ പായുന്നു എന്നു പൊടികൊണ്ട് ഊഹിക്കയല്ലാതെ അവയെ കാണാൻ നിവൃത്തിയില്ല. സ്ഫാരം=വർദ്ധിച്ച. പാരാവാരം=സമുദ്രം.

പ. 27. ആധ്മാനം=മുഴക്കം. ശാരദാ...ന്തിടന്ന=ശരത്കാലത്തെ മേഘങ്ങളുടെ ഇടയ്ക്കു മിന്നൽപോലെ കെട്ടിടങ്ങളുടെ മുകളിൽ പതാകകൾ കാണപ്പെടുന്നു.

പുറം 88. ദുർദ്ദിനീകൃതങ്ങൾ=ദുർദ്ദിനങ്ങളാക്കിത്തീർക്കുന്നവ. (മേഘം മൂടിയ ദിവസമാണ് ദുർദ്ദിനം. ഇവിടെ ഇടവിടാതെ തേൻ തുള്ളികൾ വീഴുകയാൽ ദുർദ്ദിനമെന്നു പറഞ്ഞിരിക്കുന്നു.)

പ. 28. ഗംഗയിലെ ജലബിന്ദുക്കളേറ്റു തണുത്തു, പൊടിയണിഞ്ഞു, മരങ്ങളിലെ പുഷ്പങ്ങൾ ഇളക്കി വീഴ്ത്തി, വണ്ടിൻശബ്ദത്താൽ പാട്ടുപാടി, ലതകളാകുന്ന കൈകളിളക്കി തുള്ളിക്കളിക്കുന്ന മന്ദമാരുതൻ, ഗംഗയിൽ കളിച്ചു, ഭസ്മം പൂശി, പുഷ്പാർച്ചനചെയ്തു, സ്തോത്രം ചൊല്ലി, നൃത്തമാടുന്ന പാശുപതന്മാരെ അനുകരിക്കുന്നു. ഇവിടെ "കൈലതാം" എന്നതു മറിഞ്ഞുവരേണ്ടതാണ്. ("ലതാളൈജൈഃ" എന്നു മൂലം)

പ. 29. അമൃതഭൂപഥ=ആനന്ദസ്ഥാനത്തെത്തുന്നതിനുള്ള വഴി. ക്ഷേത്രവും ആത്മവിദ്യയും അജ്ഞാനം അകറ്റുന്നതും ചിത്തത്തെ ആകർഷിക്കുന്നതുമാണല്ലോ. ഭൂകണ്ഠാ . പ്രവാഹം=ഭൂമിയുടെ കണ്ഠത്തിലണിഞ്ഞ ഹാരമോ എന്നു തോന്നുംവണ്ണം (ക്ഷേത്രസമീപത്തിൽക്കൂടി) വളഞ്ഞൊഴുകുന്ന ഗംഗാനദി (പാകം) ചിതറുന്ന നുരകണ്ടാൽ ചന്ദ്രക്കലയുടെ ഭംഗിയെ ആക്ഷേപിക്കുന്നതിന്റെ ലക്ഷ്യമാണോ എന്നു തോന്നും. (ബാലചന്ദ്രനേക്കാൾ ഗംഗ ഹൃദ്യയായിരിക്കുന്നു എന്നു സാരം.)

പ. 30. ക്ഷേത്രാത്മാവ്=കാശീക്ഷേത്ര (നഗര)ത്തിന്റെ ആത്മാവ്. തീർത്ഥപാദന്മാർ=പുണ്യാത്മാക്കൾ.

ദണ്ഡകം:—വലാരാതി=ഇന്ദ്രൻ.

ഖദ്യോതവൃന്ദം=ദുഷ്ടസമൂഹം.

പിരുത്താതപത്രം=പിടിത്തിയ കുട..

വിബുധവിദ്വേഷിവാർകേശിമാർ=ദേവസുന്ദരികൾ.

# അഞ്ചാം അങ്കം.

[വിവേകനും മഹാമോഹനുമായി നടന്ന ഭയങ്കരമായ യുദ്ധത്തിന്റെ വിവരങ്ങളെല്ലാം ശ്രദ്ധചെന്നു് വിഷ്ണുഭക്തിയെ ധരിപ്പിച്ചു കേൾപ്പിക്കുന്നതാണു് പ്രവേശകം. അനന്തരം ഭാര്യാപുത്രാദികളുടെ നാശത്താൽ ശോകപരവശനായി ആത്മഹത്യയ്ക്കൊരുങ്ങി മനസ്സും മനസ്സിനെ സമാധാനപ്പെടുത്തിക്കൊണ്ടു് സങ്കല്പവും നിൽക്കുമ്പോൾ വൈയാസികിയായ സരസ്വതി (പുരാണദേവത) അവിടെ പ്രവേശിക്കുന്നു. സരസ്വതിയുടെ ഉപദേശത്താൽ മനസ്സ് ഒരുവിധം ശാന്തനായിത്തീർന്നു. അപ്പോൾ വൈരാഗ്യം അവിടെ എത്തുന്നു. വൈരാഗ്യവും സരസ്വതിയും ചേർന്നു മനസ്സിന്റെ ഭാവിനന്മയ്ക്കുള്ള വഴികൾ ഉപദേശിക്കയും അതെല്ലാം അങ്ങനെതന്നെ എന്നു സമ്മതിച്ചു മനസ്സു സന്തുഷ്ടനായിത്തീരുകയും ചെയ്യുന്നു.]

പ. 2. കടലും മലയും നശിപ്പിക്കുന്ന മൃത്യുവിനു ജന്തുക്കളെ നശിപ്പിക്കുന്നതു് നിസ്സാരമാണു്. ഇതറിയാമെങ്കിലും സ്വജനങ്ങൾ നശിച്ചതിലുള്ള ദുഃഖം അസഹ്യമായിരിക്കുന്നു.

പുറം 95. പാടലം=ചുവന്ന. സിംഹനാദം=അട്ടഹാസം. ബധിരീകൃതങ്ങൾ=മറ്റൊന്നും കേൾക്കാൻ വയ്യാതാക്കിയവ. ശിഥിലിതം=പൊടിഞ്ഞതു്. ഉദ്ഭ്രാന്തം=പൊങ്ങിയതു് നൈയായികദർശനം=തർക്കശാസ്ത്രം.

പ. 5. കൃപാണക്ഷതവപുഷി=വാൾകൊണ്ടു മുറിഞ്ഞ ശരീരത്തിലെ. നിങ്ങളുടെ രക്തം കുടിച്ചു കുറുനരികൾ കൂത്താട്ടമെന്നർത്ഥം. പാഷണ്ഡസിദ്ധാന്തങ്ങൾ=൩-ാം അങ്കത്തിൽ കണ്ടതുപോലെയുള്ള ക്ഷുദ്രമതസിദ്ധാന്തങ്ങൾ.

പ. 6. ആമ്നായം=വേദം. ഉപമറ=ഉപവേദം. ഋക്ക്, യജുസ്സ്, സാമം, അഥർവ്വണം ഇവയ്ക്കു ക്രമേണ ആയുർവ്വേദം, ധനുർവ്വേദം, ഗാന്ധർവ്വവേദം (സംഗീതം) സ്ഥാപത്യവേദം (ശില്പം) ഇവ ഉപവേദങ്ങളെന്നു പ്രസിദ്ധി. അംഗങ്ങൾ=ശിക്ഷ, കല്പം, വ്യാകരണം, നിരുക്തം, ഛന്ദസ്സ്, ജ്യോതിഷം ഇവ. പുരാണങ്ങൾ=വിഷ്ണു, നാരദ, ഭാഗവത, ഗരുഡ, പത്മ, വരാഹ, ബ്രഹ്മ, ബ്രഹ്മാണ്ഡ, ബ്രഹ്മവൈവർത്ത, മാർക്കണ്ഡേയ, ഭവിഷ്യത്, വാമന, മത്സ്യ, കൂർമ്മ, ലിംഗ, ശിവ, സ്കന്ദ, അഗ്നി പുരാണങ്ങൾ. സ്മൃതികൾ=പരാശരൻ, യാജ്ഞവല്ക്യൻ, മനു മുത

ലായവർ എഴുതിയിട്ടുള്ള ആചാരക്രമങ്ങൾ. ഇതിഹാസങ്ങൾ=രാമായണം ഭാരതം മുതലായവ. വിക...ലിച്ച്=താമരപ്പൂ കൈയിൽവച്ച് തടവിക്കൊണ്ട്. ഭാരതി=സരസ്വതി.

പ. 7. കാണാദം=കണാദമഹർഷി നിർമ്മിച്ച വൈശേഷികദർശനം. പാണിനീയം=പാണിനിയുടെ ശബ്ദശാസ്ത്രം (ശബ്ദബ്രഹ്മവാദം) കപിലഭണിതി=സാംഖ്യശാസ്ത്രം. പാതഞ്ജലംഭാഷ്യം=പതഞ്ജലിയുടെ മഹാഭാഷ്യം. ധർമ്മാ...ന്യേന=മീമാംസകന്മാർ വേദവാക്യങ്ങളെ വ്യാഖ്യാനിക്കുന്നതിന് 1000 ന്യായങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ആ ന്യായങ്ങളെ ഇവിടെ മിമാംസയുടെ കൈകളാക്കി പറഞ്ഞിരിക്കുന്നു. വിധിമുഖി=വിധി (വേദാർത്ഥങ്ങൾ) ആകുന്ന മുഖത്തോടുകൂടിയവൾ. മീമാംസ=പൂർവ്വമീമാംസ. ദുർഗ്ഗാദേവിക്കും കരസഹസ്രത്വം ത്രിനയനത്വം ഇതൊക്കെ യോജിക്കുന്നതാണല്ലോ.

പ. 9. ഗുണോപാധിയാൽ=സത്വരജസ്തമോഗുണങ്ങളെ കാരണമാക്കി. ശ്രുതിപഥം=വേദമാർഗ്ഗം. ഏകേശനിൽ=ബ്രഹ്മമാകുന്ന ലക്ഷ്യത്തിൽ.

പ. 10. മട്ടില്ലാതെ=സാദൃശ്യമില്ലാതെ. നിണം (രക്തം)ആകുന്ന ജലം, മാംസമാകുന്ന ചേറ്, കഴുകന്മാരാകുന്ന മുക്കുവർ, മദകരികളാകുന്ന കുന്നുകൾ, വെൺകൊററക്കുടകളാകുന്ന അരയന്നങ്ങൾ. പാഷണ്ഡാഗമങ്ങളിൽ പ്രധാനം "ലോകായത"മാണ്. അതിനു പൂർവ്വാപരസംബന്ധമില്ല. (ഒരിടത്തു പറഞ്ഞതിനെ മറെറാരിടത്തു ഖണ്ഡിക്കും എന്നർത്ഥം) അതുകൊണ്ട് അതിനും അതിൻെറ നേതൃത്വത്തിൽ മററു ശാസ്ത്രങ്ങൾക്കും യുദ്ധഭൂമിയിൽ നിലയില്ലാതായി. സുഗതസിദ്ധാന്തം=ബുദ്ധധർമ്മം. ദൈന്യം=ദീനത (ദുരാശ ഫലിക്കാത്തുള്ള വൈഷമ്യം) അനൃതം=കള്ളം. പൈശുന്യം=തമ്മിൽ തല്ലിക്കുന്നസൂത്രം. സ്തേയം=മോഷണം. പരിഗ്രഹം=അസത്പരിഗ്രഹം (നേർവഴിക്കല്ലാതെ പരസ്വം സ്വാധീനപ്പെടുത്തുക) യോഗവിഘ്നങ്ങൾ=യോഗത്തിനുള്ള വിഘ്നങ്ങൾ.

പ. 12. വിഷാഗ്നി=വിഷരൂപമായ അഗ്നി. വ്യാപിക്കുന്നു, വാട്ടുന്നു, ചെയ്യുന്നു ഇവയ്ക്ക് "ശോകജ്വരം" കർത്താവാണ്. വേകുന്നു, പ്രാപിക്കുന്നു, ലോപിക്കുന്നു, പിളർന്നീടുന്നു ഈ കേവലക്രിയകളും മുൻപറഞ്ഞ പ്രയോജകക്രിയകളും ഇടകലർന്ന് അന്വയം ക്ലിഷ്ടമായിത്തീർന്നു.

മൂലത്തിൽ എല്ലാ ക്രിയകൾക്കും "ശോകജ്വരം" കൎത്താവാണ്. ജീവ കബളംചെയ്യുന്നു=ജീവനെ വിഴുങ്ങിക്കളയുന്നു.

പ. 13. തെരിക്കെന്ന്=പെട്ടെന്ന് (ദേശ്യം) ഇത്രയൊക്കെയായിട്ടും ഞാൻ മരിക്കുന്നില്ലല്ലോ.

പ. 16. പ്രിയമിതി=പ്രിയമെന്നു കരുതി. മനുഷ്യൻ അവന്ന് നല്ലതിനെ ന്നുകരുതി ദുഃഖമാകുന്ന വിഷവൃക്ഷത്തിന്റെ ബീജങ്ങൾ സ്വയം നട്ടുന്നു. (കളത്രാദികൾ ദുഃഖഹേതുക്കളെന്നറിയാതെ അവയെ ഇഷ്ടപ്പെടുന്നു) അവൻ നട്ട വിത്തിൽനിന്നും പ്രേമം എന്ന പേരിൽ കുറേ ഇടിത്തീനാമ്പുകൾ (ആപത്തുകൾ) മുളയ്ക്കുന്നു. മട്ടാൽ=മട്ടുകൊണ്ട്. (പുറമേ അഴകായി) അവ ഉമിത്തീപോലെ, ജ്വാലാശിഖരങ്ങളോടുകൂടി പടൎന്നു പരന്ന് ഒരു മഹാവൃക്ഷമായി ശരീരത്തെ വല്ലാതെ നീറ്റുന്നു.

അപകാരികൾ=വിരോധികൾ (ഭാൎയ്യാപുത്രാദികൾ)

പ. 17. ഭാൎയ്യാപുത്രാദികൾ മനുഷ്യന്ന് ഉപകാരം ചെയ്യുന്നില്ല. അവരുടെ വിരഹം സ്വന്തഅവയവം മുറിച്ചുനീക്കിയാലത്തെപ്പോലെ വേദനയെ ഉണ്ടാക്കുകയും ചെയ്യും. എന്നിരുന്നാലും മനുഷ്യൻ അതിനുവേണ്ടിത്തന്നെ കഷ്ടപ്പെടുന്നു.

പ. 18. പാപിഷ്ഠരായ ഭാൎയ്യാദികളുടെ ചെയ്തി—നടപടി—യ്ക്കുവേണ്ടി ഐശ്വൎയ്യാഹംകാരമാകുന്ന മഷിപിടിച്ച് ഇരുണ്ട ദുഷ്പ്രഭുക്കന്മാരുടെ മുഖം കാണാൻ കാത്ത് ഒഴുക്കുള്ള പുഴകൾ കടന്നും ദുഷ്ടമൃഗങ്ങളുള്ള പൎവ്വതങ്ങൾ കയറിയും ദുൎഗ്ഗമങ്ങളായ വഴികൾ നടന്നും നീ എത്ര കഷ്ടപ്പെട്ടു!

പ. 19. തനയന്മാർ പ്രാണനു തുല്യമാണ്. അവരുടെ വിരഹം കരളിൽ കത്തി താഴ്ത്തുമ്പോലെ വേദനയെ ഉണ്ടാക്കുന്നു.

പ. 20. വളൎത്തുന്ന കോഴിയെ പൂച്ചപിടിച്ചാൽ സങ്കടപ്പെടുന്നു; എലിയേയോ കുരുവിയേയോ പിടിച്ചാൽ സങ്കടമില്ല. സങ്കടത്തിനു കാരണം മമതാഭാവന (എന്റേതു് എന്ന ചിന്ത) മാത്രമാണ്.

പ. 21. ശരീരത്തിൽനിന്നുണ്ടാകുന്ന പേൻ മുതലായ ക്രിമികളെ നാം

നശിപ്പിക്കുന്നു. അതുപോലുള്ള ഒരു കൃമി (ജീവാണു)യെത്തന്നെ "പുത്രൻ" എന്നു പേരുമിട്ടു മമതയോടെ വളൎത്തുകയും ചെയ്യുന്നു. ഇതു വെറും ഭ്രമമല്ലേ?

പ. 22. സജ്ജനങ്ങൾക്കു് ഇത്തരത്തിൽ വിരഹം വരുമ്പോൾ നിസ്സാരമായ പ്രപഞ്ചത്തെക്കുറിച്ചു വൈരാഗ്യം തോന്നുകയും തന്മൂലം ഹൃദയം ശാന്തമായി ആനന്ദം ലഭിക്കയുംചെയ്യും.

പ. 23. മനുഷ്യർ വലിയ കാൎയ്യമായിക്കരുതുന്ന ശരീരത്തിന്റെ രക്ഷ മുഴുവൻ നിസ്സാരമായ "തൊലി"യെ ആശ്രയിച്ചിരിക്കുന്നു എന്നു തൊലി ഇല്ലാഞ്ഞാലുള്ള വൈഷമ്യംകൊണ്ടറിയണം. പാരിൽ .... വിധി-മനുഷ്യശരീരം സൃഷ്ടിച്ച ബ്രഹ്മാവു്. അതിമൃദുവായ ഒരു തൊലികൊണ്ടതിനെ മൂടിയിരുന്നില്ലെങ്കിൽ ചോര ഒഴുകിച്ചുവന്നിരിക്കുന്ന ഇറച്ചി കൊത്തിപ്പറിക്കാൻ വരുന്ന ജന്തുക്കളെ ആട്ടിആകററുവാൻ ആൎക്കു കഴിയുമായിരുന്നു.

പ. 24. ലക്ഷ്മി അസ്ഥിരയും വിഷയസുഖം പരിണാമവിരസവും ദേഹം ആപത്തിന്നിരിപ്പിടവും ധനം ദ്യൂതത്തിനധീനവും ലോകം ദുഃഖമയവും സ്ത്രീ ദുരിതക്കോട്ടയുമാണു്. എങ്കിലും മനുഷ്യൻ ആത്മചിന്തക്കൂടാതെ ഈവകയിൽ നാടുന്നു (തുള്ളിക്കളിക്കുന്നു.) ഈ പദ്യത്തിലെ വാചകങ്ങൾക്കു "പ്രക്രമഭംഗം" ഉണ്ടു്.

പ. 26. പെട്ടെന്നുണ്ടാകുന്ന ബന്ധം (ധ്രുവവിരഹം) തീൎച്ചയായി വിരഹമുള്ളതാണു്.

പ. 27. ഈ ലോകത്തിൽ എത്രയോ കോടി പിതാമഹർ, പിതാക്കൾ, ഭാൎയ്യമാർ, പുത്രന്മാർ; ജനിച്ചു; മരിച്ചു; സതപരക്ഷയിണി=പെട്ടെന്നു നശിക്കുന്ന.

പ. 29. കാണ്ഡമേല്ക്കാതെ=സന്ദൎഭമില്ലാതെ.

പ. 31. വെയിലിൽ ... പമം=ഉഷ്ണതപ്തനു ശീതമായ ഉദഭാരം (വെള്ളച്ചുമടു്) എന്നപോലെ.

പ. 33. ഈശൻ ഏകനാണെങ്കിലും നിന്നോടുള്ള സംസൎഗ്ഗം നിമിത്തം ജന്മാദികളാൽ ആക്രാന്തനായി. ശരീരത്തിനുണ്ടാകുന്ന അവസ്ഥയെ

ആത്മാവിന്റേതാക്കി തോന്നിച്ചു.) അലകളിൽ പ്രതിബിംബിക്കുന്ന സൂര്യബിംബംപോലെ പലരൂപത്തിലുള്ള ചിത്തവൃത്തികളിൽ പലതായി തോന്നിക്കുന്നതിനും സംഗതിയായി. ഇനി ശ്രമംകൊണ്ടു ബുദ്ധിവൃത്തികളെ അടക്കി ഏകാന്തമായി ചിന്തിച്ചാൽ തെളിഞ്ഞ കണ്ണാടിയിൽ സൂര്യബിംബംപോലെ കളങ്കമററ മനസ്സിൽ ആത്മരൂപം നിഴലിക്കും.

---

## ആറാം അങ്കം.

[ശത്രുനാശം നിമിത്തം രാജകുലത്തിൽ കാണുന്ന പ്രശാന്തതയിൽ ആഹ്ളാദിച്ചും പരാജിതനായ മഹാമോഹം വീണ്ടും വിവേകത്തെ വ്യാമോഹിപ്പിക്കാൻ ചെയ്ത ശ്രമങ്ങളെല്ലാം വിഫലമായിത്തീർന്നതിനെ വിവരിച്ചും ശാന്തിയും ശ്രദ്ധയും തമ്മിൽ നടത്തുന്ന സംഭാഷണമാണ് പ്രവേശകം. അനന്തരം പുരുഷനും ഉപനിഷത്തും പ്രവേശിക്കുന്നു. അവർ വേർപെട്ടിരുന്ന കാലത്തു തനിക്കുണ്ടായ അനുഭവങ്ങളെല്ലാം ഉപനിഷത്ത് പുരുഷനെ വർണ്ണിച്ചു കേൾപ്പിക്കുന്നു. വിവേകം ചില രഹസ്യങ്ങൾ പുരുഷനേയും നിദിദ്ധ്യാസനം വന്നു വിഷ്ണുഭക്തിയുടെ കല്പനകൾ ഉപനിഷത്തിനേയും ധരിപ്പിക്കുന്നു. എല്ലാവരും ആ കല്പനകളെപ്പററി ചിന്തിച്ചിരിക്കുമ്പോൾ വിദ്യയും പ്രബോധവും ഉത്ഭവിച്ചിരിക്കുന്നതായുള്ള പ്രഖ്യാപനം അവിടെ എത്തുന്നു. പിന്നീടു പ്രബോധചന്ദ്രൻ പ്രവേശിച്ചു പുരുഷനുമായി യോജിക്കുകയും വിഷ്ണുഭക്തി വന്നു എല്ലാവരേയും അനുഗ്രഹിക്കയും ചെയ്യുന്നു.]

പ. 1. പുത്രന്മാർ=കാമാദികൾ. വൈരാഗ്യവുമായുള്ള സഹവാസംകൊണ്ടു പുരുഷന്റെ ഹൃദയം ശാന്തമായിത്തീർന്നു. ചിത്തക്ലേശങ്ങൾ=അവിദ്യ, അസ്മിത, രാഗം, ദ്വേഷം, അഭിനിവേശം ഇവ. അവിദ്യ=മിഥ്യാജ്ഞാനം. അസ്മിത=ബുദ്ധിയും ആത്മാവും ഒന്നെന്നുള്ള തെററിദ്ധാരണ. രാഗം=വിഷയാഭിലാഷം. ദ്വേഷം=ദുഃഖത്തിലും ദുഃഖഹേതുക്കളിലും തോന്നുന്നവെറുപ്പ്. അഭിനിവേശം=മരണഭീതി. ചരമസംസ്കാരമായി=ചരമത്തെ പ്രാപിച്ചു.

പുറം 114. സ്വാരാട്ട്=ആത്മാരാമൻ=ആത്മാവിൽ രമിക്കുന്നവൻ.

(സ്വഃസ്സിൻ ആസമന്താൽ രാജത ഇതി) സമ്രാട്ട്=ജ്ഞാനാഭിന്നൻ. (സമ്യക് ചിദാനന്ദാഭേദേന രാജത ഇതി)

പ. 3. നിത്യാ . ണ=ബ്രഹ്മംമാത്രം നിത്യം മററുള്ളതെല്ലാം അനിത്യം എന്നുള്ള ചിന്ത. യമാദി=യമനിയമാദികൾ (ടിപ്പണം 4-ാംപുറം നോക്കുക) ശമാദ്യങ്ങൾ=ശമം (മനോനിഗ്രഹം) ദമം (ഇന്ദ്രിയനിഗ്രഹം) സന്തോഷം മുതലായവ മൈത്രീമുഖ്യകൾ (നാലാം അങ്കം അഞ്ചാം പദ്യം നോക്കുക.) ഇഹപരഭോഗങ്ങൾ=ഭൂമിയിലും സ്വഃർഗ്ഗത്തിലും ലഭിക്കാവുന്ന സുഖാനുഭവങ്ങൾ.

പ. 4. സുഖങ്ങൾക്കുവേണ്ടി ശ്രമിച്ചാൽ പാപം ചെയ്യേണ്ടതായും നരകത്തെ ഭയപ്പെടേണ്ടതായും വരുന്നു. പുണ്യംകൊണ്ടു സ്വഃർഗ്ഗം ലഭിച്ചാലും പുണ്യഫലം തീരുമ്പോൾ സ്വഃർഗ്ഗവാസവും തീരുന്നു. ഇവരണ്ടും അസാരമെന്നു കരുതുകയാൽ അദ്ദേഹം അകാമരൂപൻ (കാമങ്ങളില്ലാത്തവൻ) ആയിരിക്കയാണ്. തന്മൂലം സകാമമായ ധർമ്മത്തെ അദ്ദേഹം ഇഷ്ടപ്പെടുന്നില്ല.

പുറം 116. മധുമതി എന്നു പറയുന്നതു ഇന്ദ്രിയങ്ങളെ ആരാധിക്കുന്ന ഒരു വിദ്യയാണ്. മധു എന്നാൽ ഇന്ദ്രിയദേവത എന്നർത്ഥം. “മനസ്സ് തന്നെ ബ്രഹ്മം” എന്നുള്ള സങ്കല്പത്തിൽ ഇന്ദ്രിയങ്ങളെ ആരാധിക്കുകയാണ് മധുമതി വിദ്യ ചെയ്യുന്നതു്. ഈ ഉപാസനയുടെ ഫലം മനോരാജ്യങ്ങൾ സാധിക്കുകയാണ്. നേത്രോപാസനയാൽ അതിദൂരത്തു നടക്കുന്ന കാഴ്ചകൾ കാണാം. ശ്രോത്രോപാസനയാൽ ദൂരശ്രവണശക്തി ഉണ്ടാകുന്നു. പാദോപാസനയാൽ കാലുകൾ അതിദൂരത്തിൽ നീട്ടിവച്ചു ലോകം മുഴുവൻ ഏതാനും സമയംകൊണ്ടു സഞ്ചരിക്കാം. അതുപോലെ കരോപാസനയാൽ സൂര്യമണ്ഡലത്തെ വേണമെങ്കിലും കൈകൊണ്ടു തൊടാം. ഇതൊക്കെ സുസാധ്യമെന്നു മധുമതീഭക്തന്മാർ വിശ്വസിക്കുന്നു.

പ. 6. ഗാരുത്മതനിറം=പച്ചനിറം. അറിക...വന്നാൽ=ഇവിടെ വന്നെത്തിയാൽ നിങ്ങൾ ചെയ്തിട്ടുള്ള സുകൃതത്തിൻെറ ഫലമായുള്ള സുഖാനുഭവങ്ങൾ സുലഭങ്ങളാണ്. വിഷയ...ലുബ്ധന്മാർ=സംസാരസുഖമാകുന്ന മാംസക്കഷണം വിഴുങ്ങുന്നതിൽ ആശയുള്ളവർ. ബകവൃത്തികൾ=കൊക്കിനെപ്പോലെയുള്ളവർ.

പ. 7. യോഗമാംതരി=യോഗാഭ്യാസമാകുന്ന കപ്പൽ. തീയാറ്=അഗ്നിമയമായ പുഴ. (കടൽ കടക്കുന്നതിനുള്ള ഉപകരണം സ്വാധീനമായിരിക്കെ നദിയിൽ ചാടി മുഴുകിപ്പോകുന്നെങ്കിൽ അതു കഷ്ടംതന്നെ എന്നർത്ഥം.)

പ. 8. ക്ലേശം=അവിദ്യ മുതലായവ (അങ്കം 6. പ. 1. ടിപ്പണം നോക്കുക) മമതാഭ്രമത്തിൽ=മമതാചിന്തയാകുന്ന ചുഴികളിൽ. സ്വജന .. ക്രമങ്ങൾ=ഭാര്യാപുത്രാദികളാകുന്ന ഭയങ്കരജന്തുക്കളുടെ ആക്രമണങ്ങൾ. ആശാപ്രതതിബന്ധം=ആശാപാശബന്ധം. ക്രോധൌർവ്വം=ക്രോധമാകുന്ന ബഡവാഗ്നി.

പ. 9. വ്രീഡാഹേതുകം=ലജ്ജാകരമായ വിധത്തിൽ. വിവേകം എന്നെ വെടിഞ്ഞതു് എൻെറ വിധിദോഷംകൊണ്ടായിരിക്കാം. ആ അവസരം നോക്കി എന്നെ സ്വാധീനപ്പെടുത്താൻ ആരെല്ലാം ഉപദ്രവിക്കാതിരുന്നില്ല?

പുറം 121. ചോദ്യത്തിനു ഉത്തരം=തത്വാന്വേഷിയായ വിവേകിയുടെ സംശയങ്ങൾക്കെല്ലാം ഉത്തരം ഉപനിഷത്തിൽനിന്നു കിട്ടുന്നതാണു്.

പുറം 122 ജ്ഞാനവൃദ്ധനായ..... പ്ലാപിച്ചിരിക്കുന്നു. ഉപദേശദാനം ചെയ്യുന്നവനും പിതൃത്വം ഉണ്ടല്ലോ.

പ. 10. പണ്ടൊരിക്കൽ ബ്രാഹ്മണരെല്ലാം എന്തോ അകൃത്യം ആചരിക്കയാൽ ധർമ്മാധർമ്മവിവേകം ഇല്ലാത്തവരായിത്തീർന്നു. അവർ പിന്നെ അവരുടെ കുട്ടികളുടെ അടുത്തുചെന്നു് ധർമ്മാധർമ്മങ്ങൾ ചോദിച്ചു. കുട്ടികളെങ്കിലും അപ്പോൾ ജ്ഞാനികളായ അവർ (കുട്ടികൾ) തങ്ങളുടെ പിതാക്കളെ നോക്കി "കുട്ടികളേ കേട്ടുകൊള്ളുക" എന്നിങ്ങനെയാണത്രെ ധർമ്മോപദേശം ചെയ്വാൻ തുടങ്ങിയതു്. ബാലന്മാരുടെ രൂപം ധരിച്ച ശുക്രമഹർഷിയാണു് അങ്ങനെ ഉപദേശദാനംചെയ്തതെന്നും കാണുന്നു. ഈ കഥ ഹരിവംശപുരാണത്തിലും സ്മൃതിയിലും വിവരിച്ചിട്ടുണ്ടു്.

പ. 11. മാതാവുനിമിത്തം സംസാരബന്ധം ഉദ്ഭവപ്പെടുന്നു. ഉപനിഷത്തു് ആ ബന്ധത്തിൽനിന്നു നമ്മെ വേർപെടുത്തുകയാണു ചെയ്യുന്നതു്.

അതിനാൽ ഉപനിഷത്തിനു മാതാവിനേക്കാൾ അത്യുത്തമമായ ഒരു സ്ഥാനമാണു നൽകേണ്ടതു്.

പ. 12. മൂർഖമുഖരന്മാർ=മൂർഖത്വവും വാചാലത്വവും ഉള്ളവർ. ചോളസ്ത്രീ ........ചോളദേശത്തെ സ്ത്രീകളുടെ വാക്കു്. (ആ ഭാഷ അറിഞ്ഞുകൂടാത്തവൻ) കേട്ടു ധരിക്കുന്നതുപോലെ മുൻപറഞ്ഞ മൂർഖമുഖരന്മാർ ഉപനിഷത്തിന്റെ സാരം മനസ്സിലാക്കാതെ തോന്നിയതുപോലെ വ്യാഖ്യാനിച്ചു പരധനം പററിച്ചെടുക്കുന്നു.

പ. 13. ആജ്യം=നെയ്യ്. ജുഹ്വാദി=ജുഹു മുതലായ. ജുഹു=പ്ലാശിൻതടികൊണ്ടോ മറേറാ അർദ്ധചന്ദ്രാകൃതിയിൽ ഉണ്ടാക്കുന്ന ഒരു യാഗപാത്രം. സോമ . . ഖങ്ങൾ=സോമയാഗം മുതലായ യാഗങ്ങൾ. ഇഷ്ടിപശു=യാഗപശു. കർമ്മകാണ്ഡ വർത്മം=കർമ്മകാർമ്മകാണ്ഡപ്രതിപാദിതമായ രീതിയിൽ. യജ്ഞവിദ്യ=യാഗവിദ്യ. യാഗാദികർമ്മങ്ങൾചെയ്തു് തദ്വാരാ മോക്ഷം സമ്പാദിക്കണമെന്നുപദേശിക്കുന്നവർക്കനുകൂലമായവിധം യാഗവിദ്യയെ കണ്ടു.

പ. 14. നിർഗ്ഗുണനായി നിസ്സംഗനായി അദ്വൈതസിദ്ധാന്തപ്രതിപാദിതമായുള്ള പരമാത്മസ്വരൂപത്തെ വാഴ്ത്തും.

പ. 15. കർത്തൃത്വമില്ലാത്തവൻ (നിഷ്ക്രിയൻ സൃഷ്ടിചെയ്യാത്തവൻ എന്നർത്ഥം) എങ്ങനെ അധീശനായി? കർമ്മങ്ങൾ ചെയ്യല്ലാതെ വെറും ജ്ഞാനമാത്രംകൊണ്ടു മോക്ഷം ലഭിക്കുന്നതെങ്ങനെ? മനുഷ്യൻ (സംസൃതി . . യകൾ) സംസാരബന്ധത്തിൽനിന്നു വേർപെടുന്നതിനുപകരിക്കുന്ന പുണ്യകർമ്മങ്ങളുംചെയ്തു കഴിവുള്ളത്രകാലം ഭൂമിയിൽ ജീവിക്കാൻ ആഗ്രഹിക്കയാണു വേണ്ടതു്. (ഇത്രയുംകൊണ്ടു് അദ്വൈതികളുടെ മതം ഖണ്ഡിക്കപ്പെട്ടതായി യജ്ഞവിദ്യ വിചാരിക്കുന്നു. അദ്വൈതികൾ ഈശ്വരൻ ക്രിയാവാൻ ആണെന്നോ യാഗം മോക്ഷഹേതുവെന്നോ വിശ്വസിക്കുന്നവരല്ലല്ലോ )

പ. 16. യജ്ഞവിദ്യയുടെ അഭിപ്രായത്തെ ഖണ്ഡിക്കുന്നു. ഈ ലോകങ്ങളെല്ലാം ഈശ്വരന്റെ കടാക്ഷമാത്രത്തെ അവലംബിച്ചു മായയാൽ നിർമ്മിതമാണു്. കാന്തസന്നിധിയിൽ ഇരുമ്പു ചലനക്ഷമമാകുമ്പോലെ ഈശ്വരസന്നിധിയിൽ മായ പ്രപഞ്ചം സൃഷ്ടിക്കാൻ സമർത്ഥയാ

യി. അങ്ങനെ സ്വയം സ്രഷ്ടാവായില്ല എന്ന കാരണത്താൽ ഈശ്വരന്റെ ഈശ്വരത്വത്തിനു കുറവില്ല എന്നർത്ഥം.

പ. 17. സാക്ഷാൽ ബ്രഹ്മത്തെ ആരറിയുന്നുവോ അവർ മുക്തന്മാരാകുന്നു. അപവർഗ്ഗദം=മോക്ഷത്തെ നൽകുന്ന. അപരമാർഗ്ഗം=മറ്റുവഴി.

പ. 18. എതിരിട്ടു=എതിരേവന്നു. അധികാരശ്രേണി=അധികാരസമൂഹം (അധികാരം എന്നാൽ നിത്യകർമ്മാധികാരം, നൈമിത്തികകർമ്മാധികാരം, കാമ്യകർമ്മാധികാരം ഇങ്ങനെയുള്ള വിഭാഗം. അദ്ധ്യായം, കാണ്ഡം ഇവപോലെ) അംഗം=ദൃഷ്ടാർത്ഥം, അദൃഷ്ടാർത്ഥം ഉഭയാത്മകം ഇങ്ങനെ യാഗം മൂന്നുവിധം. അതിദേശം=ഒരു വിധിയിൽ നിർദ്ദേശിച്ചിട്ടുള്ള രീതികളെ മറെറാരു വിധിയിലും അനുവർത്തിക്കേണ്ടുന്ന രീതി. ശ്രുതിലിംഗാദി=ശ്രുതി, ലിംഗം, വാക്യം, പ്രകരണം, സ്ഥാനം, സമം എന്നിങ്ങനെ ആറു പ്രമാണങ്ങൾ.

പ. 128. "ആരീനൽവ്രതം" ഇത്യാദി പദ്യത്തിൽ വർണ്ണിക്കുന്ന പുരുഷൻ മീമാംസകന്മാർ വിശ്വസിക്കുന്ന കർമ്മഫലഭോക്താവായ പുരുഷനാണെന്ന് ഒരു ശിഷ്യൻ ധരിച്ചു. കുമാരിലഭട്ടൻ അതിനെ തിരുത്തി മീമാംസകന്മാരുടെ പുരുഷനും ഉപനിഷത്തേവി വർണ്ണിക്കുന്ന പുരുഷനും ഒന്നല്ല എന്നു മനസ്സിലാക്കിക്കൊടുത്തു.

പ. 19. പരമാത്മാവ് ലോകത്തിലെ സകല ചേഷ്ടകളും അറിയുന്നു; ഭോഗങ്ങൾ നൽകുന്നു; കർമ്മങ്ങൾ വിധിക്കുന്നു. അപരൻ (ജീവാത്മാവ്) അപ്രജ്ഞനും (മോഹത്താൽ ബുദ്ധികെട്ടവൻ) ഫലഭോഗങ്ങളെ കൊതിക്കുന്നവനും കർമ്മങ്ങൾ ചെയ്യുന്നവനുമാണ്. ഇവക്കു രണ്ടുപേക്കും ഏകത്വം പറയാൻ പാടില്ല.

പ. 20. രണ്ടു പക്ഷികൾ=ജീവാത്മാവും പരമാത്മാവും.

പ. 21. യോഗവിദ്യ=പതഞ്ജലിപ്രണീതമായ യോഗശാസ്ത്രം. ക്ലേശാദി... ......പറയുന്നു. ക്ലേശാദികളുള്ള ജീവാത്മാവു പരമാത്മാവിൽനിന്നു ഭിന്നനെന്നു പറയുന്നു. വിവിധ .....വിദ്യ=പല ന്യായങ്ങളോടും കൂടിയ തർക്കശാസ്ത്രം. വിതണ്ഡാ=അന്യന്റെ അഭിപ്രായങ്ങൾക്കെല്ലാം ദൂഷ്യം കാണിക്കയും സ്വപക്ഷം സ്ഥാപിക്കാതിരിക്കയും ചെയ്യുന്നു ഒരു വാദരീതി. സാംഖ്യവിദ്യ=കപിലശാസ്ത്രം. പ്രകൃതിപുരുഷ

യോഃഭേദം=പ്രകൃതിപുരുഷന്മാരുടെ ഭേദത്തെ. സാംഖ്യയാ=സംഖ്യ കൊണ്ട്. (പ്രകൃതി, പുരുഷൻ, മഹത്തത്വം, അഹങ്കാരം, 5 ജ്ഞാനേന്ദ്രിയങ്ങൾ, 5 കർമ്മേന്ദ്രിയങ്ങൾ, മനസ്സ്, 5 തന്മാത്രകൾ, 5 ഭൂതങ്ങൾ എന്നിങ്ങനെ 25 തത്വങ്ങളടങ്ങിയ സൃഷ്ടിക്രമവൎണ്ണനകൊണ്ട് എന്നൎത്ഥം) യോഗന്യായസാംഖ്യവിദ്യകൾ ജീവാത്മാവും പരമാത്മാവും ഒന്നെന്നുള്ള അദ്വൈതമതത്തോടു യോജിക്കുന്നവയല്ല. അവ ഒരുവിധത്തിലല്ലെങ്കിൽ മറെറാരുവിധത്തിൽ ജീവാത്മാവിന്നു പരമാത്മാവിൽനിന്നു ഭേദം കല്പിക്കുന്നു എന്നു സാരം.

പു. 129. എടി! പാപിഷ്ഠേ! എന്നുമുതൽ—ഉപാദാനകാരണം എന്നാൽ കുടത്തിന്നു മണ്ണ് എതുപോലെയോ അതുപോലെയുള്ള കാരണം. മണ്ണു കുടമായിത്തീരുമ്പോൾ മണ്ണിന്നു വികാരമുണ്ടാകുന്നു; കുടം നശിക്കുമ്പോൾ മണ്ണിനും (കുടത്തിന്റെ ആകൃതിയിൽനിന്ന്=ഘടത്വരൂപേണ) നാശം ഭവിക്കുന്നു. അതുകൊണ്ട് ഈശ്വരൻ ഉപാദാനകാരണമാണെന്നു സമ്മതിക്കുന്ന പക്ഷം ഈശ്വരനും, വികാരവും നാശവും ഉണ്ടെന്നു സമ്മതിക്കേണ്ടിവരുമല്ലോ. എന്ന്

പുറം 130. പ്രമേയങ്ങൾ=പ്രമാവിഷയങ്ങൾ. പ്രമ=യഥാർത്ഥജ്ഞാനം. ജ്ഞാനവിഷയങ്ങളായ വസ്തുക്കളെല്ലാം കുടം, വസ്ത്രം ഇവപോലെ കാൎയ്യങ്ങൾ ആണ് (കാരണത്തിൽനിന്നുണ്ടാകുന്നവ) കുടം വസ്ത്രം ഇവയ്ക്കു മണ്ണ്, നൂല്, ഇവപോലെ പ്രപഞ്ചത്തിനു പരമാണുവിനേയോ പ്രകൃതിയേയോ ഉപാദാനകാരണമായി സ്വീകരിക്കാമെങ്കിൽ മററു ഉപദാനകാരണങ്ങൾക്കെന്നപോലെ അവയ്ക്കും നാശമുണ്ടെന്നു സമ്മതിക്കേണ്ടിവരുന്നു. അതിനാൽ പരമാണുവിനേയും പ്രകൃതിയേയും ആദികാരണമാക്കിക്കൊണ്ടുള്ള താൎക്കികസാംഖ്യമതങ്ങൾ ശരിയല്ലഎന്നർത്ഥം

പ. 22. കീലാലേന്ദു=ജലത്തിൽ ബിംബിക്കുന്ന ചന്ദ്രൻ. അന്തരീക്ഷപുരി=കവികല്പിതമായ ഗന്ധൎവ്വനഗരി. ജലചന്ദ്രൻ, ഗന്ധൎവ്വനഗരി, കൺകെട്ട്, കിനാവു ഇവപോലെ ഈ പ്രപഞ്ചം കേവലം (ഭ്രമം) തോന്നൽ മാത്രമാണ്. അതിനു ഉത്ഭവവും ക്ഷയവുമുണ്ട്. അതു മേയങ്ങളും (അറിയപ്പെടാവുന്നവ) അതുകൊണ്ടുതന്നെ കാൎയ്യങ്ങളുമാണ്.

വികാരശങ്ക=ബ്രഹ്മത്തിനു വികാരമുണ്ടാകുന്നു എന്നുള്ള പൂൎവ്വപക്ഷം.

തന്റേടമില്ലാത്ത ഒരു പെണ്ണിന്റെ ചേഷ്ടകൾപോലെ കാൎയ്യമായി കരുതേണ്ടതല്ല എന്നൎത്ഥം.

പ. 23. മേഘങ്ങൾ കാലന്തോറും ഉണ്ടാകുകയും നശിക്കുകയും ചെയ്യുമ്പോൾ ആകാശത്തിനു ഭാവഭേദം ഉണ്ടാകാത്തതുപോലെ പ്രപഞ്ചോല്പത്തിയിൽ പരമാത്മാവിനും വികാരം ഉണ്ടാകുന്നില്ല.

പ. 25. അവനേഭവാനാം=അവൻതന്നെയാണു ഭവാൻ. അവിദ്യാവിലസിതത്താൽ ഭേദബുദ്ധി ഉണ്ടാകുന്നു എന്നേയുള്ളു.

പ. 26. ദേവി, ആ എന്നെയാണല്ലോ നിത്യാനന്ദജ്യോതി എന്നു പറയുന്നതു്. ജ്യോതി=ജ്യോതിസ്സ് (മനസ്സിനെ മനം എന്നു പറയുമ്പോലെ സകാരാന്തശബ്ദങ്ങളെ അജന്തമാക്കുന്ന രീതി തമിഴിൽ നടപ്പാണ്.)

പ. 27. ബ്രഹ്മോപദേശത്തിനു പാത്രമെന്നു കാണുന്ന ശിഷ്യനു് ഏതെങ്കിലും ഒരു മഹാവാക്യത്തെ ഗുരുനാഥൻ ഉപദേശിക്കും. അയാൾ അതിനെ "ശോധനചെയ്തു" അനുഭവപ്പെടുത്തുകയാണുവേണ്ടതു്. മഹാവാക്യങ്ങൾ പലതുണ്ടെങ്കിലും(തത്വമസി, സത്യംജ്ഞാനമനന്തം ബ്രഹ്മ എന്നിങ്ങനെ) സാധാരണമായി "തത്വമസി" എന്നുള്ള മഹാവാക്യമാണുപദേശിക്കാറുള്ളതു്. ശിഷ്യൻ അതിനെ അനുഭവപ്പെടുത്തേണ്ട രീതിയെ ഈ പദ്യത്തിൽ വിവരിക്കുന്നു. ആദ്യമായി "തത്വമസി" എന്നതിലെ "ത്വം" പദശോധനയാൽ "ഞാൻ പ്രപഞ്ചമല്ല; ദേഹമല്ല; അന്നമയനല്ല; പ്രാണമയനല്ല; മനോമയനല്ല; വിജ്ഞാനമയനല്ല" എന്നിങ്ങനെ "നേതി ചെയ്തു്" സ്ഥൂലസൂക്ഷ്മകാരണശരീരങ്ങളിൽനിന്ന്—ജാഗ്രത്സ്വപ്നസുഷുപ്ത്യവസ്ഥകളിൽ നിന്നു—വേർപെട്ട താൻ 'കൂടസ്ഥ'നാണെന്നറിയുന്നു. ഈ ക്രമത്തിൽ 'തത്'പദത്തേയും ശോധനചെയ്തു് ബ്രഹ്മത്തെപ്പററി അറിയുന്നു. ഒടുവിൽ "അസി"പദത്തേയും ശോധനചെയ്തു കൂടസ്ഥനായ താൻ ബ്രഹ്മത്തിൽനിന്നു അഭിന്നനാണെന്നും ബ്രഹ്മം ഒന്നല്ലാതെ മററൊന്നും "ഉള്ളതു" അല്ലെന്നും അറിയുന്നതോടുകൂടി അവൻ നിത്യാനന്ദത്തെ അടയുന്നു.

വേദാന്തവാക്യങ്ങൾ കേട്ടു അർത്ഥം ഗ്രഹിക്കുന്നതു ശ്രവണം; ഗ്രഹിച്ച അർത്ഥത്തെ വിവേചിച്ചു മനസ്സിലാക്കുന്നതു മനനം മനസ്സിലായ

തിനെ വീണ്ടും വീണ്ടും ചിന്തിച്ചു സ്വാനുഭവപ്പെടുത്തുന്നതു നിദിധ്യാസനം.

പു. 134. സങ്കല്പയോനികൾ=സങ്കല്പമാത്രത്താൽ ജനിക്കുന്നവർ (ഗർഭിണിയാകാൻ കാരണാന്തരം വേണ്ട എന്നർത്ഥം) മനസ്സിൽ ജ്ഞാനം പ്രവേശിച്ചു് അവിദ്യ നശിക്കുന്നതു് ആത്മബോധത്തിനു കാരണമാണല്ലോ.

പ. 28. ചിത്തത്തിനു പുരുഷത്വം കല്പിച്ചിരിക്കയാൽ വക്ഷസ്ഥലഫലകമുടച്ചു ജനിക്കുന്നു. മോഹാദികളെ എല്ലാം നശിപ്പിച്ചിട്ടു് താനും മരഞ്ഞു. അജ്ഞാനമകറ്റുവാൻ ജ്ഞാനം വേണമെങ്കിലും ജ്ഞാനവും ശേഷിക്കാൻ പാടില്ല. അതും നശിച്ചേ ആത്മബോധത്തിനു് വഴിയുള്ളു.

പ. 29. "ലോകം ഉള്ളതാണോ? ഇല്ലാത്തതാണോ?; അതുണ്ടാകുകയും നശിക്കുകയും ചെയ്യോ?" എന്നൊക്കെ നാനാവിധമായി തോന്നുന്ന തർക്കങ്ങളെല്ലാം പ്രബോധോല്പത്തിയിൽ അസ്തമിച്ചുപോകുന്നു. ധുത......ബാധൻ=അജ്ഞാനബാധയെ നശിപ്പിച്ചവൻ.

പ. 30. ശ്രദ്ധ=വേദവാക്യത്തിലുള്ള വിശ്വാസം. വിവേകം=നിത്യാനിത്യവസ്തുവിചാരണ. ശ്രദ്ധ, വിവേകം മുതലായവയുടെ സമ്പൎക്കത്താൽ ദൃശ്യപ്രപഞ്ചമായുള്ളതെല്ലാം എന്നിൽനിന്നു് അഭിന്നമാണെന്നും ഞാൻ നിഷ്കലബ്രഹ്മമാണെന്നും അറിവുണ്ടാകുന്നു.

പ. 31. കഷായം=കർമ്മഫലഭോഗം.

പ. 34. മുക്തൈഷണന്മാർ=ഏഷണാത്രയത്തെ അതിക്രമിച്ചവർ (അർത്ഥേഷണം, ദാരേഷണം, പുത്രേഷണം)

പ. 35. സാധുവ്രാതം=സജ്ജനസമൂഹം.

# പ്രബോധചന്ദ്രോദയം

ഭാഷാനാടകം.

പരിഭാഷകൻ,

എൻ. കുമാരൻ ആശാൻ.

1-ാം പതിപ്പ് കാപ്പി—1000.

All rights reserved.

വി. വി. പ്രസ്സ് കൊല്ലം.

1105.

522

K. KARTHIKAYEN, VIAYATHU-HOUSE, QUILON.

THE SARADA BOOK DEPOT, A. THONNAKKAL P. O. PERUMATHURA

Indic Digital Archive Foundation

gpura.org